# നളചരിതം

## കഥകളി

★

മൂന്നാം ദിവസത്തെ കഥ

★


വ്യാഖ്യാതാ

വിദ്വാൻ ഏ. ഡി. ഹരിശർമ്മ

എം. ആർ. ഏ. എസ്സ്.

86

# നളചരിതം

## കഥകളി

മൂന്നാം ദിവസത്തെ കഥ

വ്യാഖ്യാതാ

**വിദ്വാൻ ഏ. ഡി. ഹരിശർമ്മ**

എം. ആർ. ഏ. എസ്സ്.

പ്രസാധകൻ

ഏ. എച്ച്. വിശ്വനാഥശർമ്മാ

എറണാകുളം.

പകർപ്പവകാശം പ്രസാധകന് വില 1ക. 4ണ.

രണ്ടാം പതിപ്പ്

1129 കർക്കടകം.

Page 4+5. [illegible] ... [illegible].

Page 6, 7, 8, 9. [illegible] ... [illegible].

Page 13 [illegible] ... [illegible].

Page 24 [illegible] ... [illegible].

Page 27+28 [illegible] ...... [illegible]

Page 37 [illegible] ..... [illegible]

Page 48 [illegible] ... [illegible]

Page 52 [illegible] ... [illegible]

Page 53 [illegible] — [illegible]

Page 61+62 അനവധി .... [illegible]

Page 63 [illegible] ...... മാനവൻ

Page 68 [illegible] ... [illegible]

Page 77 [illegible] ... [illegible]

അച്ചടി

പരിഷന്മുദ്രണാലയം, എറണാകുളം.

# അവതാരിക

## ഉണ്ണായി വാരിയർ

"ഉണ്ണായിവാരിയർ ഉദ്ദേശം കൊല്ലം 915-ാമാണ്ടിടയ്ക്കു് കൊച്ചി സംസ്ഥാനത്തു മുകുന്ദപുരം കോവിലകത്തുംവാതുക്കൽ ഇരിഞ്ഞാലക്കുട അംശത്തിൽ ഇരിഞ്ഞാലക്കുട ക്ഷേത്രത്തിന്നു സമീപമുള്ള വാര്യത്തു ജനിച്ചു. ബാല്യകാലത്തിലെ താമസവും വിദ്യാഭ്യാസവും ഇരിഞ്ഞാലക്കുട ആയിരുന്നു. ഏകദേശം പ്രാപ്തിയായ സമയം തൃശ്ശിവപേരൂർ പോയി താമസിച്ചു വിദ്യ അഭ്യസിച്ചു. 25 വയസ്സു പ്രായമായപ്പോൾ സംസ്കൃതത്തിൽ കാവ്യനാടക അലങ്കാരാദികളിൽ നല്ല പണ്ഡിതനായിത്തീൎന്നു. അവിടെനിന്നും 940-ാമാണ്ടിടയ്ക്കു് തിരുവനന്തപുരത്തുവന്നു മഹാരാജാവിനെ കണ്ടു് താമസിച്ചിരുന്നു. ആ സമയം കുഞ്ചൻ നമ്പ്യാരും തിരുവനന്തപുരത്തുണ്ടായിരുന്നു."

ഭാഷാചരിത്രകൎത്താവായ പി. ഗോവിന്ദപ്പിള്ള രേഖപ്പെടുത്തീട്ടുള്ള അഭിപ്രായമാണിതു്. ഇക്കാൎയ്യത്തിൽ ഇനിയും ഒരു അവസാനതീരുമാനമുണ്ടായി എന്നു പറയാറായിട്ടില്ല. പലരും പല അനുമാനങ്ങളും പുതിയ പുതിയ യുക്തികളും ഇന്നും പുറപ്പെടുവിച്ചുകൊണ്ടിരിക്കയാണു്. ആ വക അഭിപ്രായങ്ങളെല്ലാം ഒന്നു സംക്ഷേപിച്ചു പറയുകയല്ലാതെ അതിൽ കൂടുതലായി ഇക്കാൎയ്യത്തിൽ ഒരഭിപ്രായം പറയാൻ ഇപ്പോൾ നിവൃത്തിയില്ലാതെയാണിരിക്കുന്നതു്.

ഇരിഞ്ഞാലക്കുട അകത്തൂട്ടു വാരിയത്തായിരുന്നു ഉണ്ണായിവാരിയരുടെ ജനനം എന്നുള്ള പഴയ അഭിപ്രായത്തെത്തന്നെ ചിലർ എതിൎക്കുന്നു. അവരുടെ അഭിപ്രായത്തിൽ, വാരിയർ ജനിച്ചതു്, തൃശ്ശൂരിനടുത്തുള്ള കൂട്ടനല്ലൂർ ദുർഗ്ഗാക്ഷേത്രത്തിനു കിഴക്കുഭാഗത്തുണ്ടായിരുന്ന പടിഞ്ഞാറെപ്പാട്ടു വാരിയത്താണു്. ഉണ്ണായിവാരിയൎക്കു് ഇമ്പാളു എന്നപേരിൽ സാധാരണമായി

വിളിക്കപ്പെട്ടു പോന്നിരുന്ന ഉണ്ണൂലി എന്ന ഒരു മരുമകളുണ്ടായിരുന്നുവെന്നും, ആ ഉണ്ണൂലിവാരസ്യാർ കൊല്ലം 1026–ൽ തീപ്പെട്ട കൊച്ചി വലിയതമ്പുരാൻെറ നേത്യാരമ്മയായിരുന്ന രാമഞ്ചിറ മഠത്തിൽ ഇക്കാവമ്മയുടെ സഖിയായിരുന്നുവെന്നും, ചില ഗ്രാമവൃദ്ധന്മാരിൽനിന്നു കേട്ടറിവുള്ളതായി 'ഗിരിജാകല്യാണ'ത്തിൻെറ അവതാരികയിൽ കെ. വി. എം. എഴുതിയിരിക്കുന്നു. വന്ധ്യയായിരുന്ന ആ ഉണ്ണൂലിവാരസ്യാരെ വിവാഹം കഴിച്ചിരുന്നതു് ഇരിഞ്ഞാലക്കുട അകത്തൂട്ടുവാരിയത്തെ ഒരു വാരിയരായിരുന്നുവെന്നും, ആ വഴിക്കാണു് ഉണ്ണായിവാരിയർക്കു ഇരിഞ്ഞാലക്കുട വാരിയവുമായി ബന്ധമുണ്ടായതെന്നുംകൂടി അദ്ദേഹം പറയുന്നുണ്ടു്.

ഈ അഭിപ്രായത്തെ ഖണ്ഡിച്ചുകൊണ്ടു് മഹാകവി ഉള്ളൂർ ഇങ്ങിനെ എഴുതുന്നു:—"ഇരിഞ്ഞാലക്കുടയിൽ മാലകെട്ടുപ്രവൃത്തിയുള്ള വാരിയന്മാരുടെ കുടുംബം ഒന്നേയുള്ളു. അവർ തെക്കേവാരിയം സക്കാരിലേക്കു് എടുത്തകാലംവരെ രണ്ടു വാരിയങ്ങളിലായി താമസിച്ചുവന്നിരുന്നു എന്നാണു് ഊഹിക്കേണ്ടിയിരിക്കുന്നതു്. അകത്തൂട്ടുവാരിയത്തെ ഈശ്വരവാരിയരാണു് ഇക്കാര്യത്തിൽ എൻെറ ഉപദേഷ്ടാവു്. തൃശ്ശൂരിനടുത്ത ഗ്രാമവൃദ്ധന്മാരേക്കാൾ അകത്തൂട്ടുവാരിയർക്കു് ഈ വിഷയത്തെപ്പററിക്കൂടി സൂക്ഷ്മമായ ജ്ഞാനത്തിനു മാർഗ്ഗമുണ്ടെന്നുള്ളതു നിസ്തക്കമാകയാൽ, ഈശ്വരവാരിയരിൽനിന്നു കിട്ടിയിട്ടുള്ള അറിവിനെയാണു് താരതമ്യേന വിശ്വസനീയമായി ഞാൻ കരുതുന്നതു്. മഹാകവികളുടെ ജന്മഭൂമി അവരവരുടേതാണെന്നു വരുത്തുവാൻ ആക്കും അഭിനിവേശം ജനിക്കുന്നതു് അസ്വാഭാവികമല്ലാത്തതിനാൽ, വാരിയർ വളരെനാൾ താമസിച്ചു ഗിരിജാകല്യാണവും മററും രചിച്ചു തൃശ്ശൂരിലും അതിനടുത്തുള്ള കുട്ടനല്ലൂർ വാരിയത്തും മറെറാരു തരത്തിലുള്ള ഐതിഹ്യം ഉൽഭിന്നമായി എന്നേ സങ്കല്പിക്കേണ്ടതുള്ളു."

കവിയുടെ ജീവിതകാലത്തെ സംബന്ധിച്ചു ഭാഷാചരിത്രകത്താവു രേഖപ്പെടുത്തിയ അഭിപ്രായം മുകളിൽ ഉദ്ധരിച്ചിട്ടുണ്ടല്ലോ. മി: ആർ. നാരായണപ്പണിക്കരും അതിനോടു യോജിക്കുന്നു. ഇടക്കാലത്തു് അതിനെതിരായി ഒരഭിപ്രായം ചിലർ പുറപ്പെടുവിച്ചിരുന്നു. ഉണ്ണിവാരിയരുടെതന്നെ മറെറാരു

കൃതിയാണെന്നു വച്ചിട്ടുള്ള “രാമപഞ്ചശതി” എന്ന സംസ്കൃത കൃതിയിൽ ഏതോ ഒരു ഭാഗത്തുള്ള “അനുകലനകാലേ **പരിണമേൽ പ്രസദൈത്യ**” എന്നതു് ആ കൃതിയുടെ നിൎമ്മാണകാലത്തിന്റെ കലിദിനസംഖ്യയെ കുറിക്കുന്നതാണെന്നും, അതനുസരിച്ചു് 798 എടവം 11-ാംനു-യാണു് അതെഴുതിത്തീൎന്നതെന്നും ആയിരുന്നു ആ അഭിപ്രായം. പല കാരണങ്ങളാൽ ആ വാദം ഇന്നു മിയ്ക്കവരും ഉപേക്ഷിച്ചിരിക്കയാണു്.

ഒരു ഉണ്ണാവാരിയരുടെ വകയായി പാണ്ടിയിൽ കുളക്കാട്ടു മണ്ടപത്തും വാതുക്കൽ ഒമ്പതു തടി നിലമുണ്ടായിരുന്നതിൽ ചുമത്തിയിരുന്ന ‘കടമ’ എന്ന പുറക്കരം സൎക്കാരിൽനിന്നു നിൎത്തിക്കളഞ്ഞതായി 915-ാമാണ്ടിലെ ഒരു രേഖയിൽ കാണുന്നുണ്ടെന്നു മഹാകവി ഉള്ളൂർ പറയുന്നു. ഈ ‘ഉണ്ണാവാരിയർ’ നമ്മുടെ ഉണ്ണായിവാരിയർ തന്നെയാണോ? ഇരിഞ്ഞാലക്കുടക്കാരനായ ഉണ്ണായിവാരിയൎക്കു് പാണ്ടിയിൽപ്പെട്ട കുളക്കാട്ടുദേശത്തു ഭൂമിയുണ്ടായതെങ്ങിനെ? 915-ൽ ആ ഭൂമിയുടെ കരം നിൎത്തലാക്കിയതെന്തുകൊണ്ടു്? ചിന്തിച്ചു തീരുമാനിക്കേണ്ട വിഷയങ്ങളാണിതെല്ലാം.

കൊല്ലവർഷം പത്താംനൂററാണ്ടിന്റെ പൂൎവ്വാൎദ്ധത്തിനു മുൻപുതന്നെ നളചരിതം ആട്ടക്കഥ നിൎമ്മിച്ചുകഴിഞ്ഞിരുന്നു എന്നുള്ളതിനുമാത്രം അനിഷേധ്യമായ ഒരു തെളിവു കിട്ടിക്കഴിഞ്ഞിട്ടുണ്ടു്. 927-ാമാണ്ടു് മീനമാസത്തിൽ തിരുവനന്തപുരം ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിൽ നടന്ന ഉത്സവത്തിനു് ഖരവധം, ബാലിവധം മുതലായ ആട്ടക്കഥകളോടുകൂടി നളചരിതവും കളിപ്പിച്ചതായി ഒരു ഗ്രന്ഥവരിയിൽ കാണുന്നു. എന്നാൽ 918-ലും, 919-ലും അവിടെ കളിപ്പിച്ച കഥകളുടെ കൂട്ടത്തിൽ നളചരിതത്തിന്റെ പേരു കാണുന്നില്ലാത്തതിനാൽ, അക്കാലത്തിനു ശേഷമായിരിക്കണം ആ കൃതിയുടെ നിൎമ്മിതി എന്നു ചിലർ അനുമാനിച്ചിട്ടുള്ളതു് ശരിയായിരിക്കണമെന്നില്ല. ഗ്രന്ഥവരിയിൽ ചേൎത്തിട്ടുള്ളതു്, അവിടെ അന്നു കളിപ്പിച്ച കഥകളികളുടെ പേരുകൾ മാത്രമാണു്; അല്ലാതെ അന്നു നിലവിലുണ്ടായിരുന്ന ആട്ടക്കഥകളുടെ ഒരു പട്ടികയല്ലല്ലൊ.

927-ൽ നളചരിതംകഥ കളിപ്പിച്ചു എന്നതിനു രേഖയുള്ള സ്ഥിതിയ്ക്കു്, തൽകർത്താവായ ഉണ്ണായിവാരിയർ ജനിച്ചതു്

ഭാഷാചരിത്രകർത്താവു പറയുന്നതുപോലെ 915-ാമാണ്ടിടയ്ക്കായിരിപ്പാൻ ഇടയില്ലെന്നുള്ളതു തീർച്ചതന്നെ. നളചരിതത്തെപ്പോലെ അത്യന്തം പ്രൗഢമായ ഒരു കൃതി നിർമ്മിക്കണമെങ്കിൽ കവി പ്രൗഢവയസ്കനെങ്കിലും ആയിരിക്കണം. ആ സ്ഥിതിക്ക് കൊ: വ: ഒൻപതാം ശതകത്തിന്റെ ഉത്തരാർദ്ധത്തിലാവണം അദ്ദേഹത്തിന്റെ ജനനം. 919-മുതൽക്കെങ്കിലും മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ ആശ്രിതനെന്ന നിലയിൽ തിരുവനന്തപുരത്തു പൊയ്ക്കൊണ്ടിരുന്ന കുഞ്ചൻനമ്പ്യാരും ഉണ്ണായിവാരിയരും തിരുവനന്തപുരത്തുവെച്ചു കൂട്ടിമുട്ടിയിരിക്കാം. വാരിയർ 933-ൽ നാടുനീങ്ങിയ അനിഴം തിരുനാൾ മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ കാലത്തു ജീവിച്ചിരുന്നു എന്നുള്ള പി. കെ. നാരായണപിള്ളയുടെ അഭിപ്രായം ഇതിനോടു യോജിക്കുന്നുമുണ്ട്.

രാമപുരത്തു വാരിയർ ഉണ്ണായിവാരിയരുടെ ശിഷ്യനായിരുന്നു എന്നു് വൃദ്ധന്മാർ പറഞ്ഞുകേട്ടിട്ടുള്ളതായി മഹാകവി ഉള്ളൂർ പറയുന്നു. രാമപുരത്തു വാരിയരുടെ ജനനം 878-ാമാണ്ടിലാണെന്നറിയാം. ഗുരുനാഥനു് ഒരു ഇരുപത്തഞ്ചു വയസ്സു കൂടുതൽ കണക്കാക്കുന്നപക്ഷം, 850-ാമാണ്ടിടയ്ക്കാണു് ഉണ്ണായിവാരിയരുടെ ജനനമെന്നൂഹിക്കാം.

"ഇരിങ്ങാലക്കുട അകത്തൂട്ടു വാരിയത്തു് ഇട്ടുണ്ണിക്കണ്ടവാരിയർ എന്ന ജ്യോതിശ്ശാസ്ത്രജ്ഞൻ 998-ൽ തന്റെ പുത്രനായ തൃപ്പക്കുടത്തു ശങ്കരവാരിയരെ അമ്മയോടുകൂടി ദത്തെടുക്കുകയുണ്ടായിട്ടുണ്ടെന്നു് ശ്രീ. ടി. കെ. രാമമേനോൻ 'ഉണ്ണായിവാരിയർ' എന്ന പുസ്തകത്തിൽ പറയുന്നുണ്ടു്. അകത്തൂട്ടു വാരിയക്കാർക്കു് പരമ്പരയാ ഉള്ള കേട്ടുകേൾവി, ഉണ്ണായിവാരിയരുടെ മരണത്തിനുശേഷം മൂന്നു തലമുറകഴിഞ്ഞാണു് ഇട്ടുണ്ണിക്കണ്ടവാരിയർ ജീവിച്ചിരുന്നതെന്നാണു്. ഈ തലമുറകൾക്കു് കുറഞ്ഞതു് 20 വർഷം വീതം ഗണിച്ചാൽ ഉണ്ണായിവാരിയർ 930-ാമാണ്ടിടയ്ക്കു് മരിച്ചിരിക്കാം. ഈ ഊഹങ്ങൾക്കെല്ലാം ബലമുണ്ടെങ്കിൽ, മുൻനിർദ്ദേശിച്ച കുളക്കാട്ടുരേഖയും ഉണ്ണായിവാരിയരെ സംബന്ധിച്ചതാണെന്നു വരാൻ പാടില്ലായ്കയില്ല."

ഉണ്ണായിവാരിയരുടെ കൃതിയാണെന്നു വിശ്വസിക്കപ്പെട്ടുപോരുന്ന "രാമപഞ്ചശതി"യിലെ ഒരു പദ്യത്തിൽ, "ഭവന്മാ

ലാകാരോ ജനവിമലാകാരകരണോസ്സൃഹം രാമോ" എന്നു പറഞ്ഞിട്ടുള്ളതിനാൽ വാരിയരുടെ സാക്ഷാൽ നാമധേയം രാമൻ എന്നായിരുന്നു എന്നും, അതു പിന്നെ ഉണ്ണിരാമൻ, ഉണിരാമൻ, ഉൺരാമൻ, ഉൺരായി എന്നീ രൂപാന്തരങ്ങളിൽക്കൂടി കടന്നു് ഉണ്ണായിയായിത്തീൎന്നിരിക്കണമെന്നും, മഹാകവി ഉള്ളൂർ പറയുന്നു. ഉണ്ണിരാമൻ ഉണ്ണാമനാവുകയല്ലാതെ ഉണ്ണായിയാവുകയില്ലെന്നു് മി: നാരായണപ്പണിക്കർ വാദിക്കുന്നു. ഇക്കാൎയ്യത്തിൽ ഇത്ര അധികം വാദപ്രതിവാദത്തിന്റെ ആവശ്യമുണ്ടെന്നു തോന്നുന്നില്ല. രാമപഞ്ചശതിയിലെ മേലുദ്ധരിച്ച പദ്യഭാഗത്തെ വിശ്വസിച്ചു് നളചരിതകൎത്താവിന്റെ നാമധേയം "രാമൻ" എന്നാണെന്നു തീരുമാനിക്കാമെങ്കിൽ, അതു പിന്നെ ഉണ്ണായിയാക്കാൻ ക്ലേശിക്കേണ്ടതുണ്ടെന്നു തോന്നുന്നില്ല. സാക്ഷാൽ നാമധേയം രാമനെന്നും, വിളിച്ചിരുന്ന ഓമനപ്പേർ ഉണ്ണായിയെന്നുമായിരുന്നു എന്നുവെച്ചാൽ പോരെ? ഇന്നും ഇത്തരത്തിലുള്ള ദൃഷ്ടാന്തങ്ങൾ ഇല്ലായ്കയില്ലല്ലൊ.

## നളചരിതം മൂലകഥ

ചൂതുകളിയിൽതോററു് വനവാസം ചെയ്തുകൊണ്ടിരുന്ന പാണ്ഡവന്മാരെ പല മഹർഷിമാരും വന്നു് പല കഥകളും പറഞ്ഞു് ആശ്വസിപ്പിക്കുന്ന കൂട്ടത്തിൽ, ബൃഹദശ്വൻ എന്ന മുനി പറഞ്ഞുകേൾപ്പിക്കുന്നതാണ് 'നളോപാഖ്യാനം.' ഈ കഥ മഹാഭാരതം വനപൎവ്വത്തിൽ 52 മുതൽ 79 വരെയുള്ള 28 അദ്ധ്യായങ്ങളിലായി വ്യാപിച്ചുകിടക്കുന്നു. കഥയുടെ പോക്കു മനസ്സിലാക്കുന്നതിനായി മഹാഭാരതത്തിലെ ആ ഉപാഖ്യാനം ഇവിടെ സംക്ഷേപിച്ചു വിവരിക്കാം. ഉണ്ണായി ചെയ്തിട്ടുള്ള കഥാവിഭാഗമനുസരിച്ചു കഥ നാലായി തിരിച്ചാണു് ഇവിടെ ചേൎക്കുന്നതു്. വിദ്യാൎത്ഥികൾക്കു താരതമ്യപഠനത്തിനു അതു കൂടുതൽ പ്രയോജനകരമായിരിക്കുമെന്നു് വിശ്വസിക്കുന്നു.

### I

"പണ്ടു് നിഷധരാജ്യത്തു് വീരസേനന്റെ പുത്രനായി നളൻ എന്നൊരു രാജാവുണ്ടായിരുന്നു. അദ്ദേഹം വീൎയ്യത്തിലെന്നപോലെ രൂപസൌന്ദൎയ്യത്തിലും അദ്വിതീയനായിത്തീൎന്നു. അക്കാലത്തു് വിദർഭരാജ്യത്തിന്റെ അധിപതിയായ ഭീമരാജാവിനു് ദമനൻ എന്ന മഹാ

ഷിയുടെ വരപ്രസാദത്താൽ ലഭിച്ച ദമൻ, ദാന്തൻ, ദമനൻ, ദമയന്തി എന്ന മക്കളിൽ ദമയന്തി എന്ന പുത്രി, നളൻ പുരുഷരിൽ എന്നപോലെ, സ്ത്രീകളിൽ രൂപലാവണ്യംകൊണ്ടു് ലോകപ്രസിദ്ധയായിത്തീൎന്നു. ദമയന്തീനളന്മാൎക്കു് അന്യോന്യഗുണശ്രവണത്താൽ ബാല്യത്തിൽ തന്നെ പരോക്ഷാനുരാഗം ഉളവായി. അഭിലാഷവിപ്രലംഭദശയിൽ നളൻ വിരഹാസഹനായിട്ടു് ഒരു ദിവസം ഉദ്യാനത്തിൽ വിജനവാസംചെയ്യുമ്പോൾ, ക്രീഡാതടാകത്തിന്റെ കരയിൽ ക്രീഡിക്കുന്ന സുവൎണ്ണഹംസങ്ങളെക്കണ്ടു് കൗതുകം തോന്നീട്ടു്, അതിൽ ഒന്നിനെ ഉറങ്ങുന്ന സമയം കടന്നുപിടിച്ചു; അരയന്നം ഉടൻ ഉണൎന്നു് വിലപിച്ചപ്പോൾ വിട്ടുകയുംചെയ്തു. രാജാവിന്റെ ദയാശീലം കണ്ടു് ഹംസം, താൻ ഒരു പ്രത്യുപകാരമായി ദമയന്തിയോടു ദൂതു പറയാം എന്നേറ്റു് ഉടൻതന്നെ കുണ്ഡിനപുരിയിൽച്ചെന്നു് ദമയന്തിയുടെ അടുക്കൽ നളനെ വൎണ്ണിച്ചു, അവൾ മനസ്സുകൊണ്ടു് നളനെ വരിച്ചിരിക്കുന്ന വിവരം മടങ്ങിവന്നു് പറയുകയും ചെയ്തു.

കന്യകയുടെ യൗവനാരംഭംകണ്ടു് ഭീമരാജാവു് ദമയന്തിക്കു് സ്വയംവരം നിശ്ചയിച്ചു്, രാജാക്കന്മാരെ ക്ഷണിക്കാൻ ദൂതന്മാരെ അയച്ചു. ഈ ഘട്ടത്തിൽ പൎവ്വതമുനിയോടുകൂടി ശ്രീ നാരദൻ സ്വൎഗ്ഗത്തു ചെന്നപ്പോൾ പ്രസംഗവശാൽ പ്രസ്താവിച്ച ദമയന്തിയുടെ അസാധാരണ ഗുണഗണങ്ങളെക്കേട്ടു് കൗതുകംപൂണ്ടു് ഇന്ദ്രാഗ്നിയമവരുണന്മാരാകുന്ന ദിക്പാലന്മാരും സ്വയംവരത്തിനായി പുറപ്പെട്ടു. അവർ വഴിയിൽവെച്ചു് നളനെക്കണ്ടെത്തി, ദമയന്തീകാമുകനായ ആ രാജാവിനെത്തന്നെ കന്യകയുടെ അടുക്കലേക്കു ദൂതിനയച്ചു. അൎത്ഥികളുടെ വാസ്തവവും അൎത്ഥനയുടെ സ്വഭാവവും അറിയുംമുൻപെ വാഗ്ദാനം ചെയ്തുപോകയാൽ ധൎമ്മപാശബദ്ധനായ നളൻ ഇന്ദ്രാദികളുടെ പ്രഭാവത്താൽ അദൃശ്യമൂൎത്തിയായിട്ടു് യാതൊരു പ്രതിബന്ധവും കൂടാതെ കന്യാന്തഃപുരത്തിൽ പ്രവേശിച്ചു് അവളോടു് ഇന്ദ്രാദികളുടെ പ്രാൎത്ഥനയെ അറിയിച്ചു.

നളൻ ഞാൻ കേൾക്ക കല്യാണി! വന്നേൻ വാനോൎക്കു ദൂതനായ്
നിന്നെക്കിട്ടാനോൎപ്പു വാനോർകോനഗ്നി വരുണൻ യമൻ

എന്നു് നളൻ ഉള്ള കാൎയ്യം തുറന്നു പറയുകയാണുണ്ടായതു്. തന്റെ കാമുകനായ നളൻ അന്യന്റെ ദൂതനായി വന്നതിനാൽ ദമയന്തി

വ്യസനിക്കയും നളൻ എല്ലാററിനും സമാധാനം പറയുകയുംചെയ്തു. ഒടുവിൽ ദമയന്തി "എന്നാൽ ഇന്ദ്രാദികളും സ്വയംവരത്തിനു വരട്ടെ; അവരുടെ മുമ്പിൽവച്ചുതന്നെ, ഞാൻ അങ്ങയെ വരിച്ചുകൊള്ളാം" എന്ന ഒരു തീരുമാനം പറഞ്ഞു. ഈ വിവരമെല്ലാം നളൻ മടങ്ങിച്ചെന്നു് ഇന്ദ്രാദികളെ ഗ്രഹിപ്പിക്കുകയും ചെയ്തു.

കണ്ഡിനത്തിൽ സ്വയംവരത്തിനുള്ള ഒരുക്കങ്ങൾ തുടങ്ങി. നാനാദേശാധിപതികളായ രാജാക്കന്മാരാൽ അലംകൃതമായ സ്വയംവരമണ്ഡപത്തിൽ പ്രവേശിച്ച ദമയന്തി, ചൂണ്ടിക്കാണിക്കപ്പെട്ട ഓരോരോ രാജാക്കന്മാരേയും ഉപേക്ഷിച്ചു് നളസവിധത്തിൽ എത്തിയപ്പോൾ അവിടെ നളൻെറ ആകൃതിയിൽ അഞ്ചുപേർ ഇരിക്കുന്നതു കണ്ടു് കുഴങ്ങിവശായി. ഇതികർത്തവ്യതാമൂഢയായ ദമയന്തി ദേവന്മാരെത്തന്നെ ശരണംപ്രാപിച്ചു്,

ഞാനീ നളാരാധനയാം വ്രതം കൈക്കൊണ്ടിരിക്കയാം
അസ്സത്യംകൊണ്ടു വാനോർകളവനെത്തന്നെ നൽക മേ;
മനസ്സാലും വചസ്സാലും ദോഷപ്പെട്ടുവതില്ല ഞാൻ
അസ്സത്യംകൊണ്ടു വാനോർകളവനെത്തന്നെ നൽക മേ;
സ്വരൂപം സ്വീകരിക്കട്ടെ ലോകേശന്മാർ മഹേശ്വരർ
പുണ്യശ്ലോകൻ മന്നവനെ ഞാൻ തിരിച്ചറിയുംവിധം

എന്നു പ്രാർത്ഥിച്ചതനുസരിച്ചു് അവർ തങ്ങളുടെ ദേവചിഹ്നങ്ങളെ പ്രകാശിപ്പിച്ചു. ദമയന്തി നളനെ തിരിച്ചറിഞ്ഞു മാലയിട്ടു വരിച്ചു. ദേവന്മാർ പ്രസാദിച്ചു് നളനു് ഈരണ്ടുവരംവീതം കൊടുത്തു് അന്തർദ്ധാനം ചെയ്തു. ഇതെല്ലാം കണ്ടു് വിസ്മയിച്ചു്, രാജാക്കന്മാർ കലഹിക്കാതെ പിരിഞ്ഞുപോയി. നളൻ ദമയന്തിയോടുകൂടി നിഷധരാജ്യത്തിലേയ്ക്കു പുറപ്പെടുകയും ചെയ്തു.

## II

നളൻ സ്വരാജ്യത്തുചെന്നു് ദമയന്തിയുമൊരുമിച്ചു് ചിരപ്രാർത്ഥിതങ്ങളായ സുഖങ്ങളെ യഥേഷ്ടം അനുഭവിച്ചു സുഖിച്ചു വാണു. അനേകം യാഗാദികർമ്മങ്ങൾ ചെയ്തു് ദമയന്തിയും ഒരുമിച്ചു് വാഴുമ്പോൾ നളനു് ഇന്ദ്രസേനൻ എന്നൊരു പുത്രനും ഇന്ദ്രസേന എന്നൊരു പുത്രിയും ജനിച്ചു.

ഇന്ദ്രാദികൾ സ്വയംവരംകഴിഞ്ഞു് സ്വർഗ്ഗത്തിലേയ്ക്കു മടങ്ങുമ്പോൾ വഴിമദ്ധ്യേ ദ്വാപരനോടുകൂടി കലിവരുന്നതുകണ്ടു. എവിടേയ്ക്കായി പുറപ്പെട്ടുവെന്നു് ദേവന്മാർ ചോദിച്ചതിനു് 'സ്വയംവരത്തിൽ ദമയന്തിയെ വരിക്കാൻ' എന്നു കലി ഉത്തരംപറഞ്ഞപ്പോൾ, ദേവന്മാർ നടന്ന വിവരമെല്ലാംപറഞ്ഞു്, ധാർമ്മികനായ നളനെ ദ്രോഹിപ്പാൻ വിചാരിക്കുന്നവർക്കു് അധഃപതനം വരുമെന്നു് കലിയെ വിലക്കീട്ടു് യാത്രയായി. കലി കോപം സഹിയാതെ ദ്വാപരനുമായി ആലോചിച്ചു് നളനെ ദമയന്തിയുടെ അടുക്കൽനിന്നു പിരിക്കാമെന്നു സത്യം ചെയ്തു് നിഷധരാജ്യത്തിലേക്കു പുറപ്പെട്ടു. പന്ത്രണ്ടുവർഷം അവിടെ കാത്തിരുന്നതിന്റെശേഷം ഒരിക്കൽ നളൻ ഓർമ്മക്കേടാൽ പാദപ്രക്ഷാളനംചെയ്യാതെ സന്ധ്യാവന്ദനം ചെയ്ത അവസരം നോക്കി കലി നളനെ ആവേശിച്ചു. അനന്തരം നളന്റെ അനുജനായ പുഷ്കരൻ കലിപ്രേരിതനായിട്ടു നളനെ ചൂതുപൊരുതാൻ..വന്നു വിളിച്ചു. ദ്യൂതത്തിൽ വൃഷഭവേഷനായ കലിയായിരുന്നു പുഷ്കരനു പണയമായിട്ടു്; ദ്വാപരൻ അക്ഷങ്ങളിലും അധിവാസംചെയ്തു. നളൻ തന്റെ നാടും നഗരവുമെല്ലാം മുറയ്ക്കു പണയംവച്ചു തോററു. ഈ വിധം **അഞ്ചുമാസം** ദ്യൂതം നടന്നു. വിവരമറിഞ്ഞു മന്ത്രിമാരും നഗരവാസികളും ബന്ധുക്കളുമെല്ലാം രണ്ടുപ്രാവശ്യം ഉപദേശംചെയ്യാൻ വന്നിട്ടും നളൻ .ഒന്നും കൂട്ടാക്കാതെ ചൂതുകളിതന്നെ തുടർന്നു് സർവ്വസ്വവും നശിപ്പിച്ചു് ഏകവസ്ത്രശേഷനായി കലാശിച്ചു.

ഇതിനിടയിൽ ദമയന്തി നളന്റെ പരാജയംകണ്ടു് കരുതലോടുകൂടി പുത്രനേയും പുത്രിയേയും വാർഷ്ണേയനെന്ന നളസാരഥിയെ ഏല്പിച്ചു് കുണ്ഡിനപുരത്തിലേക്കു അയച്ചു. വാർഷ്ണേയൻ അവരെ അവിടെ കൊണ്ടുചെന്നുവിട്ടിട്ടു്, വ്യസനിച്ചുനടന്നു്, ഒടുവിൽ അയോദ്ധ്യാധിപതിയായ ഋതുവർണ്ണരാജാവിന്റെ സൂതനായിത്തീർന്നു.

സർവ്വസ്വവും തട്ടിപ്പറിച്ചിട്ടു് 'ഇനി ഭൈമിയല്ലാതെ തനിക്കു പണയത്തിനു് എന്തുണ്ടെ'ന്നു് പുഷ്കരൻ പരിഹാസമായി ചോദിച്ചപ്പോൾ, നളൻ വ്യസനാക്രാന്തനായി ദേഹത്തിലുണ്ടായിരുന്ന ആഭരണങ്ങളെല്ലാം അഴിച്ചുകൊടുത്തിട്ടു് ഏകവസ്ത്രനായി രാജധാനിയിൽനിന്നും പുറത്തിറങ്ങി. ദമയന്തിയും പിന്നാലെ പുറപ്പെട്ടു. മൂന്നു ദിവസം അവർ നഗരത്തിനു വെളിയിൽ താമസിച്ചപ്പോൾ 'നളനു് ആരും ഒത്താശകൾ ചെയ്തുപോകരുതു്'' എന്നു പുഷ്കരൻ പ്രസിദ്ധപ്പെടുത്തിയ വിളംബരമനുസരിച്ചു് നളനെ ആരും ഗണിക്കാതെയായി.

ഈ അവസരത്തിൽ ക്ഷുധാർത്തനായ നളൻ ചില പൊൻപക്ഷികൾ പറന്നടുത്തു വരുന്നതുകണ്ടു് അവയെപ്പിടിപ്പാനായി ഉടുത്ത വസ്ത്രം അഴിച്ചു് വലപോലെ വീശിയെറിഞ്ഞു. പക്ഷികൾ വസ്ത്രവുംകൊത്തിക്കൊണ്ടു് പറന്നുപോയി, 'ഞങ്ങൾ നിന്നെത്തോല്പിച്ച ചൂതുകളാണെ'ന്നു് പറഞ്ഞു മറയുകയും ചെയ്തു. നഗ്നനായ നളൻ പിന്നീടു് കാട്ടിലേക്കു പുറപ്പെട്ടു. പോകുന്ന മദ്ധ്യേ നളൻ കണ്ഡിനത്തിലേക്കു് പോകാനുള്ള പെരുവഴി കാണിച്ചുകൊടുത്തിട്ടും ദമയന്തി കൂട്ടാക്കാതെ പിന്നാലെ നടന്നു. ഒരേ വസ്ത്രംകൊണ്ടു് രണ്ടുപേരും ദേഹം മറച്ചു് രാത്രിയിൽ ഒരു വനമണ്ഡപത്തിൽ ചെന്നുകിടന്നു. ഭൈമി തളർച്ചകൊണ്ടു് ഉറങ്ങി; നളൻ വിചാരമഗ്നനായി ആലോചന തുടങ്ങി—'കൂടെക്കൊണ്ടുനടന്നാൽ ഇവൾ വലയും; വിട്ടേച്ചുപോയാൽ പിതൃഗൃഹത്തിലോ മറ്റോ ചെന്നു രക്ഷപ്പെട്ടുവെന്നും വരാം. ധർമ്മരക്ഷിതയായ ഇവൾക്കു് വഴിയിൽ അപായമൊന്നും വരാനും ഇടയില്ല.'. ഇങ്ങിനെയുറച്ചു് ആദിത്യാദിദേവന്മാരോടു് അവളെ രക്ഷിപ്പാൻ പ്രാർത്ഥിച്ചിട്ടു് വസ്ത്രം മുറിച്ചുകൊണ്ടു് അവളെ വിട്ടു പോയി.

ദമയന്തി ഉണർന്നു നോക്കുമ്പോൾ നളനെ കാണ്മാനില്ല. ആ വൻകാട്ടിൽ അവൾ വിലപിച്ചുകൊണ്ടും ഭർത്താവിനെ ആവേശിച്ച ഭൂതത്തിനെ ശപിച്ചുകൊണ്ടും തേടിനടന്നു. അപ്പോൾ ഒരു പെരുമ്പാമ്പു കാലിൽ പിടിയുംകൂടി. എന്നിട്ടും അവൾ നളനെത്തന്നെ വിളിച്ചു കരഞ്ഞു. അതുകേട്ടു് ഒരു കാട്ടാളൻ വന്നു കണ്ടു് പാമ്പിനെ കൊന്നു് അവളെ രക്ഷപ്പെടുത്തി. എന്നാൽ അവളിൽ ബലാൽക്കാരമായി അധർമ്മം പ്രവർത്തിക്കാൻ ആരംഭിച്ചപ്പോൾ അവനെ അവൾക്കു ശപിക്കേണ്ടതായി വന്നുകൂടി. 'നളനൊഴികെ ഒരു പുരുഷനെ ഞാൻ മനസ്സുകൊണ്ടുപോലും സ്പർശിച്ചിട്ടില്ലെങ്കിൽ ഇവൻ മരിച്ചുവീഴട്ടെ' എന്നു് ആ പതിവ്രത പറയുകയും ആ ദുഷ്ടൻ ശവമായി വീഴുകയും ഒന്നിച്ചുകഴിഞ്ഞു. പിന്നീടു് അലഞ്ഞുനടക്കുമ്പോൾ ഒരാശ്രമം കണ്ടു് അവൾ അവിടെ ചെന്നു. എന്നാൽ മഹർഷിമാർ അവളോടു് വിവരമെല്ലാം ചോദിച്ചറിഞ്ഞു്, 'താമസിയാതെ നീ നളനോടു ചേർന്നു് മുന്നേപ്പോലെ സുഖമായിരിക്കും' എന്നു് അവളെ ആശ്വസിപ്പിച്ചിട്ടു് ആശ്രമത്തോടുകൂടിത്തന്നെ അന്തർദ്ധാനംചെയ്തു. മഹർഷിവാക്യത്തിൽ ഒരുവിധം സമാധാനപ്പെട്ടു് ആ പതിവ്രത വീണ്ടും അല

ഞ്ഞു നടക്കുമ്പോൾ, ഒരു നദികടക്കുന്ന കച്ചവടക്കാരുടെ സംഘത്തെ കണ്ടു് അവരോടു് സംഗതി എല്ലാം പറഞ്ഞു് ധാർമ്മികനായ ആ സംഘപ്രധാനിയുടെ അനുമതി വാങ്ങി അവരൊന്നിച്ചു പുറപ്പെട്ടു. വളരെദിവസം വളരെ കാടും മലയും കയറിക്കടന്നു്, വഴിയിൽ കാട്ടാനകളുടെ അക്രമത്താൽ പാതിപ്പെട്ടു് ഒടുവിൽ ഒരു ദിവസം സന്ധ്യയോടുകൂടി ആ സംഘം ഉദ്ദിഷ്ടമായ ചേദിരാജ്യത്തു് ചെന്നെത്തി. അവിടെ നഗരവീഥിയിൽ കച്ചവടക്കാരുടെ ഇടയിൽക്കൂടി സഞ്ചരിച്ച ദമയന്തിയെ അങ്ങാടിപ്പിള്ളേർ ചുററക്കൂടി പരിഹസിക്കയും ശല്യപ്പെടുത്തുകയും ചെയ്യുന്നതു് ആ രാജ്യത്തെ രാജാവായ സുബാഹുവിൻെറ മാതാവു് മാളികയിൽനിന്നു് നോക്കിക്കണ്ടിട്ടു് അവളെ ആളയച്ചു വരുത്തി. സൈരന്ധ്രിയുടെ നിലയിൽ സ്വപുത്രിയായ സുനന്ദയുടെ സഖിയായി കൊട്ടാരത്തിൽ താമസിക്കാനാവശ്യപ്പെട്ടു. താഴെ പറയുന്ന വ്യവസ്ഥ സമ്മതിക്കാമെങ്കിൽ മാത്രമേ താൻ അവിടെ താമസിക്കാനൊരുക്കമുള്ളു എന്നായിരുന്നു ദമയന്തിയുടെ മറുപടി.

"കരാറാൽ വീരജനനി! വാഴുമവൻ നിന്നടുക്കൽ ഞാൻ:
എച്ചിലുണ്ണില്ലങ്ങു കാലു കഴുകിക്കയുമില്ല ഞാൻ;
അന്യന്മാരാം പുരുഷരോടീ ഞാൻ. മിണ്ടില്ലൊരിക്കലും,
ഭർത്താവിനെത്തിരഞ്ഞീടാൻ വേണ്ടിക്കാണാം ദ്വിജേന്ദ്രരെ;
ഒരാണെന്നിൽ കാംക്ഷവെച്ചാലവനെശ്ശിക്ഷചെയ്യണം,
ഒന്നാമതജ്ജളൻ വദ്ധ്യനങ്ങയ്ക്കെന്നേവമെൻമതം;
ഏവമാവാമെങ്കിലിങ്ങു കൂടെപ്പാർക്കാമസംശയം;
മറിച്ചെന്നാലെന്മനസ്സിൽ തോന്നുന്നില്ലിങ്ങു വാഴുവാൻ."

രാജമാതാവു് ഈ വ്യവസ്ഥകളെല്ലാം സമ്മതിച്ചു. ഭൈമിയാകട്ടെ, തൻെറ ചരിത്രത്തെപ്പററി അങ്ങുമിങ്ങും തൊടാത്തമട്ടിൽ സാമാന്യരീത്യാ ചിലതൊക്കെ പറഞ്ഞതേയുള്ളു. താൻ ഭീമപുത്രിയാണെന്നോ നളമഹിഷിയാണെന്നോ പറയുകയുണ്ടായില്ല.

## III

നളനാകട്ടെ, ഭൈമിയേയും ഉപേക്ഷിച്ചു് കാട്ടിൽ ചുററിനടക്കുമ്പോൾ കാട്ടുതീയുടെ നടുക്കുനിന്നു് ആരോ തൻെറ പേരു വിളിച്ചു നിലവിളിക്കുന്നതുകേട്ടു് അടുത്തുചെന്നു് ആ വിളിച്ചതു് നാഗരാജാ

വായ കാർക്കോടകനാണെന്നറിഞ്ഞ് അവനെ കാട്ടുതീയിൽനിന്നു രക്ഷപ്പെടുത്തി. താൻ നാരദനെ വഞ്ചിച്ചതിനാൽ ലഭിച്ച ശാപത്തിൽ നിന്ന് ഇപ്പോൾ മോചിതനായി എന്നു പറഞ്ഞ് കാർക്കോടകൻ നളനോട് തന്നെ എടുത്തുകൊണ്ട് ഒരു പത്തടി എണ്ണിക്കൊണ്ടു നടക്കാൻ ആജ്ഞാപിച്ചു. നളൻ അപ്രകാരം ചെയ്ത് എണ്ണുന്നക്കൂട്ടത്തിൽ 'ദശ' എന്നുച്ചരിച്ച ക്ഷണത്തിൽ കാർക്കോടകൻ നളനെ ദംശിച്ചു. സർപ്പദംശനത്താൽ നളൻ വിരൂപനായിത്തീർന്നു. നാഗരാജൻ പിന്നീടു തന്റെ ദംശം, നളനെ ആവേശിച്ചിരിക്കുന്ന ദുഷ്ടഭൂതത്തെ ബാധിക്കാനാണെന്നും, വൈരൂപ്യം ജനങ്ങൾ തൽക്കാലം ആളെ തിരിച്ചറിയാതിരിക്കാൻ ഉപകരിക്കുമെന്നും, തന്നെ സ്മരിച്ചുകൊണ്ട് താൻ നൽകുന്ന വസ്ത്രയുഗ്മത്തിൽ ഒന്നുടുത്താൽ സ്വന്തം രൂപം വീണ്ടും പ്രാപിക്കാമെന്നും, നളനെ ആശ്വസിപ്പിച്ച് വരങ്ങളും കൊടുത്ത്, ബാഹുകസംജ്ഞനായ സൂതനെന്നുപറഞ്ഞ് ഋതുപർണ്ണനെ സേവിച്ചാൽ അദ്ദേഹത്തിന്റെ പക്കൽനിന്ന് അക്ഷഹൃദയവിദ്യ അറിയാനും, അതുനിമിത്തം ഭൂതാവേശം നീങ്ങി ദമയന്തീസമാഗമം ഉണ്ടാകാനും ഇടയാകുമെന്നുപദേശിക്കയും ചെയ്തിട്ട് അന്തർദ്ധാനം ചെയ്തു. അതുപ്രകാരം നളൻ ഒൻപതുദിവസത്തെ വഴിനടന്ന് പത്താം ദിവസം കോസലത്തിലെത്തി ഋതുപർണ്ണന്റെ സൂതനായി വാണു. അവിടെ നളന് വാർഷ്ണേയൻ, ജീവലൻ, എന്ന രണ്ടു രാജസൂതന്മാർ സഖികളായിത്തീർന്നു. അതിൽ ജീവലൻ, ദിവസംപ്രതി രാത്രിസമയത്ത് നളൻ,

പൈദാഹത്താൽ തളർന്നോളപ്പാവമെങ്ങു കിടപ്പതോ?
ആ മന്ദനെ സ്മരിച്ചുംകൊണ്ടാരെസ്സേവിച്ചിടുന്നിതോ?

എന്നൊരു ശ്ലോകംചൊല്ലി വിലപിക്കുന്നതു കേട്ട് കാരണം ചോദിക്കുകയും, നളൻ പേരുകൾ പറയാതെ നടന്ന കാര്യമെല്ലാം അന്യപരമായി അയാളെ പറഞ്ഞു വിശ്വസിപ്പിക്കുകയും ചെയ്തു.

ഇങ്ങിനെ നളനും ദമയന്തിയും വേഷം മാറി ചേദിപുരിയിലും കോസലത്തിലും വസിക്കവേ, നളന്റെ രാജ്യഭ്രംശവർത്തമാനം കേട്ട ഭീമരാജാവ് ഭൈമീനളന്മാരെ അന്വേഷിച്ചു കണ്ടുപിടിക്കാനായി അയച്ച ബ്രാഹ്മണരിൽ സുദേവനെന്ന പേരായ ഒരുവൻ ചേദിപുരിയിൽ ഭൈമിയെ കണ്ടെത്തി. അതിനുശേഷം സൈരന്ധ്രി തന്റെ സഹോദരീപുത്രിയായ ഭൈമിയാണെന്നറിഞ്ഞ് അനുശോചിച്ച രാജ്ഞ

ഭർത്താവിന്റെ അനുമതിയോടുകൂടി ദമയന്തി രഥത്തിൽകയറി കുണ്ഡിനത്തിൽ പിതൃസമീപത്തിലെത്തിച്ചേർന്നു. അവിടെനിന്നു നളനെ കണ്ടുപിടിക്കുന്നതിനായി സകല ദിക്കുകളിലേക്കും വീണ്ടും ബ്രാഹ്മണരെ നിയോഗിച്ചു. അവർ രാജസഭകളിലെന്നല്ല, നാലുപേർ കൂടുന്ന ഇടങ്ങളിലൊക്കെയും ചെന്നു തിരയാൻ തുടങ്ങി.

"എൻ വസ്ത്രാർദ്ധമറുത്തുംകൊണ്ടെങ്ങുപോയിതു ധൂർത്ത! നീ?
കാട്ടിൽ കിടന്നുറങ്ങീടും പ്രിയയേ വിട്ടു ഹേ പ്രിയ!
നീ കണ്ടമട്ടുതാൻ നിൽപ്പൂ നിന്നെത്താൻ കാത്തുകൊണ്ടവൾ
ഏററമുൾച്ചൂടേററു ബാല വസ്ത്രാർദ്ധം ചുററിയങ്ങിനെ
ആ സങ്കടത്താൽ കരയുമവളിൽ ചെററു മന്ന! നീ
പ്രസാദിക്കേണമേ! വീര! മറുവാക്കരുളേണമേ!"

ഇങ്ങിനെ വിളിച്ചുപറയുമ്പോൾ അതിനുത്തരംപറയുന്നവന്റെ ഊരും പേരും മററുമെല്ലാം എങ്ങിനെയെങ്കിലും അറിഞ്ഞു വരണമെന്നായിരുന്നു ദമയന്തിയുടെ നിർദ്ദേശം. ഇപ്രകാരം പലരും പല സ്ഥലങ്ങളിലും തേടി നടന്നതിൽ പർണ്ണാദനെന്ന ബ്രാഹ്മണൻ ഋതുപർണ്ണസഭയിൽ ചെന്നു മേൽപറഞ്ഞ വാചകം ഉച്ചരിച്ചപ്പോൾ ഒരു വിരൂപനായ സൂതൻ (ബാഹുകൻ) അതിനുത്തരം പറഞ്ഞതിനെ ദമയന്തിയോടു വന്നറിയിച്ചു. താഴെ കാണിക്കുംപ്രകാരമായിരുന്നു ആ ഉത്തരം:—

"വൈഷമ്യമെങ്കിലും ഗോപിച്ചീടുമേ കുലനാരിമാർ
ഭർത്താക്കൾ പോകിലുമവർ കോപിച്ചീടില്ലൊരിക്കലും;
പാതിവ്രത്യച്ചട്ടയിട്ടു ജീവിക്കും വരനാരിമാർ;
വിഷമത്തിൽപ്പെട്ട മൂഢൻ സുഖം കെട്ടുഴലുന്നവൻ
അവൻ ത്യജിക്കിലുമവളതിൽ കോപിക്കയില്ലതാൻ."

ഇതുകേട്ടു അങ്കുരിച്ച പ്രത്യാശയോടുകൂടി ഭൈമി അച്ഛനെ വിവരമറിയിക്കാതെ സുദേവനെ വരുത്തി മാതൃസന്നിധിയിൽ ഇപ്രകാരം സന്ദേശിച്ചു।—"അങ്ങ് ഒരു വഴിയാത്രക്കാരന്റെ നിലയിൽ അയോദ്ധ്യയിൽച്ചെന്നു് 'നളൻ ജീവിച്ചിരിക്കുന്നോ ഇല്ലയോ എന്നറിഞ്ഞില്ല; ദമയന്തിക്കു പുനർവിവാഹം നടക്കുന്നു; നാളെയാണ് സ്വയംവരം; അതിലേക്കു രാജാക്കന്മാരെല്ലാം പോകുന്നു' എന്നു പറയണം." സുദേവൻ അതുപോലെതന്നെ പ്രവർത്തിക്കുകയും ചെയ്തു.

പണ്ടേതന്നെ ഭൈമീകാമുകനായിരുന്ന ഋതുപൎണ്ണൻ ഉടൻതന്നെ ബാഹുകനെ വിളിച്ച് തനിക്കു ദമയന്തിയെ വരിപ്പാൻ സന്ധ്യയ്ക്കു മുൻപു കുണ്ഡിനത്തിലെത്തത്തക്കവണ്ണം കുതിരകളെ തിരഞ്ഞെടുത്തു രഥം സജ്ജീകരിക്കാൻ ആജ്ഞാപിച്ചു. ബാഹുകൻ ഇതുകേട്ട് ചിന്താകുലനായി, ഏതായാലും കുണ്ഡിനത്തിൽ ചെല്ലുന്നതു തനിക്കും നന്നു തന്നെ എന്നുറച്ച്, കണ്ടാൽ ശോച്യങ്ങളും കരുത്തുള്ളവയുമായ രണ്ടുകുതിരകളെ പൂട്ടി രഥം സജ്ജീകരിച്ചു. രാജാവിനു കുതിരകളെപ്പററി സന്ദേഹമുണ്ടായെങ്കിലും, ബാഹുകൻ തേരുതെളിച്ചപ്പോൾ അതൊക്കെ നീങ്ങി എന്നല്ല, വേഗംകണ്ട് വിസ്മയവുമുണ്ടായി. രഥത്തിൽ രാജാവിനു പരിവാരമായി വാർഷ്ണേയൻ മാത്രമേ ഉണ്ടായിരുന്നുള്ളു. അവൻ കുതിരകളുടെ വേഗംകണ്ട്, ബാഹുകൻ അശ്വഹൃദയജ്ഞനായ നളൻ തന്നെയായിരിക്കുമോ എന്നു സംശയിച്ചു. വിസ്മിതനായ ഋതുപൎണ്ണൻ കൈവിട്ടുപോയ ഉത്തരീയം എടുക്കുന്നതിലേയ്ക്കു രഥം നിറുത്തുവാൻ ആവശ്യപ്പെട്ട സമയം, 'അതിപ്പോൾ ബഹുയോജനവഴി പിറകിലായിപ്പോയി' എന്നു പറഞ്ഞു ബാഹുകൻ വിസംവദിച്ചു. അനന്തരം, കുറേ വഴികഴിഞ്ഞ് ഒരു താന്നിമരം കണ്ടപ്പോൾ രാജാവു മത്സരത്തിലെന്നപോലെ "അല്ലയോ ബാഹുക! എന്റെ സാമൎത്ഥ്യം നീയും നോക്കുക

"അറികില്ലാരുമേ സൎവ്വം, സൎവ്വജ്ഞൻ മന്നിലില്ലൊരാൾ;
ജ്ഞാനമെല്ലാമൊരുവനിലൊക്കുകെന്നതസംഭവം"

എന്നാരംഭിച്ചുകൊണ്ട്, താന്നിമരത്തിൽ ഇത്ര ഇലയും ഇത്ര കായും ഉണ്ടെന്നു ക്ലിപ്തപ്പെടുത്തി പറഞ്ഞു. ബാഹുകൻ അതെണ്ണിനോക്കിപരീക്ഷിപ്പാൻ രഥം നിൎത്തിയപ്പോൾ, രാജാവിനു താമസംനേരിട്ടെങ്കിലോ എന്നു ഭയമായി. അവർ തമ്മിൽ പല തൎക്കങ്ങളും കഴിഞ്ഞതിന്റെ ശേഷം രാജാവു ബാഹുകനു് അക്ഷഹൃദയം ഉപദേശിച്ചു.. അശ്വഹൃദയം പ്രത്യുപദേശം ചെയ്യുന്നതു സൗകൎയ്യംപോലെ മതിയെന്നും നിശ്ചയിച്ചു. അക്ഷഹൃദയം നളൻ ഗ്രഹിച്ച ഉടനെ കലി നളന്റെ ദേഹത്തിൽനിന്നിറങ്ങി. നളൻ അവനെ ശപിക്കാൻ ഭാവിച്ചു. പക്ഷെ, അവൻ ശരണംപ്രാപിച്ചതിനാൽ വെറുതെ വിട്ടു. നളന്റെ നാമം ഉച്ചരിക്കുന്നവരെ താൻ ബാധിക്കയില്ലെന്നു പ്രതിജ്ഞചെയ്ത് കലി നളന്റെ ദേഹത്തിൽനിന്നു താന്നിമരത്തിൽ പ്രവേശിച്ചു. അന്നു

മുതൽക്കാണു് താന്നിമരത്തിനു് 'കലിദ്രുമം' എന്നു പേരുണ്ടായതു്. നളൻ വേഗത്തിൽ, സംഗതിയൊന്നും അറിയാതെ കാത്തുനിന്നിരുന്ന രാജാവിന്റെ അടുക്കലേക്കു മടങ്ങിച്ചെന്നു്, രഥം പൂർവ്വാധികം വേഗത്തിൽ ഓടിച്ചു്, അസ്തമനത്തിനു മുൻപു കുണ്ഡിനപുരിയിൽ എത്തിക്കുകയും ചെയ്തു.

## IV

അയോദ്ധ്യാപതി വന്നിരിക്കുന്ന വിവരം കേട്ട ഭീമരാജാവു ചെന്നെതിരേററു അതിഥിയെ സ്വീകരിച്ചു. എന്നാൽ സ്വയംവരത്തിന്റെ വട്ടമൊന്നും കാണാഞ്ഞു ഭഗ്നാശനായ ഋതുപർണ്ണൻ, ഇത്ര ദൂരത്തുനിന്നു് ഇത്ര ബദ്ധപ്പെട്ടു് വന്നതിന്റെ കാരണം ഭീമരാജാവു ചോദിച്ചതിനു, 'സൗഹാർദ്ദംകൊണ്ടു് സന്ദർശിപ്പാൻ വന്നുവെന്നേയുള്ളു' എന്നു മറുപടിപറഞ്ഞു. ഭൈമിയാകട്ടെ, തനിക്കു ചിരപരിചിതമായ നളന്റെ രഥഘോഷംകേട്ടു് ഭർത്തൃസന്ദർശനകൌതുകത്തോടുകൂടി മാളികയിൽ നോക്കിക്കൊണ്ടു നിന്നു. രഥം അടുത്തുവന്നപ്പോൾ അഭിജ്ഞാതന്മാരായ ഋതുപർണ്ണനും വാർഷ്ണേയനും പുറമേ, വിരൂപനായ ബാഹുകനെ മാത്രമേ അതിൽ കണ്ടുള്ളു. ഭൈമി നിരാശയായി ഒരുവേള സ്വസാരഥിയായിരുന്ന വാർഷ്ണേയനെയും നളൻ അശ്വഹൃദയം അഭ്യസിപ്പിച്ചിരുന്നിരിക്കുമോ എന്നു് ഭൈമിക്കു സംശയം തോന്നി. ഏതായാലും ബാഹുകനെ ഒന്നു പരീക്ഷിക്കണമെന്നുറച്ചു്, കേശിനി എന്ന ദൂതിയെ നളന്റെ അടുക്കലേക്കയച്ചു്, പണ്ണാദൻ പറഞ്ഞതു പരമാർത്ഥമാണെന്നു ബോദ്ധ്യപ്പെടുത്തി; അതിനു പുറമെ, നളൻ ചെയ്ത പാചകവിദ്യ പരിശോധിച്ചു; പുത്രനേയും പുത്രിയേയും അടുക്കലേക്കയച്ചുനോക്കി; പുഷ്പങ്ങളെ നളൻ മർദ്ദിച്ചാൽ വാടുന്നില്ലെന്നു കണ്ടറിഞ്ഞു—എന്നുവേണ്ട പല പരീക്ഷകളും കഴിച്ചു ഇത്രയും കഴിഞ്ഞതിന്റെ ശേഷം ഭൈമി മാതാപിതാക്കന്മാരുടെ അനുമതിയോടുകൂടി ബാഹുകനെ ആളയച്ചു വരുത്തി സ്വയം ഇങ്ങിനെ ചോദ്യം ചെയ്തു:—

ഭവാൻ കണ്ടുവനോ മുന്നം ധർമ്മജ്ഞൻ ഹന്ത ബാഹുക!
ഉറങ്ങും പെണ്ണിനെക്കാട്ടിലിട്ടുപോയോരു മർത്ത്യനേ?
വിജനേ ശ്രാന്തയായു് മണ്ടും കുററമററിഷ്ടപത്നിയെ
പുണ്യശ്ലോകൻ നളനൊഴിഞ്ഞാരുപേക്ഷിച്ചു പോയിടും?

ഇതിനന്തരമായി നളൻ,

എന്റെ രാജ്യം പോയതു ഞാൻ തനിയേ ചെയ്തതല്ലെടോ;
കലി ചെയ്തതും ഭീരു! നിന്നെ ഞാൻ കൈവെടിഞ്ഞതും

എന്നു തുടങ്ങി സംഗതികളുടെ പരമാർത്ഥസ്ഥിതിമുഴുവൻവിവരിച്ചിട്ടു്; 'നിന്റെ ശാപബലംകൊണ്ടും എന്റെ വ്യവസായംകൊണ്ടും ആ കലി ഇപ്പോൾ വിട്ടുമാറിയിരിക്കുന്നു; ഞാൻ നിന്റെ അടുക്കൽ വരികയുംചെയ്തു; എന്നാൽ നീ രണ്ടാമതു സ്വയംവരം നിശ്ചയിച്ചതു് ഒരു കുലസ്ത്രീക്കു് ഉചിതമായ പ്രവൃത്തിയായില്ല' എന്നുപന്യസിച്ചു. ഇതു കേട്ടു ബാഷ്പാകുലയായ ഭൈമി തൊണ്ടയിടറിക്കൊണ്ടു് തന്റെ പ്രവൃത്തിയുടെ ഉദ്ദേശം ബാഹുകനെ ധരിപ്പിച്ചു. വിശ്വാസത്തിനുവേണ്ടി ലോകസാക്ഷികളായ ദേവന്മാരെക്കൊണ്ടാണയിട്ടപ്പോൾ,

“രാജൻ! പാതിവ്രത്യനിധി രക്ഷിച്ചു ദമയന്തിതാൻ,
മൂവാണ്ടുകൾക്കു രക്ഷിച്ചു സാക്ഷിസ്ഥാനത്തു ഞങ്ങളാം;
ഇതങ്ങേക്കാണ്മതിനിവൾ ചെയ്തു നല്ലൊരുപായമാം.
ഒരഹസ്സാൽ യോജന നൂറങ്ങല്ലാതാരുമെത്തിടാ;
ചേരും ഭവാനോടു ഭൈമി! ഭവാൻ ഭൈമിയോടും നൃപ,
ഇതിലേതും ശങ്കവേണ്ടാ ഭാര്യയായ് സ്വീകരിക്കെടോ”

എന്ന് അശരീരിവാക്കുണ്ടാകുകയും നളന്റെ സംശയം നിശ്ശേഷം നീങ്ങുകയും ചെയ്തു. ആകാശത്തിൽനിന്നു പുഷ്പവൃഷ്ടിയും ഉണ്ടായി. സന്തുഷ്ടനായ നളൻ കാർക്കോടകനെ സ്മരിച്ചുകൊണ്ടു് തദ്ദത്തമായ വസ്ത്രം ധരിച്ചപ്പോൾ തന്റെ പൂർവ്വരൂപത്തെ പ്രാപിക്കുകയും തപസ്വിനിയായ ഭൈമിയെ ആലിംഗനം ചെയ്യുകയും ചെയ്തു.

പിറേറദിവസം രാവിലെ ദമ്പതിമാർ മക്കളോടുകൂടി ഭീമരാജാവിനെ ചെന്നു കണ്ടു. പൗരന്മാർ വിവരമറിഞ്ഞു പുരത്തിൽ ഉത്സവഘോഷം തുടങ്ങി. ഋതുപർണ്ണനും സന്തോഷിച്ചു നളനോടു മാപ്പുചോദിച്ചു. നളൻ അദ്ദേഹത്തെ സൽക്കരിച്ചു് അശ്വഹൃദയം ഉപദേശിച്ചു് അയോദ്ധ്യയിലേക്കു പറഞ്ഞയച്ചു. ഒരു മാസക്കാലം കുണ്ഡിനത്തിൽത്തന്നെ കഴിച്ചുകൂട്ടിയതിന്റെശേഷം നളൻ ഒരു ചെറിയ സേനയോടുകൂടി നിഷധരാജ്യത്തിൽചെന്നു പുഷ്കരനെ ചൂതിനു വിളിച്ചു. രാജ്യവും ധനവും മാത്രമല്ല, പ്രാണനുംകൂടി പുഷ്കരനു പണയംവെക്കേണ്ടിവന്നു; എല്ലാററിലും തോല്ക്കുകയും ചെയ്തു.

നളൻ ആദ്യം കോപംകൊണ്ടു പുഷ്കരനെ കൊല്ലാനൊരുങ്ങി. ഒടുവിൽ അവൻെറ അപരാധം കലികൃതമാണെല്ലോ എന്നോത്തും, ഹംസംവഴി ബ്രഹ്മദേവൻ പറഞ്ഞയച്ച സന്ദേശത്തെ ബഹുമാനിച്ചും, അവന്ന മാപ്പുകൊടുത്തു അനന്തരം അകമ്പടിക്കാരേയും സൈന്യങ്ങളേയും അയച്ച് കുണ്ഡിനത്തിൽനിന്ന ദമയന്തിയെ വരുത്തി. പൂൎവ്വാധികം പ്രൗഢിയോടുകൂടി രാജ്യം ഭരിച്ചുതുടങ്ങി.''

## വ്യതിയാനവും ഔചിത്യവും

ഉണ്ണായിവാരിയർ കഥകളിയിൽ മൂലകഥയിൽനിന്ന വലിയ വ്യത്യാസമൊന്നും വരുത്തീട്ടില്ല. അല്പം ചില സ്ഥലങ്ങളിൽ നിസ്സാരമായ ചില മാററങ്ങൾ വരുത്തീട്ടുണ്ടെങ്കിൽ, അതിന്ന തക്കതായ എന്തെങ്കിലും കാരണം കാണുകയും ചെയ്യും. ഇങ്ങനെ, അങ്ങിങ്ങായി ഉണ്ണായിവാരിയർ വരുത്തീട്ടുള്ള ചില വ്യതിയാനങ്ങളും അതിനുള്ള ഔചിത്യവും താഴെ കാണിക്കാം.

(1) ദമയന്തിയുടെ സ്വയംവരത്തിന് ദേവദാനവന്മാരേയും യക്ഷകിന്നരന്മാരേയും വരുത്തുകയും, സ്വയംവരമണ്ഡപത്തിൽ ഓരോ രാജാവിനേയും പരിചയപ്പെടുത്തുന്നതിന്ന സരസ്വതിയെ നിയോഗിക്കയും ചെയ്തിരിക്കുന്നതു് മൂലത്തിലില്ലാത്ത ഒരു പുതുമയാണ്. ഇന്ദ്രാദികളായ ദേവന്മാർ സന്നിഹിതരാകുന്ന ഒരു സദസ്സിൻെറ യോഗ്യതയ്ക്കു് ചില അമാനുഷ പാത്രങ്ങളും ഉണ്ടായിരിക്കുന്നതു കൊള്ളാമെന്നുള്ള വിചാരംകൊണ്ടായിരിക്കാം, വാരിയർ അങ്ങിനെ ചെയ്തതു്; അത്തരത്തിലുള്ള ഒരു സദസ്സിൽ ഓരോരുത്തരേയും തരംതിരിച്ചു മനസ്സിലാക്കുകയും, ശരിയായി വിവരിച്ചുകൊടുക്കുകയും ചെയ്ക എന്നുള്ളതു് ഒരു സാധാരണ മനുഷ്യസ്ത്രീക്കു സാദ്ധ്യമല്ല. അതുകൊണ്ടായിരിക്കണം സാക്ഷാൽ സരസ്വതിയെത്തന്നെ ആ കൃത്യത്തിന്ന നിയോഗിക്കാമെന്നുവെച്ചതു്. ശ്രീഹർഷമഹാകവിയുടെ "നൈഷധ"ത്തെ അനുകരിക്കമാത്രമേ ഉണ്ണായിവാരിയർ ഇക്കാൎയ്യത്തിൽ ചെയ്തിട്ടുള്ളു എന്നതും സ്മരണീയമാണു്.

(2) നളൻ ദൂതിനായിച്ചെന്ന സന്ദർഭത്തിൽ,

''നളൻ ഞാൻ കേൾക്ക കല്യാണി! വന്നേൻ വാനോൎക്കു ദൂതനായ്
നിന്നെക്കിട്ടാനോർപ്പു വാനോർകോനഗ്നി വരുണൻ യമൻ''

എന്നിങ്ങിനെ താൻ നളനാണെന്ന ദമയന്തിയോടു തുറന്നു പറയുന്നതായിട്ടാണ് മൂലത്തിൽ കാണുന്നതു്. ആട്ടക്കഥയിൽ അങ്ങനെ കാണുന്നില്ല; ദമയന്തി നളനെ തിരിച്ചറിയുന്നതായിട്ടും സ്പഷ്ടമാക്കീട്ടില്ല. ഈ വ്യതിയാനത്തിലും ശരിയായ ഔചിത്യമുണ്ട്. ദൂതുപറവാൻ വന്ന ആൾ കാമുകനാണെന്നു വെളിപ്പെടുത്താതിരുന്നാലാണ് ദൗത്യത്തിനു ഗൗരവം കൂടുന്നതു്; എന്നുമാത്രമല്ല, തന്നിൽ അനുരക്തയാണെന്ന് താൻ ധരിച്ചുവെച്ചിട്ടുള്ള ദമയന്തിയുടെ ഹൃദയഗതിയും അനുരാഗദാർഢ്യവും പരീക്ഷിച്ചറിഞ്ഞു രസിക്കുവാനും, അവളുമായി നിസ്സങ്കോചം സംഭാഷണം ചെയ്യാനും, അത്തരത്തിലുള്ള ആത്മഗോപനം കൂടുതൽ ഉപകരിക്കുകയും ചെയ്യും.

(3) സ്വയംവരത്തിന്റെ അവസാനത്തിൽ ചേർത്തിട്ടുള്ള അസുരരാക്ഷസസംവാദവും ഉണ്ണായിയുടെ കല്പനാഫലമാണ്. കഥകളിയിലെ 'ഘോരവേഷം' കണ്ടു രസിക്കാൻ മാത്രമായി സന്നിഹിതരാകാറുള്ള ഒരുതരം സന്ദർശകന്മാരെ തൃപ്തിപ്പെടുത്താനായിരിക്കണം വാരിയർ ഈ വിദ്യ പ്രയോഗിച്ചതു്.

(4) നാരദനെ കഥയുടെ ആരംഭത്തിലും അവസാനത്തിലും വരുത്തിയിരിക്കുന്നു. നാരദൻ പറഞ്ഞുകേട്ടാണ് നളനു ദമയന്തിയിൽ ആഗ്രഹം ജനിക്കുന്നതു്. കലഹംകൂടാതെ സ്വയംവരം നടത്തിക്കൊടുക്കുവാൻ ആട്ടക്കഥയിലെ നാരദൻ ഇന്ദ്രാദികളെ പ്രേരിപ്പിക്കുന്നു. മൂലത്തിലെ നാരദനാകട്ടെ ഇന്ദ്രാദികളോടു സ്വയംവരവൃത്താന്തം പറയുന്നതേയുള്ളു.

ഉണ്ണായിവാരിയർ നാരദനെ ആദിയിലും അവസാനത്തിലും പ്രവേശിപ്പിക്കാമെന്നുവെച്ചതു്, നാടകകഥാവസ്തുവിനു് ഒരു നിർവ്വാഹകനെ സമ്പാദിക്കാനായിരിക്കണം. വഴക്കിന്നൊന്നും ഇടവരുത്താതെ സ്വയംവരം ഭംഗിയായി നടത്തിക്കൊടുക്കാൻ ആ ദേവർഷി ഇന്ദ്രാദികളെ പ്രേരിപ്പിക്കുന്നതും കഥാനിർവ്വഹണത്തിന്റെ സംപൂർണ്ണതയ്ക്കുവേണ്ടിത്തന്നെയായിരിക്കണം.

(5) മൂലത്തിൽ, ദമയന്തീനളന്മാരെ പരസ്പരാനുരക്തരാക്കുന്നതിനുവേണ്ടി, ആരംഭഘട്ടത്തിൽ മാത്രമേ ഹംസം പ്രവേശിക്കുന്നുള്ളു. വാരിയരാകട്ടേ, കഥയുടെ അവസാനത്തിലും ആ സ്വർണ്ണഹംസത്തെ പ്രവേശിപ്പിക്കുന്നുണ്ട്. "പുഷ്കരനെ കൊല്ലരുതു്"

എന്നുള്ള ബ്രഹ്മാവിൻെറ സന്ദേശവുംകൊണ്ടാണ് വാരിയർ കഥാവസാനത്തിൽ ഹംസത്തെ രംഗപ്രവേശം ചെയ്യിക്കുന്നതു് എന്നോർക്കണം. തങ്ങളെ പരസ്പരം കൂട്ടിയിണക്കാൻ അത്യന്തം ഉപകരിച്ച ആ ഹംസത്തെ, ആപത്തെല്ലാം നീങ്ങി ആനന്ദിക്കാൻ വീണ്ടും ഇടവന്ന ഒരു മംഗളഘട്ടത്തിൽ കാണുവാൻ കഴിയുക എന്നതു് നളദമയന്തിമാരെ സംബന്ധിച്ചേടത്തോളം വളരെ പ്രാധാന്യമുള്ള ഒരു കാര്യമാണ്. പുനസ്സമാഗമം നിമിത്തം ശതഗുണീഭവിച്ച ആ ദമ്പതിമാരുടെ ആഹ്ലാദം പരിപൂർണ്ണാവസ്ഥയെ പ്രാപിക്കാനും ആ ഹംസസന്ദർശനം ഉപകരിക്കാതിരിക്കയില്ലല്ലൊ.

(6) സ്വയംവരംകഴിഞ്ഞു മടങ്ങിപ്പോകുന്ന അവസരത്തിൽ ദേവന്മാർ കലിയെ ഒററയ്ക്കു കാണുന്നതായിട്ടാണ് ആട്ടക്കഥയിൽ പറഞ്ഞിട്ടുള്ളതു്. ദ്വാപരനോടൊന്നിച്ചു് കാണുന്നുവെന്നാണ് മൂലത്തിൽ പറയുന്നതു്. കലി ഇന്ദ്രാദികളോടു കുശലപ്രശ്നം ചെയ്യുന്നതു് ദമയന്തീസ്വയംവരം കഴിഞ്ഞതായി അറിഞ്ഞുംകൊണ്ടുതന്നെയാണ്. മൂലത്തിലാകട്ടെ, സ്വയംവരം കഴിഞ്ഞ വത്തമാനം കലി അറിയുന്നതു് ഇന്ദ്രാദികൾ പറയുമ്പോൾ മാത്രമാണ്.

സ്വയംവരം കഴിഞ്ഞ കഥ മുൻകൂട്ടി അറിഞ്ഞുകൊണ്ടുതന്നെയാണ്, "എങ്ങുനിന്നെഴുന്നരുളി?" എന്നു കലി ഇന്ദ്രാദികളോടു ചോദിക്കുന്നതു്. കലിയുടെ പുറപ്പാടുതന്നെ കല്പിച്ചുകൂട്ടിയുള്ള ദ്രോഹബുദ്ധിയോടുകൂടിയായിരുന്നു എന്നുവേണം ആ ചോദ്യത്തിൽ നിന്നൂഹിക്കാൻ. കലിയുടെ ദുഷ്ടത്വും നീചത്വവും നല്ലപോലെ പ്രകാശിപ്പിക്കുവാൻ വേണ്ടിയായിരിക്കണം വാരിയർ ഈ വ്യതിയാനം വരുത്തിയതു്. ഇത്രമാത്രം നീചനായ ഒരാൾക്കു് കൂട്ടുകാരനുണ്ടാകുന്നതു്, അയാളുടെ ദുഷ്ടതയുടെ മാററു കുറയ്ക്കുവാൻ മാത്രമേ പ്രയോജനപ്പെടുകയുള്ളു. അതല്ലല്ലൊ ഔചിത്യത്തിനു് ആവശ്യം,

(7) നളൻെറ ദേഹത്തിൽ പ്രവേശിക്കുവാൻ കലി 12 കൊല്ലക്കാലം കാത്തിരുന്നുവെന്നും, ഒടുവിൽ നളൻ സന്ധ്യയ്ക്കു കാൽ കഴുകാതിരുന്ന ഒരു പഴുതു നോക്കിയാണ് ദേഹത്തിൽ കടന്നുകൂടിയതെന്നും മൂലത്തിൽ പറയുന്ന ഭാഗം വാരിയർ വിട്ടുകളഞ്ഞിരിക്കുന്നു. അതുപോലെ സാത്ഥസംഘത്തോടൊന്നിച്ചു പുറപ്പെട്ട ദമയന്തി വളരെ ദിവസം യാത്രചെയ്തതിനു ശേഷമാണ്

ചേദിപുരിയിൽ എത്തിച്ചേന്നതെന്നുള്ള ഭാഗവും ആട്ടക്കഥയിൽ കാണിച്ചിട്ടില്ല.

അഭിനയസൗകൎയ്യത്തിനും തൻെറ കൃതിയെ നാടകകലയോടധികം അടുപ്പിക്കുന്നതിനും വേണ്ടിയായിരിക്കാം ഉണ്ണായിവാരിയർ ഈ ഭാഗങ്ങൾ വിട്ടുകളഞ്ഞതു്. പ്രസ്തുത ഭാഗങ്ങൾ രംഗത്തിൽ അഭിനയിച്ചു ഫലിപ്പിക്കത്തക്കവിധം രസപുഷ്ടിയുള്ളവയുമല്ലല്ലൊ. 'കാലൈക്യം' കഴിയുന്നതും ദീക്ഷിച്ചാൽ കൊള്ളാമെന്നും ഒരുപക്ഷേ വാരിയർ ഉദ്ദേശിച്ചിരിക്കാം.

(8) സൂതവേഷധാരിയായ ബാഹുകനെ പരീക്ഷിക്കുന്നതിനുവേണ്ടി ദമയന്തി തൻെറ മക്കളെ പറഞ്ഞയയ്ക്കുന്നതായി മൂലത്തിൽ കാണുന്ന ഭാഗവും ആട്ടക്കഥയിൽ വിട്ടുകളഞ്ഞിട്ടുണ്ടു്. ബാഹുകൻ നളനായിരിക്കാമെന്ന വെറും സംശയംമാത്രമുള്ള ഒരവസരത്തിൽ അയാളുടെ അടുക്കലേയ്ക്കു്—വെറും വണ്ടിക്കാരൻെറ അടുക്കലേയ്ക്കു്—മക്കളെ പറഞ്ഞയയ്ക്കുക എന്ന പ്രവൃത്തി ഒരു കുലസ്ത്രീക്കു ചേന്നതല്ല; ദമയന്തിയെപ്പോലുള്ള ഒരു രാജപുത്രിക്കു് ഒരിക്കലും അതു് ഉചിതമായിരിക്കുകയുമില്ല. ഇതുകൊണ്ടായിരിക്കാം രാജകുമാരനേയും രാജകുമാരിയേയും കൊട്ടാരത്തിനു വെളിയിൽ വന്നുനില്ക്കുന്ന ഒരു വണ്ടിക്കാരൻെറ അടുക്കലേയ്ക്കു പറഞ്ഞയച്ചുകൊണ്ടുള്ള ആ പരീക്ഷ ഉണ്ണായിവാരിയർ വേണ്ടെന്നുവെച്ചതു്.

(9) കാട്ടിൽവെച്ചു തമ്മിൽ വേർപെട്ടു്, ദമയന്തി ചേദിപുരിയിലും നളൻ അയോദ്ധ്യയിലും ചെന്നെത്തി എന്നു പ്രസ്താവിച്ചതിനുശേഷമാണു്, ഭീമൻ നളദമയന്തിമാരെ അന്വേഷിക്കാൻ ദൂതന്മാരെ നിയോഗിച്ച കഥ ഭാരതത്തിൽപറഞ്ഞിട്ടുള്ളതു്.

> നളൻ ഭൈമിയൊടൊത്തെങ്ങാ പൊയ്പ്പോയ കഥ കേൾക്കവേ,
> അവരെത്തിരയാൻ ഭീമൻ നിയോഗിച്ചാൻ ദ്വിജേന്ദ്രരേ.
> "നളനെപ്പോയ് തിരയുവിൻ ദമയന്തിക്കിടാവെയും;
> ഇക്കാൎയ്യം നേടിയാൽ നിങ്ങൾക്കായിരം ഗോക്കളെത്തരാം."

ഇതാണു് ആ സന്ദർഭത്തിൽ മൂലത്തിൽ കാണുന്ന വരികൾ. ഈ രാജാജ്ഞയനുസരിച്ചു പോകുന്ന ബ്രാഹ്മണരിൽ ഒരുവനാണു് ചേദിപുരിയിൽവെച്ചു ദമയന്തിയെ കണ്ടുമുട്ടുന്നതു്. കഥകളി

യിലാകട്ടേ, ദമയന്തി നളനെപ്പിരിഞ്ഞു ചേദിപുരിയിലെത്തിച്ചേരുന്നതും, അവിടെവെച്ചു ദൂതനായ സുദേവനെ കണ്ടുമുട്ടുന്നതും, അതിൻെറ ഫലമായി വിദർഭനഗരത്തിലേക്ക് കൂട്ടിക്കൊണ്ടുപോകപ്പെടുന്നതുമായ കഥാഭാഗം മുഴവൻ രണ്ടാം ദിവസവും, അതുപോലെ നളൻ ദമയന്തിയെപ്പിരിഞ്ഞു് അയോദ്ധ്യയിൽ എത്തിച്ചേരുന്നതും, അവിടെനിന്നു സ്വയംവരത്തിനു പോകുന്ന ഋതുപർണ്ണനോടുകൂടി കുണ്ഡിനത്തിലെത്തിച്ചേരുന്നതുമായ കഥാഭാഗം മുഴവൻ മൂന്നാംദിവസവും ആയി ഘടിപ്പിച്ചിരിക്കുകയാണു്. നിസ്സാരമാണെങ്കിലും ഈ വ്യതിയാനം കഥയുടെ ഏകാഗ്രതയ്ക്കു വളരെ സഹായകമായിത്തീരുന്നുണ്ടു്. സ്വയംവരംവരെയുള്ള കഥ ഒന്നാം ദിവസം; വേർപാടിനുശേഷം, കുണ്ഡിനത്തിലെത്തിച്ചേരുന്നതുവരെയുള്ള നായികയുടെ ചരിത്രം രണ്ടാം ദിവസം; വിരഹത്തിനുശേഷം രണ്ടാം സ്വയംവരത്തിൽ സംബന്ധിക്കുന്നതിനുവേണ്ടി കുണ്ഡിനത്തിലെത്തിച്ചേരുന്നതുവരെയുള്ള നായകൻെറ ചരിത്രം മൂന്നാം ദിവസം; നായികാനായകന്മാരുടെ പുനസ്സമാഗമം നാലാം ദിവസം;—എന്നിങ്ങനെ ഔചിത്യപൂർവ്വകമായി കഥയെ വിഭജിക്കുന്നതിനു് കവിയെ സഹായിക്കുന്നതു് ഈ വ്യതിയാനമാകുന്നു.

## കാലദേശങ്ങൾ

കഥകളിയിൽ സാധാരണമായി നാടകത്തിലെന്നപോലെ സ്ഥലകാലങ്ങളുടെ ഐക്യത്തെപ്പററിയുള്ള നിർബ്ബന്ധമൊന്നുമില്ല. ഓരോ ദിവസത്തെക്കഥയും അന്നന്നു നടന്നതുപോലെയാണു് സങ്കല്പിക്കാറുള്ളതെന്നു തോന്നുന്നു. നളചരിതകർത്താവു് കഴിയുന്നിടത്തോളം ഈ ഐക്യത്തെ പരിപാലിക്കാൻ ശ്രമിച്ചിട്ടുണ്ടെന്നേയുള്ളു; മഹാഭാരതത്തിലെ പ്രതിപാദനമനുസരിച്ചു കഥ നടക്കുന്നതു് പതിനാറു കൊല്ലങ്ങളിലായിട്ടാണു്. ഒന്നാം ദിവസത്തെ കഥ ഒരു വർഷത്തിനുള്ളിൽ നടന്നതായിരിക്കണം. നാരദൻെറ വരവിനുശേഷം ഹംസത്തെ കാണുന്നതുവരെയുള്ള കാലഘട്ടം അധികം ദീർഘമായിരിക്കണമെന്നില്ല. അതുകഴിഞ്ഞാൽ അന്നത്തെ കഥയിൽ സ്വയംവരം നിശ്ചയിച്ചു് അതിനുവേണ്ട വട്ടംകൂട്ടി അതു നടത്തുന്നതിനുള്ള സമയം മാത്രമേ വേണ്ടു.

രണ്ടാം ദിവസത്തെ കഥ ആരംഭിക്കുന്നതു് ഒന്നാം ദിവസത്തെ കഥയെത്തുടൎന്നുതന്നെയാണു്. പക്ഷേ, കലിയാൽ പ്രേരി

തനായ പുഷ്കരൻ നളനെ ചൂതിന്നു വിളിക്കാൻ വരുന്നതിന്നു മുൻപ് ദമയന്തീനളന്മാൎക്ക് മൂലകുടിമാറിയ ഒരു പുത്രനും ഒരു പുത്രിയും ഉണ്ടായിക്കഴിഞ്ഞിരിക്കുന്നു. നളന്റെ ദേഹത്തിൽ പ്രവേശിക്കാനുള്ള തക്കംനോക്കി കലി പന്ത്രണ്ടു സംവത്സരം കാത്തിരുന്നതായി പുരാണത്തിൽ പറയുന്നുണ്ട്. അതിനാൽ വിവാഹത്തിന്നുശേഷം ചുരുങ്ങിയതു് പന്ത്രണ്ടുകൊല്ലം കഴിഞ്ഞിട്ടായിരിക്കണം ചൂതുകളി നടന്നതു്. ചൂതുകളി അവസാനിക്കുന്നതുതന്നെ നാലഞ്ചുമാസക്കാലംകൊണ്ടാണു്. ദമയന്തി കാട്ടിൽ അലഞ്ഞുനടന്നതു് നാലഞ്ചു ദിവസം മാത്രമാണെന്നു വെക്കുക. വ്യാപാരിസംഘത്തോടുചേൎന്നു പല നാട്ടും മേട്ടും കടന്നു് ചേദിപുരത്തിലെത്തുന്നതിന്നു് ഒരു മാസമെങ്കിലും എടുത്തിരിക്കും. ചേദിരാജ്ഞിയുടെകൂടെ സൈരന്ധ്റിയായി കഴിച്ചുകൂട്ടിയ കാലവും നാലഞ്ചുമാസത്തിൽ കുറയുകയില്ല. എല്ലാംകൂടി കണക്കാക്കിയാൽ രണ്ടാം ദിവസത്തെ കഥ നടന്നതു് ഏകദേശം പത്തുപതിമൂന്നു കൊല്ലക്കാലംകൊണ്ടാണെന്നു കാണാം.

ദമയന്തിയുടെ അനുഭവം മുഴവൻ രണ്ടാംദിവസത്തെ കഥയിൽ വിവരിച്ചതുപോലെ, നളന്റെ അനുഭവങ്ങളെ വിവരിക്കാനുദ്ദേശിച്ചിട്ടുള്ളതാണു് മൂന്നാം ദിവസത്തെ കഥ. നളൻ കാൎക്കോടകനെ കണ്ടതു് ദമയന്തിയെ ഉപേക്ഷിച്ചു രണ്ടുമൂന്നു ദിവസം കഴിയുന്നതിന്നു മുൻപായിരിക്കണമെന്നു ന്യായമായി അനുമാനിക്കാം. അതു കഴിഞ്ഞു പത്താം ദിവസം അദ്ദേഹം അയോദ്ധ്യയിൽ ചെന്നുചേരുകയും ചെയ്യുന്നു. ഈ കണക്കിന്നു് ദമയന്തി ചേദിരാജധാനിയിൽ ചെന്നുചേരുന്നതിന്നു മുൻപുതന്നെ നളൻ അയോദ്ധ്യയിൽ എത്തിക്കാണണം. നളൻ ദമയന്തിയെ ഉപേക്ഷിച്ചതിന്റെ ശേഷം അവരു പിതൃസവിധത്തിൽ ചെന്നുചേരുന്നതുവരെയുള്ള കാലഘട്ടം ഏകദേശം മൂന്നു സംവത്സരമാണെന്നു്,

> രാജൻ! പാതിവ്രത്യനിധി രക്ഷിച്ചു ദമയന്തിതാൻ;
>
> മൂവാണ്ടുകളുംകൂ രക്ഷിച്ച സാക്ഷിസ്ഥാനത്തു ഞങ്ങളും

എന്ന അശരീരിവാക്കുകൊണ്ടും, 'കാലം കല്യാണി മൂന്നു വൎഷമായി നമ്മുടെ രാജ്യം ഖലനനുഭവിക്കുന്നു' എന്നു് നാലാംദിവസത്തെ കഥയിലെ നളവാക്യംകൊണ്ടും തെളിയുന്നുണ്ടു്. ഇതനുസ

രിച്ച് മൂന്നാംദിവസത്തെ കഥ മൂന്നിൽ ചില്വാനം കൊല്ലംകൊണ്ടു നടന്നതാണെന്നുള്ളതു സ്പഷ്ടമാകുന്നു.

നാലാം ദിവസത്തെ കഥ വളരെ ചുരുങ്ങിയ കാലത്തിനുള്ളിൽ നടന്നതാണ്. കഷ്ടിച്ച് ഒരു മാസത്തെ സമയമേ അതിനു വേണ്ടിവന്നിട്ടുള്ളു.

ഇങ്ങനെ പത്തുപതിനാറു കൊല്ലങ്ങളിൽ പല സ്ഥലങ്ങളിലായി നടന്ന കഥയാണ് നളചരിതം. ആട്ടക്കഥയിൽത്തന്നെ കഥ നടക്കുന്നതു് നിഷധരാജ്യം, കാട്, ചേദിരാജ്യം, കുണ്ഡിനം എന്നുതുടങ്ങി അനവധി സ്ഥലങ്ങളിലായിട്ടാണ്. കാലവിഷയകവും സ്ഥലവിഷയകവുമായ ഈ അനൈക്യം ആട്ടക്കഥാകർത്താക്കന്മാരുടെ ദൃഷ്ടിയിൽ ഒരു ദോഷമല്ല. നളചരിതകർത്താവു്, ദമയന്തി കാട്ടിൽ സഞ്ചരിച്ച കാലത്തിന്റെ ദൈർഘ്യവും മററും വെട്ടിക്കുറച്ച് "ഐക്യ"പാലനത്തിനായി കഴിയുന്നതും ശ്രമിച്ചിട്ടുണ്ടെന്ന് അന്യത്ര പ്രസ്താവിച്ചിട്ടുണ്ടല്ലോ.

രംഗങ്ങൾ വേർതിരിച്ചും സംഭാഷണംചെയ്യുന്ന പാത്രങ്ങളുടെ നാമനിർദ്ദേശം ചെയ്തും മററും ഈ പതിപ്പിൽ പ്രസാധനവിഷയകമായി വരുത്തീട്ടുള്ള പരിഷ്കാരം അനുവാചകൎക്കു സഹായകമായിരിക്കുമെന്ന് വിശ്വസിക്കുന്നു.

## നാടകീയത

ആട്ടക്കഥകളിൽ മിക്കതും പഴയ ഒരു കരുവിൽ വാർത്തെടുക്കപ്പെട്ടവയും, തന്നിമിത്തം സഹൃദയന്മാരെ ആകർഷിക്കാൻ അപൎയ്യാപ്തങ്ങളും ആയിട്ടാണ് കണ്ടുവരുന്നതു്. തിരപ്പുറപ്പാട്, ഒരു ശൃംഗാരപദം, ഒരു നായകൻ, നായിക, ഒരു പോരിനുവിളി, യുദ്ധം, വധം അല്ലെങ്കിൽ സ്വയംവരം—ഇതാണ് സാമാന്യം മിക്ക കഥകളുടേയും സ്വരൂപമെന്നു പറയാം. ഈ ഗതാനുഗതികത്വമാണ് ആട്ടക്കഥാസാഹിത്യത്തെ സഹൃദയന്മാരുടെ ശ്രദ്ധയിൽനിന്നു വളരെ അകററി നിറുത്തിയതെന്നു തോന്നുന്നു.

നളചരിതത്തിന്റെ കഥ ഇതിൽനിന്നു വളരെ വ്യത്യസ്തമാണ്. കഥാഘടന, പാത്രസൃഷ്ടി, രസപോഷണം, സംഭവവൈചിത്ര്യം, മററു സാദൃശ്യങ്ങൾ എന്നിവയിൽ നളചരിതം നാടകങ്ങളുമായി വളരെ അടുത്താണ് നില്ക്കുന്നതു്. ഓരോന്നിനേയും പററി ചുരുക്കി വിവരിക്കാം:—

**1 കഥാഘടന**—കഥയെ അനുക്രമമായി വിഭജിച്ച് രസപോഷണത്തിനു അനുയോജ്യമായവിധം അതിനെ പുരോഗമിപ്പിക്കുന്നതിൽ ഉണ്ണായിവാരിയർ വളരെ മനസ്സിരുത്തീട്ടുണ്ട്. ബീജം, ബിന്ദു, പതാക, പ്രകരി, കാൎയ്യം എന്നീ അഞ്ചു അൎത്ഥപ്രകൃതികളും, ആരംഭം, യത്നം. പ്രത്യാശ, നിയതാപ്തി, ഫലാഗമം എന്ന അഞ്ചു കാൎയ്യാവസ്ഥകളും കഥാക്രമം കൂടിച്ചേൎന്നാണ് മുഖം, പ്രതിമുഖം, ഗർഭം, വിമർശം, നിർവഹണം എന്നിങ്ങനെയുള്ള അഞ്ചു നാടകസന്ധികൾ ഉണ്ടാകുന്നതു്. ആട്ടക്കഥകളിൽ ഈ സന്ധികളെ നിബന്ധിക്കുന്ന കാൎയ്യത്തിൽ ആരും അത്ര ശ്രദ്ധിക്കാറില്ല. നളചരിതത്തിലാകട്ടേ, ഒരു നാടകത്തിലെന്നപോലെ ഇപ്പറഞ്ഞ അഞ്ചു സന്ധികളും നിബന്ധിക്കപ്പെട്ടിട്ടുണ്ടെന്നു കാണാം. "ഹംസം നളനോടു് സന്ദേശം പറയുന്നതുവരെ മുഖസന്ധിയുടേയും, പുഷ്കരന്റെ ചൂതുകളിക്കു മുൻപുവരെ പ്രതിമുഖസന്ധിയുടേയും, ചൂതുകളിമുതൽ ദമയന്തീപരിത്യാഗം വരെ ഗർഭസന്ധിയുടേയും, വിരഹത്തിനുശേഷം ഋതുപർണ്ണൻ ദമയന്തിയുടെ രണ്ടാം സ്വയംവരത്തിനു പോകുന്നതുവരെ വിമർശസന്ധിയുടേയും, അതുമുതൽ അവസാനംവരെ നിർവഹണസന്ധിയുടേയും ലക്ഷണങ്ങൾ ഈ ആട്ടക്കഥയിൽ കണ്ടെത്തുവാൻ പ്രയാസമില്ല."

**പാത്രസൃഷ്ടി** — ഈ വിഷയത്തിലും വാരിയർ വളരെ മനസ്സിരുത്തിയിട്ടുണ്ട്. നളൻ, ദമയന്തി, ഹംസം, നാരദൻ, ഇന്ദ്രാദികൾ, കലി, പുഷ്കരൻ, കാട്ടാളൻ, സാൎത്ഥവാഹൻ, ചേദിരാജ്ഞി, സുദേവൻ മുതലായി പ്രധാനങ്ങളും അപ്രധാനങ്ങളുമായ അനേകം കഥാപാത്രങ്ങൾ നളചരിതത്തിലുണ്ട്. ഇവരിൽ ഓരോരുത്തരുടേയും രൂപവല്ക്കരണത്തിൽ നളചരിതകൎത്താവു് അത്യന്തം ശ്രദ്ധപതിപ്പിച്ചിട്ടുണ്ടെന്നു സൂക്ഷിച്ചുനോക്കിയാൽ കാണാം. നളന്റെ ധീരോദാത്തത, ദമയന്തിയുടെ കുലീനത, കാട്ടാളന്റെ ദീനദയാലുത, സുദേവബ്രാഹ്മണന്റെ സ്വാമിഭക്തി, പുഷ്കരന്റെ കൃതഘ്നതാപൂൎവ്വമായ ഔദ്ധത്യം, കലിയുടെ അതിരററ ധീരോദ്ധതത്വം മുതലായവ സൂക്ഷിച്ചു ഗ്രഹിക്കുന്ന ഒരനുവാചകനു്, ഉണ്ണായിവാരിയർ മററു ആട്ടക്കഥാകൎത്താക്കന്മാരെ അപേക്ഷിച്ച് പാത്രസൃഷ്ടിയിൽ എത്രമാത്രം അവഗാഢമായ ശ്രദ്ധയാണ് പതിപ്പിച്ചിട്ടുള്ളതെന്നു എളുപ്പത്തിൽ മനസ്സിലാക്കാൻകഴിയും. ഓരോ പാത്രത്തിലും എന്തെങ്കിലുമൊരു പ്രത്യേകത—ഒരു വ്യക്തി

ത്വം — കാണാതിരിക്കയില്ല. താൻ സൃഷ്ടിക്കുന്ന ഓരോ പാത്രവും സജീവമായിരിക്കണമെന്നു വാരിയർ കരുതിയിരുന്നു. ആ കരുതൽ തികച്ചും ഫലിപ്പിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞിട്ടുമുണ്ട്. കേവലം പുരാണാദികളെ ഉപജീവിക്കുന്നതിലുള്ള ഭ്രമംനിമിത്തം നീരസത്വത്തിന്നിടവരുത്താതെ, ലോകജീവിതത്തെ സൂക്ഷ്മമായി നിരീക്ഷിച്ച് അതിനു യോജിച്ചവിധം പാത്രങ്ങളുടെ സംഭാഷണത്തിലും വ്യാപാരത്തിലും വേണ്ട മാററം വരുത്തുന്നതിലും, അതേ അവസരത്തിൽ പൌരാണികമായ പരിപാവനത്വം കഥാശരീരത്തിൽനിന്നു മാഞ്ഞുപോകാതിരിക്കുന്നതിലും, വാരിയർ വേണ്ടപോലെ ശ്രദ്ധപതിപ്പിച്ചിട്ടുണ്ട്.

3 രസോപാദാനം — നളചരിതത്തിലെ അംഗിയായ രസം ശൃംഗാരമാകുന്നു. നളദമയന്തിമാർ തമ്മിലുണ്ടായ രതി എന്ന സ്ഥായിഭാവം അനുകൂലവും പ്രതികൂലവുമായ പല സാഹചര്യങ്ങളിൽക്കൂടി കടന്നു് ഒടുവിൽ സംഭോഗശൃംഗാരാവസ്ഥയിൽ എത്തിച്ചേരുന്നതായിട്ടാണല്ലോ വർണ്ണിക്കപ്പെട്ടിട്ടുള്ളതു്. മററു ചില രസങ്ങളും പ്രധാനരസത്തെ സഹായിച്ചുകൊണ്ടു് അവിടവിടെ മുഖംകാണിക്കുന്നുമുണ്ട്. നളചരിതത്തിലെ രസത്തെ സംബന്ധിച്ച് എ. ആർ. രാജരാജവർമ്മ 'കാന്താരതാരക'ത്തിൽ രേഖപ്പെടുത്തീട്ടുള്ള ഭാഗംതന്നെ ഇവിടെ ഉദ്ധരിക്കാം:--

"ഈ നൃത്യനാടകത്തിൽ നായകൻ നളൻ; നായിക ദമയന്തി; കലി പ്രതിനായകൻ; അംഗിയായ രസം ശൃംഗാരം. ഭൈമീനളന്മാരാകുന്ന ആലംബനവിഭാവങ്ങളെ ആശ്രയിച്ചു നില്ക്കുന്ന രതിയെന്ന സ്ഥായിഭാവം, പരസ്പരഗുണശ്രവണത്താൽ ഉന്മിഷിതമായിട്ട് നാരദന്റെ ഉപദേശത്താലും ഹംസത്തിന്റെ ദൌത്യത്താലും സ്ഥിരീഭവിച്ച്, കുറച്ചുകാലം അഭിലാഷവിപ്രലംഭദശയിൽ ഇരുന്നു വൾർന്നു്, നളന്റെ ഇന്ദ്രാദികൾക്കു വേണ്ടിയുള്ള ദൌത്യം മുതലായ പ്രബലവിഘ്നങ്ങളുടെ അവസാനത്തിൽ പൂർവ്വാധികപ്രൗഢിയോടുകൂടി വേരൂന്നിപ്പടന്നു്, സ്വയംവരമണ്ഡപത്തിൽവെച്ചു ഫലിക്കുന്നു. പിന്നീട് സ്വല്പകാലം സംഭോഗാവസ്ഥയിൽ ജാജ്വല്യമാനമായി പ്രകാശിച്ചതിന്റെശേഷം, രാജ്യഭ്രംശാനന്തരം നളനുണ്ടായ വ്യാമോഹമാകുന്ന വിരോധിഭാവത്താൽ നിശ്ശേഷം കബളീകൃതമായെങ്കിലും, കാർക്കോടകന്റെയും

മഹർഷിമാരുടേയും ആശിസ്സുകളാൽ പ്രത്യുജ്ജീവിതമായ ആശയെ അവലംബിച്ചു്, മദ്ധ്യേ മദ്ധ്യേ കുറഞ്ഞൊന്നു മിന്നാമിനുങ്ങിനെപ്പോലെ മിനുങ്ങിക്കൊണ്ടു് പ്രവാസവിപ്രലംഭദശയിൽ മങ്ങിക്കിടന്നിട്ടു്, കലിബാധാവ്യാമോഹത്തിന്റെ നിവൃത്തിയിൽ പൂർവ്വാധികപുഷ്ടിയോടെ സമുല്ലസിച്ചു്, പുനസ്സമാഗമത്തിൽ വീണ്ടും സംഭോഗാത്മനാ പ്രത്യക്ഷീഭവിക്കുന്നു. മററുള്ള രസങ്ങളും അംഗമായിട്ടുണ്ടു്. ചൂതിനായുള്ള പോരിനുവിളിയിലും മററും വീരം; ഹംസത്തിന്റെ വിലാപം മുതലായ ദിക്കുകളിൽ കരുണം; നളന്റെ കലിയോടുള്ള വാക്കുകൾ തുടങ്ങിയുള്ള സ്ഥലങ്ങളിൽ രൗദ്രം; വാർഷ്ണേയവാക്യമായ 'ആരയ്യോ! ഇബ്ഭാഹുകനാരയ്യോ!' ഇത്യാദി സന്ദർഭങ്ങളിൽ അത്ഭുതവും നിബന്ധിക്കപ്പെട്ടിരിക്കുന്നു."

4 **സംഭവവൈചിത്ര്യം**—പ്രേക്ഷകൾക്കു മുഷിച്ചിൽ തോന്നത്തക്കവിധം ഒരേതരത്തിലുള്ള സംഭവങ്ങളെ തുടരെത്തുടരെ രംഗത്തിൽ പ്രയോഗിക്കാനിടവരുന്നതു് കവിയുടെ അശക്തിയെയായിരിക്കും പ്രഖ്യാപനം ചെയ്യുക. അതിനിടവരുത്താതെ പ്രേക്ഷകരുടെ ആകാംക്ഷയെ നിലനിർത്തുമാറു് പലതരത്തിലുള്ള സംഭവങ്ങളെ കൂട്ടിയിണക്കുന്നതിനാണു് സംഭവവൈചിത്ര്യം എന്നു പറയുന്നതു്. വികാരങ്ങളേയോ സംഭവങ്ങളേയോ സംബന്ധിച്ച വൈചിത്ര്യം ഉണ്ടായിരുന്നാൽ മാത്രമേ ഒരു നാടകകൃതി പരാജയപ്പെടാതിരിക്കയുള്ളു. നളചരിതം ഈ വിഷയത്തിൽ പരിപൂർണ്ണമായ വിജയംതന്നെ കൈവരിച്ചിരിക്കുന്നു എന്നു പറയാം. കഥാഗതിയിൽനിന്നുതന്നെ മനസ്സിലാക്കാൻ കഴിയുന്നതുകൊണ്ടു് പ്രത്യേകം ഉദാഹരണം ചൂണ്ടിക്കാണിച്ചേ തീരൂ എന്നില്ല.

5 **മററു സാദൃശ്യങ്ങൾ**—കഥാവിച്ഛേദം, രംഗവിച്ഛേദം മുതലായ മററു കാര്യങ്ങളിലും നളചരിതം നാടകസാഹിത്യത്തോടു വളരെ സമീപിച്ചാണു് നിലകൊള്ളുന്നതു്. നാലുദിവസത്തെ കഥയെ നാലങ്കമായും ഇടയ്ക്കിടയ്ക്കുള്ള ശ്ലോകങ്ങളെ രംഗവിച്ഛേദകങ്ങളായും കരുതുന്നതായാൽ, നളചരിതത്തിനു നാടകങ്ങളുടെ കൂട്ടത്തിലും ഒരു സ്ഥാനം ലഭിക്കാതിരിക്കയില്ല. കലി 11 കൊല്ലം കാത്തിരിക്കുന്ന ഭാഗവും, സാത്ഥ

വാഹനനോട്ടക്കൂടിയുള്ള ദമയന്തിയുടെ ദീർഘയാത്രയും, ഉണ്ണായിവാരിയർ വിട്ടുകളഞ്ഞതു് സ്ഥലകാലവിഷയകമായ 'ഐക്യം' കഴിയുന്നതും സമ്പാദിക്കാനാണെന്നു വിചാരിക്കുന്നതിൽ തെററുണ്ടാകുമെന്നു തോന്നുന്നില്ല.

ഈവക സംഗതികളെ അടിസ്ഥാനപ്പെടുത്തി സൂക്ഷ്മമായി പരിശോധിച്ചുനോക്കിയാൽ, നളചരിതത്തിന്റെ നാടകീയമായ നില അപ്രതിഷേധ്യമായവിധം തെളിഞ്ഞുകാണാൻകഴിയും.

പ്രസ്തുത വിഷയത്തെപ്പററി ഒന്നുരണ്ടു സഹൃദയന്മാർ രേഖപ്പെടുത്തിട്ടുള്ള അഭിപ്രായങ്ങൾ ഇവിടെ ഉദ്ധരിക്കുന്നതു് അനുചിതമായിരിക്കയില്ലെന്നു വിശ്വസിക്കുന്നു. ഒരു നല്ല നിരൂപകനായ പ്രൊഫസ്സർ മുണ്ടശ്ശേരി പറയുന്നതിങ്ങനെയാണു്.—

"കഥകളിയുടെ നാടകീയത്വം വളൎന്നുവളൎന്നു് കേരളത്തിന്റേതായൊരു നാടകത്തിനു മുശപിടിക്കാൻ കെല്പില്ലാതെ തീരെ പിൻവാങ്ങിപ്പോകേണ്ടിവന്നുവോ? ഇല്ലെന്നാണെനിക്കു തോന്നുന്നതു്. ആ കോട്ടയത്തുതമ്പുരാന്റെ കൃതികളോളമെത്തിയപ്പോൾ കഥകളി നാടകമായേ അടങ്ങൂ എന്ന ദിക്കായി. കാലകേയവധവും മററും വായിക്കുമ്പോൾ അങ്ങനെ തോന്നും. ഉണ്ണായിവാരിയരുടെ കയ്യിൽ കിട്ടേണ്ട താമസം, കഥകളി ഒന്നാന്തരമൊരു നാടകമാവുകതന്നെചെയ്തു. നളചരിതം കഥകളിയെ **'കേരളത്തിന്റെ ശാകുന്തളം'** എന്നു വിളിച്ചാൽപോലും അധികപ്പററാവുകയില്ല. കഥകളിക്കാരെന്നല്ല, മലയാളഭാഷാഭിജ്ഞന്മാരൊക്കെത്തന്നെയും നളചരിതത്തെ മികച്ച ഒരാട്ടക്കഥയായിട്ടേ എണ്ണിയിട്ടുള്ളു. ഞാൻ പറയുന്നു, അതൊരു കഥകളിയാണെന്നുള്ള വസ്തുത അങ്ങു മറന്നേക്കു എന്നു്. ആ നാലുദിവസത്തെ കഥ നാലങ്കമായെടുത്തു് വാരിയർ നിർദ്ദേശിച്ചിട്ടുള്ളതുപോലെ ഓരോ രംഗവും ഇന്നത്തെ നാടകത്തിലെന്നപോലെ മുറയ്ക്കഭിനയിച്ചുനോക്കു. അല്പം ചില ഭാഗങ്ങൾ ഉപേക്ഷിക്കേണ്ടിവന്നേക്കാം; വേറെ ചിലതു സാധാരണ സംഭാഷണമായി രൂപാന്തരപ്പെടുത്തേണ്ടിയും വന്നേക്കാം. അതൊന്നും അത്ര വലിയ മാററങ്ങളല്ലല്ലൊ. അങ്ങനെ അഭിനയിച്ചാൽ കുററം തീർന്നൊരു നാടകത്തിന്റെ അനുഭവമുണ്ടാകും, നിശ്ചയം. ഒരൊന്നാന്തരം നാടകത്തിലെ പാത്രങ്ങൾക്കു് എത്രമാത്രം ലോകധർമ്മിത്വവും വ്യക്തിത്വ

വും ആവശ്യമാണോ, അതെല്ലാം ദമയന്തീനളാദികൾക്കുണ്ട്. രസഭാവങ്ങൾ ഉടനീളം അതാതിന്റെ പാകത്തിൽ അഭിവ്യഞ്ജിപ്പിക്കാൻ വാരിയർ മറന്നിട്ടില്ല. കഥയ്ക്കൊട്ടാകെയും, രസഭാവങ്ങൾക്കു വിശേഷിച്ചും, ഏകാഗ്രത ദീക്ഷിക്കപ്പെടുന്നുണ്ട്. എന്തിനധികം? പ്രാകൃതമായ ദൃശ്യകല സുപരിഷ്കൃതമായൊരു നാടകമായിത്തീരുമ്പോൾ ഏതേതു വളർച്ചകൾ വേണമെന്നുണ്ടോ, അവ സമസ്തവും ഒത്തിണങ്ങിട്ടുള്ളൊരു കൃതിയാണ് നളചരിതം കഥകളി."*

സാഹിത്യപഞ്ചാനനൻ പി. കെ. നാരായണപിള്ള "കഥകളിയും കഥകളിപ്പാട്ടുകളും" എന്ന ഉപന്യാസത്തിൽ ഇങ്ങിനെ അഭിപ്രായപ്പെട്ടിരിക്കുന്നു:—

"യഥാർത്ഥ കവിത്വമുള്ള ആട്ടക്കഥകളുടെ കൂട്ടത്തിൽ നളചരിതം കഥകളി പ്രാധാന്യംകൊണ്ടു വളരെ മുന്തിനില്ക്കുന്നു.... പ്രസ്തുത കൃതി മലയാളഭാഷയിലെ ഏതു കവിതയോടും കിടനില്ക്കത്തക്ക യോഗ്യതയുള്ളതാണ്. ദമയന്തീനളന്മാരുടെ അനുരാഗമാണല്ലൊ ഈ കഥകളിയുടെ വിഷയം. അന്യോന്യം പറഞ്ഞുകേട്ട ദമയന്തീനളന്മാർ പരസ്പരം അനുരക്തരാകുന്നതും, രണ്ടുപേരുടേയും അനുരാഗം അയോഗശൃംഗാരസ്ഥിതിയിൽ ഇരുന്നതിന്റെശേഷം രണ്ടാംദിവസത്തെ കഥയുടെ ആരംഭത്തിൽ സംഭോഗശൃംഗാരമായി പരിണമിച്ച്, അതിൽത്തന്നെ വിപ്രലംഭദശയെ പ്രാപിച്ച്, മൂന്നാം ദിവസം വിപ്രലംഭം അത്യുച്ചമായി, നാലാം ദിവസം പിന്നെയും സംഭോഗദശയിൽ അവതരിക്കുന്നതും ആലോചിച്ചാൽ ഒരു ഒന്നാംതരം സംസ്കൃതനാടകത്തിന്റെ സർവ്വച്ഛായകളും പ്രസ്തുതമായ ആട്ടക്കഥയിൽ ഉണ്ടെന്നു വ്യക്തമാകുന്നതാണ്. അന്യ രസങ്ങളും അവിടവിടെയായി പ്രയോഗിക്കപ്പെട്ടിട്ടുണ്ട്. പാത്രങ്ങളുടെ സൃഷ്ടിയും അവയുടെ അന്യോന്യഘടനയും വളരെ യുക്തമായിരിക്കുന്നു." ‡

## നളചരിതത്തിലെ ഭാഷ

"ഭാഷാസംസ്തയോഗ"രൂപമായ സാധാരണ മണിപ്രവാളവുമായിട്ടാണ് നമുക്കുള്ള പരിചയം. ഉണ്ണായിവാരിയർ

---

* "വായനശാലയിൽ" (രണ്ടാം ഭാഗം) പേ: 140, 141.

‡ 'സാഹിത്യപ്രകാശിക' ഭാഗം II, പേജ്, 19, 20.

നളചരിതത്തിൽ പ്രയോഗിച്ചിട്ടുള്ള ഭാഷയാകട്ടേ, ഒരുതരം പ്രത്യേക മണിപ്രവാളമാണെന്നു പറയാം. ഭാഷാപദങ്ങളേയും സംസ്കൃതപദങ്ങളേയും കൂട്ടിക്കലർത്തുന്നതിൽ 'നീരക്ഷീരന്യായ'മാണു് സാധാരണന്മാർ സ്വീകരിക്കുക പതിവു്. ഉണ്ണായി വാരിയർക്കും ആ സമ്പ്രദായം തീരെ അപരിചിതമാണെന്നു പറഞ്ഞുകൂടാ.

പുത്തൽ തേന്മൊഴിതൻ കുലത്തിനരിയോ-
    രുത്തംസമാം ഭൈമിതൻ-
ചിത്തം താനഥ പത്തിനഞ്ചവനറി-
    ഞ്ഞിത്ഥം കൃശാംഗ്യാ ഗിരാ
അത്യന്തം ബത മുഗ്ദ്ധയോടനുസരി-
    ച്ചെല്ലാമറിഞ്ഞീടുവാ-
നദ്ധ്യോഗിച്ചു വിദഗ്ദ്ധനാം ഖഗവരൻ
    വൈദർഭിയോടുക്തവാൻ.

(ഒന്നാം ദിവസം)

തോല്ക്കും വാതുപറഞ്ഞു നേക്കുമുടനേ
    ഭൂയോ നിരത്തും നളൻ,
നോക്കും പുഞ്ചിരിയിട്ടു പുഷ്കരൻ, നിരി-
    ക്കുമ്പോഠം രസിക്കും വൃഷം,
വായ്ക്കും ദൈവഗതിക്കു നീക്കമൊരുനാ-
    ളുണ്ടോ? ധനം രാജ്യവും
ശീഘ്രം തച്ചു പറിച്ചുകൊണ്ടു നളനോ-
    ടിത്യൂചിവാൻ പുഷ്കരൻ.

(രണ്ടാം ദിവസം)

അങ്ങോടിങ്ങോട്ടുഴന്നും വിപിനഭുവി തള-
    ന്നും വിചാരം കലന്നും
തുംഗാതങ്കം വളന്നും തൃണതതിഷു കിട-
    ന്നും സുരേന്ദ്രാനിരന്നും

തങ്ങും ഖേദം മറന്നും ദിവസമനു നട-
ന്നീടുമന്വേഷധേന്ദ്രൻ
വൻകാട്ടിൽ കാട്ടുതീതൻ നടുവിലൊരു ഗിരം
കേട്ടു വിസ്പഷ്ടവർണ്ണാം.

(മൂന്നാം ദിവസം)

വാദിച്ചേവം കയർത്തു വടിവൊടിരുവരും
ചൂതിനായങ്ങെതിർത്തു,
ചോദിച്ചേ വന്നടുത്തു പലരുമിഹ, നള-
ന്നനു ദാക്ഷ്യം പെരുത്തു,
ബാധിച്ചോനെക്കെടുത്തു ബഹുജനനടുവേ,
വൈരമൂലംക്കൊണ്ടെടുത്തു,
ശാസിപ്പാൻ വാളെടുത്തു, ചകിതമവരജം
പാരമാടൽപ്പെട്ടുത്തു.

(നാലാം ദിവസം)

എന്നിത്യാദി സ്ഥലങ്ങളിൽ 'നല്ല മണിപ്രവാളം' തന്നെയാണ് നാം കാണുന്നത്. എന്നാൽ സാമാന്യമായി പറയുകയാണെങ്കിൽ, സംസ്കൃതശൈലികളെ അനുകരിച്ചും സംസ്കൃതപദങ്ങളെ ധാരാളമായി പ്രയോഗിച്ചുംകൊണ്ടുള്ള ഒരു പ്രത്യേക ഭാഷാരീതിയാണ് നളചരിതത്തിൽ ഉപയോഗിച്ചിട്ടുള്ളത്.

തുഞ്ചത്തെഴുത്തച്ഛനാണല്ലൊ ആധുനിക മണിപ്രവാളരീതിയുടെ മാർഗ്ഗദർശി. അദ്ദേഹത്തിൻെറ ആ രീതി ആദ്യം സൂചിപ്പിച്ച 'നീരക്ഷീരന്യായ'ത്തെ അവലംബിച്ചുകൊണ്ടുള്ളതാണ്. പ്രൗഢവിഷയങ്ങളെ പ്രതിപാദിക്കാനുള്ള കെൽപില്ലാതെ ശൈശവാവസ്ഥയിൽകഴിഞ്ഞുകൂടിയിരുന്ന മലയാളത്തെ എഴുത്തച്ഛൻ സംസ്കൃതത്തിൻെറ സഹായത്തോടുകൂടി അനു വളരെ പുരോഗമിപ്പിച്ചു. ഗഹനങ്ങളായ വേദാന്തതത്വങ്ങളെ സ്വകൃതികളിൽ പ്രതിപാദിക്കേണ്ടതായി വന്നതിനാലാണ് എഴുത്തച്ഛനു് അങ്ങിനെ ചെയ്യേണ്ടിവന്നതു്. സാർവ്വജനീനങ്ങളായ ലൗകികകാര്യങ്ങളിൽ കൂടുതലായി കണ്ണുപതിപ്പിച്ച കുഞ്ചൻനമ്പ്യാർ, സംസ്കൃതത്തെ തീരെ അവഗണിച്ചില്ലെങ്കിലും, "കടംവാങ്ങി

കല്യാണം ഘോഷിക്കുന്ന" സമ്പ്രദായം അദ്ദേഹം വേണ്ടെന്നു വെച്ചു. തുള്ളലുകളുടെ നിർമ്മിതിക്കു് അദ്ദേഹത്തെ പ്രേരിപ്പിച്ച സംഗതി–വലിയ അക്ഷരാഭ്യാസമൊന്നുമില്ലാത്ത സാധാരണ ജനങ്ങളുടെ വിനോദനം—സ്വകൃതികളിൽ വെറും നാടൻഭാഷ പ്രയോഗിക്കുന്നതിനുകൂടി ഒരു പ്രധാന പ്രേരകമായിത്തീൎന്നു. എന്നുവെച്ചു്, അത്യാവശ്യംനേരിടുന്ന ദിക്കിൽ സംസ്കൃതപദങ്ങളെ നമ്പ്യാർ പ്രയോഗിച്ചിട്ടില്ലെന്നർത്ഥമില്ല. സംസ്കൃതപ്രത്യയാന്തങ്ങളായ പദങ്ങളെ നമ്പ്യാർ തീരെ പ്രയോഗിച്ചിട്ടില്ലെന്നുതന്നെ പറയാം. ചുരുക്കിപ്പറഞ്ഞാൽ, എഴുത്തച്ഛനും നമ്പ്യാരും സംസ്കൃതത്തെ ബഹുമാനിക്കയും സംസ്കൃതത്തിൽനിന്നു പദങ്ങളെ കടം വാങ്ങുകയും ചെയ്തിട്ടുണ്ടു്. "എന്നാൽ, ഒരാൾ നാണയങ്ങളെ ഒന്നായി വാങ്ങി ആവശ്യങ്ങൾക്കു വിനിയോഗിക്കയും, മറേറ ആൾ ആവശ്യപ്പെട്ട സാമാനങ്ങളെത്തന്നെ വാടകയുടെ മട്ടിൽ വാങ്ങിയുപയോഗിക്കയുംചെയ്തു എന്നതാണു് ഭേദം. ഉണ്ണായിയുടെ പോക്കു് ഈ രണ്ടു വഴിക്കുമല്ല. 'മുരാരേസ്തൃതീയഃ പന്ഥാഃ' എന്നു പറയുന്നതുപോലെ അദ്ദേഹത്തിന്റെ മാർഗ്ഗമൊന്നു വേറെയാണു്. ഉണ്ണായിക്കു മലയാളവും സംസ്കൃതവും ഒരുപോലെ സ്വാധീനമത്രെ. അപ്പോഴപ്പോൾ നാവിലുദിക്കുന്ന ഭാഷയിൽ അദ്ദേഹം എഴുതിത്തള്ളും എന്നല്ലാതെ കടം വാങ്ങീട്ടു് ആവശ്യമുണ്ടോ എന്നുള്ള വിചാരമേ അദ്ദേഹത്തിനില്ല. 'തേടിപ്പോയ വള്ളി കാലിൽ ചുററി' എന്ന മലയാളത്തിലെ ആ പഴമൊഴിയെ 'മിളിതം പദയുഗളേ നിഗളതയാ മാർഗ്ഗിതയാ ലതയാ' എന്നു പ്രൌഢസംസ്കൃതത്തിൽ തർജ്ജിമ ചെയ്താണു് അദ്ദേഹം ഉപയോഗിക്കുന്നതു്. സംസ്കൃതത്തിലെ പ്രയോഗവിശേഷങ്ങളെല്ലാം ഉണ്ണായിവാരിയർ മലയാളത്തിലും കുത്തിച്ചെലുത്തീട്ടുണ്ടു്...............ചുരുക്കിപ്പറഞ്ഞാൽ, നളചരിതത്തിലെ ഭാഷ മണിയും പ്രവാളവും കലൎത്തുചേൎത്തതല്ല; സംസ്കൃതമാകുന്ന ചെമ്പും മലയാളമാകുന്ന വെളുത്തീയവും ചേൎത്തുരുക്കിയ ഒരു വെങ്കലബ്ഭാഷയാണു്."

ഉണ്ണായിവാരിയർ ഭാഷാവിഷയകമായി പ്രദർശിപ്പിച്ചിട്ടുള്ള ഈ പ്രത്യേകത ചില ഉദാഹരണങ്ങളെക്കൊണ്ടു് തെളിയിക്കാം. സംസ്കൃതപദങ്ങളേയും സംസ്കൃതശൈലികളേയും വാരിയർ കണ്ണുമടച്ചു് കടം വാങ്ങിക്കയാണു് ചെയ്തതെന്നു പറഞ്ഞു

വല്ലൊ. അതിനു നാലുതരത്തിലുള്ള ഉദാഹരണങ്ങൾ പറയാം: 1. തനി സ്സംസ്കൃതപ്രയോഗം; 2. വിശേഷണ വിശേഷ്യപ്പൊരുത്തം; 3. വിശേഷ്യത്തിനു പിൻപു വിശേഷണം; 4. ചില പ്രത്യേക പ്രയോഗങ്ങൾ.

**1. തനിസ്സംസ്കൃതപ്രയോഗം**— 'തേടിയ വള്ളി കാലിൽ ചുററി' എന്ന തനി മലയാളത്തിലുള്ള ആ പഴമൊഴി വാരിയർ സംസ്കൃതീകരിച്ചതു നാം കണ്ടുവല്ലൊ; അതുപോലെയുള്ള പ്രയോഗങ്ങൾ വേറെയും ധാരാളം കാണാം. "തപ്തതോയസിക്തമാലതീ വനനക്തമാലമസ്തമൂലമിവ നളം"—"വീതഖേദമിഹ ചേതസാ കിമപി വിപദി ച സമ്പദി സമാശ്വസിതം"—"ദേവനം വിനോദനായ ദേവനിർമ്മിതം"—എന്നു തുടങ്ങിയ ഉദാഹരണങ്ങൾ നോക്കുക. സാധാരണ ആട്ടക്കഥാകർത്താക്കന്മാർ ശ്ലോകങ്ങളിൽ മാത്രമേ തനിസ്സംസ്കൃതം പ്രയോഗിക്കാറുള്ളു. ഉണ്ണായിവാരിയരാകട്ടേ, ശ്ലോകങ്ങളെന്നോ പദങ്ങളെന്നോ ഉള്ള വ്യത്യാസത്തെ വകവെയ്ക്കാതെയാണ് സംസ്കൃതഭാഷയെ സ്വാഗതം ചെയ്തിട്ടുള്ളതു്.

**2. വിശേഷണ വിശേഷ്യപ്പൊരുത്തം**— വിശേഷ്യത്തിനും വിശേഷണങ്ങൾക്കും ലിംഗ വചന വിഭക്തിപ്പൊരുത്തം വേണമെന്നുള്ളതു സംസ്കൃതത്തിലെ അഭേദ്യമായ നിയമമാകുന്നു. 'അഭിരാമനായ രാമൻെറ' എന്നർത്ഥത്തിൽ 'അഭിരാമസ്യ രാമസ്യ' എന്നേ സംസ്കൃതക്കാർ പ്രയോഗിക്കാറുള്ളു. ഈ സംസ്കൃതശൈലിയെ അനുകരിച്ചുകൊണ്ടാണ് ഉണ്ണായിവാരിയർ "നലമുള്ളൊരു നവഗുണപരിമളനെ നളനെന്നൊരു നൃപനെ"—"കല്പിച്ചയച്ചുഞങ്ങളേ ഭൂസുരാനോരോ ദിശി"—"നേർച്ചകളും മമ സഫലാനി"—"ഭൂതനായകനെ നീ ഭജ മൂഢനെ"—"അവിദിതനു കുതുകമവനാസീൽ"—എന്നും മററും പ്രയോഗിച്ചിട്ടുള്ളതു്. സംസ്കൃതത്തിലെ ആ വിശേഷണവിശേഷ്യപ്പൊരുത്തം വാരിയർ മലയാളത്തിലും ഒന്നു പരീക്ഷിച്ചുനോക്കി എന്നു ചുരുക്കം.

**3. വിശേഷ്യത്തിൻ പിൻപു വിശേഷണം**— വിശേഷ്യത്തിനു മുൻപു വിശേഷണങ്ങൾ പ്രയോഗിച്ചിരിക്കണമെന്നുള്ളതാണ് മലയാളത്തിലെ നിയമം. സംസ്കൃതത്തിൽ ഈ നിർബ്ബന്ധമില്ല. വാക്യത്തിൽ എവിടെയെങ്കിലും

വിശേഷണം പ്രയോഗിക്കാം. ലിംഗവചനാദികൾക്കുള്ള പൊരുത്തം നിർബ്ബന്ധമായതുകൊണ്ടു് ആകാംക്ഷയിൽ ക്ലേശം നേരിടുകയില്ലെന്നുള്ളതിനാൽ സംസ്കൃതത്തിൽ ഈ അവ്യവസ്ഥ ഒരു ദോഷമായി പ്രത്യക്ഷപ്പെടാറില്ല. മലയാളത്തിന്റെ സ്ഥിതി അതല്ല. വിശേഷണം ആദ്യം, വിശേഷ്യം പിന്നീടു്, എന്നുള്ള വ്യവസ്ഥയില്ലെങ്കിൽ, അർത്ഥഗ്രഹണത്തിനുതന്നെ പലപ്പോഴും ക്ലേശം നേരിടും. പക്ഷേ, നളചരിതകർത്താവിനു് ഈ വക നോട്ടമൊന്നുമില്ല. സംസ്കൃതഭാഷയാണു് അവിടേയും അദ്ദേഹത്തിന്റെ മാർഗ്ഗദർശി. "ഭൂപാലാന്വയത്തിൽ ഞാൻ പിറന്നേനേ നല്ല" എന്ന വരിയിൽ ഒടുവിൽ കാണുന്ന 'നല്ല' എന്ന പദം, ആ വരിയുടെ ആരംഭത്തിലുള്ള 'ഭൂപാലാന്വയത്തിൽ' എന്നുള്ള വിശേഷ്യത്തിന്റെ വിശേഷണമാണു്. "അപരിഹരണീയ വിധിയന്ത്രത്തിരിപ്പു മൂന്നീ"—"അപത്രപിച്ചീടേണ്ടാ ഞാനോ വനത്തിൽ മേവുന്നാണാളേ" എന്നിത്യാദി സ്ഥലങ്ങളിലെ സ്ഥിതിയും ഇതുതന്നെ.

**4. ചില പ്രത്യേക പ്രയോഗങ്ങൾ—** സംസ്കൃതത്തിൽ 'എന്നു്' എന്നർത്ഥമുള്ള 'ഇതി' എന്ന പദത്തിനു് ചില സ്ഥലങ്ങളിൽ 'എന്നു വിചാരിച്ചു്' എന്നുംകൂടി അർത്ഥമുണ്ടു്. മലയാളത്തിൽ 'എന്നു്' എന്നു പറഞ്ഞാൽ ഒരർത്ഥമേയുള്ളു. വാരിയരാകട്ടേ 'എന്നു വിചാരിച്ചു്' എന്നർത്ഥത്തിലും ആ പദം പ്രയോഗിച്ചിരിക്കുന്നു. സംസ്കൃതത്തിലെ 'ഇതി' എന്ന പദത്തിന്റെ ഓർമ്മവെച്ചുകൊണ്ടാണു് അദ്ദേഹം അങ്ങനെ ചെയ്തതെന്നുള്ളതു നിസ്സംശയമത്രെ. "ഈപ്സിതയെല്ലാം ശോഭനവാണി! മുദാ" എന്ന സ്ഥലത്തു് "ഈപ്സിതെ|എല്ലാം" എന്നാണു് പദച്ഛേദം. സംസ്കൃതത്തിലെ വ്യാകരണവിധിയനുസരിച്ചു് 'അയ്' എന്നാദേശംവരുത്തീട്ടാണു് "ഈപ്സിതയെല്ലാം" എന്നു് ഉണ്ണായിവാരിയർ സന്ധിചേർത്തിട്ടുള്ളതു്. 'എല്ലാം' എന്നതു് ഒരു മലയാളപദമാകയാൽ ഈ സന്ധി സംസ്കൃതവൈയാകരണന്മാർ ഒരിക്കലും അനുവദിച്ചുതരികയില്ല; മലയാളത്തിൽ അങ്ങനെ ഒരു സന്ധി ഇല്ലതാനും. "അലമലം പരിഹാസകലവികളാലേ" എന്നു തുടങ്ങിയുള്ള പ്രയോഗങ്ങളും സംസ്കൃതശൈലിയെ കണ്ണുമടച്ചു് അനുകരിച്ചതിന്റെ ഫലം തന്നെയാണു്.

മലയാളവും സംസ്കൃതവുമായുള്ള 'ചേരുവ'യിൽ വാരിയർ ചെയ്തിട്ടുള്ള പ്രത്യേകതയെ ചൂണ്ടിക്കാണിക്കാനായിട്ടാണ് ഇതുവരെ ശ്രമിച്ചതു്. നളചരിതത്തിലെ വാക്യരീതിയും മററു പ്രയോഗവിശേഷങ്ങളും പരിശോധിച്ചാൽ ഉണ്ണായിവാരിയരുടെ 'സ്വാതമുദ്ര' അവിടെയും പതിഞ്ഞിട്ടുള്ളതായി കാണാം. "വസ്രുമേതദ്വൽസുമാജി ചാമിവ" എന്ന സ്ഥലത്തു് 'ചാമിവ' എന്നതിനു് 'ഇവ ചത്തുപോകും' (ചാകും+ഇവ) എന്നാണർത്ഥം പറയേണ്ടതു്. സാധാരണ മലയാളികളെ ഇത്തരത്തിലുള്ള പ്രയോഗം തീർച്ചയായും പരിഭ്രമിപ്പിക്കും. ശബ്ദാലങ്കാരത്തിനു വേണ്ടി—'ശ്രേയം' എന്ന രണ്ടക്ഷരം ആവർത്തിക്കുന്നതിനുവേണ്ടി—വാരിയർ പ്രയോഗിച്ചിട്ടുള്ള "മരത്തിനിടയിൽ കാണാമേ സുന്ദരത്തിനുടെ സാദൃശ്യേയം"എന്ന വരി ഇന്നും വ്യാഖ്യാതാക്കളെ പരിഭ്രമിപ്പിച്ചുകൊണ്ടിരിക്കയാണു്. "അപത്രമിത്രാ കാന്താരം........" എന്നു തുടങ്ങുന്ന ദമയന്തിയുടെ വാക്കിൽ കാണുന്ന "ണാളേ" എന്ന രണ്ടക്ഷരങ്ങളുടെ ആവർത്തനവും, (വനത്തിൽ മേവുന്നാണാളേ) ഇതുപോലെയുള്ള അഭിപ്രായഭേദത്തിനു വകയുണ്ടാക്കീട്ടുള്ള ഒന്നത്രെ. ചില 'പദ'ങ്ങളിൽ വാക്യങ്ങൾ അവസാനിക്കുന്നതെവിടെയാണെന്നു കണ്ടുപിടിക്കുവാൻ വളരെ ക്ലേശിക്കേണ്ടിയിരിക്കുന്നു. ചില ദിക്കിൽ—ശ്ലോകമെന്നോ 'പദ'മെന്നോ ഉള്ള വ്യത്യാസമില്ലാതെ—മററു വാക്യങ്ങളുടെ ഇടയ്ക്കു് ചില 'ഗർഭവാക്യ'ങ്ങൾ പ്രയോഗിച്ചിരിക്കുന്നതു കാണാം. ആടാനുള്ള പദങ്ങളിൽ പകുതി 'ആത്മഗതം' പകുതി 'പ്രകാശം' എന്ന സമ്പ്രദായം സാധാരണ ആട്ടക്കഥകളിൽ കാണാറില്ല. നളചരിതകർത്താവു് ഈ പതിവിനു വിപരീതമായി ചില 'പദ'ങ്ങളിൽ 'ആത്മഗതം' കൂട്ടിയിണക്കിയിരിക്കുന്നു.

## ആട്ടക്കഥയുടെ ആഗമചരിത്രം

കാവ്യത്തെ ശ്രവ്യമെന്നും ദൃശ്യമെന്നും രണ്ടായി വിഭജിച്ചിട്ടുണ്ടു്. ഒന്നാമത്തേതു്, പ്രതിപാദ്യവിഷയത്തെ ഭംഗിയായി വർണ്ണിച്ചു് വായിക്കുന്നവർക്കും കേൾക്കുന്നവർക്കും ആനന്ദത്തെ ജനിപ്പിക്കുന്നു; രണ്ടാമത്തേതാകട്ടെ, കഥാപാത്രങ്ങളെക്കൊണ്ടു് അഭിനയിപ്പിച്ചു് കഥാഗാത്രം രംഗവാസികൾക്കു് പ്രത്യക്ഷപ്പെടുത്തിക്കൊടുക്കുന്നു. മറെറാരുവിധം പറഞ്ഞാൽ, കേട്ടുരസിക്കേണ്ടതു ശ്രവ്യം; കണ്ടു രസിക്കേണ്ടതു ദൃശ്യം.

നാട്യം, നൃത്യം, നൃത്തം, എന്നിങ്ങനെ ദൃശ്യകല മൂന്നുവിധം. വാക്യാർത്ഥരൂപരസാഭിനയ പ്രധാനമാണ് നാട്യം; നാടകാദി ദശരൂപകങ്ങൾ ഈ ഇനത്തിൽ പെട്ടവയത്രെ. അവയിലെ അഭിനയം ഭാവരസപ്രകടനത്തിനായി മാത്രം ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണ്. കഥ മുഴുവൻ പാത്രങ്ങളുടെ സംഭാഷണത്തിൽനിന്നും രംഗവാസികൾക്ക് മനസ്സിലാക്കാം. പദാർത്ഥരൂപഭാവാഭിനയ പ്രധാനമായ ദൃശ്യകലയാണ് നൃത്യം; ആട്ടക്കഥയും മററും ഈ കലാവിഭാഗത്തിൽ ഉൾപ്പെടുന്നു. ഇതിൽ നടന്മാർ വേഷംകെട്ടി രംഗത്തുവന്നു്, പിന്നിൽ താളമേളങ്ങളോടുകൂടി പാടുന്ന പാട്ടുകളുടെ സാരം—കഥാഭാഗം എന്നർത്ഥം—വ്യക്തമാകത്തക്കവണ്ണം ഓരോ പദത്തിൻേറയും അർത്ഥം കൈമുദ്രകൾ വഴിയായി വെളിപ്പെടുത്തണമെന്നു മാത്രമല്ല, സ്ഥായിരസം വിടാതെ സന്ദർഭോചിതമായ ഭാവരസം സ്ഫുരിപ്പിക്കയും വേണം. മൂന്നാമത്തെ ദൃശ്യകലാവിഭാഗമായ നൃത്തമാകട്ടേ, താളലയപ്രധാനമായ അഭിനയം മാത്രമാണ്. മയൂരനൃത്തം, വ്യാധനൃത്തം, മുതലായവയാണ് ഉദാഹരണം, നാം സാധാരണ 'ഡാൻസ്' എന്നു പറയുന്ന അഭിനയസമ്പ്രദായമെല്ലാം നൃത്തവർഗ്ഗത്തിൽ പെട്ടതത്രേ.

നാട്യവർഗ്ഗത്തിൽ നാടകമെന്നപോലെ നൃത്യവർഗ്ഗത്തിൽ ഏററവും മുന്നിട്ടു നില്ക്കുന്നതു് കഥകളിയാകുന്നു. കേരളീയർക്കു് എന്തുകൊണ്ടും അഭിമാനിക്കാവുന്ന ഒരു പ്രാചീന കലാസമ്പത്താണ് അതെന്നുള്ളതിനു സംശയമില്ല. വളരെക്കാലത്തെ നിരന്തരമായ പരിഷ്കരണത്തിൻെറ ഫലമായിട്ടാണ് കഥകളി സമ്പ്രദായം ഇന്നത്തെ നിലയിലെത്തിയിട്ടുള്ളതു്. ഒന്നു മറെറാന്നിൻെറ രൂപാന്തരമാണെന്നു തീർത്തുപറയുവാൻ നിവൃത്തിയില്ലെങ്കിലും, ചാക്യാർക്കൂത്തു്, കൂടിയാട്ടം, കൃഷ്ണനാട്ടം, രാമനാട്ടം എന്നിങ്ങനെ പല പടികളിൽകൂടി അതു സഞ്ചരിച്ചിട്ടുണ്ടെന്നു കാണുന്നതിനു പ്രയാസമില്ല. കൂത്തിലെ നവരസപ്രദർശകങ്ങളായ ഭാവപ്രകടനങ്ങളും, പദങ്ങളുടെ അർത്ഥത്തെ വ്യഞ്ജിപ്പിക്കുന്ന അഭിനയങ്ങളും കഥകളി സ്വീകരിച്ചിട്ടുണ്ടു്. മുഖത്തു രസങ്ങളെ യഥോചിതം സ്ഫുരിപ്പിക്കുക, കച്ചകെട്ടും തിരുമ്മും കൊണ്ടു് മെയ്‌വഴക്കം വരുത്തുക, കണ്ണു്, പുരികം മുതലായ അംഗങ്ങളെ ആവശ്യാനുസരണം ചലിപ്പിക്കുക മുതലായ വിഷയങ്ങളിൽ കഥകളിയുടെ ഗുരുസ്ഥാനം വഹിക്കുന്നതു് കൂടിയാട്ടമാകുന്നു;

കഥ ശ്ലോകത്തിൽ ചുരുക്കി പ്രതിപാദിക്കയും സംഭാഷണരൂപത്തിലുള്ള പദങ്ങളെ അഭിനയിക്കയും ചെയ്യുക എന്ന സമ്പ്രദായം കൃഷ്ണനാട്ടത്തിൽനിന്നാണു് കഥകളിക്കാർ അംഗീകരിച്ചതു്. കൂത്തിലും കൂടിയാട്ടത്തിലും മുഖംകാണിക്ക മാത്രം ചെയ്തിരുന്ന ശൃംഗാരം, അപരിഹാര്യമായ ഒരംഗമെന്ന നിലയിൽ കഥകളിക്കാർ സ്വീകരിച്ചതും കൃഷ്ണനാട്ടത്തെ അനുകരിച്ചുതന്നെയാണു്. കഥകളിഭാഗവതന്മാർ ഒരു ഈശ്വരസ്തുതിയുടെ നിലയിൽ ഉപയോഗിക്കുന്ന 'മഞ്ജുതര' കൃഷ്ണനാട്ടത്തിന്റെ കൂട്ടുകാരനായ ഗീതഗോവിന്ദത്തിൽനിന്നു് സ്വീകരിച്ചതാണെന്നുള്ള വസ്തുതയും ആ രണ്ടു ദൃശ്യകലാവിഭാഗങ്ങൾക്കുള്ള പരസ്പരബന്ധത്തെ പ്രഖ്യാപനം ചെയ്യുന്നുണ്ടു്.

കേരളീയർ ഐതിഹ്യപ്രിയന്മാരാണല്ലോ. കഥകളിയുടെ ഉത്ഭവത്തെസ്സംബന്ധിച്ചും ചില ഐതിഹ്യങ്ങൾ പ്രചാരത്തിൽ വന്നിട്ടുണ്ടു്. കോഴിക്കോട്ടു സാമൂതിരി കൃഷ്ണനാട്ടം തെക്കോട്ടേക്കയച്ചുകൊടുക്കാത്ത വൈരാഗ്യം നിമിത്തം കൊട്ടാരക്കരത്തമ്പുരാൻ രാമനാട്ടമുണ്ടാക്കി എന്നുള്ളതാണു് ഒരു ഐതിഹ്യം. നേരെമറിച്ചു് കൊട്ടാരക്കരത്തമ്പുരാൻ രാമനാട്ടമയച്ചുകൊടുക്കാതിരുന്നതാണു് അഷ്ടപദീരൂപമായ കൃഷ്ണനാട്ടത്തിന്റെ ആവിർഭാവത്തിനു കാരണമായിത്തീർന്നതെന്നു്, കൊട്ടാരക്കര മുതലായ തെക്കൻ ദിക്കുകളിൽ ഒരൈതിഹ്യം പ്രചാരത്തിലുള്ളതായി 'വേദബന്ധു' എന്ന ഒരാൾ തന്നെ അറിയിച്ചിരിക്കുന്നുവെന്നു് 'ആട്ടക്കഥ അഥവാ കഥകളി' എന്ന പുസ്തകത്തിൽ ശിരോമണി പി. കൃഷ്ണൻ നായരവർകൾ പ്രസ്താവിച്ചിരിക്കുന്നു. * ഈ വക ഐതിഹ്യങ്ങൾക്കു വേണ്ടതിലധികം വില കല്പിക്കുന്നതു സൂക്ഷിച്ചു വേണ്ടിയിരിക്കുന്നു.

കൊട്ടാരക്കരത്തമ്പുരാൻ ആദ്യമായി നിർമ്മിച്ച രാമനാട്ടത്തിന്റെ പരിഷ്കൃതരൂപമാണു് ഇന്നത്തെ കഥകളി എന്ന സ്ഥിരപ്രതിഷ്ഠ ലഭിച്ച അഭിപ്രായത്തെ ഒന്നിളക്കി പ്രതിഷ്ഠിക്കാനുള്ള ഒരു ശ്രമം ഈയിടെ ചിലർ തുടങ്ങീട്ടുണ്ടു്. ശ്രീമാൻ ഡി. പത്മനാഭനുണ്ണി എം. എ. പ്രസാധനം ചെയ്തിട്ടുള്ള കാലകേയവധം ആട്ടക്കഥയുടെ അവതാരികയിൽ ഇങ്ങനെ പറഞ്ഞുകാണുന്നു:—

---

* 'ആട്ടക്കഥ' പേജ് 105, 106,

"കഥകളിയുടെ ഉപജ്ഞാതാവ്" കോട്ടയം രാജാവുതന്നെ ആയിരിക്കാനാണ് ഇടയുള്ളത്. നമ്മുടെ സാഹിത്യത്തിൽ പല പ്രസ്ഥാനങ്ങളിലും കാണുന്ന ഏററവും വലിയ കവി തൽപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവുതന്നെയാണ്. ചെറുശ്ശേരിയെപ്പോലെ ഒരു ഗാഥാകർത്താവും, തുഞ്ചത്തെഴുത്തച്ഛനെപ്പോലെ ഒരു കിളിപ്പാട്ടുകാരനും, കുഞ്ചൻ നമ്പ്യാരെപ്പോലെ ഒരു തുള്ളൽപ്പാട്ടുകാരനും, അവരുടെ കാലത്തിനുശേഷം ഉണ്ടായിട്ടില്ല; അതുപോലെ കഥകളിഗ്രന്ഥങ്ങളിൽ ശ്രേഷ്ഠങ്ങളായവ കോട്ടയത്തു തമ്പുരാന്റെ കൃതികളാകയാൽ (?) അദ്ദേഹംതന്നെയാണ് ആ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവെന്നും വരാവുന്നതാണ്........ഇതിനെല്ലാം പുറമേ, കഥകളിഗ്രന്ഥങ്ങൾക്കു വഴി കാണിച്ച ഗീതഗോവിന്ദത്തെ അനുസ്മരിച്ച് മേളപ്പദം "മഞ്ജുതര കുഞ്ജതല കേളിസദനേ" എന്നതായിരിക്കണമെന്നു നിർബ്ബന്ധമുള്ളതുപോലെ, ഏതു കഥ ആടുമ്പോഴും ആദ്യമായി ചൊല്ലുന്നത് കോട്ടയത്തുതമ്പുരാന്റെ 'ഹരിഹര വിധിനുത' എന്ന ഗാനമാണെന്നുള്ള സംഗതിയും ഈ ഊഹത്തിന് ഉപോൽബലകമായിരിക്കുന്നു."

ഇത്രയുംകൊണ്ടു തൃപ്തിപ്പെടാതെ, "അതുകൊണ്ട് കൊട്ടാരക്കര രാജാവിന്റെ രാമനാട്ടം, കോട്ടയംകൃതികളുടെ അനുകരണമാണെന്നു ഊഹിക്കേണ്ടിയിരിക്കുന്നു" എന്നും, അല്ലാതെ "രാമനാട്ടം കാലക്രമേണ സംസ്കരിച്ചും പരിഷ്കരിച്ചും മൂർദ്ധന്യദശയിലെത്തിട്ടുള്ള ഒരു കലാപ്രകടനമല്ല കഥകളി" എന്നുംകൂടി മി: ഉണ്ണി പറയുന്നുണ്ട്.

ഈ വാദഗതി സ്വീകരിക്കുന്നപക്ഷം, നളചരിതകർത്താവായ ഉണ്ണായിവാരിയരാണ് കഥകളിപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ് എന്നു സമ്മതിക്കേണ്ടിവരും. എന്തുകൊണ്ടെന്നാൽ, നളചരിതമാണല്ലോ ആട്ടക്കഥാപ്രസ്ഥാനത്തിൽ ഏററവും മുന്തിനില്ക്കുന്ന കൃതി. ചെറുകഥാപ്രസ്ഥാനം, നോവൽപ്രസ്ഥാനം, ഖണ്ഡകവിതാപ്രസ്ഥാനം മുതലായ ഭാഷാസാഹിത്യത്തിലെ പല പ്രസ്ഥാനങ്ങളും ഈ വാദഗതിക്ക് തീരെ പ്രതികൂലമായ ഉദാഹരണങ്ങളായിട്ടാണ് നിലകൊള്ളുന്നതെന്നുള്ളതും വിസ്മരിക്കത്തക്കതല്ല. അതിനാൽ, വെറും ഒരഭ്യൂഹം എന്നതിൽ കവിഞ്ഞ ഒരു നിലപാട് ഈ അഭിപ്രായത്തിനുണ്ടോ എന്നുള്ളത് നല്ലപോലെ ചിന്തിച്ചു തീരുമാനിക്കേണ്ടതായിട്ടാണിരിക്കുന്നത്.

കൊട്ടാരക്കരത്തമ്പുരാൻ രാമനാട്ടം നിൎമ്മിച്ച കാലത്തു് അഭിനയസമ്പ്രദായം ഇന്നത്തെപ്പോലെ പരിഷ്കൃതമായിരുന്നില്ല. പാളകൊണ്ടുണ്ടാക്കിയ മുഖങ്ങൾ വെച്ചുകെട്ടുകയായിരുന്നുവത്രെ അന്നത്തെ പതിവ്. കുപ്പായം, കിരീടം മുതലായവയുടെ രീതിയും ഇന്നത്തേതായിരുന്നില്ല. പാട്ടും ആട്ടവും [ഗാനവും അഭിനയവും] ഒട്ടുമുക്കാലും നടന്മാർതന്നെ നടത്തേണ്ടിയിരുന്നു എന്നാണ് പറയപ്പെടുന്നതു്. കൈമുദ്ര കാണിക്കുന്ന സമ്പ്രദായത്തിലും ഉണ്ടായിരുന്നു ചില വ്യത്യാസങ്ങൾ.

ഈവക പഴയ സമ്പ്രദായങ്ങളിൽ ചില മാററങ്ങളെല്ലാം വരുത്തി രാമനാട്ടത്തെ ഇന്നത്തെ കഥകളിയോടടുപ്പിച്ചതു് വെട്ടത്തുരാജാവാണ്. അദ്ദേഹത്തെത്തുടൎന്നു്, കപ്ലിങ്ങാട്ട്, കല്ലടിക്കോട്ട് എന്ന ഇല്ലപ്പേരോടുകൂടിയ രണ്ടു നമ്പൂതിരിമാരും കഥകളിയെ അല്പമൊന്നു പരിഷ്കരിച്ചു. പ്രധാനമായി വേഷം, കൈമുദ്രകൾ, പാട്ട്, കലാശം എന്നിവയെ സംബന്ധിക്കുന്നവയായിരുന്നു ഈ മൂന്നു കൂട്ടരുടേയും പരിഷ്കാരങ്ങൾ. അവരുടെ കാലത്തിനുശേഷം കഥകളിയിൽ പറയത്തക്ക പരിഷ്കാരമൊന്നും ആരും വരുത്തിയതായി കാണുന്നില്ല.

## സാമാന്യസ്വരൂപം

കേളികൊട്ടാണ് കഥകളിയുടെ ഒന്നാമത്തെ ചടങ്ങ്. നാടകക്കാരും സിനിമക്കാരും ഇന്നു നോട്ടീസുകൊണ്ടുദ്ദേശിക്കുന്ന കാൎയ്യമാണ് കേളികൊട്ടുകൊണ്ടുദ്ദേശിക്കപ്പെട്ടിട്ടുള്ളതു്. ചെണ്ട, മദ്ദളം, ഇലത്താളം, ചേങ്ങല എന്നീ ഉപകരണങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള ഒരു പ്രത്യേകതരം കൊട്ടാണ് 'കേളികൊട്ട്.' അതു കേട്ടാൽ നിശ്ചയിക്കാം, അന്ന് എവിടെയോ ഒരു കഥകളിയുണ്ടെന്നു്. ഈ കേളികൊട്ട് സന്ധ്യയോടുകൂടി കഴിയും. എട്ടൊൻപതു മണിക്ക് അരങ്ങത്തു വിളക്കുവെയ്ക്കുകയും ശുദ്ധമദ്ദളമാരംഭിക്കയും ചെയ്യും. ഇതിനു് "കേളിക്കയ്യ്" എന്നാണ് പേർ. മദ്ദളവും ഇലത്താളവും ചേങ്ങലയും മാത്രമേ ഇതിനുപയോഗിക്കാറുള്ളു; ചെണ്ട ഇല്ലെന്നൎത്ഥം. കേളിക്കയ്യ് അവസാനിച്ച് കുറച്ചു കഴിയുമ്പോൾ മദ്ദളത്തിനു മുമ്പിലായി തിരശ്ശീല പിടിക്കും. പിന്നെ തോടയമായി. തലയിൽ ഒരുതരം കെട്ടുമായി കഥകളിയോഗത്തിലെ കുട്ടിത്തരക്കാർ ഈശ്വരപ്രാൎത്ഥ

നാപരമായ പാട്ടിന്റെ താളത്തിന്നനുസരിച്ച ചില ചോടുകൾ വെച്ച് അമർന്നു കളിക്കുന്നതാണ് 'തോടയം'. നാടകത്തിലെ പൂർവ്വരംഗത്തിന്റെ സ്ഥാനത്താണു് കഥകളിയിലെ ഈ ഭാഗം. ഇതാണു് കഥകളിയുടെ ആരംഭം. തോടയമെന്ന പദത്തിന്റെ അക്ഷരാർത്ഥംതന്നെ തുടക്കമെന്നാണ്. അതു കഴിഞ്ഞാൽ പുറപ്പാടിനുള്ള വട്ടമായി. പുറപ്പാടിന്നു മുൻപിലായിത്തന്നെ പാട്ടുകാർ വന്ദനശ്ലോകങ്ങൾ ചൊല്ലിക്കഴിയും. ഇതു നാന്ദിയുടെ പ്രതിരൂപമാണെന്നു വിചാരിക്കാം. പുറപ്പാടെന്നതു്, കഥയിൽ പ്രധാനമായ ഒരു പാത്രം ശംഖധ്വനി, ആലവട്ടം, മേലാപ്പ്, എന്നീ ആഘോഷങ്ങളോടും കഥയിലെ മററുചില കഥാപാത്രങ്ങളോടുംകൂടി ആദ്യമായി രംഗപ്രവേശം ചെയ്യുന്ന ചടങ്ങാണു്.

പുറപ്പാടുകഴിഞ്ഞാൽ മേളപ്പദമായി. 'മഞ്ജുതരകുഞ്ജതലാ എന്നു തുടങ്ങുന്ന ഗീതഗോവിന്ദത്തിലെ പദം ഈ അവസരത്തിലാണു് പാടുകപതിവു്. ഇതു പാടുമ്പോൾ തിരശ്ശീല പിടിച്ചിരിക്കയില്ല; പാത്രങ്ങളുടെ പ്രവേശവും ഇല്ല. മേളക്കാർ തങ്ങളുടെ സാമർത്ഥ്യം പ്രകടിപ്പിക്കുന്നതിനു് ഈ അവസരം ഉപയോഗിക്കുന്നതുകൊണ്ടായിരിക്കണം ഇതിനു് 'മേളപ്പദം' എന്നപേരുകിട്ടിയതു്. പാട്ടിന്റെ ആരംഭത്തെ ആസ്പദമാക്കി ഇതിനു 'മഞ്ജുതര' എന്നും പറയാറുണ്ടു്. കഥയുമായി ഒരു ബന്ധവുമില്ലാത്ത ഈ മഞ്ജുതര കഥകളിച്ചടങ്ങുകളിൽ അപരിഹാര്യമായിത്തീർന്നതെങ്ങിനെയാണെന്നുള്ളതിനെപ്പററി മഹാകവി കെ. സി. കേശവപിള്ള പുറപ്പെടുവിച്ചിട്ടുള്ള ഒരഭിപ്രായം താഴെ ഉദ്ധരിക്കാം.

"കഥകളിപ്പാട്ടു് ആദ്യമായി ഉണ്ടാക്കിയതു് കൊട്ടാരക്കര തമ്പുരാനാണെന്നും, അദ്ദേഹം അതിലേക്കായി തിരഞ്ഞെടുത്തതു് രാമായണം കഥയാണെന്നും ഉള്ളതു് പ്രസിദ്ധമാണല്ലൊ. അദ്ദേഹത്തെ പിൻതുടർന്ന് കോട്ടയത്തു തമ്പുരാൻ മുതലായവരും തങ്ങളുടെ ആട്ടക്കഥകൾക്കു് പൗരാണിക കഥകൾതന്നെയാണു് സ്വീകരിച്ചതു്. അക്കാലത്തു് കഥകളിയുടെ സ്ഥാപകന്മാർക്കു് അതിലെ അഭിനയത്തെക്കുറിച്ചുള്ള ആലോചനയിൽ ഒരു സംശയം ജനിച്ചു. ശ്രീരാമൻ, ശ്രീകൃഷ്ണൻ മുതലായവർ അവതാരപുരുഷന്മാരാണല്ലൊ. 'കേവലം മനുഷ്യരായ നാം അവരുടെ വേഷം ധരിച്ചു് അവരുടെ പ്രവൃത്തികളെ അനുകരിക്കുന്നതു് അവരെ ഒരു

വിധം പരിഹസിക്കയല്ലേ?' ഇതായിരുന്നു അവരുടെ സംശയം. ഈ ദോഷത്തെ പരിഹരിക്കുന്നതിനു് ഗീതഗോവിന്ദത്തിലെ ഒരു പാട്ടു് പുറപ്പാടിനുശേഷം കഥാരംഭത്തിന്നു മുൻപായി പാടിയാൻ മതി എന്നു് അവർ ഒടുവിൽ തീരുമാനിച്ചു. ഗീതഗോവിന്ദത്തിലെ ഒരു ഗാനത്തിൽ കാണുന്നതും കവി എഴുതാൻ മടിച്ചതുമായ 'മമ ശിരസി മണ്ഡനം ദേഹി പദപല്ലവമുദാരം' എന്ന വരി ശ്രീകൃഷ്ണൻതന്നെ പ്രത്യക്ഷപ്പെട്ടു ഗ്രന്ഥത്തിൽ എഴുതിച്ചേർത്തതാണെന്നുള്ള ഐതിഹ്യം ആ കൃതിക്കു് അസാധാരണമായ മഹത്വം സമ്പാദിച്ചുകൊടുത്തിട്ടുള്ളതിനാലാണു്, അതിലെ പാട്ടു് ദോഷപരിഹാരത്തിനുവേണ്ടി സ്വീകരിച്ചാൽ മതിയെന്നു് അവർ തീരുമാനിച്ചതു്. ഇതാണു് കഥകളിയിലെ 'മഞ്ജുതര'യുടെ ആഗമം"

മേളപ്പദം കഴിഞ്ഞാൽ കഥ ആരംഭിക്കുകയായി. മിക്ക കഥകളിലും നായികാനായകന്മാർ രംഗപ്രവേശംചെയ്തു കാമോദ്ദീപകമായ വസന്തർത്തുവിനെ ലാക്കാക്കി 'ശൃംഗാരപദം' ആടുകയാണു് ആദ്യത്തെ ചടങ്ങു്. അവിടംതൊട്ടു കഥ അഭിനയിച്ചുതുടങ്ങും. ഇതാണു് കഥകളിയുടെ സാമാന്യസ്വരൂപം.

## പരിഷ്കാരവിചാരം

കാലസ്ഥിതി അനുസരിച്ചു കഥകളി പരിഷ്കരിക്കേണ്ടതു് അത്യാവശ്യമാണെന്നു പലരും പറഞ്ഞുകേൾക്കാറുണ്ടു്. എന്നാൽ, അതിന്റെ ഏതെങ്കിലും ചടങ്ങുകളിൽ കൈവെക്കാനുള്ള ധൈര്യം ആർക്കും ഉണ്ടായിക്കാണുന്നില്ല. 1. പഴയ നിലവിളക്കിനു പകരം ഗ്യാസ്ലൈററുപയോഗിക്ക; 2. തിരശ്ശീല മാററി കർട്ടൻ ഏർപ്പെടുത്തുക; 3. നാടകത്തിലെപ്പോലെ പൊക്കത്തിൽ അഭിനവവേദി തയ്യാറാക്കുക; 4. സ്ത്രീപ്പാർട്ടുകാർ സാരി ഉപയോഗിക്കുക; 5. സന്ദർഭോചിതമായ "സീൻസ്" പ്രദർശിപ്പിക്കുക; 6. കേളികൊട്ടിനു പകരം നോട്ടീസ്സു പ്രചരിപ്പിക്കുക; 7. അശ്ലീലമായ ശൃംഗാരാഭിനയം തീരെ മാററുക; 8. വേഷഭൂഷാദികൾ പരിഷ്കരിക്കുക; 9. രാത്രി മുഴുവൻ കഥയാടുന്ന സമ്പ്രദായം മാററുക; 10. ഹാർമ്മോണിയം ശ്രുതിക്കുപയോഗിക്ക—മുതലായവയാണു് ചിലർ ചൂണ്ടിക്കാട്ടുന്ന പരിഷ്കാരങ്ങൾ. പ്രഥമദൃഷ്ടിയിൽ ഇതെല്ലാം സ്വീകാര്യമാണെന്നു തോന്നാമെങ്കിലും, ഒന്നുമുതൽ അഞ്ചുവരെയുള്ള നിർദ്ദേശങ്ങൾ അംഗീകരിക്കുന്നപക്ഷം, കഥകളിയു

ടെ സ്വാതന്ത്ര്യം തന്നെ നശിച്ചുപോയി എന്നുവരും. നടന്മാർ മുഖത്തു് സ്ഫുരിപ്പിക്കുന്ന ഭാവങ്ങളും മററും ശരിക്കു കാണണമെങ്കിൽ നിലവിളക്കുതന്നെ വേണം. തിരനോട്ടം മുതലായ ചടങ്ങുകൾക്കു തിരശ്ശീലയായാലേ സാധിക്കൂ. നടന്മാരുടെ ഇന്നത്തെ വസ്ത്രധാരണ രീതി നിലനില്ക്കുന്നിടത്തോളം കാലം, അഭിനയവേദി ഉയർത്തിക്കെട്ടുന്നതു വളരെ സൂക്ഷിച്ചുവേണം. സാരി ധരിച്ചാൽ സ്ത്രീപ്പാർട്ടുകാർക്കു് ആടാൻ സാധിക്കുമോ എന്നു സംശയമാണു്. സീൻസും കഥകളിസമ്പ്രദായത്തെ വികൃതമാക്കിയേക്കും.; എങ്കിലും നരസിംഹാവതാരം മുതലായ സന്ദർഭങ്ങളിൽ ആ സമ്പ്രദായം ഏർപ്പെടുത്തുന്നതുകൊണ്ടു തരക്കേടുണ്ടെന്നു തോന്നുന്നില്ല. 6 മുതൽ 10 വരെയുള്ള നിർദ്ദേശങ്ങൾ സ്വീകാര്യങ്ങളാണു്. കലാമണ്ഡലക്കാരും മററും അവയിൽ മിക്കതും സ്വീകരിച്ചുകഴിഞ്ഞിരിക്കുന്നു.

മങ്ങിമയങ്ങി നിർജ്ജീവമായിക്കിടന്നിരുന്ന അഭിനയസമ്പ്രദായത്തെ പരിഷ്കരിക്കയും, സാമർത്ഥ്യമുള്ള നടന്മാരെ സൃഷ്ടിക്കയുംചെയ്യുന്ന വിഷയത്തിലാണു് കലാമണ്ഡലം കൂടുതൽ ശ്രദ്ധ പതിപ്പിച്ചിട്ടുള്ളതെന്നു തോന്നുന്നു. കഥകളിയിലെ അഭിനയസമ്പ്രദായം പകർത്തി ഭാരതീയ നൃത്തകല ലോകമെങ്ങും പ്രദർശിപ്പിച്ചുവരുന്ന നടന്മാർ ഇന്നു കേരളത്തിൽ അനേകമുണ്ടു്. കലാമണ്ഡലമാണു് ഇവരുടെ ജന്മഗൃഹം. വേറൊരു കാര്യത്തിലും കലാമണ്ഡലം, അഭിനന്ദനീയമായ ഒരു പാരമ്പര്യം സൃഷ്ടിച്ചുകഴിഞ്ഞിരിക്കുന്നു. ആട്ടക്കഥകളിലെ ആകർഷകങ്ങളായ ഏതെങ്കിലും ചില രംഗങ്ങൾ തിരഞ്ഞെടുത്തു് രണ്ടോ മൂന്നോ മണിക്കൂറുകൊണ്ടു് അഭിനയിച്ചു തീർക്കുക എന്ന സമ്പ്രദായമാണതു്. നേരം വെളുക്കുന്നതുവരെ ഉറക്കമിളച്ചിരുന്നു് 'ആട്ടം കാണുക' എന്നതു് ഇന്നത്തെ കാലസ്ഥിതിക്കു പല കാരണങ്ങളാലും അസാദ്ധ്യമായിത്തീർന്നിട്ടുണ്ടു്. അതുകൊണ്ടു്, കഥകളി ഇഷ്ടപ്പെടുന്ന കൂട്ടർപോലും അതു കാണാൻ പോകാറില്ലായിരുന്നു കലാമണ്ഡലത്തിന്റെ ഈ പരിഷ്കാരംമൂലം, ഒരു സിനിമയോ നാടകമോ കാണുന്നതിനു വേണ്ട സമയം മാത്രമേ കഥകളി കാണാനും വേണ്ടതുള്ളു എന്നു വന്നതിനുശേഷം, ആ ദൃശ്യകല പലരേയും പൂർവ്വാധികം ആകർഷിച്ചുതുടങ്ങിയിട്ടുണ്ടു്.

# നളചരിതം

## കഥകളി

### മൂന്നാം ദിവസത്തെ കഥ

---

പുന്നാഗവരാളി— അടന്ത

നവവിരഹമയന്ത്യാം നൈഷധം ചിന്തയന്ത്യാം
ജനിഭുവി ദമയന്ത്യാം ജാതതാപം വസന്ത്യാം
വ്യസനമകലെയാവാൻ വീണിരന്നാശു ദേവാൻ
നളനഭജത ദാവാന്നാടുപൂവാൻ ത്രപാവാൻ.

---

### സാരാർത്ഥദ്യോതിനി

ഉറങ്ങിക്കിടക്കുന്ന ദമയന്തിയെ ഉപേക്ഷിച്ചു പോയതിനുശേഷമുള്ള നളന്റെ സ്ഥിതിയാണു് ഇവിടെ പ്രതിപാദിക്കുന്നതു്. ശ്ലോകത്തിന്റെ പൂർവ്വാർദ്ധം, കഴിഞ്ഞ കഥാംശത്തെ ഒന്നനുസ്മരിപ്പിക്കുന്നു എന്നു മാത്രം.

അന്വയം—നവവിരഹം അയന്ത്യാം നൈഷധം ചിന്തയന്ത്യാം ദമയന്ത്യാം ജനിഭുവി ജാതതാപം വസന്ത്യാം (സത്യാം) ദാവാൽ നാടുപൂവാൻ ത്രപാവാൻ നളൻ വ്യസനം അകലെയാവാൻ ആശു വീണിരന്നു് ദേവാൻ അഭജത.

അർത്ഥം—നവവിരഹത്തെ (പുതിയ വിയോഗത്തെ) അയന്തിയും (പ്രാപിച്ചവളും) നൈഷധനെ (നളനെ) ചിന്തയന്തിയും (വിചാരിച്ചുകൊണ്ടിരിക്കുന്നവളും) ആയ ദമയന്തി ജനിഭുവിൽ (ജനിച്ച നാട്ടിൽ) ജാതതാപമാകുംവണ്ണം (വ്യസനത്തോടുകൂടി) വസന്തിയായിരിക്കുമ്പോൾ (താമസിച്ചുകൊ

ണ്ടിരിക്കുമ്പോഴ്) ദാവത്തിൽ (കാട്ടിൽ) നിന്നു നാട്ടിൽ പ്രവേശിക്കുന്നതിനു ത്രപാവാനായ (നാണംപൂണ്ട) നളൻ സങ്കടം നീങ്ങിക്കിട്ടുന്നതിനുവേണ്ടി വേഗത്തിൽ നമസ്കരിച്ചു പ്രാൎത്ഥിച്ചു് ദേവന്മാരെ (ഇന്ദ്രാദികളെ) ഭജിച്ചു (അഭയം പ്രാപിച്ചു.)

വിരഹദുഃഖത്തിൻെറ സ്വഭാവം ഒന്നാമതായി അനുഭവിച്ചറിയാൻ ഇടയായവളും തന്നെ നിർദ്ദയം ഉപേക്ഷിച്ചുപോയ ആ ഭൎത്താവിനെത്തന്നെ ധ്യാനിച്ചുകൊണ്ടിരിക്കുന്നവളും ആയ ദമയന്തി സ്വന്തം നാട്ടിലെത്തി സങ്കടപ്പെട്ടു ദിവസം കഴിച്ചുവരവേ, തൻെറ താൽക്കാലികമായ സ്ഥിതിവ്യത്യാസം നിമിത്തം കാട്ടിൽനിന്നു നാട്ടിലേക്കു ചെല്ലുന്നതിനു നാണംതോന്നിയ നളമഹാരാജാവു്, കഷ്ടകാലംകൊണ്ടുണ്ടായ വ്യസനമെല്ലാം നീങ്ങിക്കിട്ടുന്നതിനുവേണ്ടി വേഗത്തിൽ നമസ്കരിച്ചു പ്രാൎത്ഥിച്ചുകൊണ്ടു് ഇന്ദ്രാദിദേവന്മാരെ ശരണം പ്രാപിച്ചു എന്നു സാരം.

ഈ ശ്ലോകത്തിൻെറ ഉത്തരാൎദ്ധത്തിന്നു് ചിലർ മറെറാരു തരത്തിൽ അൎത്ഥം പറഞ്ഞുകാണുന്നുണ്ടു്. “നളൻ നാട്ടിലേക്കു പോകാൻ നാണിച്ചു്, വ്യസനം അകലെയാകുന്നതിനുവേണ്ടി ദേവന്മാരോടു താണുകേണപേക്ഷിച്ചുകൊണ്ടു്, ദാവങ്ങളെത്തന്നെ [ദാവാൻ] ഭജിച്ചു (കാട്ടിൽത്തന്നെ സഞ്ചരിച്ചുകൊണ്ടിരുന്നു)” എന്നാണു് അവർ പറയുന്ന അൎത്ഥം. ഈ അൎത്ഥത്തിലും അനൌചിത്യമുണ്ടെന്നു തോന്നുന്നില്ല. ഈ അൎത്ഥം സ്വീകരിക്കയാണെങ്കിൽ ദാവാൻ+നാട്ടപൂവാൻ എന്നു പദച്ഛേദം ചെയ്യണം.

വൃത്തം— മാലിനി

ലക്ഷണം—നനമയയുഗമെട്ടിൽ തട്ടണം മാലിനിക്കു്.

## രംഗം 1. വനപ്രദേശം.

(നളൻ കാട്ടിൽനിന്നു നാട്ടിലേയ്ക്കു പോകാൻ ലജ്ജിതനായി ദുഃഖശാന്തിക്ക ദേവന്മാരെ പ്രാൎത്ഥിക്കുന്നു)

**നളൻ:—**

പല്ലവി.

ലോകപാലന്മാരേ! ലളിതമധുരാണി
വിഫലാനി വോ വരഫലാനി കാനി?

അനുപല്ലവി

ശോകകാലം മമ വന്നനാളെന്നിൽ
ശോഭയല്ലുദാസീനതയിദാനീം .... .... ലോക

ചരണം 1.

ദിനമനു നിങ്ങളെ ഞാൻ ഭാവിപ്പതും,
വേർതിരിച്ചെന്നിൽ കൃപ നിങ്ങൾ ഭാവിപ്പതും,
അനുജനൊട്ടു തോററുള്ളം വേവിപ്പതും
ഓൎത്താലാരൊരുവൻ മേലിൽ സേവിപ്പതും? ലോക

---

പല്ലവി—അല്ലയോ ലോകപാലന്മാരേ! ലളിതമധുരങ്ങളായ (വഃ) നിങ്ങളുടെ (കാനി വരഫലാനി) ഏതു വരഫലങ്ങളാണു് വിഫലങ്ങളായിട്ടുള്ളതു്? നിങ്ങളുടെ അനുഗ്രഹങ്ങൾ ഒരിക്കലും നിഷ്ഫലങ്ങളായിപ്പോവുക പതിവില്ലല്ലോ എന്നൎത്ഥം. (എൻെറ കാൎയ്യത്തിൽമാത്രം അനുഭവം മറിച്ചായതു് അത്ഭുതകരമായിരിക്കുന്നു എന്നു വ്യംഗ്യം.)

അ: പ:—ശോകകാലം മമ വന്നനാൾ=എനിക്കു് ഒരു കഷ്ടകാലം വന്നിരിക്കുന്ന ഈ അവസരത്തിൽ. ഉദാസീനത= ഉപേക്ഷ. ഇദാനീം=ഇപ്പോൾ. ഈ കഷ്ടദശയിൽ എന്നെ ഉപേക്ഷിക്കുന്നതു് നിങ്ങൾക്കു് ചേൎന്ന പ്രവൃത്തിയല്ല എന്നു ചുരുക്കം.

ചരണം 1—ദിനമനു=ദിവസന്തോറും. ഭാവിക്ക = ധ്യാനിക്ക. വേർതിരിച്ചു് = ഓരോരുത്തരായി. അനുജൻ=പുഷ്കരൻ. ഉള്ളം വേവിക്ക = മനസ്സു തപിപ്പിക്ക. സേവിക്ക=

ചരണം 2

കരണീയം ദേവനമെന്നെനിക്കു തോന്നീ,—എന്നിൽ
ഭരണീയജനങ്ങൾക്കും വെറുപ്പുതോന്നീ,

---

ആശ്രയിക്കു. ഞാൻ നിങ്ങളെ നിത്യവും ധ്യാനിക്കുന്നു; നിങ്ങൾ ഓരോരുത്തരും എൻെറ നേരേ കൃപാലുക്കളാണെന്നു നടിക്കുകയും ചെയ്യുന്നു; ഞാനാകട്ടേ, പുഷ്കരനോടു ചൂതിൽ തോററു നാടും വീടും ഉപേക്ഷിച്ച് ഉള്ളം വെന്തുരുകി കാട്ടിൽ അലഞ്ഞുതിരിഞ്ഞു നടക്കുന്നു—ഇങ്ങനെയായാൽ ലോകത്തിൽ ആരാണ് നിങ്ങളെ മേലാൽ സേവിക്കാൻ പോകുന്നതു്?

ചരണം ൨—ദേവനം=ചൂതുകളി. കരണീയം=ചെയ്യപ്പെടേണ്ടതു്. (ചൂതുകളിക്കേണ്ടതാണെന്നെനിക്കു തോന്നി) ഭരണീയ ജനങ്ങൾ=ഭരിക്കപ്പെടേണ്ടവർ; ഭൃത്യാദികൾ. (ഭൃത്യാദികൾപോലും എന്നെ വെറുത്തു.) തരുണി=യുവതി; ദമയന്തി. ഇരിപ്പും ഊന്നി = ഇരിപ്പുറപ്പിക്കുകയും ചെയ്തു. (ദമയന്തിയെ ഉപേക്ഷിച്ച് ഞാൻ കാട്ടിൽ താമസിക്കേണ്ടിവന്നു.) അപരി...............രിപ്പ്=ഒഴിച്ചുവെക്കാൻ വയ്യാത്തതും യന്ത്രം പോലെ തിരിഞ്ഞുവരുന്നതുമായ വിധിയുടെ വിലാസം. മൂന്നീ=മൂന്ന്+ഈ=ഈ മൂന്നും. ആദ്യത്തെ മൂന്നു വരികളിൽ പറഞ്ഞിട്ടുള്ള മൂന്നു സംഭവങ്ങളും അപരിഹരണീയമായ വിധിയന്ത്രത്തിരിപ്പുമൂലം സംഭവിച്ചവയാണെന്നു സാരം. 'ഈ മൂന്ന്' എന്നു പറയുന്നതിനുപകരം 'മൂന്നീ' എന്നിങ്ങനെ വിശേഷണവിശേഷ്യക്രമം മാററിപ്പറഞ്ഞതു് അന്ത്യപ്രാസം ഒപ്പിക്കാൻവേണ്ടിയാകുന്നു. 'വിശേഷണം വിശേഷ്യത്തിനു മുമ്പുവരണം' എന്ന വ്യാകരണനിയമത്തെ കവി ഇവിടെ ലംഘിച്ചിരിക്കുന്നു. ഉണ്ണായിവാരിയരുടെ നിരങ്കുശത്വത്തിന് ഇതും ഒരു ഉദാഹരണമത്രെ.

വിധിയന്ത്രത്തിരിപ്പുമൂലമാണ് ഈ മൂന്നു കൂട്ടവും സംഭവിച്ചതു് എന്നു പറയുന്നതിനുപകരം ഈ മൂന്നും വിധിയന്ത്രത്തിരിപ്പുതന്നെയാണ് എന്നിങ്ങനെ കാര്യകാരണങ്ങൾക്ക് അഭേദം കല്പിച്ചിരിക്കയാൽ **അലങ്കാരം ഹേത്വതിശയോക്തി.** മനുഷ്യർക്ക് സമ്പത്തും ആപത്തും മാറി മാറി

തരുണിയെ വിട്ടു കാട്ടിലിരിപ്പുമൂന്നി—അപരി-
ഹരണീയവിധിയന്ത്രത്തിരിപ്പു മൂന്നി .... .... ലോക

ചരണം 3

പ്രതിദിനം നൈഷധൻ നമസ്കുരുതേ; ഭൈമീ-
പതിദേവതയ്ക്കു ദുഃഖം വരുത്തരുതേ;
അതിചാപല്യസങ്കടമെനിക്കരുതേ; എന്നെ
അധീരനെന്നാരുമപഹസിക്കരുതേ .... .... ലോക

(നളൻ പോകുന്നു.)

---

## രംഗം 2. വനമദ്ധ്യം

കല്യാണി— ചെമ്പട.

സുരനാഥവരൈഃ സുഖേന ജീവൻ
പരമാനന്ദ സുനിർവൃതോ നളോയം

---

വരുന്നതു കാലചക്രത്തിന്റെ ഗതിക്രമമനുസരിച്ചാണെന്നു പ്രസിദ്ധം. "നില്ക്കുന്നപാടേ നില്ക്കാതെ മേല്പുകീഴായ് ദശകൾ തിരികയാം ചക്രനേമിക്രമത്തിൽ" എന്ന മേഘസന്ദേശവാക്യം സ്മരിക്കുക.

ചരണം 3—പ്രതിദിനം=ദിവസംതോറും. നൈഷധൻ= നളൻ. നമസ്കുരുതേ=നമസ്കരിക്കുന്നു. പതിദേവത = ഭർത്താവിനെ ദൈവമെന്നു കരുതുന്നവൾ. അതിസങ്കടചാപലമെനിക്കരുതേ=അത്യധികമായ സങ്കടത്തിലും എനിക്ക് ചാപല്യം ഉണ്ടാകരുതേ. അധീരൻ=ധൈര്യമില്ലാത്തവൻ. ഒടുവിലത്തെ മൂന്നു വരികളിൽ സൂചിപ്പിച്ച മൂന്നു കാര്യങ്ങളാണ് നളൻ ലോകപാലന്മാരോടു നമസ്കാരപൂർവ്വം പ്രാർത്ഥിക്കുന്നതു്.

ശ്ലോകം—സുരനാഥവരൈഃ = ഇന്ദ്രാദിദേവന്മാരുടെ വരങ്ങൾ നിമിത്തം. സുഖേന ജീവൻ=സുഖമായി ജീവിക്കുന്നവനും. പരമാനന്ദസുനിർവൃതഃ=പരമാനന്ദംകൊണ്ടു നല്ലപോലെ തൃപ്തനും ആയ. സഃ അയം നളഃ = ആ ഈ നളൻ.

ഭവനേ വനതാം വനേ ഗൃഹത്വം
സ പുരാ നിശ്ചിനുതേ വിചാര്യ തത്വം.
(ചിന്താവിഷ്ടനായ നളൻ പ്രവേശിക്കുന്നു)

**നളൻ:—**

പല്ലവി.

ഘോരവിപിനമെന്നാലെഴുപാ,രിതാകിൽ നഗരം.

അനുപല്ലവി.

നാരിമാരും നവരസങ്ങളും
നയവും ജയവും ഭയവും വ്യയവും
നാട്ടുഭരിപ്പവരോട്ടു നടപ്പുള്ളു്.

---

തത്വം വിചാര്യ=തത്വത്തെപ്പററി ആലോചിച്ചിട്ടു്. ഭവനേ വനതാം വനേ ഗൃഹത്വം (ച) = ഭവന (ഗൃഹ) ത്തിൽ വനതയേയും വനത്തിൽ ഗൃഹത്വത്തേയും. പുരാ നിശ്ചിനുതേ=നിശ്ചയിച്ചു.

മുൻപറഞ്ഞ പ്രാർത്ഥനയുടെ ഫലമായി പ്രസാദിച്ച ഇന്ദ്രാദികൾ നല്കിയ വരങ്ങളുടെ ബലത്താൽ അനായാസേന ജീവസന്ധാരണം ചെയ്തു് കുറച്ചുകാലത്തെ വനവാസംകൊണ്ടു് അതിൽതന്നെ പരമാനന്ദം തേടി, പൂർണ്ണമായ അലംഭാവത്തെ കൈക്കൊണ്ട നളൻ, തത്വചിന്തയാൽ കാടു നാടാണെന്നും നാടു കാടാണെന്നും നിർണ്ണയിക്കുമാറായി എന്നു സാരം.

വൃത്തം— വസന്തമാലിക.

ലക്ഷണം—വിഷമേ സസജം ഗഗം സമത്തിൽ
സഭരേഫം യ വസന്തമാലികയ്ക്കു്.

ഭവനം വനവും വനം ഭവനവുമാകുന്നതെങ്ങനെയാണെന്നു് അടുത്ത പദംകൊണ്ടു് വിവരിക്കുന്നു.

പല്ലവി—ഘോരവിപിനമെന്നാൽ ഏഴു പാരു് = കൊടുങ്കാടു് എന്നു പറയേണ്ടതു് ഏഴു ലോകങ്ങളെയാകുന്നു. ഇതാകിൽ നഗരം=ഞാൻ ഇപ്പോൾ താമസിക്കുന്ന ഈ പ്രദേശം (വനപ്രദേശം) ആകട്ടേ, ഒരു നഗരമാകുന്നു.

ചരണം 1

അവടങ്ങൾ സങ്കടങ്ങൾ, അകമേ ദുഷ്ടമൃഗങ്ങൾ
അധികം ഭീതികരങ്ങൾ;
മനസാ വചസാ വിദിതം ഗദിതം;
കാമാദികൾതന്നെ നിനച്ചാൽ
ഭീമാകൃതിധാരികൾ വൈരികൾ .... .... ഘോര

അ: പ:—കാട്ടിൽ നഗരത്തിന്റെ അംഗങ്ങളായ സ്ത്രീകളും മററും ഇല്ലാത്തതിന്ന കാരണം പറയുന്നു: നാരിമാർ=സ്ത്രീകൾ നവരസങ്ങൾ=ശൃംഗാരാദി ഒൻപതു രസങ്ങൾ. (ശൃംഗാരം, കരുണം, വീരം, രൌദ്രം, ഹാസ്യം, ഭയാനകം, ബീഭത്സ, മത്ഭുതം, ശാന്ത, മെന്നിങ്ങു രസമൊൻപതു്.) നയം=നീതികൌടില്യം. ജയം = ദിഗ്ജയാദി. ഭയം = ശത്രുഭയം. വ്യയം=പണച്ചെലവു്. സ്ത്രീകളും അവരുടെ വിലാസങ്ങളും നീതികൌടില്യങ്ങളും ദിഗ്ജയങ്ങളും ശത്രുഭയവും പണച്ചെലവും നഗരത്തിന്റെ അംഗങ്ങളല്ല; നാട്ടഭരിക്കുന്നവരുടെ ഉപകരണങ്ങൾ മാത്രമാണു്. (നാട്ടഭരിക്കുന്നവരോട്ട നടപ്പുതു്=ഭരണകർത്താക്കളോട്ട ചേരുന്നവ.)

ചരണം 1—അവടങ്ങൾ=ഗുഹകൾ. സങ്കടങ്ങൾ=ദുർഗ്ഗമങ്ങൾ. ഭീതികരങ്ങൾ=ഭയങ്കരങ്ങൾ. ഈ കാട്ടിൽ ദുർഗ്ഗമങ്ങളായ ഗുഹകളും അവയ്ക്കുള്ളിൽ അത്യന്തം ഭയങ്കരങ്ങളായ പല ദുഷ്ടമൃഗങ്ങളും ഉണ്ടു്. മനസാ വിദിതം=മനസ്സുകൊണ്ടു് അറിയപ്പെട്ടതു്. വചസാ ഗദിതം=വാക്കുകൊണ്ട പറയപ്പെടുന്നു. ഉള്ളിൽ തോന്നിയതിനെ കപടം കൂടാതെ പുറത്തു പറയുന്നു എന്നു സാരം. നാട്ടിലെ ജനങ്ങൾക്കെന്നപോലെ, കാട്ടിലെ ഈ മൃഗങ്ങൾക്കു് അകത്തൊന്നു്, പുറത്തു മറെറാന്നു്, എന്നുള്ള കാപട്യം അറിഞ്ഞുകൂടാ എന്നു ഭാവം. പരമാത്ഥം ആലോചിച്ചു നോക്കിയാൽ, കാട്ടിലെ ദുഷ്ടമൃഗങ്ങളെക്കാൾ നാഗരികന്മാരുടെ കാമക്രോധാദി വികാരങ്ങളാണു് കൂടുതൽ ഭയങ്കരങ്ങളായ ശത്രുക്കളെന്നുള്ളതു നിസ്സംശയമത്രെ എന്നു വാക്യാത്ഥം. കാട്ടിൽ ഹിംസ്രമൃഗങ്ങളുണ്ടെന്നുള്ളതു ശരിതന്നെ; പക്ഷേ, അതു സ്പഷ്ടമായി അറിയാവുന്ന കാൎയ്യമാകയാൽ അത്ര അധികം ആപല്ക്കു

ചരണം 2

സദനങ്ങൾ ശോഭനങ്ങൾ, സാധു സഭാതലങ്ങൾ,
സരസങ്ങൾ, ഗഹനങ്ങൾ;
സജലാ സശിലാ തടിനീ ജനനീ;
രാജാന ഇമേ തരവോ ദ്രുധ-
മാജാനമനോരമഭൃതികൾ .... .... ഘോര

രമല്ല. നേരേമറിച്ച് പുറമേ ആശ്രിതഭാവം നടിച്ച് തഞ്ചം കിട്ടുമ്പോൾ വഞ്ചനച്ചെയ്യൊരുങ്ങുന്ന നയവഞ്ചകന്മാരാണ് അധികം ഭയങ്കരന്മാർ എന്നു വ്യംഗ്യം. താൻ സംരക്ഷിച്ചുപോന്ന പുഷ്കരൻ രാജ്യലോഭം നിമിത്തം സാധാരണമൎയ്യാദപോലും വെടിഞ്ഞു തന്നോടു പെരുമാറിയതിനെ ഉള്ളിൽ വെച്ചുകൊണ്ടായിരിക്കാം നളൻ ഇങ്ങനെ പറയുന്നതു്. മനുഷ്യൻെറ മനോഗുഹയ്ക്കകത്തിരിക്കുന്ന കാമക്രോധാദികളെ കാട്ടിലെ ഗുഹയ്ക്കകത്തിരിക്കുന്ന ദുഷ്ടമൃഗങ്ങളോടു് ഉപമിച്ചുകൊണ്ടാണു് കവിയുടെ വിചാരഗതി പുരോഗമിക്കുന്നതെന്നു തോന്നുന്നു.

"മനസാ വചസാ വിദിതം ഗദിതം" എന്ന വരി ഒരു ശബ്ദവാക്യമായിട്ടും കരുതാം. അങ്ങിനെയാകുമ്പോൾ "എൻെറ മനസ്സിൽ തോന്നിയതു ഞാൻ തുറന്നുപറയുകയാണു്" എന്നു നളൻ ഇടയ്ക്കു പറയുന്നതായി വ്യാഖ്യാനിക്കണം.

ചരണം 2—സദനങ്ങൾ = ഗൃഹങ്ങൾ. ശോഭനങ്ങൾ=മനോഹരങ്ങൾ. സാധുസഭാതലങ്ങൾ=നല്ല സഭാമണ്ഡപങ്ങൾ. ഗഹനങ്ങൾ=കാടുകൾ. സജലാ=വെള്ളമുള്ളതു്. സശിലാ = ശിലകളോടുകൂടിയതു്. തടിനി=നദി. ജനനി=അമ്മ. ആജാനമനോരമഭൃതികൾ=പ്രകൃത്യാതന്നെ മനോഹരങ്ങളായ പുഷ്പഫലാദിവിഭവങ്ങളോടുകൂടിയവ. ഇമേ തരവഃ=ഈ തരുക്കൾ (മരങ്ങൾ). രാജാനഃ ദ്രുധം=രാജാക്കന്മാർതന്നെ.

വനത്തിലെ ഓരോ ഭാഗങ്ങൾ നല്ല ഗൃഹങ്ങളുടേയും സഭാമണ്ഡപങ്ങളുടേയും സ്ഥാനം വഹിക്കുന്നു. നിൎമ്മലജലവും ഇടയ്ക്കിടയ്ക്കു പാറക്കല്ലുകളും ഉള്ള നദി മാതൃതുല്യതന്നെ. പുഷ്പഫലാദിവിഭവസമൃദ്ധങ്ങളായ കാട്ടിലെ ഉയൎന്ന വൃക്ഷങ്ങൾ

ചരണം 3

ദുരിതങ്ങൾ ദൂരിതങ്ങൾ; ദോഷങ്ങൾ ദൂഷിതങ്ങൾ;
അതിമോഘങ്ങളഘങ്ങൾ.
അധുനാ വിധിനാ കരുണാഗുരുണാ
മേലേ വരുമാധികൾ മാഞ്ഞിതു
കാലേന ചിരേണ നമുക്കിഹ .... .... ഘോര
(നളൻ വിചാരമഗ്നനായിരിക്കുന്നു)

---

ക്കും, പ്രകൃത്യാതന്നെ ഗംഭീരന്മാരും വിഭവസമ്പന്നന്മാരുമായ മഹാരാജാക്കന്മാർക്കും അതിൽ എന്താണൊരു വ്യത്യാസമുള്ളതു്?

ചരണം 3—ദുരിതങ്ങൾ=പാപങ്ങൾ. ദൂരിതങ്ങൾ = അകന്നവ. ദോഷങ്ങൾ=കുററങ്ങൾ; കാമക്രോധാദികൾ. ദൂഷിതങ്ങൾ=ദൂഷിപ്പിക്കപ്പെട്ടവ. (ദോഷങ്ങൾക്കു ദോഷം സംഭവിച്ചു=ദോഷങ്ങളെല്ലാം നശിച്ചു.) അതിമോഘങ്ങൾ=തീരെ നിഷ്ഫലങ്ങൾ. അഘങ്ങൾ=പാപങ്ങൾ. അധുനാ = ഇപ്പോൾ. കരുണാഗുരുണാ വിധിനാ=ഏററവും ദയാലുവായ വിധിനിമിത്തം. മേലേ വരുമാധികൾ=ഒന്നിനു പിന്നാലേ മറെറാന്നു് എന്ന നിലയിൽ വന്നിരുന്ന ദുഃഖങ്ങൾ. മാഞ്ഞിതു=മാഞ്ഞുപോയി. ചിരേണ കാലേന=വളരെക്കാലംകൊണ്ടു്.

ഇപ്പോൾ വളരെക്കാലം കഴിഞ്ഞു് വിധിക്കു് എൻെറ നേരേ കരുണ തോന്നിയതിൻെറ ഫലമായി എൻെറ ദുരിതങ്ങളെല്ലാം അകലുകയും കാമക്രോധാദി മനോദോഷങ്ങൾ നശിക്കുകയും പാപങ്ങളെല്ലാം നിഷ്ഫലങ്ങളായിത്തീരുകയും ചെയ്തിരിക്കുന്നു. തുടരെത്തുടരെ വന്നുകൊണ്ടിരുന്ന ദുഃഖങ്ങളെല്ലാം അസ്തമിക്കുകയും ചെയ്തു. ഇപ്പോൾ വിരക്തിമാർഗ്ഗത്തിൽ മനസ്സു പ്രവേശിക്കയാലാണു് തനിക്കു് ഈ അവസ്ഥാന്തരം വന്നതെന്നാണു് നളൻ സ്ഥാപിക്കുന്നതു്. ഭൗതികമായ നഷ്ടം ഒരു നഷ്ടമല്ലെന്നും, മാനസികമായ തുഷ്ടിയാണു് പരമാനന്ദത്തിനു നിദാനമെന്നും, അതു തനിക്കു കൈവന്നിരിക്കുന്നതിനാൽ നാടും കാടും തമ്മിൽ യാതൊരു ഭേദവും താൻ കാണുന്നില്ലെന്നും, ഒരുവിധം നോക്കിയാൽ കാടാണു് നാടിനേക്കാൾ ഭേദമെന്നും

ഭൈരവി—ചെമ്പട

അങ്ങോടിങ്ങോട്ടുഴന്നും വിപിനഭുവി തള-
ൎന്നും വിചാരം കലന്നും
തുംഗാതങ്കം വളൎന്നും തൃണതതിഷു കിട-
ന്നും സുരേന്ദ്രാന്നിരന്നും
തിങ്ങും ഖേദം മറന്നും ദിവസമനു നട-
ന്നീടുമന്നൈഷധേന്ദ്രൻ
വൻകാട്ടിൽ കാട്ടുതീതൻ നടുവിലൊരു ഗിരം
കേട്ടു വിസ്പഷ്ടവൎണ്ണാം.

(തിരശ്ശീലയ്ക്കുള്ളിൽനിന്നു് അടുത്ത പദം പാടുന്നു; അരങ്ങത്തിരിക്കുന്ന നളൻ അതു ചെവിയോൎത്തു കേൾക്കുന്നു.)

പല്ലവി

അന്തികേ വന്നീടേണം
അഴലെ നീ തീൎത്തീടേണം

---

സ്ഥാപിച്ചു് നളൻ സ്വയം സമാധാനിക്കയാണിവിടെ ചെയ്യുന്നതു്.

ശ്ലോകം—അങ്ങോടിങ്ങോട്ടു് = അങ്ങോട്ടുമിങ്ങോട്ടും. വിപിനഭുവി=കാട്ടിൽ. വിചാരം കലന്നു്=ആലോചനയിൽ മുഴുകി. തുംഗാതങ്കം=വൎദ്ധിച്ച ദുഃഖം. തൃണതതിഷു = പുൽക്കൂട്ടത്തിൽ. സുരേന്ദ്രാൻ=ദേവശ്രേഷ്ഠന്മാരോടു്. ഇരന്നു്=പ്രാൎത്ഥിച്ചു്. ഖേദം=ദുഃഖം. ദിവസമനു=ദിവസംതോറും. ഗിരം=ഗീരിനെ; വാക്കിനെ. വിസ്പഷ്ടവൎണ്ണ=നല്ലപോലെ സ്പഷ്ടങ്ങളായ വൎണ്ണ (അക്ഷര) ങ്ങളോടുകൂടിയതു്. (ഇതു ഗിരം എന്നതിൻെറ വിശേഷണമാകുന്നു.)

വൃത്തം—സ്രഗ്ദ്ധര.

ലക്ഷണം—ഏഴേഴായ് മൂന്നു ഖണ്ഡം മരഭനയയയം
സ്രഗ്ദ്ധരാവൃത്തമാകും.

പല്ലവി—അന്തികേ = അടുക്കൽ. അഴലെ = സങ്കടത്തെ. നീ എൻെറ അടുക്കൽവന്നു സങ്കടം തീൎത്തുതരണമേ.

അനുപല്ലവി

എന്തിവണ്ണമെന്മൊഴി നീ
കേട്ടീലയോ പുണ്യകീർത്തേ? .... അന്തി

ചരണം 1

കാട്ടുതീയിൽ പതിച്ചേനേ,
കലിയല്ലയ്യോ! വേകുന്നേനേ,
കൂട്ടിക്കൊണ്ടു പോക താനേ;
കുശലം തവ വൈരസേനേ! .... അന്തി

ചരണം 2

വെന്തു ദേഹം പാതി; പോരും,
വിധിവശന്മാരെല്ലാപേരും;
ബന്ധു നീയൊഴിഞ്ഞില്ലാരും;
വിവശത മേ നിന്നാൽ തീരും .... അന്തി

ചരണം 3

നിന്നുടന്തം ഭൈമീജാനേ!
ദിഖിലവും ഞാനറിഞ്ഞേനേ;

---

അ: പ:—എന്തിവണ്ണം? = എന്താണിങ്ങിനെ ഉദാസീനനായിരിക്കുന്നതു്? എൻമൊഴി = എൻെറ വാക്കു്. പുണ്യകീർത്തി=പുണ്യചരിതൻ.

ചരണം 1—പതിച്ചേനേ=ഞാൻ പതിച്ചുപോയി. വേകുന്നേനേ=ഞാൻ വെന്തുകൊണ്ടിരിക്കുന്നു. കൂട്ടിക്കൊണ്ടുപോക താനേ=അങ്ങു തന്നത്താൻ വന്നു എന്നെ കൂട്ടിക്കൊണ്ടു പോവുക. വൈരസേന തവ കുശലം=അല്ലയോ വീരസേനപുത്രനായ നളമഹാരാജാവേ! അങ്ങേയ്ക്കു് ക്ഷേമം. എന്നെ രക്ഷിക്കുന്നതു് അങ്ങയുടെ നന്മയ്ക്കായിത്തീരും എന്നർത്ഥം.

ചരണം 2—വെന്തു ദേഹം പാതി=എൻെറ ദേഹത്തിൽ പകുതി ഭാഗവും വെന്തുപോയി. പോരും=അമാന്തിച്ചതു മതി. നീയൊഴിഞ്ഞു്=നീയല്ലാതെ മേ വിവശത നിന്നാൽ തീരും=എൻെറ വിവശത നീ നിമിത്തമായിട്ടേ തീരുകയുള്ളൂ.

മന്ദിക്കൊല്ലാ മയി ദീനേ
മരണവേദനാതിഗ്മനേ .... .... അന്തി

---

## രംഗം 3. വനമദ്ധ്യം

ശങ്കരാഭരണം—മുറിയടന്ത

"പേടിക്കേണ്ടാ വരുവനരികേ വൻ-
കൊടുംകാട്ടുതീയിൽ
ചാടിക്കൊണ്ടാലൊരു ഭയമെനി-
ക്കില്ല, ഞാൻ തൊട്ടവർക്കും;
കൂടിക്കണ്ടാലുടനഴലൊഴി-
ച്ചീടുവേ"നെന്നു ചൊല്ലി-
ത്തേടിക്കണ്ടോരുരഗപതിയോ-
ടൂചിവാൻ നൈഷധേന്ദ്രൻ.

(കാർക്കോടകൻ തീയിൽപ്പെട്ട നിലയിൽ പ്രത്യക്ഷനാകുന്നു)

---

ചരണം 3—നിന്നുദന്തം=നിന്റെ വർത്തമാനം. ഭൈമീജാനേ=ദമയന്തിയുടെ ഭർത്താവേ! (ഭൈമീജാനി എന്നാണു് നാമരൂപം. ഭൈമി ജായയായിട്ടുള്ളവൻ എന്നു വിഗ്രഹം.) നിഖിലം=എല്ലാം. മന്ദിക്ക=അമാന്തിക്ക. ദീനേ മയി=ദുഃഖിതനായ ഞാൻ. മരണവേദനാതിഗ്മനേ=മരണവേദനയാൽ വല്ലാതെ കഷ്ടപ്പെടുമ്പോൾ. (വിഷയസപ്തമി)

ശ്ലോകം—"ഈ വിളിച്ചുപറഞ്ഞതു് ആരായാലും അയാൾ പേടിക്കേണ്ട ആവശ്യമില്ല. ഞാൻ ഇതാ പുറപ്പെട്ടുകഴിഞ്ഞു. ഉടനെ അടുത്തെത്തും. വലിയ കാട്ടുതീയിൽ ചാടുന്നതിനു പോലും എനിക്കു യാതൊരു പേടിയുമില്ല. അതുപോലെ കാട്ടുതീയുടെ നടുവിലായാലും ഞാൻ തൊടുന്നവർക്കും പേടിക്കേണ്ട ആവശ്യമില്ല. എന്നെ വിളിച്ചു നിലവിളിച്ച ആളെ നേരേ കണ്ടെത്തിയാൽ ഉടനെതന്നെ ദുഃഖത്തിൽനിന്നു മോചിപ്പിക്കാം" എന്നു വിളിച്ചുപറഞ്ഞുകൊണ്ടു്, വെന്തുകൊണ്ടിരിക്കുന്ന കാട്ടിൽ കടന്നു് അന്വേഷിച്ചു കണ്ടുപിടിക്കപ്പെട്ട സർപ്പരാജ

**നളൻ:—**(കണ്ടിട്ട്) പല്ലവി

കത്തുന്ന വനശിഖിമദ്ധ്യഗനാരെടോ നീ?
തത്വമേവ വദ മേ.

അനുപല്ലവി

ചത്തുപോമിവിടെയെന്നു നീ നിനയ്ക്കേണ്ട;
ശാപംകൊണ്ടോ ചതികൊണ്ടോ ചാപലംകൊണ്ടോ?

ചരണം 1

എരിഞ്ഞ തീയിൽനിന്നല്ലിനി വേണ്ട സല്ലാപം;
ഇരുന്നുകൊള്ളുക എൻെറ ചുമലിൽ നീ ഗതതാപം;
അറിഞ്ഞതെങ്ങനെ നീ നൈഷധനെന്ന പേരേ?
പറഞ്ഞിടേണമിപ്പോഠം ആരെന്നുള്ളതും നേരേ.

ചരണം 2

ഭുജംഗമെന്നു തോന്നി രൂപംകൊണ്ടു നിന്നെ;
വിശങ്കയെന്തെന്നല്ലീ, അതു ചൊല്ലാം പിന്നെ;

---

(കാർക്കോടക) നോട്ട് നളൻ ഇങ്ങിനെ പറഞ്ഞു.

വൃത്തം — മന്ദാക്രാന്ത.

ലക്ഷണം — മന്ദാക്രാന്താ മഭനതതഗം നാലുമാറേഴുമായ്ഗം

പല്ലവി — വനശിഖിമദ്ധ്യഗൻ=കാട്ടുതീയുടെ നടുവിൽപ്പെട്ടവൻ. തത്വം=പരമാർത്ഥം. വദ=നീ പറയുക.

അ: പ:—ശാപാദികളിൽ ഏതുകൊണ്ടാണ് നിനക്ക് ഈ ആപത്തു വന്നതു്? എന്നു വാക്യം പരിപ്പിക്കണം. ഏതുകൊണ്ടായാലും തരക്കേടില്ല; ഞാൻ നിന്നെ രക്ഷിച്ചുകൊള്ളാം എന്നു വ്യംഗ്യം.

ചരണം 1—സല്ലാപം=സംഭാഷണം. ഗതതാപം=സങ്കടംകൂടാതെ. പേരേ=പേർതന്നെ.

ചരണം 2—ഭുജംഗം=സർപ്പം. വിശങ്ക=സംശയം. വനവഹ്നേഃ ഭൃശം ആപദം ഗതഃ അസി നൂനം=കാട്ടുതീയിൽനിന്നു

ഭൃശം ഗതോസി നൂനമാപദം വനവഹ്നേ
രുജം കളഞ്ഞു പറഞ്ഞീടണം നേരുതന്നേ.

ചരണം 3

എന്നുടെ കഥകളെങ്ങനെ നീയറിഞ്ഞു?
നന്നു നിന്മഹിമ നമുക്കു തിരിഞ്ഞു;
എന്നോടെന്തു മറവിന്നു തുനിഞ്ഞു?
ചൊന്ന മൊഴിയാൽ നിന്നെ ഞാൻ
ദിവ്യനെന്നറിഞ്ഞു .... .... കത്തുന്ന

(തിരശ്ശീല)

---

നീ വളരെ ആപത്തിനെ പ്രാപിച്ചിരിക്കുകയാണല്ലോ. രുജം=ദുഃഖത്തെ.

ചരണം 3—നിൻമഹിമ=നിന്റെ മാഹാത്മ്യം. തിരിഞ്ഞു=മനസ്സിലായി. എന്നോ............നിഞ്ഞു=എന്റെ അടുക്കൽ എന്തിനാണ് സത്യം മറച്ചുവെക്കാൻ ശ്രമിച്ചതു്. 'ചൊന്ന മൊഴി' എന്നതുകൊണ്ടു നളൻ വിവക്ഷിക്കുന്നതു് മുൻപു കാർക്കോടകൻ വിളിച്ചുപറഞ്ഞ 'നിന്നുദന്തം ഭൈമീജാനേ' എന്നു തുടങ്ങിയ വാക്യമാകുന്നു.

തന്റെ കഥകൾ മുഴുവൻ കാർക്കോടകൻ അറിഞ്ഞതെങ്ങനെയാണെന്നു നളൻ അത്ഭുതപ്പെടുന്നു. രണ്ടായാലും സർപ്പം അസാധാരണമായ മഹത്വത്തോടുകൂടിയതാണെന്നു് അതിൽ നിന്നു നളൻ അനുമാനിക്കുന്നു. സ്വന്തം വിവരം തുറന്നുപറയാത്തതെന്തുകൊണ്ടാണെന്നു് അല്പം പരിഭവത്തോടുകൂടിത്തന്നെ ആ രാജാവു സർപ്പരാജനോടു ചോദിക്കുന്നു. താൻ വീരസേനന്റെ പുത്രനാണെന്നും ദമയന്തിയുടെ ഭർത്താവാണെന്നും മറ്റും ധരിച്ചുവെച്ചിട്ടുള്ള ആ സർപ്പം ഒരു ദിവ്യനാണെന്നു്— സാധാരണക്കാരനല്ലെന്നു്—തനിക്കു മനസ്സിലായതായി നളൻ വ്യക്തമായി പറയുന്നു.

## രംഗം 4. വനമദ്ധ്യം

ഗൌളിപന്തു — ചെമ്പട

ദഹനമോചിത ഏഷ മഹീഭുജാ
ദശപദശ്രവണേ കൃതദംശനഃ
വിഷധരാധിപതിർവ്വിഗതജ്വരോ
നിഷധരാജമശാദ്വികൃതാകൃതിം.

---

ശ്ലോകം—മഹീഭുജാ=രാജാവിനാൽ. ദഹന മോചിതഃ= അഗ്നിയിൽനിന്നു മോചിപ്പിക്കപ്പെട്ടവനും. വിഗതജ്വരഃ=വേദ നശമിച്ചവനും ആയ. ഏഷഃ വിഷധരാധിപതിഃ=ഈ സർപ്പ രാജാവു്. ദശപദശ്രവണേ കൃതദംശനഃ='ദശ' എന്ന വാക്കു കേട്ടപ്പോൾ കടിച്ചിട്ടു്. വികൃതാകൃതിം നിഷധരാജം=വിരൂപ നായിത്തീൎന്ന നളനോടു്. അശാൽ=ശാസിച്ചു; പറഞ്ഞു.

'ദശപദശ്രവണേ കൃതദംശനഃ' എന്ന പാദത്തിൽ വിപു ലമായ ഒരൎത്ഥമാണു് കവി സംഗ്രഹിച്ചിരിക്കുന്നതു്. കാട്ടുതീ യിൽനിന്നു രക്ഷിക്കപ്പെട്ട സർപ്പം, 'ഒന്നു് രണ്ടു് മൂന്നു് എ ന്നെണ്ണിക്കൊണ്ടു് ക്രമത്തിൽ പത്തടി നടന്നാൽ നിനക്കു ഞാൻ ഒരു ഉപകാരം ചെയ്യാം' എന്നു നളനോടു് പറഞ്ഞു. അതനു സരിച്ചു് നളൻ ഏകം, ദ്വേ, ത്രീണി, എന്നിങ്ങനെ സംഖ്യാ പദങ്ങൾ ഉച്ചരിച്ചുകൊണ്ടു് അടികൾ വെച്ചുതുടങ്ങി. പത്തു് എന്നൎത്ഥമുള്ള 'ദശ' എന്ന പദം കേട്ടപ്പോൾ സർപ്പം പെട്ടെന്നു നളനെ കടിച്ചു വിരൂപനാക്കിത്തീൎത്തു. 'ദശ' എന്നതു സം ഖ്യാപദമായും ക്രിയാപദമായും എടുക്കാം. ക്രിയാപദമായാൽ 'നീ കടിക്കുക' എന്നൎത്ഥം വരും. സംഖ്യാപദമെന്നു കരുതി നളൻ ഉച്ചരിച്ച ആ വാക്കു് ക്രിയാപദമാക്കിയെടുത്താണു് സർ പ്പം കടിച്ചതു്. കാരണംകൂടാതെ കടിക്കുന്നതു് ഉത്തമസർപ്പ ങ്ങളുടെ ധൎമ്മമല്ലത്രെ. ഇങ്ങനെയൊരു കാരണമുണ്ടാക്കി കടി ച്ചതാകട്ടേ, നളനിൽ അധിവസിക്കുന്ന കലിയെ നശിപ്പിക്കാ നും നളൻെറ സൌന്ദൎയ്യത്തെ തൽക്കാലത്തേക്കു മറയ്ക്കുവാനും വേണ്ടിയായിരുന്നു.

വൃത്തം—ദ്രുതവിളംബിതം

ലക്ഷണം—ദ്രുതവിളംബിതമാം നഭവും ഭരം.

(അനന്തരം കാർക്കോടകനും, കൃതഘ്നനെന്നു കരുതി അവൻെറ നേരെ കോപത്തോടും വെറുപ്പോടും നോക്കിക്കൊണ്ട് നളനും പ്രവേശിക്കുന്നു)

**കാർക്കോടകൻ:**—(അനുനയഭാവത്തിൽ)

പല്ലവി

നൈഷധേന്ദ്ര! നിന്നോടു ഞാൻ
നേരുതന്നെ ചൊല്ലാം

അനുപല്ലവി

വൈഷമ്യമായി മമ
വല്ലതഹോ വിധി ജഗതി .... നൈഷധ

ചരണം 1.

മതി മതി വിശങ്ക തവ; മമ ജനനി കദ്രുവല്ലൊ;
മഹിമാതിരേകത്തിനു മന്ദത പിണഞ്ഞു മമ.

ചരണം 2

ഊർക്കരമഹിവരരിൽ കാർക്കോടകാഖ്യനഹം,
ഓർക്കേണമൊരു മുനിയെ മാർഗ്ഗേ ചതിച്ചിതഹം.

---

പല്ലവി—നൈഷധേന്ദ്രൻ=നിഷധരാജ്യത്തെ രാജാക്കന്മാരിൽവെച്ചു ശ്രേഷ്ഠൻ.

അ: പ:—വൈഷമ്യം=ബുദ്ധിമുട്ട്; കഷ്ടപ്പാട്. മമ=എനിക്ക്. ജഗതി വിധി വല്ലതു്=ലോകത്തിൽ വിധി വളരെ വല്ലതു (ശക്തിമത്തു) തന്നെ. എനിക്കു വലിയ കഷ്ടപ്പാടുണ്ടായി; ലോകത്തിൽ വിധി വളരെ ശക്തിമത്താണല്ലൊ. വിശേഷത്തെ സാമാന്യംകൊണ്ടു സമർത്ഥിക്കുന്നതിനാൽ **അലങ്കാരം അർത്ഥാന്തരന്യാസം**

ചരണം 1—വിശങ്ക=സംശയം. ജനനി=അമ്മ. മഹിമാതിരേകം=തികഞ്ഞ മാഹാത്മ്യം. മന്ദത=കുറവു്.

ചരണം 2—ഊർക്കരം = ശക്തിയുള്ള. അഹി = സർപ്പം. കാർക്കോടകാഖ്യൻ=കാർക്കോടകൻ എന്നു പേരുള്ളവൻ.

ചരണം 3

വാച്ചും കോപംപൂണ്ടു മുനി ദീർഘമൊരു ശാപംതന്നു
പോക്കുമഴൽ നളനെന്നു മോക്ഷവഴിയരുളി പിന്നെ

ചരണം 4

ചാപല്യജാതമിഹ ശാപവുമകന്നു മമ;
തേ പകരം ചെയ്തതുള്ളിൽ കോപകരമല്ലറിക.

ചരണം 5

നിന്നഴൽക്കു മൂലം കലി വന്നകമേ വാഴുന്നവൻ;
എന്നുടെ വിഷമേററു നിന്നെയവൻ വിടുമുടനെ.

ചരണം 6

നിന്നെയറിയരുതൊരുവ-
രെന്നിട്ടു നിന്നുടൽ മറച്ചു
പിന്നെ നീ ഈ തുകിലുടുക്കിൽ
നിന്നുടൽ നിനക്കു വരും

(നളനു് വസ്ത്രം സമ്മാനിക്കുന്നു)

---

ചരണം 3––വാച്ചും=വളർന്നു. (നിനക്കു കിടക്കുന്ന ദിക്കിൽനിന്നു നീങ്ങാൻ കഴിയാതെ പോകട്ടെ എന്നായിരുന്നു ശാപം.) പോക്കുമഴൽ നളൻ=നളൻ ദുഃഖം തീർക്കും. മോക്ഷവഴി=ശാപമോക്ഷത്തിനുള്ള മാർഗ്ഗം.

ചരണം 4––ചാപല്യജാതം = ചാപല്യത്താലുണ്ടായതു്. ഇഹ=ഇവിടെ; ഇപ്പോൾ. തേ=അങ്ങയ്ക്കു്. കോപകരം=കോപിക്കത്തക്കതു്.

ചരണം 5––നിന്നഴൽക്കു മൂലം=നിനക്കുവന്ന ദുഃഖത്തിനു കാരണം.

ചരണം 6––നിന്നെയറിയരുതൊരുവരെന്നിട്ടു് = നിന്നെ ആരും തിരിച്ചറിയരുതു് എന്നു വിചാരിച്ചു്. നിന്നുടൽ മറച്ചു= നിൻെറ ദേഹത്തിൻെറ ആകൃതി മറച്ചതാണു്. തുകിൽ=വസ്ത്രം. നിന്നുടൽ നിനക്കു വരും=നിൻെറ ശരീരത്തിൻെറ പൂർവ്വരൂപം നിനക്കു വീണ്ടു കിട്ടും.

**നളൻ:—**

(വസ്ത്രം വാങ്ങി സവിനയം കാർക്കോടകനെ വണങ്ങിക്കൊണ്ടു്)

പല്ലവി

കാദ്രവേയകുലതിലക! നിൻ
കാൽത്തളിരേ കൂപ്പുന്നേൻ.

അനുപല്ലവി

ആർദ്രഭാവം നിന്മനക്കാമ്പിൽ
ആവോളം വേണമെന്നിൽ

ചരണം 1

മാമകദശകളെല്ലാം മനസ്സുകൊണ്ടു കണ്ടു നീ താൻ
ധീമതാം വര! കടിച്ചു; ദേഹം മറച്ചുപോയ് മ-
[റെറാന്നായി
രൂപമെല്ലാം; വേറെയൊന്നായ് കേൾക്കണമേ
നാമധേയം; അവനി നീളെ സഞ്ചാരമിനിയാം;
[പ്രീതോഹം .... കാദ്ര

---

പല്ലവി—കാദ്രവേയകുലതിലക=കാദ്രവേയന്മാരുടെ (സർപ്പങ്ങളുടെ) കുലത്തിനു പൊട്ടായിട്ടുള്ളവനേ!

അ: പ:—ആർദ്രഭാവം=അലിവു്; ദയ. ആവോളം=വേണ്ടുവോളം.

ചരണം 1—മാമകദശകൾ=എൻെറ അവസ്ഥകൾ. ധീമതാം വര=ബുദ്ധിമാന്മാരിൽവെച്ചു ശ്രേഷ്ഠനായവനേ! ദേഹം........മെല്ലാം=എൻെറ പണ്ടത്തെ രൂപമെല്ലാം അപ്രത്യക്ഷമാകയും അതിൻെറ സ്ഥാനത്തു് മറെറാന്നു പ്രത്യക്ഷപ്പെടുകയും ചെയ്തിരിക്കുന്നു. വേറെ........ധേയം=എൻെറ പേരും ഒന്നു മാററണമേ. അവനി നീളെ=ഭൂമി മുഴുവൻ. സഞ്ചാരമിനിയാം=ഇനി സഞ്ചരിക്കാം. പ്രീതഃ+അഹം=ഞാൻ സന്തുഷ്ടനായിരിക്കുന്നു.

എൻെറ ഇന്നത്തെ സ്ഥിതിഗതികളെല്ലാം നല്ലപോലെ മനസ്സിലാക്കീട്ടാണു് ബുദ്ധിമാനായ അങ്ങു് എന്നെ കടി

ചരണം 2

സജ്ജനസമാഗമത്താൽ സകല ജനങ്ങൾക്കുമുണ്ടാം
സജ്ജനിഫലമെന്നല്ലോ സത്യവാചകം
സജ്വരനായ് നിന്നെക്കണ്ടു;
മിക്കതും വിപിനത്തിൽനിന്നു്
ഇജ്ജനത്തിനഴൽ തീൎന്നു;
പോയാലുമറിയാ കണ്ടോരും .... കാരു

ചരണം 3

ഇന്ദുമൌലിഹാരമേ! നീ
ഒന്നിനി എന്നോടു ചൊല്ലു,
എന്നെനിക്കുണ്ടാവു യോഗം
ഖിന്നയാം തയാ? മുന്നെപ്പോലെ
മന്ദിരത്തിൽ ചെന്നു വാണുകൊള്ളുവാനും?

---

ച്ചതു്. അതിന്റെ ഫലമായി എന്റെ ആകൃതിതന്നെ മാറിപ്പോയിരിക്കുന്നു; ഞാൻ പുതിയ ഒരാളായിത്തീൎന്നിരിക്കുന്നു. പുതുതായി ഒരു പേരുംകൂടി അങ്ങുതന്നെ വിളിച്ചാൽകൊള്ളാമെന്നപേക്ഷ. ഞാൻ ഇതുവരെ നാട്ടിൽ കടക്കാൻ നാണിച്ചു കഴിച്ചുകൂട്ടുകയായിരുന്നു. ഇനി അതിന്റെ ആവശ്യമില്ല. പുതിയ വേഷത്തിൽ പുതിയ പേരിൽ എനിക്കു് ഇനി എവിടെയും സഞ്ചരിക്കാം. വളരെ സന്തോഷമായി എന്നു സാരം.

ചരണം 2--സജ്ജനസമാഗമം = നല്ല ആളുകളുമായുള്ള ചേൎച്ച. സജ്ജനിഫലം=ജന്മസാഫല്യം. സജ്വരൻ=ദുഃഖിതൻ. വിപിനം=കാടു്. മിക്കതും വിപിനത്തിൽനിന്നു് ഇജ്ജനത്തിന് അഴൽതീൎന്നു=കാട്ടിൽവെച്ചുതന്നെ എന്റെ സങ്കടം മിക്കതും തീൎന്നു. പോയാലും അറിയാ കണ്ടോരും = ഇനി നാട്ടിലേക്കു പോയാലും ആരുംതന്നെ എന്നെ കണ്ടു തിരിച്ചറിയുകയില്ല.

ചരണം 3--ഇന്ദുമൌലിഹാരം = ചന്ദ്രചൂഡനു് മാലയായിട്ടുള്ളവൻ. (ശിവൻ സൎപ്പഭൂഷണനാണല്ലോ.) ഖിന്നയാ

എന്നിയെ അറിയാമെന്നാകിൽ
ചൊല്ലണമെല്ലാം നാഗേന്ദ്ര! .... കാര

**കാർക്കോടകൻ**

നാട്ടക്കുറിഞ്ഞി—ചെമ്പട

പല്ലവി

ചിന്തിതമചിരാൽ വരുമേ നിനക്കൊ-
രന്തരായമില്ല നൃപതേ!

അനുപല്ലവി

അന്തരംഗേ തവ വാഴുന്നവൻ കലി
വെന്തുനീറിടുന്നു മേ വിഷശിഖിനാ .... ചിന്ത

ചരണം 1

ഏതെന്നാകിലുമിവൻ വിടുമുടനേ; പിന്നെ
നീ തന്നെ വേണം തവ ഗുണഘടനേ;
പേതന്നെ തോന്നുന്നു മിഹ ഗഹനേവിട്ടു
ഭൂതനായകനെ നീ ഭജ മൂഢനെ;

---

തയാ എനിക്കു യോഗം എന്നുണ്ടാവൂ?=ദുഃഖിതയായ ആ ദമയന്തിയോടുള്ള സമാഗമം എനിക്ക് എന്നാണുണ്ടാവുക? രാജധാനിയിൽ ചെന്നു താമസിക്കാനുള്ള യോഗവും എന്നാണുണ്ടാവുക? എന്നിയേ=ഇതല്ലാതെയും. ഇതിന്നുപുറമേ വല്ലതും കൂടുതലായി അറിയാമെങ്കിൽ അതും സദയം എന്നെ അറിയിക്കണമേ? നാഗേന്ദ്രൻ=സപ്പശ്രേഷ്ഠൻ.

പല്ലവി—ചിന്തിതം=വിചാരിച്ച കാൎയ്യം. അചിരാൽ=താമസിയാതെ. അന്തരായം=തടസ്സം.

അ: പ:—അന്തരംഗേ = ഉള്ളിൽ. മേ വിഷശിഖിനാ=എൻെറ വിഷാഗ്നിയാൽ.

ച: 1—ഏതെങ്കിലും=എങ്ങനെയായാലും. ഗുണഘടനേ =ഗുണം ചേർക്കുന്നതിൽ; നിനക്കു ഗുണം വരുവാൻ നീ തന്നെ യത്നിക്കേണ്ടിയിരിക്കുന്നു. പേ = ഭ്രാന്ത്. (നായ

സാകേതം തന്നിലേ പോയ് ഋതുപർണ്ണനെ
നീ കണ്ടു സേവകനായ് വാഴ്ക ഗൂഢം,
ശോകമിണ്ടലതുമൂലമായി, വൈകാ-
തേകണ്ടു ഭവിക്കുമേ സംഗതിയും ഭൂപാല!

ചരണം 2

ബാഹുജഭാവത്തെ നീ നീക്കിക്കൊള്ളു; ഇനി
ബാഹുകനെന്നു പേരുമാക്കിക്കൊള്ളു;
സാകേതപതിയെ സ്വാമിയാക്കിക്കൊള്ളു പാർത്താൽ
സാധുതയവനേ ഇന്നു മഹിയിലുള്ളു;

---

കന്നു ജീവിതത്തിൽ സംഭവിച്ച നിർവ്വേദത്തെയാണ് കവി ഈ വാക്കുകൊണ്ടു് സൂചിപ്പിക്കുന്നതു്.) ഇഹ ഗഹനേ=ഈ കാട്ടിൽ വെച്ചു്. ഭൂതനായകനെ മൃഡനേ=ഭൂതേശനായ (അഥവാ സകല ചരാചരങ്ങളുടേയും നാഥനായ) ശിവനെ. (ഭൂതനായകനായ മൃഡനെ എന്നതാണ് ഭാഷാശൈലി. വാരിയർ സംസ്കൃതശൈലിയെ അനുകരിച്ചു വിശേഷണവിശേഷ്യങ്ങൾക്കു വിഭക്തിപ്പൊരുത്തം ചെയ്തിരിക്കുന്നു. ഇതിനെപ്പററി അവതാരികയിൽ പറഞ്ഞിട്ടുള്ള ഭാഗം ശ്രദ്ധിക്കുക.) സാകേതം=അയോദ്ധ്യ. ഗൂഢം = യഥാർത്ഥസ്ഥിതി വെളിപ്പെടുത്താതെ. ഇണ്ടൽ=ദുഃഖം. സംഗതി=സമാഗമം. (ദുഃഖനിവൃത്തനായ അങ്ങയെ ഞാൻ താമസിയാതെ വീണ്ടും കണ്ടുകൊള്ളാം എന്ന അർത്ഥം മാത്രമേ ഇവിടെ പറയാൻ നിവൃത്തിയുള്ളു. പക്ഷേ, നളൻ കാർക്കോടകനെ പിന്നീടു കണ്ടതായി കഥയിൽ പറഞ്ഞു കാണുന്നില്ല. 'അസ്തു പുനർദ്ദർശനം' എന്നു പറയുന്നതുപോലെ ഒരു വെറും ഉപചാരവാക്കായി ഇതിനെ സ്വീകരിക്കണം. 'ദമയന്തിയോടുള്ള സമാഗമവും നിനക്കുണ്ടാകും' എന്നർത്ഥം പറഞ്ഞാലും തരക്കേടില്ല.)

ചരണം 2--ബാഹുജഭാവം = ക്ഷത്രിയത്വം സാകേതപതി=അയോദ്ധ്യയിലെ രാജാവായ ഋതുപർണ്ണൻ. സ്വാമി=യജമാനൻ. സാധുത=സജ്ജനത്വം. അക്ഷമൻ=അശക്തൻ. (അശ്വഹൃദയവും അക്ഷഹൃദയവും രണ്ടു മന്ത്രങ്ങളാകുന്നു. അശ്വ-

വിശ്വാസഭാജനമായ് വന്നാൽ പിന്നെ
അശ്വഹൃദയമവനായ് നൽകീടുകിൽ,
അക്ഷഹൃദയം വശമായ് വരും തവ;
അക്ഷമനാം കലിയുമകന്നൊഴിയും .... .... ചിന്തിത

ചരണം 3.

വന്നൊരു മുനിവരശാപമതും, വന-
വഹ്നിയിൽ വീണു മമ ദാഹമതും,
നിന്നോടെനിക്കു വന്ന യോഗമിതും നൃപ!
പിന്നെയും നമ്മളിലെ സല്ലാപമിതും,
നിത്യമായ് ചിന്തിപ്പവർ ഭൂലോകത്തിൽ
അത്യന്തം മോദിപ്പവരെന്നുള്ളതും,
സത്യം മയാ കഥിതം; പോക നീയും; എങ്കിൽ
അസ്തു പുനർദ്ദർശനം രിപുകർശന!.... .... .... ചിന്തിത

(രണ്ടു പേരും തമ്മിൽ പിരിയുന്നു.)

---

ഹൃദയം സിദ്ധിവരുത്തിയവനു കുതിരകളെ അതിവേഗത്തിൽ ഓടിക്കാൻ കഴിയും. അക്ഷഹൃദയം സിദ്ധിവരുത്തിയാൽ ചൂതുകരുക്കളുടെ ഗണന എളുപ്പം നിർവ്വഹിക്കാം. അവനെ ആർക്കും ചൂതിൽ തോല്പിക്കാൻ സാധിക്കയുമില്ല.)

ച: 3—മുനിവരശാപം=മഹർഷിശ്രേഷ്ഠൻെറ ശാപം. സല്ലാപം=സംഭാഷണം. മയാ കഥിതം=എന്നാൽ പറയപ്പെട്ടതു്. ഭൂയാൽ=ഉണ്ടാകട്ടെ. പുനർദ്ദർശനം ഭൂയാൽ=വീണ്ടും തമ്മിൽ കാണാൻ ഇടവരട്ടെ. രിപുകർശനൻ=ശത്രുമർദ്ദനൻ.

## രംഗം 5 അയോദ്ധ്യാ പുരി

നാട്ടക്കുറിഞ്ഞി-ഏകതാളം

നളോ ലബ്ധ്വാ വാസോയുഗളമഗള-
 ദ്ധൈര്യവിഭവഃ
ശിവോദർക്കാം ജാനൻ വിപദമപി
 കാർക്കോടകമുഖാൽ
അഥ ധ്യായൻ ജായാം കതിപയദിനൈഃ
 പ്രാപ്യ ച പുരീ-
മയോധ്യാമാലോക്യ ക്ഷിതിപമൃതുപർണ്ണം
 കഥിതവാൻ

(അനന്തരം ഇരുന്നുകൊണ്ടു് ഋതുപർണ്ണനും, അടുക്കെ വന്ദിച്ചു നിന്നുകൊണ്ടു് ജീവലവാർഷ്ണേയന്മാരും പ്രവേശിക്കുന്നു.)

**ബാഹുകൻ:**–(പ്രവേശിച്ചുകൊണ്ടു്)

പല്ലവി

ഋതുപർണ്ണധരണീപാല! നീ ജയിക്കേണം;
ഉപകർണ്ണയ മേ വചനം

---

ശ്ലോകം–നളഃ വാസോയുഗളം ലബ്ധ്വാ=നളൻ (കാർക്കോടകൻ നല്കിയ) രണ്ടു വസ്ത്രങ്ങൾ ലഭിച്ചിട്ടു്. കാർക്കോടകമുഖാൽ വിപദം അപി ശിവോദർക്കാം ജാനൻ=കാർക്കോടകന്റെ വാക്കിൽനിന്നു് തനിക്കു പററിയ ആപത്തുപോലും ഭാവിയിൽ ശുഭഫലപ്രദമായിത്തീരുമെന്നു മനസ്സിലാക്കി. അഗളദ്ധൈര്യവിഭവഃ=ധൈര്യം കൈവെടിയാതെ. ജായാം ധ്യായൻ=ഭാര്യയെ ധ്യാനിച്ചുകൊണ്ടു്. അഥ കതിപയദിനൈഃ അയോദ്ധ്യാം പുരീം പ്രാപ്യ ച=പിന്നീടു് ഏതാനും ദിവസങ്ങൾകൊണ്ടു് അയോദ്ധ്യാപുരിയെ പ്രാപിച്ചിട്ടു്. ഋതുപർണ്ണം ക്ഷിതിപം ആലോക്യ=ഋതുപർണ്ണരാജാവിനെ കണ്ടു്. കഥിതവാൻ=പറഞ്ഞു. (നളനു് അയോദ്ധ്യയിലെത്താൻ പത്തുദിവസം വേണ്ടിവന്നു എന്നാണു് മഹാഭാരതത്തിൽ പറഞ്ഞിട്ടുള്ളതു്. വാരിയർ 'കതിപയദിനൈഃ' എന്നു പറഞ്ഞു സൂത്രത്തിൽ കഴിച്ചുകൂട്ടിയിരിക്കുന്നു.)

അനുപല്ലവി

അതിചണ്ഡരിപുഷണ്ഡഗളഖണ്ഡനപണ്ഡിത-
ഭുജദണ്ഡ, ഖലദണ്ഡധര, മണ്ഡിതഭൂഖണ്ഡ!

ചരണം 1

ധരിക്കേണമെന്നെ നീ സൂതനെന്നു്, ആകിൽ
ഭരിക്കേണമേ തന്നു വേതനം; തേരിൽ
ചരിക്കേണമൊരിക്കലെന്നിരിക്കിലോ തവ
സാരഥിഭാവം തേടുന്നേനാജ്ഞാപുഷ്പം ചൂടുന്നേൻ;
വാജികളെ ഭരിച്ചുകൊള്ളുവേൻ,
ജാതിതിരിച്ചു ചൊല്ലുവേൻ;
ഭീതി കളവേൻ, ഗതിഭേദങ്ങൾ
കുറവെന്യേ പഠിപ്പിപ്പേൻ .... ഭുജ

ചരണം 2

എനിക്കില്ലെന്നറിക കുടുംബവും, ഇന്നു
നിനയ്ക്കിൽ, നീയൊഴിഞ്ഞവലംബവും; പാരിൽ

---

വൃത്തം—ശിഖരിണി
ലക്ഷണം—യതിക്കാറിൽ തട്ടും യമനസഭലം ഗം ശിഖരിണി

പല്ലവി— ഉപകർണ്ണയ=ചെവികൊണ്ടാലും.

അ. പ:—അതി..................ദണ്ഡ=അതി ചണ്ഡന്മാരായ (അത്യന്തം ക്രൂരന്മാരായ) രിപുഷണ്ഡ (ശത്രുസമൂഹ)ത്തിന്റെ ഗളഖണ്ഡനത്തിൽ [കഴുത്തറുക്കുന്നതിൽ] പണ്ഡിതങ്ങളായ [സമർത്ഥങ്ങളായ] ഭുജദണ്ഡങ്ങളോടുകൂടിയവൻ. ഖലദണ്ഡധരൻ = ദുഷ്ടന്മാർക്കു കാലനായിട്ടുള്ളവൻ. മണ്ഡിതഭൂഖണ്ഡൻ=ഭൂഖണ്ഡത്തെ അലങ്കരിക്കുന്നവൻ.

ച. 1—സൂതൻ = സാരഥി. ആകിൽ = കഴിയുമെങ്കിൽ. വേതനം = ശമ്പളം. സാരഥിഭാവം = സാരഥ്യം. ആജ്ഞാപുഷ്പം=ആജ്ഞയാകുന്ന പുഷ്പം. വാജികൾ=കുതിരകൾ. ഗതിഭേദങ്ങൾ=പല പ്രകാരത്തിലുള്ള ഓട്ടങ്ങൾ.

ച: 2—അവലംബം=ആശ്രയം. അർക്കൻ = സൂര്യൻ. തപം = പരമാർത്ഥം. കിങ്കരൻ = ഭൃത്യൻ. ശിവകിങ്കരൻ=

അരിക്കന്റെ കുലമലങ്കരിക്കുന്ന നിന്നുടെ
കീർത്തികേട്ടുവന്നുഞാൻ, തത്വം ചൊന്നേനിന്നു ഞാൻ;
ബാഹുകനെന്നെനിക്കു പേർ
കൃപയെന്നിൽ ജനിക്കുമാകിലോ
ഭൂപ! തവ കിങ്കരനെന്നോർക്ക,
ശിവകിങ്കരനന്യഥാ .... .... ഋതു

ചരണം 3

അനുകമ്പാ യദി തവ മാനസേ, എനി-
ക്കനുമതി തരിക മഹാനസേ; കേര-
മരിചലവണാദികളരിയും തരികിൽ
പോരും മമ ഭൂപതേ! മാരോപമിതാകൃതേ!
താനേതന്നെ വിറകും കൊണ്ടുവന്നു ഞാൻ കറിയും
ചോറുമുണ്ടാക്കിക്കുറവെന്നിയേ
വിളമ്പി നിരവധിജനമൂട്ടാം .... ഋതു

**ഋതുപർണ്ണൻ:-**

വസന്തഭൈരവി ചെമ്പട

പല്ലവി

വസ വസ സൂത! മമ നിലയേ സുഖം
ബാഹുക സാധുമതേ!

---

ശിവഭക്തൻ (എനിക്കു വേറെ യാതൊരു ഗതിയുമില്ല. അങ്ങു ഉപജീവനത്തിനുവേണ്ട പ്രതിഫലം തരികയാണെങ്കിൽ, ഇ വിടെ ഒരു ഭൃത്യനായി കഴിഞ്ഞുകൊള്ളാം; അങ്ങ് അതിനൊരു ക്കമില്ലെങ്കിൽ, ശിവനെ സേവിച്ച് കാലം കഴിക്കയേ എ നിക്കു നിവൃത്തിയുള്ളു.)

ച: 3 — തവ മാനസേ അനുകമ്പാ യദി=അങ്ങയുടെ മന സ്സിൽ ദയ തോന്നുന്നുണ്ടെങ്കിൽ. മഹാനസേ=മടപ്പിള്ളിയിൽ; പാചകശാലയിൽ. കേരമരിചലവണാദികൾ=നാളികേരം, മു ളക്, ഉപ്പ് മുതലായവ. മാരോപമിതാകൃതി=കാമനോടു തുല്യ മായ ആകൃതിയോടുകൂടിയവൻ.

വസു നിനക്കിന്നു തന്നേനസുഭരണോചിതം;
വാത്സല്യമെനിക്കു നിന്മേൽ .... .... വസ വസ

ചരണം 1

രഥവും കുതിരകളും നീതാൻ പരിപാലിക്കേണം;
രസികൻ ഞാനെന്നതു നീ ബോധിക്കേണം;
ഘൃതവും മധു ഗുളവും ക്ഷീരവും നിനക്കധീനം;
പചിക്കേണം, ഭൂസുരരെ ഭുജിപ്പിക്കേണം;
'എന്നെ രക്ഷിക്ക' എന്നു ചൊന്നാലുപേക്ഷിക്കുന്നാ-
തെന്നുടെ കുലത്തിലുണ്ടോ? .... .... വസ വസ

ചരണം 2

ഇവന്റെ പേർ ജീവലനെ,ന്നിവന്റെപേർവാർഷ്ണേയനെ-
ന്നിവരിരുവരും മമ സാരഥികൾ;
ഇവരുടെ ഗൃഹംതന്നെ നിനക്കു ഗൃഹമറിക;
ഇവർ നല്ല സൌജന്യവാരിധികൾ;
പകലോ മഹാനസത്തിൽ പാകവൈയഗ്ര്യമല്ലോ;
നിശി പോയ് നിലയനേ വാഴ്ക നീ .... വസ

---

പല്ലവി_ സാധുമതേ സൂത ബാഹുക! മമ നിലയേ സുഖം വസ=നല്ലവനും തേരാളിയുമായ അല്ലയോ ബാഹുക! നീ എന്റെ ഗൃഹത്തിൽ സുഖമായി താമസിച്ചാലും.

അ: പ: —വസു=ധനം. അസുഭരണോചിതം=ജീവിക്കാൻ വേണ്ടതു്.

ച: 1— ഘൃതം=നെയ്യ്. മധു = തേൻ. ഗുളം = ശക്കര. ക്ഷീരം=പാൽ. ഭൂസുരരെ=ബ്രാഹ്മണരെ.

ച: 2.—സൗജന്യവാരിധികൾ=സൗജന്യത്തിന്റെ സമുദ്രങ്ങൾ; വളരെ നല്ലവർ. പാകവൈയഗ്ര്യം=ദേഹണ്ണത്തിരക്കു്. നിശി=രാത്രിയിൽ. നിലയനേ=വീട്ടിൽ.

ചരണം 3

ദ്രുതതരഗതി മമ കുതിരകൾക്കേതും പോരാ;
അതിനിരുവക്കമില്ല ചതുരതയും;
ഇതരകുതിരകളെ അതിശയിച്ചതിരയം
കുതിരകൾക്കുപദേശിക്ക മധുരതയും.
പ്രതിരഥരാമരികൾ ചതുരതയാ വരികിൽ
വിധുരതയേതുമരുതേ .... .... വസ വസ

(തിരശ്ശീല)

---

## രംഗം 6. ജീവലൻെറ വസതി

തോടി— ചെമ്പട.

പ്രീതിപ്രദേസ്മിൻ ഋതുപർണ്ണരാജേ
സ്ഫീതപ്രകാശേ നിഷധൌഷധീശേ
നിശാന്തശാന്തേ തത ആവിരാസീ—
ച്ചോന്താമൃതാ വാങ്മയകൌമുദീയം.

---

ച: 3— ദ്രുതതരഗതി = വേഗത്തിലുള്ള ഓട്ടം. ചതുരത= സാമർത്ഥ്യം. ഇതരകുതിരകൾ=മററു കുതിരകൾ. അതിശയിച്ച= കവച്ചുവെക്കത്തക്ക. അതിരയം=വർദ്ധിച്ച വേഗം. മധുരത= സ്വഭാവഗുണം. പ്രതിരഥർ = എതിർത്തു യുദ്ധംചെയ്യാൻ വരുന്നവർ. അരികൾ=ശത്രുക്കൾ. ചതുരതയാ=സാമർത്ഥ്യത്തോടുകൂടി. വിധുരത=പരവശത; പരുങ്ങൽ.

ശ്ലോകം—അസ്മിൻ ഋതുപർണ്ണരാജേ പ്രീതിപ്രദേ=ഈ ഋതുപർണ്ണരാജാവു് സന്തോഷത്തെ നൽകിക്കൊണ്ടിരുന്ന കാലത്തു് (വിഷയസപ്തമി). സ്ഫീതപ്രകാശേ നിഷധൌഷധീശേ നിശാന്തശാന്തേ=വർദ്ധിച്ച പ്രകാശത്തോടുകൂടിയ നിഷധൌഷധീശൻ (നിഷധരാജ്യചന്ദ്രൻ നളൻ.) [ഇതുവരെ നളൻ തീരെ നിഷ്പ്രഭനായിട്ടാണല്ലോ കഴിഞ്ഞുകൂടിയതു്. കാർക്കോടകൻെറ വാക്കനുസരിച്ചു് പ്രവൃത്തിച്ചുതുടങ്ങിയതിനുശേഷം നളൻ

വീണ്ടും പണ്ടത്തെ നളനായിത്തീരുകയാണ്. അതാണിവിടെ പ്രകാശശബ്ദംകൊണ്ടു സൂചിപ്പിക്കുന്നതു്.] നിശാന്തത്തിൽ (ഗൃഹത്തിൽ) ശാന്തനായിരിക്കുമ്പോൾ. (മറ്റൊരു വിഷയസപ്തമി) തതഃ=അവനിൽനിന്നു്. വാന്താമൃതാ ഇയം വാങ്മയകൗമുദീ=അമൃതൊഴുകുന്ന ഈ വാക്കുകളാകുന്ന ചന്ദ്രിക. ആവിരാസീൽ=ആവിർഭവിച്ചു.

ഋതുപർണ്ണൻ, സൂതവൃത്തിയിലും സൂദവൃത്തിയിലും ഏർപ്പെട്ടത്തി സുഖജീവിതത്തിനു വേണ്ടതെല്ലാം നല്കി നളനെ സന്തോഷിപ്പിച്ചു. അങ്ങനെയിരിക്കുന്ന കാലത്തു് ഒരു ദിവസം ദമയന്തീധ്യാനരൂപമായ പ്രകാശം വീണ്ടുകിട്ടിയ നളൻ, പകലത്തെ ജോലിത്തിരക്കെല്ലാം കഴിഞ്ഞു് രാത്രി അടങ്ങിയൊതുങ്ങി ഒരിടത്തിരുന്നപ്പോൾ, അമൃതൊഴുകുന്നതുപോലെ മധുരവും മനോഹരവുമായ താഴെപറയുന്ന വാക്കുകൾ അവനിൽനിന്നു പുറപ്പെട്ടു.

നിശാശബ്ദത്തിനു് രാത്രിസമയമെന്നും, സംഹിതപ്രകാശശബ്ദത്തിനു് വലിയ പ്രകാശത്തോടുകൂടിയവനെന്നും, അർത്ഥമെടുത്തു് വിശേഷണങ്ങളെല്ലാം ചന്ദ്രനോടു യോജിപ്പിച്ചും അർത്ഥം പറയാം. വാന്താമൃതാ, കൗമുദി എന്നീ പദങ്ങൾ ആ അർത്ഥത്തിൽ കൂടുതൽ യോജിക്കയുംചെയ്യും. ചന്ദ്രൻ അമൃതകിരണനാകയാൽ കൗമുദി 'വാന്താമൃത'യാകുന്നതിൽ ഔചിത്യം കൂടുതലുണ്ടല്ലോ: ഇങ്ങിനെ ഒരർത്ഥംകൂടി കരുതിക്കൊണ്ടുതന്നെയാണ് കവി, നളൻ എന്ന അർത്ഥത്തിൽ നിഷധൌഷധീശശബ്ദം പ്രയോഗിച്ചിട്ടുള്ളതു്. പൂർവ്വകാലാപേക്ഷയാ സന്തുഷ്ടനായ നളന്റെ മുഖത്തുനിന്നു മധുരമായ ഒരു വാക്കു പുറപ്പെട്ടതിനെ, വസന്തകാലത്തിൽ പ്രസന്നനായിരിക്കുന്ന ചന്ദ്രനിൽനിന്നു് അമൃതുചൊരിയുന്ന പൂനിലാവു പ്രസരിക്കുന്നതായി രൂപണം ചെയ്കയാണ് കവി ഇവിടെ ചെയ്തിട്ടുള്ളതു്.

വൃത്തം — ഉപജാതി.

ലക്ഷണം — കേളിന്ദ്രവജ്രയ്ക്കു തതം ജഗം ഗ-
മുപേന്ദ്രവജ്രയ്ക്കു ജതം ജഗം ഗം
അത്രേന്ദ്രവജ്രാഖ്യയുപേന്ദ്രവജ്ര
കലർന്നുവന്നാലുപജാതിയാകും.

അനന്തരം ചിന്താക്രാന്തനായി ഇരുന്നുകൊണ്ടു ബാഹുകനും അടുത്തായി ഉറങ്ങിക്കിടക്കുന്ന നിലയിൽ ജീവലനും പ്രവേശിക്കുന്നു.

**ബാഹുകൻ:—**

പല്ലവി.

വിജനേ ബത! മഹതി വിപിനേ നീയുണർന്നിന്ദു-
വദനേ! വീണെന്തു ചെയ്‌വൂ കദനേ?

അനുപല്ലവി

അവനേ ചെന്നായോ? ബന്ധു-
ഭവനേ ചെന്നായോ ഭീരു?
എന്നു കാണുമിനിന്ദുസാമ്യരുചിമുഖ-
മെന്നു പൂർണ്ണമനിന്ദ്യകാമ്യമുടലഹം? .... വിജ

---

പല്ലവി——വിജനേ മഹതി വിപിനേ=ആൾസ്സഞ്ചാരം തീരെയില്ലാത്ത വൻകാട്ടിൽ. കദനേ വീണു്=ദുഃഖത്തിൽ മുഴുകി. നീ എന്തുചെയ്‌വൂ?=നീ എന്താണു ചെയ്യുന്നതു്? അഥവാ, നീ എന്തു ചെയ്തിരിക്കാം?

അ: പ:——അവനേ ചെന്നായോ? (കാട്ടിൽ നിന്നു) രക്ഷിക്കാൻ ചെന്നായയാണോ? (ഭയങ്കരവും ഹിംസ്രമൃഗപൂരിതവുമായ ആ കാട്ടിൽ നിന്റെ രക്ഷയ്ക്കായി ആരാണുള്ളതു്? 'അവനം' എന്നതിനു് 'വനമല്ലാത്ത ദിക്കു്' എന്നർത്ഥമെടുത്തു് 'നീ കാടുവിട്ടു് വല്ല നാട്ടുംപുറത്തും ചെന്നിരിക്കുമോ?' എന്നു ചിലർ അർത്ഥംപറഞ്ഞുകാണുന്നു. ആ അഭിപ്രായവും ചിന്ത്യമാണു്.) ബന്ധുഭവനേ=ബന്ധുഗൃഹത്തിൽ. ചെന്നായോ?=നീ ചെന്നിരിക്കുമോ? (ചെന്നായ് എന്നതു തമിഴിൽ മദ്ധ്യമപുരുഷൈക വചന ക്രിയാരൂപമാണു്. അതിനോടുകൂടി 'ഓ' എന്ന സംശയവാചിയായ നിപാതം ചേർത്തതാണു് 'ചെന്നായോ' എന്ന രൂപം. നീ ചെന്നുവോ എന്നർത്ഥം. 'കണ്ടായോ' എന്നു തുടങ്ങിയ എന്നുതുടങ്ങിയ എഴുത്തച്ഛന്റെ പ്രയോഗങ്ങളും നോക്കുക) ഭീരു=ഭയശീല. ഇന്ദുസാമ്യമുഖം = ചന്ദ്രനോടു സാമ്യം

ചരണം 1.

ദയിതേ ലഭിപ്പതെന്തങ്ങയി തേ വിശക്കുന്നേരം?
മയി ദേവി മായാമോഹശയിതേ!
അരുതേ ശിവ! ശിവ! സുചരിതേ നിന്നെ നിനപ്പാൻ
കീരവാണി ഭൈരവാണി സാരവ-
ഫേരവാണി ഘോരകാനനാനി ച .... വിജ

---

വാഹിക്കുന്ന മുഖം. എന്നു പൂണ്മൻ=എന്നാണു കെട്ടിപ്പുണരാൻ സാധിക്കുന്നതു്? ഇന്ദ്രകാമ്യം ഉടൽ = ഇന്ദ്രനുപോലും കാമിക്കത്തക്ക (നിന്റെ) ദേഹം.

ച: 1—മയി=എങ്കൽ. മായാമോഹശയിതേ = മായാമോഹംകൊണ്ടു മയങ്ങിയവളേ! (എന്നെ രക്ഷകനായി കരുതി, എന്നിൽത്തന്നെ ത്രികരണങ്ങളേയും സമർപ്പിച്ചു്, വരാവുന്നതിനെപ്പറ്റി ഒന്നും ചിന്തിക്കാതെ, സുപ്തപ്രായമായ ജീവിതം നയിച്ചിരുന്നവളേ! എന്നർത്ഥം. അങ്ങനെയുള്ള ഒരുവളെ ഉപേക്ഷിച്ചതു് ഏറ്റവും ആക്ഷേപാർഹമായിപ്പോയി എന്നു സൂചിപ്പിക്കുന്നതിനുവേണ്ടിയായിരിക്കണം കവി ഈ സംബോധന പ്രയോഗിച്ചതു്. അടുത്ത വരികൾ ഈ അഭിപ്രായത്തെ പിൻതാങ്ങുന്നുമുണ്ടു്.) അല്ലയോ കീരവാണി (കിളിമൊഴി) യായ സുചരിതേ! നിന്നെയും ആ വൻകാടുകളേയും (ഘോരകാനനാനി ച) ഒന്നിച്ചു് ഓർക്കാൻ കഴിയുന്നില്ലതന്നെ. (നിനപ്പാൻ അരുതേ) ഭൈരവാണി, സാരവഫേരവാണി, എന്ന രണ്ടു പദങ്ങളും കാനനങ്ങളുടെ വിശേഷണങ്ങളാണു്. ഭൈരവങ്ങൾ=ഭയങ്കരങ്ങൾ. സാരവഫേരവങ്ങൾ = സാരവങ്ങളായ (ആരവത്തോടുകൂടിയ) ഫേരവങ്ങൾ (കുറുക്കന്മാർ) ഉള്ളവ. കീരവാണിയായ നിന്നെയും കുറുക്കന്മാർ ഓരിയിട്ടുകൊണ്ടിരിക്കുന്ന ആ കൊടുങ്കാടുകളേയും ഒന്നിച്ചു് ഓർക്കാൻപോലും കഴിയുന്നില്ല. അങ്ങനെയുള്ള ഭയങ്കരവനത്തിലാണല്ലോ നിന്നെ ഞാൻ ഉപേക്ഷിച്ചതു് എന്നു വ്യംഗ്യം.)

ചരണം 2—ഗുരുജഘന=കനത്ത ജഘനമുള്ളവൾ. നീലനയന=നീലങ്ങളായ നയനങ്ങളോടുകൂടിയവൾ. മദമന്ഥരഗമന=മദംകൊണ്ടു മന്ദമായി നടക്കുന്നവൾ. ഗഹനേ സങ്കടങ്ങൾക്കു സഹന = കാട്ടിൽവെച്ചു പല സങ്കടങ്ങളും സഹി

ചരണം 2

വ്യസനേപി തവ ഗുരുജഘനേ! കുശലം നീല-
നയനേ! മദമന്ഥരഗമനേ!
ഗഹനേ സന്താപങ്ങൾക്കു സഹനേ? ശിഷ്യരല്ലയോ
ഹരിണപാളി കരിവരാളി?—ഇവർ തവ
തരുവരേഷു തരുവരേഷു പൂജകൾ .... വിജ്

ചരണം 3

ഉരഗാഭരണനെന്നിൽ ഉരുകാരുണ്യമുണ്ടെങ്കിൽ
നരകാദി ഭയമില്ലെന്നറിക;

---

ച്ചവൾ. [ഈ നാലു പദങ്ങളും ദമയന്തിയെ വിശേഷിപ്പിക്കുന്ന വിളിരൂപങ്ങളാകുന്നു. ഗുരുജഘനയും നീലനയനയും മദമന്ഥരഗമനയും വ്യസനസഹനയും ആയ അല്ലയോ ദമയന്തീ (തവ വ്യസനേ അപി കുശലം) നിനക്കു് ദുഃഖത്തിലും ക്ഷേമംതന്നെ എന്നു് അർത്ഥയോജന. കാട്ടിൽ വ്യസനിച്ചു കഴിയുമ്പോഴും നിനക്കു് ആശ്വാസത്തിനു വഴിയുണ്ടെന്നർത്ഥം.] ആശ്വാസത്തിനുള്ള കാരണം പറയുന്നു:— ഹരിണപാളിയും (മാൻകൂട്ടവും) കരിവരാളിയും (ആനത്തലവന്മാരും) നിന്റെ ശിഷ്യരായിട്ടുണ്ടല്ലോ. ഇവർ (മാനുകളും ആനകളും) ഏഷു തരുവരേഷു (ഈ വൻമരങ്ങളിൽ) തവ് പൂജകൾ തരുവർ (നിന്നെ പൂജിക്കും; ആരാധിക്കും.) കാട്ടിലെ മാനുകൾ ചടുലനോട്ടവും ആനകൾ മന്ദഗമനവും ദമയന്തിയിൽനിന്നാണു പഠിച്ചതു് എന്നു സിദ്ധവൽക്കരിച്ചുകൊണ്ടുള്ളതാണു് ഈ പ്രയോഗം. നീ പേടിച്ചു ക്ഷീണിച്ചു് കാട്ടിൽ വന്മരങ്ങളുടെ ചുവട്ടിലിരിക്കുമ്പോൾ, മേല്പറഞ്ഞ ശിഷ്യവൃന്ദം, തങ്ങൾ അഭ്യസിച്ച വിദ്യ ഭംഗിയായി പ്രദർശിപ്പിച്ചു നിന്നെ സന്തോഷിപ്പിക്കും. താൻ പഠിപ്പിച്ച വിദ്യയിൽ ശിഷ്യർ പ്രദർശിപ്പിക്കുന്ന പ്രാവീണ്യം ഗുരുജനങ്ങൾക്കു സന്തോഷകാരണമാണല്ലോ. നീലനയന, മദമന്ഥരഗമന എന്ന രണ്ടു വിശേഷണങ്ങൾ പ്രയോഗിച്ചിട്ടുള്ളതു് ആ രണ്ടു വിഷയങ്ങളിൽ ഗുരുസ്ഥാനം വഹിക്കുന്നതിനുവേണ്ട യോഗ്യത ദമയന്തിക്കുണ്ടെന്നു കാണിക്കുന്നതിനാണു്.

തെരിയാഞ്ഞോ ഞാനും നിന്നെ
ഭരിയാഞ്ഞോ? നിനക്കില്ലേ
വൃത്തശുദ്ധി, വിഷ്ണുഭക്തി, മയ്യൊരു
ഭർത്തൃബുദ്ധി, കൃത്യസക്തിയും തുണ? .... വിജ

(വിചാരമഗ്നനായി ഇരിക്കുന്നു)

തിരശ്ശീല.

---

## രംഗം 7. ജീവലൻെറ വസതി

പന്തുവരാളി

ചിന്തയന്തമിതി ചേതസി കാന്താം
തദ്വിയോഗവിധുരം നിഷധേന്ദ്രം
ജീവലോ രഹസി ജാതു സഹാസോ
ജീവലോകസുഖദം തമവാദീൽ.

---

ച: 3—ഉരഗാഭരണൻ=സർപ്പഭൂഷണൻ; ശിവൻ. ഉരുകാരുണ്യം=വർദ്ധിച്ച കരുണ. എനിക്കു് ഇക്കാര്യത്തിൽ പാപഭയമില്ലെന്നർത്ഥം. തിരിയാഞ്ഞോ=ഒന്നും തിരിയാതെയാണൊ? ഭരിയാഞ്ഞു=ഭരിക്കാതിരുന്നതു്. (ഞാൻ ഒന്നും അറിയാതെയല്ല നിന്നെ ഉപേക്ഷിച്ചുപോന്നതു് എന്നർത്ഥം.) വൃത്തശുദ്ധി=പാതിവ്രത്യനിഷ്ഠ. മയി=എന്നിൽ. പാതിവ്രത്യനിഷ്ഠ, ഈശ്വരഭക്തി, ഞാൻതന്നെയാണ ഭർത്താവെന്നുള്ള ദൃഢവിശ്വാസം, കൃതശ്രദ്ധ, ഇവയെല്ലാം നിനക്കു തുണയായിട്ടില്ലേ? ഇതിലധികം എന്തൊരു രക്ഷയാണു് ഒരു സ്ത്രീക്കു വേണ്ടതു്?

ശ്ലോകം—ഇതി ചേതസി കാന്താം ചിന്തയന്തം=ഇപ്രകാരം മനസ്സിൽ ഭാര്യയെപ്പററി വിചാരിക്കുന്നവനും. തദ്വിയോഗവിധുരം=അവളുടെ വേർപാടുകൊണ്ടു വിഹ്വലനും. ജീവലോകസുഖദം തം നിഷധേന്ദ്രം=സകലർക്കും സുഖമരുളുന്നവനും ആയ ആ നളനോടു്. ജാതു=ഒരിക്കൽ. രഹസി=ആരുമില്ലാത്ത സ്ഥലത്തുവെച്ചു്. ജീവലഃ=ജീവലൻ. സഹാസഃ = ചിരിച്ചുകൊണ്ടു്. അവാദീൽ=പറഞ്ഞു.

ബാഹുകൻെറ രാത്രിതോറമുള്ള വിലാപത്തിനു വിഷയമായ ആ കാമിനി ഏതാണെന്നു ജീവലൻ ചോദിക്കുന്നു.

**ജീവലൻ:—**

പല്ലവി

അവളേതൊരു കാമിനി? ഹേ ബാഹുക!

തവ യാ ധൃതിശമനീ .... .... അവളേ

അനുപല്ലവി

സവിചാരം നിയതം പരിദേവിതം

യൽകൃതേ നിശി നിശി .... .... .... .. അവളേ

**ബാഹുകൻ:—**

[ഈ ചോദ്യംകേട്ടു പെട്ടെന്നു് പരിഭ്രമിക്കുന്നു; എങ്കിലും ധൈര്യം കൈക്കൊണ്ടു്]

സൌരാഷ്ട്രം—മുറിയടന്ത—പല്ലവി

സ്വൈരവചനം സ്വകൃതരചനം ഭണിതം ജീവല!

---

വൃത്തം—സ്വാഗത.

ലക്ഷണം—സ്വാഗതയ്ക്കു രനഭം ഗുരു രണ്ടും.

പല്ലവി—യാ തവ ധൃതിശമനീ അവാം = യാതൊരുവളാണോ നിൻെറ ധൈര്യത്തെ കെടുത്തുന്നതു് അവാം; നിൻെറ ധൈര്യത്തെ കെടുത്തുന്ന ആ സുന്ദരി ഏതാണു്?

അ: പ:—നിയതം=എന്നും. നിശി നിശി=രാത്രിതോറം സവിചാരം=ആലോചനയോടുകൂടിയുള്ള. പരിദേവിതം = വിലാപം. യൽ കൃതേ=യാതൊരുത്തിക്കുവേണ്ടി. എന്നും രാത്രി വിചാരമഗ്നനായിരുന്നു നീ വിലപിക്കുന്നതു് ഏതൊരു സ്ത്രീയെ ഓർത്താണോ ആ സുന്ദരി ഏതാണു്?

പ:—സ്വകൃതരചനം=സ്വയം രചിക്കപ്പെട്ട. സ്വൈരവചനം=വിനോദത്തിനുവേണ്ടിയുള്ള വാക്യം. ഭണിതം=പറയപ്പെട്ടതു്. വിനോദത്തിനുവേണ്ടി തന്നെത്താനുണ്ടാക്കിയ ഒരു പാട്ടാണു് ഞാൻ പാടിയതു്.

അനുപല്ലവി

ആരെന്നറിയേണ്ട, കേളൊരു മാനവൻ
ആരാനോട്ടും പറഞ്ഞു തൻവ്യസനം .... സ്വൈര

ചരണം 1

കേൾക്കിലുണ്ടേ കൗതൂഹലം;
പാർക്കിലവൻ സാധുശീലൻ
മയ്ക്കണ്ണാളുമായ് കേവലം വിളയാടിനകാലം
ഉണ്ടായിവന്നിതൊരുമൂലം കണ്ടറിവാൻ മൃഗശീലം,
തെണ്ടുവാനും ഫലമൂലം; കണ്ടവരാർ വിധിദുശ്ശീലം?

**ജീവലൻ:—**

ചരണം 2

നീയും നിന്നുടെ തരുണിയും അഭി-
പ്രായാനുകൂലമമായം
പലർകൂടിക്കളിയാടിത്തളിർ ചൂടി
സുഖമായ് വനം തേടി
ക്രീഡയാ നടന്നളവിൽ, അന്നവളെ
വെടിഞ്ഞോനോ നടന്നോനോ സ്മയവാനോ
ധൃതിമാനോ നീ താനേ പിന്നെ-
ക്കിടന്നിതു നിനച്ചുഴൽ വഹസി വിലപസി .... അവ

---

അ: പ:—ഒരാൾ—അതാരാണെന്നു് പറയാനൊന്നുമില്ല—തന്റെ സങ്കടം മറ്റൊരാളോടു പറയുന്ന രീതിയിൽ ഞാൻ എഴുതിയിട്ടുള്ളതാണു് ആ പദം.

ച: 1—പാർക്കിൽ = വാസ്തവം ആലോചിച്ചാൽ. സാധുശീലൻ=സൽസ്വഭാവി. മയ്ക്കണ്ണാൾ=സുന്ദരി. കേവലം=അല്ലലൊഴിഞ്ഞു്. വിളയാടുക=ക്രീഡിക്ക. മൂലം=കാരണം. സാധുശീലനായ ഒരാൾ കാമിനിയുമായി സുഖിച്ചിരിക്കുമ്പോൾ മൃഗങ്ങളുടെ സ്വഭാവം കണ്ടറിയുവാനും ഫലമൂലങ്ങൾ തെണ്ടുവാനും ഇടയായി. വനവാസം ചെയ്യേണ്ടിവന്നു എന്നു സാരം. 'വിധിയുടെ വക്രത ആർക്കറിയാം?'

**ബാഹുകൻ:-**

ചരണം 3

പൂരിത ധനസന്ദോഹം ദൂരവേ വെടിഞ്ഞു ഗേഹം
ഭൂരിദുഷ്ടമൃഗസമൂഹം പുക്കു വനനിവഹം
സാപി നാരീ സവ്യാമോഹം
കൈവെടിഞ്ഞാൾ കാന്തദേഹം;
സമ്പത്തുണ്ടാം ഇനിയെന്നൂഹം
താദൃശം തങ്ങളിൽ സ്നേഹം .... ....സൈരവ

---

ച: 4—അഭിപ്രായാനുകൂലം=ഇഷ്ടത്തിനൊത്തവണ്ണം. അമായം=കപടം കൂടാതെ. പലർകൂടി=പല സഖാക്കളൊന്നിച്ച്. വനം തേടി=വനത്തിലെത്തി. ക്രീഡയാ നടന്നളവിൽ = ക്രീഡിച്ചുകൊണ്ടു് നടക്കുമ്പോൾ. സ്മയവാൻ=ഗർവ്വിഷ്ഠൻ. ധൃതിമാൻ=ധൈര്യശാലി. അവൻ അവളെ അങ്ങനെ കാട്ടിലുപേക്ഷിച്ചതു് ഗർവ്വുകൊണ്ടോ ധൈര്യംകൊണ്ടോ? നീ താനേ=നീ തനിയെ. അഴൽ വഹസി = ദുഃഖം വഹിക്കുന്നു; ദുഃഖിക്കുന്നു. വിലപസി=നീ കരയുന്നു. നളൻ താൻ പറഞ്ഞ കഥയിലെ നായികാനായകന്മാരെ ഒരാൾ, അവൻ, അവൾ എന്നീ പദങ്ങളെക്കൊണ്ടാണ് വ്യവഹരിക്കുന്നതു്. ജീവലനാകട്ടെ, അതു് നളനും നളന്റെ കാമിനിയുമാണെന്നു സംശയിച്ചുകൊണ്ടു് 'നീയും നിന്റെ തരുണിയും' എന്നു തുറന്നുപറയുന്നു. നീയും നിന്റെ ഭാര്യയും കൂടി വനക്രീഡയ്ക്കായി കാട്ടിൽ പ്രവേശിച്ചു് ഒടുവിൽ നീ സൌന്ദര്യമദംകൊണ്ടോ ധൈര്യംകൊണ്ടോ അവളെ കാട്ടിൽ ഉപേക്ഷിച്ചുപോന്നിട്ടു് ഇപ്പോൾ അതു വിചാരിച്ചു വിലപിക്കയായിരിക്കണം എന്നാണ് ജീവലൻ പറയുന്നതു്.

ച: 3—പൂരിതധനസന്ദോഹം ഗേഹം=ധാരാളം സമ്പത്തുള്ള വീടു്. ഭൂരിദുഷ്ടമൃഗസമൂഹം വനനിവഹം പുക്ക്=ദുഷ്ടമൃഗങ്ങൾ ധാരാളമുള്ള കാട്ടിൻനിരയിൽ കടന്നു്. സാ നാരീ അപി=ആ സ്ത്രീയും. സവ്യാമോഹം കാന്തദേഹം കൈവെടിഞ്ഞാൾ=വ്യാമോഹത്തോടുകൂടി (തെററിദ്ധരിച്ചു) ഭർത്താവിനെ വിട്ടുപിരികയാണുണ്ടായതു്. സമ്പത്തുണ്ടാം ഇനി എന്നൂഹം=

ജീവലൻ:—

ചരണം 4

ഈവണ്ണമവർ വാണു ദാവം, ഓക്കിൽ
ഏവം ദൈവത്തിൻ പ്രഭാവം
അറിവാനും പറവാനും ഫണവാനും കഴിവുണ്ടോ?
മറിമാനും സിംഹവും എട്ടടിമാനും നിറയും
വനവാസേ സവിലാസേ അനുഭൂതേ പുനരേ-
[തേന പരം തേ
സംബന്ധങ്ങൾ? അതു ചുരുക്കുക, പറക പരിണതി.

---

ഇനിയും നല്ല കാലം വരുമെന്നാണു് വിചാരം. താദൃശം തങ്ങളിൽ സ്നേഹം=അവർ തങ്ങളിലുള്ള സ്നേഹം അത്തരത്തിലുള്ളതാണു്. ആ നായികാനായകന്മാർ തമ്മിലുള്ള തത്താദൃശമായ പ്രേമത്തെപ്പററി ആലോചിച്ചാൽ താമസിയാതെ അവർക്കു പണ്ടത്തെ നല്ലകാലം വീണ്ടുകിട്ടുമെന്നു വേണം കരുതുവാൻ.

ച: 4—ദാവം വാണു=കാട്ടിൽ താമസിച്ചു. പ്രഭാവം=മഹത്വം. ഫണവാൻ=സപ്പം; അനന്തൻ. സവിലാസേ വനവാസേ അനുഭൂതേ=വിലാസങ്ങളോടുകൂടിയ വനവാസം പണ്ടു് അനുഭവിക്കപ്പെട്ടുകഴിഞ്ഞിരിക്കെ. (വിഷയസപ്തമി) തേ=നിനക്കു്. പുനഃ ഏതേന സംബന്ധങ്ങൾ=വീണ്ടും ഇതിനോടുള്ള (ഈ സംഭവത്തോടുള്ള) സംബന്ധങ്ങൾ (ഭയങ്കരമായ ആ കാട്ടിലെ വാസം അന്നു കഴിഞ്ഞില്ലേ? ഇപ്പോൾ വീണ്ടും ആ സംഭവത്തോടു് നിനക്കു് എന്തു സംബന്ധമാണുള്ളതു്? എന്തിനാണിതിനെപ്പററി ഓത്തു വിലപിക്കുന്നതു് എന്നു സാരം.) ഇത്രയും പറഞ്ഞു് പെട്ടെന്നു നിത്തി ജീവലൻ പറയുന്നു: 'അഥവാ, ആ കഥയൊക്കെ പോകട്ടെ; (ചുരുക്കുക.) പരിണതി പറയുക=കഥയുടെ പയ്യവസാനം എന്താണെന്നു പറയുക.

ച: 5—അവശം=ക്ഷീണിച്ചു്. അവിനയവാൻ=മയ്യാദകെട്ടവൻ. അനുതാപം=സങ്കടം. അവനു് അവളെ വിട്ടുപിരിയാൻ വളരെ സങ്കടമുണ്ടായിരുന്നു. അപാരം=അവസാനമി

**ബാഹുകൻ:—**

ചരണം 5

അവളുവശമുറങ്ങുന്നേരമവിനയവാൻ പോയി ദൂരം
അവനകലെപ്പോകുന്നേരം അനുതാപം പാരം,
ആ വനം അതീവ ഘോരം, അവളുടയ അഴലപാരം,
അല്പബുദ്ധിക്കതു വിചാര,മത്ഭുതമിതൊക്കെസ്സാരം.

**ജീവലൻ:—**

ചരണം 6

ഞാനെന്നും, എനിക്കുള്ളതെന്നും, അഭി_
മാനം എല്ലാവർക്കും തോന്നും;
അതു മായം, അതമേയം, അതു മായുന്നതുമല്ലുലകിൽ
കായം പോകിലും, തദുപായം യോഗികൾക്കുപദേശം
ഗതനാശം അതിക്ലേശം പശുപാശം ജഗദീശം
ചിന്തിപ്പവർ ജനിമൃതിക്ഷയമനുഭവിപ്പവർ.

(തിരശ്ശീല)

---

ല്ലാത്തതു്. അല്പബുദ്ധിയായ അവനു് പിന്നീടു് അതിനെപ്പററി വിചാരമുണ്ടാകുന്നു. ആകപ്പാടെക്കൂടി ഈ കഥ അത്ഭുതകരമായിരിക്കുന്നു. സാരം=സത്യം; പരമാൎത്ഥം. ഞാൻ ഈ പറഞ്ഞതു മുഴുവൻ പരമാൎത്ഥമാണു്.

ച: 6—അതു്=ആ അഭിമാനം. മായം=മായയിൽനിന്നുണ്ടായതു്; മിത്ഥ്യ. അമേയം=ഇത്രയെന്നു പരിച്ഛേദിക്കാൻ കഴിയാത്തതു്. മായുക=നശിക്കുക. കായം=ദേഹം. തദുപായം യോഗികൾക്കുപദേശം=അതിനുള്ള (ആ അഭിമാനം നശിക്കുന്നതിനുള്ള) ഉപായം യോഗികളുടെ ഉപദേശം മാത്രമാണു്. ഗതനാശം (നാശമില്ലാത്തവനും) അതിക്ലേശം (ക്ലേശങ്ങളെയൊക്കെ അതിക്രമിച്ചവനും) പശുപാശം (പശുക്കളെ- ചരാചരങ്ങളെ- ബന്ധിച്ചുനിൎത്തുന്നവനുമായ) ജഗദീശം (ജഗദീശനെ; സൎവ്വേശ്വരനെ) ചിന്തിപ്പവർ (ധ്യാനിക്കുന്നവർ) ജനിമൃതിക്ഷയമനുഭവിപ്പവർ (ജനനമരണങ്ങളുടെ നാശത്തെ- മോക്ഷത്തെ- അനു-

### ദണ്ഡകം-പാദം 1

സാകേതവാസിനി നിജാകാരഗോപിനി സ-
ശോകേ തദാ നിഷധരാജേ
ഭൂസുരർ നടന്നു ഭീമനൃവരൻെറ
"സാഹസികനവനെ നര-
ലോകമിതിൽ നിഖിലദിശി
വേഗമൊടു തിരവി"നിതി വാചാ

### പാദം 2

സഹിതാ ശുചാ ദമന ദമ ദാന്ത സോദരിയു-
മതിതാന്തയായവരൊടൂചേ
"തിരക ദിശി യൂയം ദയിതമുരുമായം
സകലനൃപസഭകളിലുമൊരുപൊഴുതു കളി കരുതി-
യൊളിവിലൊരു മൊഴിയുമുരചെയ്യിൻ:

---

ഭവിക്കും.) പശുപാശശബ്ദത്തിന് സംസാരബന്ധം എന്ന ൎത്ഥം കല്പിച്ച്, 'അവസാനമററ സംസാരബന്ധം അത്യന്തം ക്ലേശകരമാകുന്നു; സർവ്വേശ്വരനെ സേവിക്കുന്നവർ ജനനമരണരൂപമായ സംസാരബന്ധത്തിൽനിന്നു വിമുക്തരാകുന്നു.' എന്നിങ്ങനെയാണ് ഒടുവിലത്തെ രണ്ടു വരികളെ കാന്താരതാരകക്കാരൻ വ്യാഖ്യാനിച്ചിട്ടുള്ളതു്.

ദണ്ഡകം. പാദം 1—നിജാകാരഗോപിനി നിഷധരാജേ തദാ സശോകേ സാകേതവാസിനി (സതി) = സ്വന്തം വേഷം മറച്ച നളൻ അപ്പോൾ ദുഃഖിച്ചുകൊണ്ട് അയോദ്ധ്യയിൽ താമസിച്ചുകൊണ്ടിരിക്കുമ്പോൾ (വിഷയസപ്തമി) ഭൂസുരർ=ബ്രാഹ്മണർ. സാഹസികൻ അവനെ=സാഹസികനായ അവനെ (നളനെ.) നിഖിലദിശി=എല്ലായിടത്തും. ഇതി വാചാ = എന്ന വാക്കനുസരിച്ച്.

പാദം 2—ശുചാ സഹിതാ ദമന ദമദാന്ത സോദരിയും= വ്യസനത്തോടുകൂടിയ ദമയന്തിയും. താന്താ = ക്ഷീണിച്ചവൾ. ഊചേ=പറഞ്ഞു. തിരക=അന്വേഷിക്കുവിൻ. ദിശി=ഓരോ ദിക്കിലും. യൂയം=നിങ്ങൾ. ഉരുമായം ദയിതം=പടുവഞ്ചക

പാദം 3

"എങ്ങോട്ടുപോയി, രസഭംഗോദ്യതോസി,
പടഭംഗോസ്തു, ഖേദമതിനില്ലാ,
ഏതുമറിവില്ലാഞ്ഞാധി മമ നില്ലാ,
ഏവമയി കിതവ! മമ ഭാവമിനിയതുമറിക
യാവദസു നിയമമതുമില്ലാ.

പാദം 4

ഇതി വാക്കിനേകനൊരു പ്രതിവാക്കു ചൊൽകിലതു-
മുടനേത്യ നിങ്ങൾ പറയേണം"
ഇതി സപദി ഭൈമീമൊഴി കരുതി യേ/മീ
ഇവർ പലരിലൊരുവനഥ രവികുലജനൃപതിവര
സവിധഭുവി മൊഴിയതു പറഞ്ഞു.

---

നായ ഭർത്താവിനെ. ഒരു പൊഴുതു്=ഒരിക്കൽ. കളികരുതി= കളിയായിട്ടു്. ഒളിവിൽ=ഗൂഢാത്മമായി.

പാദം 3—അങ്ങു് എങ്ങോട്ടേക്കാണു് പോയതു്? രസഭംഗോദ്യതഃ അസി=അങ്ങു് സ്നേഹത്തെ ഭഞ്ജിക്കുവാൻ ഒരുങ്ങിയവനാകുന്നു. പടഭംഗഃ അസ്തു=വസ്ത്രം മുറിച്ചതിരിക്കട്ടെ; അതിൽ എനിക്കു സങ്കടമില്ല. ഏതും അറിവില്ലാഞ്ഞു്=അങ്ങയെപ്പറ്റി ഒരറിവും ഇല്ലാത്തതിനാൽ. മമ ആധി നില്ലാ=എൻെറ സങ്കടം ഒതുങ്ങുന്നില്ല. അയി കിതവ=അല്ലയോ വഞ്ചക! ഇനി മമ ഭാവം ഏവം=ഇനി എൻെറ ഭാവം ഇങ്ങനെയാണു്. അതും അങ്ങു മനസ്സിലാക്കുക. എന്താണു് തൻെറ ഭാവമെന്നു പറയുന്നു:— അസുനിയമം യാവത് അതുമില്ല=പ്രാണധാരണം ഏതുവരെയാണെന്നു യാതൊരു നിശ്ചയവുമില്ല യാവദസു = ജീവനുള്ള കാലംവരെ. നിയമം=പാതിവ്രത്യനിഷ്ഠ. അങ്ങയെപ്പറ്റി ഒരറിവും കിട്ടാതെ മരിക്കുന്നതുവരെ പാതിവ്രത്യവുമവലംബിച്ചിരിക്ക എന്നതു സംഭവ്യമല്ല. ഒരുപക്ഷേ അന്യനെ വരിച്ചുവെന്നും വരാം എന്നർത്ഥം.]

## രംഗം 8. കുണ്ഡിനപുരി

മദ്ധ്യമാവതി— ഏകതാളം

വർണ്ണാൻ പർണ്ണാദകീർണ്ണാൻ നൃപസദസി സുധാ-
സാരസാവർണ്ണ്യപൂർണ്ണാ-
നാകർണ്ണ്യാകർണ്ണ്യ ഘൂർണ്ണന്മതിരനുഗതവാൻ
പ്രസ്ഥിതം ബാഹുകസ്തം;
സല്ലാപസ്താദൃശോഭൂദ്രഹസി കില തയോ-
ർബ്ബാഹുകോ യേന ഭേജേ
ചിന്താം, സന്താപശാന്ത്യൈ സ ച ധരണിസുര-
സ്സാന്ത്വയാമാസ ഭൈമീം.

---

പാദം 4—ഇതി വാക്കിനു്=നിങ്ങൾ ഇപ്രകാരം പറയുന്ന വാക്കിനു്. പ്രതിവാക്കു്=ഉത്തരം. ഉടൻ എത്തു=ഉടനെ വന്നു്. ഇതി ഭൈമീമൊഴി യേ അമീ സപദി കരുതി ഇവർ പലരിലൊരുവൻ=ഇപ്രകാരമുള്ള ദമയന്തിയുടെ വാക്കിനെ യാവ ചിലർ വേഗത്തിൽ മനസ്സിലാക്കിയോ അങ്ങനെയുള്ള പലരിൽ ഒരുവൻ. രവി............ഭുവി = സൂര്യ്യവംശജനായ (ഋതുപർണ്ണ) മഹാരാജാവിന്റെ അടുക്കൽ.

ശ്ലോകം—നൃപസദസി=രാജസദസ്സിൽ. പർണ്ണാദകീർണ്ണാൻ= പർണ്ണാദൻ എന്ന ബ്രാഹ്മണനാൽ പറയപ്പെട്ടവയും. സുധാസാരസാവർണ്ണ്യപൂർണ്ണാൻ=അമൃതസത്തിന്റെ സാദൃശ്യം തികഞ്ഞവയും ആയ. വർണ്ണാൻ ആകർണ്ണ്യ ആകർണ്ണ്യ=അക്ഷരങ്ങളെ കേട്ടു് കേട്ടു്. ഘൂർണ്ണന്മതിഃ ബാഹുകഃ=ബുദ്ധി ഭ്രമിച്ച ബാഹുകൻ. പ്രസ്ഥിതം തം=പുറപ്പെട്ട അവനെ. അനുഗതവാൻ=പിൻതുടൎന്നു. യേന ബാഹുകഃ ചിന്താം ഭേജേ=യാതൊന്നുകൊണ്ടു് (യാതൊരുതരത്തിലുള്ള സല്ലാപംകൊണ്ടു്) ബാഹുകൻ ചിന്തയെ ഭജിച്ചുവോ; (ചിന്താകുലനായിത്തീൎന്നുവോ) താദൃശഃ സല്ലാപഃ=അത്തരത്തിലുള്ള സല്ലാപം. (ബാഹുകനെ ചിന്താകുലനാക്കിത്തീൎത്ത സംഭാഷണം) തയോഃ രഹസി അഭൂൽ=ആ രണ്ടുപേൎക്കും തമ്മിൽ വിജനത്തിൽവെച്ചുണ്ടായി. സഃ ധരണി സുരഃ = ആ

[ദമയന്തിയും പർണ്ണാദനും പ്രവേശിക്കുന്നു]

പർണ്ണാദൻ:—

പല്ലവി

വ്യസനം തേ ദമയന്തി സമസ്തം അസ്തമയതാം

അനുപല്ലവി

വചനം തേ ഞാൻ ചൊല്ലുന്നേര—
മീ വർത്തമാനമറിഞ്ഞാനൊരു മാനവൻ.........വ്യസനം

---

ബ്രാഹ്മണൻ. സന്താപശാന്ത്യൈ=ദുഃഖം തീരുന്നതിനുവേണ്ടി. ഭൈമീം സാന്ത്വയാമാസ ച=ഭൈമിയെ സമാശ്വസിപ്പിക്കുകയും ചെയ്തു.

പർണ്ണാദൻ വിളിച്ചുപറഞ്ഞ ദമയന്തിയുടെ വാക്യം ബാഹുകൻെറ മനസ്സിൽ നല്ലപോലെ തറച്ചു; അതിൻെറ ഫലമായിട്ടാണ് ബാഹുകൻെറ തല കറങ്ങിയതു്. (തൻെറ അകൃത്യത്തിൻെറ ഗൌരവം അതിൻെറ പരിപൂർണ്ണരൂപത്തിൽ മനസ്സിലായാൽ കൃത്യബോധമുള്ള ആരുടെ തലയാണ് കറങ്ങാത്തതു്?) അതിൻെറ ഫലമായി സദസ്സിൽനിന്നിറങ്ങിയ പർണ്ണാദനെ ബാഹുകൻ പിൻതുടരുകയും രഹസ്സിൽവെച്ചു സംഭാഷണം നടത്തുകയും ചെയ്തു. അതിനെത്തുടന്നു് ബാഹുകൻ ചിന്താകുലനായിത്തീരുന്നതു പർണ്ണാദൻ കണ്ടു. ദമയന്തി പറഞ്ഞ ലക്ഷണങ്ങളെല്ലാം ഒത്തുകണ്ടപ്പോൾ അതു നളനായിരിക്കാമെന്നു പർണ്ണാദൻ അനുമാനിക്കയും താമസിയാതെ കുണ്ഡിനത്തിലേക്കു മടങ്ങി നടന്ന വിവരമെല്ലാം അറിയിച്ചു് ദമയന്തിയെ സമാശ്വസിപ്പിക്കയും ചെയ്തു.

വൃത്തം—സ്രഗ്ദ്ധര.

പല്ലവി—ഹേ ദമയന്തി തേ സമസ്തം വ്യസനം അസ്തം അയതാം=അല്ലയോ ദമയന്തി, നിൻെറ വ്യസനം മുഴുവൻ അസ്തമിക്കട്ടെ. നീ ഇനി വ്യസനിച്ചിട്ടാവശ്യമില്ലെന്നർത്ഥം.

അ: പ:—തേ വചനം=നിൻെറ വാക്ക്.

പല്ലവി—നിഖിലം=എല്ലാം. സമ്പന്മൂലം=സമ്പത്തിനുള്ള കാരണം.

**ദമയന്തി:—**

മുഖാരി—ഏകതാളം—പല്ലവി

നീ വന്ന നേരത്തേ വന്നു
നിഖിലവും മേ സമ്പന്മൂലം

അനുപല്ലവി

പോകുന്നവരാരേയുമേ
പുനരിവിടെ കണ്ടീല ഞാൻ ....നീ വന്ന

ചരണം 1.

എവിടെയെല്ലാം പോയി നീ താൻ
എന്നു ചൊല്ലുക പർണ്ണാദ!
എവിടെയോ മേ പരിണേതാ-
വെന്നറികിൽ അനാമയം .... നീ വന്ന

**പർണ്ണാദൻ:—**

ചരണം 2.

ആകവേ ദിക്കെങ്ങും നടന്നേനേ; ഒരു നാരം
സാകേതത്തിലങ്ങു കടന്നേനേ; നീ കേരം
നിന്മൊഴി പറഞ്ഞിരുന്നേനേ; പിന്നെ ഋതു-
പർണ്ണാന്തികത്തിൽനിന്നെഴുന്നേററിങ്ങുകന്നേനേ ....

ചരണം 3

സാരനാമൃതുപർണ്ണൻതന്നുടെ ഇഷ്ട-
സാരഥി വന്നിതെൻെറ പിന്നുടെ;

---

അ: പ:—പോകു..................ണ്ടില=പോയവരിൽ ആരും തന്നെ ഇവിടെ തിരികെ എത്തിക്കണ്ടില്ല.

ച: 1—പരിണേതാവു്=ഭർത്താവു്. എന്നറികിൽ=എന്നറിഞ്ഞാൽ. അനാമയം=ക്ഷേമം. ഭർത്താവു് എവിടെയുണ്ടെന്നറിഞ്ഞാൽതന്നെ സമാധാനമായി എന്നർത്ഥം.

ച: 2—സാകേതം=അയോദ്ധ്യ. ഋതുപർണ്ണാന്തികത്തിൽനിന്നു്=ഋതുപർണ്ണൻെറ അടുക്കൽനിന്നു്.

ച: 3—സാരൻ=ഉത്തമൻ. ബാഹുകസംജ്ഞൻ=ബാഹുകൻ എന്ന പേരുള്ളവൻ.

ധീരൻ ബാഹുകസംജ്ഞൻ, നിന്നുടെ ഖേദം
തീരുവാൻ ചെയ്താന്തരമതിന്നുടെ ....വ്യസ

**ദമയന്തി:—** (ഈർഷ്യയോടുകൂടി)

ചരണം 4

തുകിൽ മുറിച്ചൊളിച്ചു പോവാൻ
തോന്നിയവാറെങ്ങനേവാൻ?
തുണയെനിക്കി,ല്ലെന്തോരായ്വാൻ?
ധൂർത്തനതുകേട്ടെന്തൂചിവാൻ? ....നീ വന്ന

**പർണ്ണാദൻ:—**

ചരണം 5

ചാരുത്വമെഴും നിയമനിഷ്ഠയും, നല്ല
ചാരിത്രമെന്നുള്ളൊരു ചട്ടയും,
പാതിവ്രത്യപരമകാഷ്ഠയും, കുല—
പാലികമാക്കിതത്രേ നല്ലൊരു കോട്ടയും ....വ്യസ

**ദമയന്തി:—**

ചരണം 6

പടമരത്ത പടുവിടനെ
പാർത്ഥിവനതിശഠനെ
പാർത്തുകണ്ടാൽ ഞാനാളുടനേ
ഭവദഭീഷ്ടധനസംഘടനേ ....നീ വന്ന

---

ച: 4—തുകിൽ=വസ്ത്രം. തുണ................യ്വാൻ = എനിക്കു് വേറെയാരും സഹായത്തിനില്ലെന്നു് എന്തുകൊണ്ടാണു് വിചാരിക്കാതിരുന്നതു്? എന്തു് ഊചിവാൻ=എന്തു പറഞ്ഞു?

ച: 5—ചാരുത്വം=ഭംഗി. നിയമനിഷ്ഠ=സദാചാരത്തിലുള്ള നിഷ്ഠ. ചാരിത്രം=ശീലഗുണം. കുലപാലികമാർ=കുലസ്ത്രീകൾ.

ച: 6—പടുവിടൻ=സമർത്ഥനായ ധൂർത്തൻ. പാർത്തുകണ്ടാൽ=കണ്ടെത്തിയാൽ. ഭവദഭീഷ്ട ധനസംഘടനേ ഞാൻ

[ഇതിനുശേഷം ദമയന്തി 'തൽകാലം ഇതിരിക്കട്ടെ' എന്നു പറഞ്ഞു് പർണ്ണാദനു പശുക്കളും സ്വർണ്ണാഭരണങ്ങളും സമ്മാനിക്കുന്നു.]

**പർണ്ണാദൻ:—** (സമ്മാനം വാങ്ങി സന്തോഷത്തോടുകൂടി)

ചരണം

അസ്മദാദികൾ പലർ ഭൂതലേ മണ്ടി
യുഷ്മദാദേശം കേട്ടപോതിലേ;
വിസ്മയനീയശീലക്കാതലേ! പര-
മസ്മാകം തുറക്ക നീ ഗുണം വരും വാതലെ ....വ്യസ

[തമ്മിൽ പിരിയുന്നു]

---

ആം=അങ്ങു് ആഗ്രഹിക്കുന്നിടത്തോളം പണം തരുന്നതിനു് എനിക്കു കഴിയും; അങ്ങു പറഞ്ഞ അടയാളമനുസരിച്ചു് ഞാൻ അദ്ദേഹത്തെ അന്വേഷിപ്പിക്കാം; അതു നളൻതന്നെയാണെന്നു കാണുന്നപക്ഷം, അങ്ങു ചെയ്ത ഈ മഹോപകാരത്തിനു പ്രതിഫലമായി അങ്ങേയ്ക്കു വേണ്ടിടത്തോളം പണം ഞാൻ തരാം എന്നു സാരം.

ചരണം 6 — അസ്മദാദികൾ=ഞാൻ തുടങ്ങിയുള്ളവർ. യുഷ്മദാദേശം=നിന്റെ കല്പന. കേട്ടപോതിലേ=കേട്ടപ്പോൾതന്നെ. വിസ്മ.......തലേ=അത്ഭുതകരമായ സൽസ്വഭാവത്തിന്റെ കാതലായിട്ടുള്ളവളേ! അസ്മാകം ഗുണം വരും വാതലേ നീ തുറക്ക=ഞങ്ങൾക്കു നന്മയുണ്ടാകുന്ന വാതിൽ നീ തുറക്കുക; ഞങ്ങൾക്കു് എന്തെങ്കിലും നന്മ ചെയ്യുക.

## രംഗം 9 ഭൈമീമാതൃഗൃഹം

ശങ്കരാഭരണം-ചെമ്പട.

പർണ്ണാദൻ ഗോധനവും
സ്വർണ്ണാഭരണങ്ങളും ദത്വാ
ചെന്നാശു ജനനിതന്നോടു
ചൊന്നാൾ തന്നാമയം ഭൈമീ.

[ദമയന്തിയും മാതാവും പ്രവേശിക്കുന്നു.]

**ദമയന്തി:—**

പല്ലവി

ജനനി മേ കാന്തൻ സാകേതംതന്നിൽ
ചെന്നു വാണീടുന്നുപോൽ!

അനുപല്ലവി

അന്നീയെന്നും ഇവിടെ വരുത്തുവാൻ
ആരെ നാമങ്ങയച്ചീടാവൂ? വമ്പനോടു വമ്പില്ലാർക്കും

---

ശ്ലോകം—ഗോധനം=പശുക്കൾ. ദത്വാ=കൊടുത്തിട്ടു്. ആശു ചെന്നു്=വേഗത്തിൽ ചെന്നു്. തന്നാമയം=തൻെറ സങ്കടം.

വൃത്തം—ഉപഗീതി.

ലക്ഷണം—ഏഴു ഗണം ഗുരുവൊന്നും

വേണം ജഗണം വരാതെയൊററകളിൽ
ഷഷ്ഠമിതോ ലഘുമയമോ
വരണമിതാർദ്ധയുഗ്മം പൂർവ്വാർദ്ധം;
ഷഷ്ഠം ലഘുമയമായാ-
ലതിൽ മുൻലഘുവിങ്കലിഹ യതിവരേണം
ഉത്തരമർദ്ധമതിൽ പി-
ന്നാറാം ഗണമൊററ ലഘുമാത്രം
ആദ്യോത്തരാർദ്ധതുല്യം
പൂർവ്വാർദ്ധവുമെങ്കിലുപഗീതി

അ. പ:— അന്നീയ+എന്നും=ഇദ്ദേഹത്തെ നല്ല വാക്കു

ചരണം 1

അരിനൃവരപുരവും നഗരവും തിരകിലും,
അരുതരുതവനോടെന്നവരവരൊരുപോലെ,
ഇരുകരം കൂപ്പി നെടുവീർപ്പുമുടനിയന്നു
വിനയമൊടു വണങ്ങിനില്പവരെന്നിതു കേൾപ്പു ഭുവി.

ചരണം 2

ബാലനല്ല ശിക്ഷചെയ്വാൻ, സമ്പ്രതി
മററന്താവതോർത്താൽ
സാമമെന്നിയേ? സംഗതിയില്ലാത്ത ദിക്കിൽ
സാമന്തൻ താനെന്നപോലെ അങ്ങെങ്ങാനും
പോയ് വാണാൽ അവമാനത്തിന്നളവുണ്ടോ? ....

---

പറഞ്ഞു്. വമ്പനോടു വമ്പില്ലാക്കും=വമ്പനായ അദ്ദേഹത്തോടു എതിക്കുവാൻ ആർക്കും സാധിക്കയില്ല. (അതുകൊണ്ടു് സാമോപായംതന്നെ പ്രയോഗിക്കണമെന്നാണു് ദമയന്തി പറയുന്നതു്.)

ച: 1—തിരകിലും=അന്വേഷിച്ചാലും. അരുതരുതവനോടു്=അവനോടു് (എതിക്കാൻ) സാദ്ധ്യമല്ലതന്നെ. അവരവർ =എല്ലാവരും. 'വമ്പനോടു വമ്പില്ലാർക്കും' എന്നതിനെ സമർത്ഥിക്കുന്നതാണു് പ്രസ്തുത ചരണം. 'ശത്രുരാജാക്കന്മാരുടെ രാജധാനിയിലും നഗരത്തിലും ചെന്നന്വേഷിച്ചതിൽ അവനോടെതിക്കാൻ ഞങ്ങളാൽ ആവില്ലെന്നുപറഞ്ഞു് എല്ലാവരും ഒന്നുപോലെ. ഭയംകൊണ്ടു തൊഴുതു നെടുവീർപ്പിട്ടു വിനയത്തോടുകൂടി വണങ്ങിനില്ക്കും എന്നാണു് ഭൂമിയിലൊക്കെ കേൾക്കുന്നതു്.' ('അരുതരുതവനോടെന്നു്' എന്ന ദിക്കിലെ 'എന്നു്' എന്നതിനു് 'എന്നു പറഞ്ഞു്' എന്നാണത്ഥം)

ച: 2—സാമം=സാമോപായം, നല്ല വാക്കു്. എന്നിയേ=അല്ലാതെ. സംഗതി=ചാച്ച്. സാമന്തൻ=ചക്രവത്തിയുടെ കീഴ്വരുതിയിൽ കഴിയുന്ന രാജാവു്. ചാർച്ചയും വേഴ്ചയുമില്ലാത്ത വല്ല ദിക്കിലും ചെന്നു് ഒരു സാമന്തരാജാവിനെപ്പോലെ താമസിക്കയാണെങ്കിൽ, അതുകൊണ്ടുണ്ടാകുന്ന അവമതി അളവററതായിരിക്കയില്ലേ?

**ഭൈമീമാതാവ്:—**

പല്ലവി

പീഡിക്കേണ്ടാ തനയേ, സുനയേ.

അനുപല്ലവി

ഉദന്തമിതു വന്നിഹ പറഞ്ഞതാരോ നേരോ ചൊൽ,
ജനകനൊടിനിയെന്നാൽ ഇതു
ചെന്നു ചൊൽവൻ ബാലേ! .... പീഡി

ചരണം 1

പീഡിച്ചീടരുതെന്നേ നീ
മുന്നേ ജനകൻ പല ഭൂസുരരേ
പൃഥ്വിയിൽ നീളെ നിന്നുടെ ദയിതൻ നളനെ
നിഖിലദിശി തിരവാനായ്
നന്നായ് നിയോഗിച്ചയച്ചാൻ;
അവരിലാരാനും വന്നാരോ ഇവിടെ?
മഹിളമാർമൌലേ! മംഗലശീലേ!
മതിമുഖി! മാഴ്കീടൊല്ലാ. .... പീഡി

**ദമയന്തി:—**

ചരണം 2

പർണ്ണാദഗിരാ തദിദം വിദിതം;
പരമാത്ഭുതമിതെന്നവനാൽ ഉദിതം.

---

പല്ലവി—പീഡിക്ക=സങ്കടപ്പെടുക. സുനയ=നല്ല നയശാലിനി.

അ: പ:—ഉദന്തം=വർത്തമാനം.

ച: 1—പീഡിച്ചീടരുതെന്നേ=സങ്കടപ്പെടരുത് എന്നു വിചാരിച്ചുതന്നെ. ഭൂസുരർ=ബ്രാഹ്മണർ. നിഖിലദിശി നിയോഗിച്ചയച്ചാൻ=എല്ലാ ദിക്കുകളിലും കല്പിച്ചയച്ചിട്ടുണ്ട്.

ച: 2—പർണ്ണാദഗിരാ=പർണ്ണാദൻെറ ഗീരു (വാക്ക്) കൊണ്ട്. തൽ ഇദം വിദിതം=ആ ഇതു് (ഞാൻ പറഞ്ഞ വിവരം) അറിയപ്പെട്ടു. (പർണ്ണാദൻ പറഞ്ഞതാണ് ഞാൻ ഇതറിഞ്ഞതു്.)

ചൊന്നാൻ അവനോടൊരു വാക്യം
മയി പറവാനായ് വിജനേ;
എന്നാലിനി ഞാനൊന്നു പറയാം:
ഇനിയൊരു മഹീസുരനെ
ഇവിടെ നാം വരുത്തി ഉടനെ
ഋതുപർണ്ണാന്തികേ വിടണം .... ജനനി

[രണ്ടുപേരും പോകുന്നു.]

---

ഉദിതം=പറയപ്പെട്ടതു്. മയി പറവാൻ=എന്റെ അടുക്കൽ പറയുന്നതിനായി. (എന്റെ അടുക്കൽ പറയുന്നതിനായി പർണ്ണാദനോടു് ഒരു വാക്യം പറഞ്ഞയച്ചിരിക്കുന്നു.) നളനുമാത്രം മനസ്സിലാകത്തക്ക ഒരു വാക്യമാണു് ദമയന്തി പർണ്ണാദന്റെ അടുക്കൽ അങ്ങോട്ടു പറഞ്ഞയച്ചതു്. അതുപോലെ, ദമയന്തിക്കുമാത്രം മനസ്സിലാകത്തക്ക ഒരു മറുപടിയാണല്ലോ ബാഹുകൻ ഇങ്ങോട്ടും പറഞ്ഞയച്ചതു്. "ചാരുതപമെഴും നിയമനിഷ്ഠയും' എന്നു തുടങ്ങിയുള്ള ഭാഗമാണു് നളന്റെ വാക്യമായി ഇവിടെ വിവക്ഷിക്കപ്പെട്ടിട്ടുള്ളതു്.) മഹീസുരൻ=ബ്രാഹ്മണൻ. ഋതുപർണ്ണാന്തികേ വിടണം=ഋതുപർണ്ണന്റെ അടുക്കലേക്കു പറഞ്ഞയയ്ക്കണം. (ബാഹുകൻ നളനായിരിക്കാം എന്ന അനുമാനം മാത്രമാണു് ഇപ്പോഴുള്ളതു്. ആ അനുമാനം ശരിയാണോ എന്നു തീർച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ളതാണു് അടുത്ത പുറപ്പാടു്. 'ബാഹുകൻ നളൻ തന്നെയാണെന്നു തീർച്ചപ്പെട്ടാൽ നിനക്കു വേണ്ടതൊക്കെ ഞാൻ തരാം' എന്നു ദമയന്തി പർണ്ണാദനോടു പറഞ്ഞ വാക്യം ഇവിടെ സ്മരണീയമാകുന്നു.)

## രംഗം 10. ദമയന്തിയുടെ അന്തഃപുരം

എരിക്കിലക്കാമോദരി—ചെമ്പട

ഇതി നിജജനയിത്രീമർത്ഥരോ വാർത്ത ചൊല്ലി-
ത്തദനുമതിയെ വാങ്ങിത്താതനും ബോധിയാതെ
സപദി കില സുദേവം സാരനാമദ്വിജേന്ദ്രം
സകുതുകമിതി ചൊന്നാൾ സാ സമാനായ്യ ഭൈമീ

(ഇരുന്നുകൊണ്ടു് ദമയന്തിയും പിന്നെ സുദേവബ്രാഹ്മണനും പ്രവേശിക്കുന്നു.)

**ദമയന്തി:—**

പല്ലവി

കരണീയം ഞാനൊന്നു ചൊല്ലുവൻ
കേൾക്ക സുദേവ!

ചരണം 1

ധരണിയിൽ മണ്ടിപ്പണ്ടു
താതശാസനം കൈക്കൊണ്ടു
തദനു ചേദിപുരി പുക്ക നീയെന്നെക്കണ്ടു....കരണീ

---

ശ്ലോകം—ഇതി നിജജനയിത്രീം ഒരോ വാർത്തചൊല്ലി=ഇങ്ങിനെ തന്റെ അമ്മയോടു് ഓരോ വർത്തമാനം പറഞ്ഞു്, തദനുമതി=അവരുടെ അനുവാദം. താതനും ബോധിയാതേ=അച്ഛൻപോലും അറിയാതെ. സപദി=പെട്ടെന്നു്. സുദേവം സാരനാം അദ്വിജേന്ദ്രം സമാനായ്യ=സുദേവനെന്നു പേരായ ശ്രേഷ്ഠനായ ആ ബ്രാഹ്മണനെ വരുത്തീട്ടു്. സാ ഭൈമീ സകുതുകം ചൊന്നാൾ=ആ ദമയന്തി സന്തോഷത്തോടുകൂടി പറഞ്ഞു.

വൃത്തം—മാലിനി

പല്ലവി—കരണീയം=ചെയ്യേണ്ടതു്.

ച: 1—മണ്ടി=ഓടിനടന്നു്. താതശാസനം=അച്ഛന്റെ ആജ്ഞ. തദനു=പിന്നീടു്.

ചരണം 2

അവിടന്നെന്നെക്കൊണ്ടുപോന്നു
താതപാദസന്നിധി ചേൎത്തു,
ആരതോൎത്തു? ദൈവഗതിയല്ലേ മേദിനീദേവ?....കര

ചരണം 3

ഇനിയുമപ്പോലെൻനിമിത്തം
എൻമാതാവിൻ നിയോഗത്താൽ
ഇന്നീയുമിപ്പോളൊന്നുണ്ടു വേണ്ടു കേൾക്ക സുദേവ!

ചരണം 4

ഇവിടെനിന്നു നടകൊണ്ടു
ഋതുപൎണ്ണഭൂപാലനെക്കണ്ടു,
സപരിതോഷം പൂജ കൈക്കൊണ്ടു,
സാരസ്യംപൂണ്ടു .... .... കരണീയം

ചരണം 5

സമയഭേദം നോക്കിക്കണ്ടു,
സഭയിലൊന്നു ചൊല്ലിക്കൊണ്ടു
സാധുശീല വരിക നീ വീണ്ടും വൈകാതെകണ്ടു

ചരണം 6

നമുക്കതുകൊണ്ടുപകാരം,
നൈഷധദൎശനം സാരം,
നിനക്കല്ല നീരസം പാരം നിത്യസഞ്ചാരം ....കര

---

ച: 2--താതപാദസന്നിധി=പിതൃസമീപം.

ച: 3--അപ്പോൽ=അതുപോലെ. എൻനിമിത്തം =എനിക്കുവേണ്ടി. ഇന്നീയും=ഈ നീയും.

ച: 4--സപരിതോഷം = സന്തോഷത്തോടുകൂടി. സാരസ്യം പൂണ്ടു്=രസികത്തത്തോടുകൂടി.

ച: 5--സമ.......കണ്ടു് = സമയവും സൌകൎയ്യവും നോക്കി.

ചരണം 7.

സത്വരം നീ നിൎവ്വിചാരം
സാധയ മേ കാൎയ്യഭാരം;
സത്തുക്കൾക്കന്യാധിസംഹാരം സൎവ്വാധികാരം.

**സുദേവൻ**

മദ്ധ്യമാവതി ചെമ്പട

പല്ലവി.

യാമി യാമി ഭൈമി കാമിതം ശീഘ്രം സാധയി-
ഷ്യാമി, സാമി സാധിതം മയാ .... .... യാമി

അനുപല്ലവി

നാമിഹ സേവിച്ചുനില്പൂ, ഭീമരാജൻ ചൊല്ലുകേൾപ്പൂ
നീ മതിമുഖി പീഡിപ്പൂ, നാമിളകാതെയിരിപ്പൂ?

---

ച: 6—നൈഷധദൎശനം സാരം=നളന്റെ ദൎശനമാണു് അതിന്റെ സത്തു്. നിനക്കു പതിവായി ധാരാളം നടന്നു ശീലമുള്ളതിനാൽ ഇതു നീരസമായി വരാനിടയില്ലല്ലോ എന്നു സാരം.

ച: 7—നിൎവ്വിചാരം മേ കാൎയ്യഭാരം സത്വരം സാധയ= ആലോചിച്ചു നില്ക്കാതെ എന്റെ ഈ വലിയ കാൎയ്യം വേഗത്തിൽ സാധിച്ചുതരിക. സത്തുക്കൾ=സജ്ജനങ്ങൾ. അന്യാധിസംഹാരം=മററുള്ളവരുടെ ദുഃഖത്തെ ശമിപ്പിക്ക എന്നതു്. സർവ്വാധികാരം=അതിപ്രധാനമായ കൃത്യം.

പല്ലവി—യാമി=ഞാൻ പോകാം. കാമിതം സാധയിഷ്യാമി=ആഗ്രഹം സാധിപ്പിക്കാം. മയാ സാമി സാധിതം= എന്നാൽ പകുതി ചെയ്യപ്പെട്ടിട്ടുണ്ടല്ലോ. (ഭൈമിയെ കണ്ടുപിടിച്ചതു സുദേവൻതന്നെയാണെന്നുള്ളതോൎക്കുക.)

അ: പ:—ഞാൻ ഇവിടെ ഭീമരാജാവിനെ ആശ്രയിച്ചു അദ്ദേഹത്തിന്റെ ആജ്ഞകേട്ടു താമസിക്കയാണു്. അല്ലയോ സുന്ദരി! നീ ഇങ്ങനെ ദുഃഖിക്കയും ചെയ്യുന്നു. അതുകണ്ടു ഞാൻ അനങ്ങാതെയിരിക്കയോ? അതുണ്ടാവില്ല എന്നൎത്ഥം.

ചരണം 1

രാപ്പകൽ നടന്നാലില്ലാ മേ കാൽപ്പരിശ്രമം;
ഓർപ്പേനേ നിന്നഴൽ എല്ലാമേ;
ബാഷ്പമെല്ലാം നില്ക്ക, നിന്നെ
ചേർപ്പേനേ കാന്തനോടിപ്പോൾ;
താൽപരിയം മറ്റൊന്നില്ല;
മേൽപ്പുടവയെയെടുക്കേണം .... .... യാമി

ചരണം 2

എത്ര വഴി മണ്ടി നടന്നു പണ്ടു നിന്നെക്ക-
ണ്ടെത്തുമേവാളം? ഞങ്ങൾ തളർന്നു;
അത്തലില്ലതുകൊണ്ടൊക്കും, ഇത്രമാത്രത്തിനെന്തുള്ളൂ?
ഉത്തരകോസലരാജ്യം ദ്വിത്രിദിനപ്രാപ്യമല്ലോ.

ചരണം 3

ദീനതയെനിക്കില്ല, ബാലേ! സാകേതത്തിനു
ഞാനറിയും വഴി വഴിപോലെ,
ദാനവരെ വെല്ലും ചൈത്രഭാനവകുലീനം നൃപം
ഞാനറിയു,മെന്നല്ലവൻ നൂനമെന്നെയും അറിയും.

---

ച: 1—'നിനക്കല്ല നീരസം' എന്നു തുടങ്ങിയ ദമയന്തീവാക്യത്തിനു മറുപടി പറയുന്നു:- കാൽപരിശ്രമം=കാൽ കഴപ്പ്. ബാഷ്പമെല്ലാം നില്ക്ക=നീ ഒട്ടും കരയേണ്ട. താല്പരിയം ... .......ക്കേണം=യാത്രയ്ക്കൊരുങ്ങുവാൻ ഒരു മേൽമുണ്ടുകൂടി എടുക്കുകയല്ലാതെ വേറെ ഒന്നും ചെയ്യേണ്ടതായിട്ടില്ല.

ച: 2—ഇത്രമാത്രത്തിനെന്തുള്ളൂ?=ഈയൊരു ചെറിയ കാര്യത്തിന് എന്താണ് പ്രയാസം? ഉത്തരകോസലരാജ്യം=അയോദ്ധ്യ. ദ്വിത്രിദിനപ്രാപ്യം=രണ്ടോ മൂന്നോ ദിവസംകൊണ്ടെത്താവുന്നതു്.

ച: 3—ദീനത=ദൈന്യം; വല്ലായ്മ. സാകേതം=അയോദ്ധ്യ. ദാനവരെ വെല്ലും=അസുരന്മാരെ ജയിക്കുന്ന ചൈത്ര..............നൃപം = സൂര്യ്യവംശത്തിൽ ജനിച്ച രാജാവിനെ.

ചരണം 4

"ആളയച്ചിട്ടുണ്ടെന്മാനില്ലാ, ഇല്ലെന്മാനില്ലാ,
നീളെനിന്നു വന്നു; കളിയല്ലാ,
ആളകമ്പടികളോടും മേളവാദ്യഘോഷത്തോടും
വാളുമാടമ്പുള്ളോരെത്തി,
വേളി നാളെ" എന്നും ചൊല്ലാം .... .... യാമി.

തിരശ്ശീല.

---

[ചൈത്രഭാനവകലീനൻ=ചിത്രഭാനു (സൂര്യൻ) വിൻെറ കുലത്തിൽ ജനിച്ചവൻ.]

ച: 4—നളനെ കണ്ടുപിടിക്കുന്നതിനുവേണ്ടി താൻ സ്വീകരിക്കാനുദ്ദേശിക്കുന്ന പ്രവൃത്തിപദ്ധതിയെയാണ് സുദേവൻ ഈ ചരണത്തിൽ വിവരിക്കുന്നതു്: ഉണ്ടെന്മാൻ = ഉണ്ടെന്നു പറയാൻ. ഇല്ലെന്മാൻ=ഇല്ലെന്നു പറയാൻ. നീളെനിന്നു വന്നു = എല്ലാ ദിക്കുകളിൽനിന്നും വന്നുചേൻ. (ജനങ്ങാം എന്നു സാരം) കളിയല്ല=ഞാൻ കളിയായി പറയുകയല്ല. വാളുമാടമ്പുള്ളോർ= രാജചിഹ്നമായ വാളും അധികാരവുമുള്ളവർ; രാജാക്കന്മാർ. വേളി നാളെ=നാളെയാണു് സ്വയംവരം. 'ക്ഷണിക്കാൻ ആളുകളെ അയച്ചിട്ടുണ്ടോ ഇല്ലയോ എന്നു് എനിക്കു നിശ്ചയമില്ല. രണ്ടായാലും നാലുദിക്കിൽനിന്നും ആളുകാം ധാരാളം വന്നുചേരുന്നുണ്ടു്. ഞാൻ കളി പറയുകയല്ല. അകമ്പടിക്കാരോടും വാദ്യഘോഷങ്ങളോടുംകൂടി വളരെ രാജാക്കന്മാരും വന്നുചേന്നിട്ടുണ്ടു് സ്വയംവരം നാളെയാണെന്നാണു് നിശ്ചയിച്ചിട്ടുള്ളതു് എന്നു് (ഋതുപൎണ്ണൻെറ സദസ്സിൽചെന്നു്) ഞാൻ പറയാം.

'ആളയച്ചിട്ടുണ്ടെന്മാനില്ല; ഇല്ലെന്മാനില്ല' എന്ന ഭാഗത്തിനു് 'അന്വേഷിക്കാൻ ആളുകളെ അയച്ചിട്ടു് (നളൻ) ഉണ്ടെന്നു പറയത്തക്ക അറിവൊന്നും കിട്ടിയിട്ടില്ല; മരിച്ചുപോയി എന്നും പറയാറായിട്ടില്ല.' എന്നു ചിലർ അൎത്ഥം പറഞ്ഞുകാണുന്നുണ്ടു്. അതു സ്വീകാൎയ്യമല്ലെന്നു പറയാൻ നിവൃത്തിയില്ല. അങ്ങനെയാണെങ്കിൽ, ആ വരികളെ താഴെ കാണുംവിധം

## രംഗം 11 സാകേതപുരി

ധനാശി — ചെമ്പട

ധൃതമുദേവമുദീര്യ്യ സുധീര്യ്യയൌ
സ തു തദൈവ സുദേവമഹീസുരഃ
സദസി ചോപസസാര സസാരഥിം
കഥിതവാനൃതുപൎണ്ണമഹീപതിം.

[അനന്തരം ഇരുന്നുകൊണ്ടു് ഋതുപർണ്ണനും അടുത്തുതന്നെ വണങ്ങിനിന്നുകൊണ്ടു് ബാഹുകനും പ്രവേശിക്കുന്നു.]

**സുദേവൻ**:— (പ്രവേശിച്ചിട്ടു്)

പല്ലവി

മാന്യമതേ! അഖിലഭുവനതതകീൎത്തേ! ബുധജന ....

---

വ്യാഖ്യാനിക്കാം: —'വിദർഭരാജാവു് നളനെ അന്വേഷിക്കാൻ പല ദിക്കിലേക്കും ആളുകളെ അയച്ചിരുന്നു. പക്ഷേ, നളൻ ഇന്ന ദിക്കിലുണ്ടെന്നുള്ളതിന്നു് ഇതേവരെ യാതൊരു തെളിവും കിട്ടിയിട്ടില്ല. മരിച്ചുപോയി എന്നു തീൎച്ചപ്പെടുത്താനും നിവൃത്തിയില്ല. രണ്ടായാലും, വിദർഭപുരിയിൽ നാലുദിക്കിൽനിന്നും ആളുകൾ ധാരാളം വന്നുതുടങ്ങീട്ടുണ്ടു്.' എന്നിങ്ങിനെ അൎത്ഥം പറയണം. ബാക്കി വരികളുടെ അൎത്ഥത്തിന്നു മാററമൊന്നുമില്ല.

ശ്ലോകം — സുധീഃ സഃ സുദേവമഹീസുരഃ തു = ബുദ്ധിമാനായ ആ സുദേവബ്രാഹ്മണനാകട്ടേ. ധൃതമുത് ഏവം ഉദീര്യ്യ= സന്തോഷത്തോടുകൂടി ഇങ്ങിനെ പറഞ്ഞിട്ടു്. തദാ ഏവ യയൌ=അപ്പോൾത്തന്നെ പുറപ്പെട്ടുപോയി. സദസി ഉപസസാര= സഭയിൽ ചെന്നു. സസാരഥിം ഋതുപൎണ്ണമഹീപതിം=സാരഥിയോടുകൂടിയ ഋതുപൎണ്ണരാജാവിനോടു്. കഥിതവാൻ ച=പറയുകയും ചെയ്തു. (ഇവിടെ സാരഥി ബാഹുകനാണു്.)

വൃത്തം - ദ്രുതവിളംബിതം.

പല്ലവി — അഖിലഭുവനതതകീൎത്തി=ലോകം മുഴുവൻ കീൎത്തി പരന്നവൻ.

അനുപല്ലവി

ദൈന്യമെന്ന വാർത്തപോലും
പരമൊരുപൊഴുതറിയാത ഭവാൻ
വൈന്യസമ! ഇതുപകർണ്ണഭൂമിപ!
വചനമേതദുപകർണ്ണയതാം മമ .... മാന്യ

ചരണം 1

ശങ്കനീയനെന്നാകിലും കുതു-
കം കഥഞ്ചന ചൊല്ലുവേൻ
നിങ്കലവസരമങ്ങനങ്കുശ-
മെന്നൊരിംഗിതമിങ്ങനെ;
സങ്കുലാ സകലാ ഭൂമണ്ഡലീ
സാമ്പ്രതം, ധരിയാഞ്ഞിതോ?
ശംഖമദ്ദളമംഗലധ്വനി
ദിങ്മുഖേഷു നിശമ്യതേ .... .... മാന്യ

---

അ: പ:—വൈന്യൻ=സൂര്യവംശത്തിലെ വേനൻ എന്ന രാജാവിൻെറ പുത്രനായ പൃഥുചക്രവർത്തി. (ഇദ്ദേഹം വലിയ പരാക്രമിയും നീതിജ്ഞനും ധർമ്മിഷ്ഠനും ആയിരുന്നു.) ഏതൽ വചനം ഉപകർണ്ണയതാം=(ഞാൻ പറയുന്ന) ഈ വാക്കു ചെവിക്കൊണ്ടാലും.

ച: 1—ശങ്കനീയൻ=ശങ്കിക്കേണ്ടവൻ. (അങ്ങയുടെ അടുക്കൽവന്നു കണ്ടതും കേട്ടതുമെല്ലാം പറയുന്നതിനു വളരെ ശങ്കിക്കണം) കഥഞ്ചന=ഒരുവിധം. (ഒരുവിധം ധൈര്യപ്പെട്ടു രസകരമായ ഒരു വർത്തമാനം പറയാം.) നിങ്കൽ=അങ്ങയുടെ അടുക്കൽ. അവസരം അനങ്കുശം = സമയം തടവില്ലാത്തതാണു്; (അങ്ങയുടെ അടുക്കൽ എനിക്കു സമയം നോക്കേണ്ടതില്ല.) ഇങ്ങു് ഒരു ഇംഗിതം ഇങ്ങിനെ=എന്നിങ്ങിനെയാണു് എൻെറ വിചാരം; എന്നാണു് എൻെറ വിചാരം; എന്നാണു് എൻെറ വിശ്വാസം. സങ്കുലാ........ ...ഞ്ഞിതോ? = ഭൂമണ്ഡലം മുഴുവൻ ഇപ്പോൾ ഇളകി വശായിരിക്കുന്നു എന്നു അങ്ങു ധരിച്ചില്ലേ?

ചരണം 2

എന്തിതിന്നൊരു കാരണം ശൃണു
പന്തണിമുലമാർമണി
സുന്ദരീ ദമയന്തീ കാനന-
ഭ്രാന്തനൈഷധരോഷിണീ
താന്തനിക്ക നിതാന്തരമ്യനി-
ശാന്തകേളിഷു ബാന്ധവം
കാന്തനാക്കി നൃപാന്തരം വരി-
പ്പാൻ തുനിഞ്ഞു സഭാന്തരേ .... .... മാന്യ

ചരണം 3

എന്നു കേട്ടൊരു വാചകം ചതു-
രർണ്ണവാന്തരരാജകം
എന്നൊടെന്നൊടു സന്നതാംഗി
യിണങ്ങു,മെന്നൊരു കൌതുകാൽ
വന്നു വന്നു നിറഞ്ഞു കുണ്ഡിനം;
ഇന്നതെന്നുറച്ചിന്നലേ;
ഇന്നു കേട്ടിതു നാളെയെ,ന്നിതൊ-
രാളുമൂലമിതെന്നതും .... .... .... മാന്യ

[സുദേവൻ യാത്രപറഞ്ഞു പോകുന്നു]

---

ദിങ്മുഖേഷു=ദിക്കുകളിലെല്ലാം. ശംഖമദ്ദളമംഗലധ്വനി നിശമ്യതേ=ശംഖുകളുടേയും മദ്ദളങ്ങളുടേയും മംഗളശബ്ദം കേൾക്കപ്പെടുന്നു.

ച: 2__കാന..............ഷിണി = കാട്ടിൽവെച്ച് ഓടിപ്പോയ നളനിൽ കോപത്തോടുകൂടിയവളേ. നിതാ...........ബാന്ധവം = അത്യന്തം മനോഹരങ്ങളായ രാത്രികളിലെ കേളി (ക്രീഡ)കളിൽ ബന്ധുവായ. നൃപാന്തരം=മറ്റൊരു രാജാവിനെ. സഭാന്തരെ=സഭയിൽവെച്ച്.

ച: 3__ചതുർണ്ണവാന്തരരാജകം = നാലു സമുദ്രത്തിനുമിടയ്ക്കു- ഭൂമിമുഴവൻ- ഉള്ള രാജസമൂഹം. സന്നതാംഗി=സുന്ദരി. ഇന്നതെന്നുറച്ചിന്നലെ=സ്വയംവരം ഇന്നാണെന്നാണ് ഇന്നലെ

**ഋതുപർണ്ണൻ:—**

കല്യാണി—ചെമ്പട—പല്ലവി

വരിക ബാഹുക, എന്നരികിൽ വരിക ബാഹുക

അനുപല്ലവി

നിരുപമാന! സാരസ്യസാരഥ്യപാകേഷു
നീ കേൾക്ക ലോകൈകമാന്യ .... .... വരിക.

ചരണം 1

അധരിതസകലനരലോകം ആത്മനൈപുണം
സഫലമാക്കിക്കൊൾവാനിന്നു തരമൊരവസരം;
അതിനു നീതാനോക്കിലാളെന്നു നിർണ്ണയം
മനസി മാമകേ, തദിഹ മാസ്തു വൈപരീത്യ,-
മെന്തെന്നും കഥയാമി, മന്ദത കളയേണം .... വരിക

---

വരെ ഉറച്ചിരുന്നതു്. ഇന്നു............ന്നതും=ഏതോ ഒരാൾ വന്നു ചേരായ്കയാൽ (ഒരാളുമൂലം) അതു് നാളെയ്ക്കു നീട്ടിവെച്ചിരിക്കുന്നു എന്നു് ഇന്നു കേട്ടു.

അ: പ:—സാരസ്യ സാരഥ്യ പാകേഷു നിരുപമാന! ലോകൈകമാന്യ! നീ ശൃണു=രസികത്വത്തിലും തേർതെളിക്കുന്നതിലും പാചകവൃത്തിയിലും എതിരായി മറ്റൊരാളില്ലാത്തവനും ലോകത്തിൽ അത്യന്തം മാന്യനമായുള്ളവനേ! നീ കേൾക്കുക!

ച: 1—അധ............പുണം=സകല മനുഷ്യരേയും കീഴ്പ്പെടുത്തുന്ന തന്റെ സാമർത്ഥ്യത്തെ. മാമകേ മനസി നിർണ്ണയം=എന്റെ മനസ്സിൽ നിശ്ചയമുണ്ടു്. തൽ ഇഹ വൈപരീത്യം മാ അസ്തു=അതുകൊണ്ടു്, ഇക്കാര്യത്തിൽ വിപരീതഭാവം ഉണ്ടാകരുതു്. കഥയാമി=ഞാൻ പറയാം. മന്ദത=മടി; നിരുത്സാഹത.

ച: 2—അകൃതകപ്രണയം=അകൃത്രിമമായ സ്നേഹം. ആർദ്രഭാവം=അലിവു്; ദയ. സുകൃതസാദ്ധ്യം = സുകൃതംകൊണ്ടുമാത്രം ലഭിക്കാവുന്നതു്. അകൃത്രിമമായ പ്രണയം, അനുരാഗം,

ചരണം 2

അകൃതകപ്രണയമനുരാഗമാർദ്രഭാവവും
സുകൃതസാദ്ധ്യ,മെന്നിൽ മുന്നേ ഭൈമിക്കിതു ദൃഢം;
അവനിസുരൻെറ വാക്കിനുമോക്കണമിതിഹ കാരണം,
അതിനു ശാസ്ത്രം കാമശാസ്ത്രം, സൂത്രം താനറിയാതോ
സുന്ദരി വിദുഷീ സാ? ... .... .... വരിക

ചരണം 3

നളനതിസുകൃതീ, അതുമൂലമന്നു സാദ്ധ്യമായി
ലളിതഗാത്രീമേളനം; ഇന്നു ലഭിക്കുമെന്നുമേ;

---

അനുകമ്പ—ഇതൊക്കെ സുകൃതമുണ്ടെങ്കിലേ ലഭിക്കയുള്ളൂ. ദമയന്തിക്ക് എന്നിൽ ഈ പ്രണയാദികൾ പണ്ടേ ഉണ്ടെന്നുള്ളതു തീച്ചയാണ്. ആ സുദേവൻ വന്നു പറഞ്ഞ വാക്കിനു കാരണം, ദമയന്തിക്ക് എൻെറ നേരെയുള്ള അനുരാഗവും എൻെറ സുകൃതവുമാണെന്നുള്ളതു് സ്പഷ്ടമാകുന്നു. ഈവക സംഗതികളിൽ പ്രമാണം കാമശാസ്ത്രമത്രെ. ദമയന്തിക്ക് സൌന്ദര്യത്തിനു പുറമേ വൈദഗ്ദ്ധ്യവും കൂടിയുള്ളതിനാൽ തൻെറ മനോരഥം സാധിക്കുന്നതിനുവേണ്ട ഉപായം തന്നത്താൻ തോന്നാതെ വരികയില്ല. (ഓരോ ശാസ്ത്രങ്ങളിൽ പ്രത്യേക പാണ്ഡിത്യം സമ്പാദിച്ചവക്ക തൽസംബന്ധമായ എല്ലാ കാര്യങ്ങളും അറിയാൻ സാധിക്കുന്നതുപോലെ, കാമശാസ്ത്രം പഠിച്ചവർക്കു് പ്രണയസിദ്ധിക്കുള്ള ഈവക ഉപായങ്ങളൊക്കെ സ്വയം തോന്നുമെന്നു സാരം. ദമയന്തി പൂർവ്വാനുരാഗംകൊണ്ടു് സ്വയംവരവിവരമറിയിക്കാൻ സുദേവനെ തൻെറ അടുക്കലേക്കു പറഞ്ഞയച്ചതാണെന്നാണ് ഋതുപർണ്ണൻെറ വ്യാമോഹം.)

ച: 3—അന്നു് = ആദ്യത്തെ സ്വയംവരത്തിൽ. ലളിതഗാത്രീമേളനം = സുന്ദരിയായ ദമയന്തിയുമായുള്ള സമാഗമം. ഇന്നു ലഭിക്കുമെന്നുമേ = എന്നെന്നേക്കുമായി ഇപ്പോഴ് എനിക്കു ലഭിക്കാൻ പോവുകയാണ്. ഗളിതസംശയം = സംശയംകൂടാതെ. നളിനബന്ധു=സൂര്യൻ. നളിനാക്ഷി = താമരക്കണ്ണി; സുന്ദരി. ഘടനീയാ=ചേക്കപ്പെടേണ്ടവൾ. നന്മണി രമണീയാ=

തെളിവിനൊടു തേർ നീ തെളിക്കണം; ഗളിതസം-
നളിനബന്ധുതാനുദിക്കിൽ നാളെപ്പോൽ [ശയം
നളിനാക്ഷി നമ്മൊടു ഘടനീയാ നന്മണിരമണീയാ.
[ഋതുപർണ്ണൻ സന്തോഷത്തോടുകൂടി യാത്രയ്ക്കൊരുങ്ങുവാനും ബാഹുകൻ നെടുവീർപ്പോടുകൂടി തേർ പൂട്ടുവാനും പോകുന്നു.]

---

## രംഗം 12 രാജധാനിയിലെ ഒരു ഭാഗം

ദ്വിജാവന്തി—ചെമ്പട

സുദേവോക്താ വാണീ സ്വദയിതതമോ-
ദന്തപിശുനാ
സുധാമിശ്രാ പൂർവ്വം ശ്രവസി വിഷധാ-
രേവ പതിതാ;
അഥോൽക്കേവാസഹ്യാ നൃപതദൃതുപ-
ർണ്ണസ്യ ച ഗിരാ
തതശ്ചിന്താമാപത്തരളഹൃദയോ
ബാഹുക ഇമാം

---

നല്ല രത്നംപോലെ മനോഹരി. 'ഇന്നു ലഭിക്കുമെന്നുമേ തെളിവിനൊടു' എന്ന ഭാഗത്തിനു് 'ഇപ്പോഠ എനിക്കുതന്നെ ലഭിക്കുമെന്ന ഉത്സാഹത്തോടുകൂടി' എന്നു ചിലർ അർത്ഥം പറഞ്ഞു കാണുന്നുണ്ടു്.

ശ്ലോകം—സ്വദയിതതമോദന്ത പിശുനാ=തന്റെ പ്രിയതമയുടെ വൃത്താന്തത്തെ സൂചിപ്പിക്കുന്നതും. സുദേവോക്താ വാണീ=സുദേവനാൽ പറയപ്പെട്ടതുമായ വാക്കു്. സുധാമിശ്രാ വിഷധാരാ ഇവ=അമൃതിനോടു കലർന്ന വിഷധാര എന്നപോലെ. പൂർവ്വം ശ്രവസി പതിതാ = ആദ്യം ചെവിയിൽ വീണു. അഥ ഉൽകാ ഇവ അസഹ്യാ ഋതുപർണ്ണസ്യ ഗിരാ ച നൃപതൽ=പിന്നീടു് തീക്കൊള്ളിപോലെ അസഹ്യമായ ഋതുപർണ്ണന്റെ വാക്കും വീണു. തതഃ = അതിനുശേഷം. തരളഹൃദയഃ

[ഒരുക്കിയ ഒരു തേരോടുകൂടി ബാഹുകൻ പ്രവേശിച്ച് ഋതുപർണ്ണന്റെ വരവും കാത്തു നില്ക്കുന്നു.]

**ബാഹുകൻ:—** (ആത്മഗതം)

പല്ലവി

മറിമാൻകണ്ണിമൌലിയുടെ മറിവാർക്കിതറിയാം?

അനുപല്ലവി

ഒരുമയായ് രമിച്ചിരുന്നൊരു മയാപരാധം
അവശം ചെയ്യപ്പെട്ടതോർത്താൽ
വിധുരം നിതരാം ചെയ്വാനോ .... .... മറി

---

ബാഹുകഃ=ചഞ്ചലഹൃദയനായിത്തീർന്ന ബാഹുകൻ. ഇമാം ചിന്താം ആപൽ=ഈ ചിന്തയെ പ്രാപിച്ചു; ഇങ്ങനെ വിചാരിച്ചു.

ഭൈമി കുണ്ഡിനത്തിൽ സുഖമായി താമസിക്കുന്നു എന്നുള്ള സുദേവോക്തിയാണ് അമൃതം; രണ്ടാം വേളിക്കുള്ള നിശ്ചയം വിഷവും. പുണ്ണിൽ കൊള്ളിവെക്കലാണ് ഋതുപർണ്ണവാക്യം. തന്നിൽ അത്യന്തം പ്രണയവതിയായ ദമയന്തി അങ്ങിനെ ചെയ്യുമോ? എന്നുള്ളതാണ് ഹൃദയചാഞ്ചല്യം. ഗിരാ എന്നതു് തൃതീയാന്തമല്ല; പ്രഥമാന്തമത്രെ. ആകാരാന്തശബ്ദമാണ് അതു്.

വൃത്തം_. ശിഖരിണി.

ലക്ഷണം__യതിക്കാറിൽത്തട്ടും യമനസഭലംഗം ശിഖരിണി.

പല്ലവി__മറിവ് ഇതു് = ഈ കപടം; കൌശലം. സുന്ദരിയായ ദമയന്തിയുടെ ഈ കൌശലം എന്തിനാണെന്ന് ആരറിഞ്ഞു?

അ: പ:__ഒരുമയായ്=ഒന്നിച്ചിരുന്ന്. മയാ = എന്നാൽ. അപരാധം=കുററം. അവശം=സ്വബോധമില്ലാതെ. നിതരാം വിധുരം ചെയ്വാനോ=ഏററവും വിരഹിയാക്കി ചെയ്യുന്നതിനു വേണ്ടിയാണോ? ഞങ്ങൾ രണ്ടുപേരും ഒന്നുതന്നെയാണെന്നുള്ള ഭാവനയിൽ സുഖമായി കഴിഞ്ഞുകൂടിവരവേ ആ അപരാധം—ദമയന്തീത്യാഗം—സ്വബോധമില്ലാത്ത നിലയിൽ എന്നാൽ ചെയ്യപ്പെട്ടതാലോചിച്ചാൽ, എന്നെ ഒരു നിത്യവിരഹിയാക്കി

ചരണം 1

ആത്തി പാരം വരുന്നേരമോത്തു ചൊല്ലുമോരോന്നേ
പേത്തു കണ്ണാകണ്ണികയാ ധൂത്തരതറിഞ്ഞു
ഓത്തുരച്ചേവരുമങ്ങു പാത്ഥിവന്മാരെത്തുകിലും
തീത്തുചൊല്ലാംനിന്ദ്യകമ്മംതാത്തന്മൊഴിചെയ്യയില്ലാ

ചരണം 2

അനവധി മമ പുനരപരാധം;
അതിനിതു സമുചിതമതിവാദം
അഴൽ മനമതിലെഴുമൊരുപോതങ്ങവറം പറകിലാമേ;

---

അതീത്തു സങ്കടപ്പെടുത്തുന്നതിനുവേണ്ടി ദമയന്തി ഈ ഉപായം(രണ്ടാം സ്വയംവരം) സ്വീകരിച്ചതായിരിക്കുമോ എന്നു ചുരുക്കം.

ച: 1—ആത്തി=സങ്കടം. കണ്ണാകണ്ണികയാ=ചെവിക്കുചെവി വഴിയായിട്ടു്. ധൂത്തർ=വിടന്മാർ.

നളൻെറ ആലോചന മറെറാരുവഴിക്കു തിരിയുന്നു:—ദുഃഖം അസഹ്യമായിത്തീരുന്ന അവസരങ്ങളിൽ 'മറെറാരാളെ ഭത്താവായി സ്വീകരിക്കാമായിരുന്നു' എന്നോ മറേറാ അവറം ഒരുപക്ഷേ പറഞ്ഞിരിക്കാം. അതു കണ്ണാകണ്ണികയാ കേട്ടു വാസ്തവമാണെന്നു വിശ്വസിച്ചു ധൂത്തന്മാരായ വല്ല രാജാക്കന്മാരും കുണ്ഡിനത്തിൽ എത്തിച്ചേന്നിട്ടുമുണ്ടായിരിക്കാം. അല്ലാതെ അവറം ഒരിക്കലും ഈ നിന്ദ്യകമ്മം ചെയ്യുമെന്നു വിചാരിക്കാൻ നിവൃത്തിയില്ല.

ച: 2—അതിവാദം=കടന്നവാക്കു്; മറെറാരാളെ വരിക്കയെന്ന വാക്കു്. എഴുമൊരുപോതു്=ഉണ്ടാകുമ്പോറം. അതൊഴികെ = അത്രത്തോളമല്ലാതെ. അനുചിതം=അനുചിതമായിട്ടു്. അപഥിഷു മതിഗതി = ദുമ്മാഗ്ഗങ്ങളിലുള്ള മനസ്സിൻെറ ഗതി. അവറം ശീലം=അവളുടെ സ്വഭാവം. അലമലം=ഈ ശങ്കയൊന്നും വേണ്ട. അതിചലവിലപിതമിതു്=ഈ ദ്വിതീയവിവാഹവാത്ത വല്ല ചപലന്മാരുടേയും വായാടിത്തത്തിൻെറ വിളയാട്ടമായിരിക്കാം.

അതൊഴികെ അനുചിതമൊരുനാളും
അപഥിഷു മതിഗതി ഭവാദൃശാം ക്കില്ലാ;
അതിപരിചിതമെനിക്കവരുടെശീലം;
അലമലം,മതിചലവിലപിതവിലസിതമിതു നൂനം.

(യാത്രയ്ക്കൊരുങ്ങി വാർഷ്ണേയനോടുകൂടി പ്രവേശിച്ച ഋതുപർണ്ണനോട്)

ചരണം 3

പ്രകടിതമഭിമതമൃതുപർണ്ണ!
വധൂമണിഗുണഗണഹൃതകർണ്ണ!
മമ മതിഗതി പുനരിതിവർണ്ണമരുതെന്നുമില്ലാ;
ഇവനൊടുമഹമിഹ തവ സൂതൻ,
അണിമണിരഥവരമധിരോഹ
ഭജ പുരമഭിമതമതിവേഗം നൂനം;
അഹിമകിരണനഥ ചരമഗിരിശിരസി നിപതതു.

എല്ലാവരും തേരിൽ കയറുന്നതായി നടിക്കുന്നു; ബാഹുകൻ തേർ തെളിക്കുന്നു.

---

ച: 3—അല്ലയോ ഋതുപർണ്ണമഹാരാജാവേ! അങ്ങയുടെ അഭിമതം അങ്ങു പ്രകടിപ്പിച്ചുവല്ലോ. വധൂമണി ഗുണഗണഹൃതകർണ്ണൻ=സ്ത്രീ രത്നത്തിന്റെ സൽഗുണങ്ങളാൽ ആകർഷിക്കപ്പെട്ട കർണ്ണങ്ങളോടുകൂടിയവൻ. (ഇതു് ഋതുപർണ്ണന്റെ വിശേഷണം.) മതിഗതി=മനോഗതി. (അങ്ങു പറഞ്ഞതുപോലെ പ്രവർത്തിക്കുന്നതിൽ എനിക്കു വിരോധമില്ലെന്നർത്ഥം.) ഇവനൊടും=ഈ വാർഷ്ണേയനോടുംകൂടി. (ഈ വാർഷ്ണേയനും ഞാനും അങ്ങേയ്ക്കു സൂതന്മാരായിട്ടുണ്ടു്.) അണിമണിരഥവരം അധിരോഹ=അലങ്കരിച്ച മനോഹരമാക്കിയ മികച്ച തേരിൽ അങ്ങു കയറിയാലും. അഭിമതം പുരം ഭജ=ആഗ്രഹിച്ച നഗരത്തെ പ്രാപിച്ചാലും. അഹിമകിരണൻ=സൂര്യൻ. ചരമഗിരിശിരസി=അസ്തമയപർവ്വതത്തിന്റെ ശിരസ്സിൽ. നിപതതു=പതിക്കട്ടെ. അങ്ങു് (നൂനം) ആദ്യം ഉദ്ദേശിച്ച നഗരത്തിലെത്തിച്ചേരും; (അഥ) അതിനുശേഷമേ സൂര്യനസ്തമിക്കയുള്ളു. സൂ

എന്നിവണ്ണമൃതുപർണ്ണഭൂപനുപകർണ്ണ്യ
ബാഹുകഗിരം തദാ
'നന്നു നന്നു തവ നൈപുണം സഫലമിന്നെ-
നിക്കിതുപകാരമായ്''
എന്നു ചൊല്ലിയുടനന്യരാരുമറിയാതെ
തേർ കയറി മൂവരും
മന്ദമെന്യെ നടകൊണ്ടിതങ്ങു, രഥവേഗ-
മെന്തു പറയാവതോ?

കല്യാണി—മുറിയടന്ത

''കാണുമ്പോൾ ക്ഷണമപി പിന്നിലാമശേഷം,
വീണുംപോമപരിചിതൻ വ്യപേതധൈര്യം,
തീക്ഷ്ണേയം രഥഗതിവേഗശക്തി''യെന്നും
വാർഷ്ണേയൻ വലിയൊരു ചിന്തപൂണ്ടു ചൊന്നാൻ.

---

സ്യനസ്തമിക്കുന്നതിനു മുൻപു ഞാൻ അങ്ങയെ കുണ്ഡിനത്തിലെത്തിച്ചേയ്ക്കാം എന്നു സാരം.

ശ്ലോകം—ഉപകർണ്ണ്യ=കേട്ടിട്ട്. ബാഹുകഗിരം=ബാഹുകന്റെ വാക്കിനെ. തദാ=അപ്പോൾ. നൈപുണം=സാമർത്ഥ്യം. മന്ദമെന്യെ=വേഗത്തിൽ.

വൃത്തം—കസുമമഞ്ജരി.

ലക്ഷണം—രം നരം നരനരം നിരന്നു വരുമെങ്കിലോ കുസുമമഞ്ജരി.

ശ്ലോകം—മുമ്പിൽ കാണുന്നതു മുഴുവൻ ക്ഷണനേരംകൊണ്ടു് പിന്നിലായിപ്പോകുന്നു. പരിചയമില്ലാത്തവൻ രഥത്തിൽ നിന്നു് അധൈര്യംകൊണ്ടു വീണുപോയി എന്നും വരാം. (ഇയം രഥഗതിവേഗശക്തി തീക്ഷ്ണാ=) രഥത്തിന്റെ ഈ ഗതിവേഗം അത്യന്തം തീക്ഷ്ണമായിരിക്കുന്നു. (പേടി തോന്നത്തക്ക വിധം അത്ര കടുത്തതായിരിക്കുന്നു.)

വൃത്തം—പ്രഹർഷിണി.

ലക്ഷണം—ത്രിച്ഛിന്നം മനജരഗം പ്രഹർഷിണിക്കു്.

**വാർഷ്ണേയൻ:–** [ആത്മഗതം]

പല്ലവി

ആരയ്യോ! ഇബ്ബാഹുകൻ ദേവേന്ദ്രസൂതനോ പാർക്കിൽ

അനുപല്ലവി

വീരാധിവീരൻ കോസലപതിസാരഥിയായി
ഭൂതലേ വാണീടുന്നോനിവൻ .... .... ആരയ്യോ

ചരണം 1

ആർക്കു പാർക്കിൽ നൈപുണ്യമേവം?
മററാർക്കുമേ പാരിൽ കണ്ടീല ഞാനോ;
നേർക്കുനേരേ നിഖിലവും വിദ്യാ,
വാക്കിനുള്ളോരു കൌശലവും;
ഇല്ല തമ്മിലകലവും താരതമ്യശകലവും;
ഈഷലുണ്ടിവൻ നൈഷധൻ
സൂതവേഷധാരി മാനവൻ .... .... ആരയ്യോ

---

പല്ലവി––അയ്യോ!=വിസ്മയദ്യോതകമായ ശബ്ദം. (വ്യാക്ഷേപകനിപാതം.) ദേവേന്ദ്രസൂതൻ=ഇന്ദ്രന്റെ തേരാളി; മാതലി.

അ: പ:––വീരാധിവീരനായ അയോധ്യാപതിയുടെ (ഋതുപർണ്ണന്റെ) സാരഥിയായി കഴിയുന്ന ഇവനാരാണ്?

ച: 1––ബാഹുകൻ നളൻതന്നെയായിരിക്കുമോ എന്നു സംശയിക്കുന്നു:– സൂക്ഷ്മമായിട്ടാലോചിച്ചു നോക്കിയാൽ, സാരഥ്യത്തിൽ ഇതുപോലെയുള്ള നൈപുണ്യം ആർക്കാണുള്ളത്? (നളനല്ലാതെ) മററാർക്കും ഈ സാമർത്ഥ്യം ഞാൻ കണ്ടിട്ടില്ല. (പാചകസാരഥ്യാദി) എല്ലാ വിദ്യകളും വാക്സാമർത്ഥ്യവും (നേർക്കുനേരേ) നളനിൽ കണ്ടതുപോലെതന്നെ ഇവനിലും കാണുന്നു. നളനും ബാഹുകനും തമ്മിൽ (സ്വഭാവത്തെ സംബന്ധിച്ചിടത്തോളം) അകൽച്ചയോ ഏററക്കുറച്ചിലോ [താരതമ്യശകലം] ഒട്ടും കാണുന്നില്ല. ഇങ്ങനെ എല്ലാംകൊണ്ടും നോ

ചരണം 2

മാർഗ്ഗം പാർക്കിലങ്ങോളം നന്നു്;
പാക്കാവൊന്നെല്ലാമൊട്ടുക്കമെടുക്കത്തു;
തേക്കു വേഗമനുപമം; ഇതു
നോക്കുവാൻപോലുമാളല്ലേ
ഇക്കർമ്മത്തിൽ,-നാമല്ലേ-പരിശ്രമിപ്പോരെല്ലാം;
ഈഷലുണ്ടിവൻ നൈഷധൻ
സൂതവേഷധാരി മാനവൻ .... .... ആരാഞ്ഞാ

---

ക്കിയതിൽ ഇവൻ സൂതവേഷധാരിയായ നളൻ തന്നെയ ല്ലേ എന്നു് എനിക്കു ബലമായ സംശയമുണ്ടു്. (ഈഷൽ= സംശയം.)

'ഈഷലുണ്ടിവൻ നൈഷധൻ സൂതവേഷധാരിവാനിവൻ' എന്നാണു് ചില പുസ്തകങ്ങളിൽ കാണുന്ന പാഠം. "സൂതവേ ഷധാരിവാൻ എന്ന ദിക്കിൽ 'വേഷധാരി' എന്ന ശബ്ദം കഴിഞ്ഞു് 'വാൻ=ആൻ' എന്നുള്ള നിപാതം ഘടിപ്പിക്കുന്നതു സംസ്കൃതത്തിലെ 'താവത്' ഇത്യാദിപോലെ വാക്യാലങ്കാരം. ഇതു ചോദ്യങ്ങളെ ബലപ്പെടുത്തും" എന്നു അർത്ഥവും പറഞ്ഞു കാണുന്നു. അടുത്തടുത്തായി ഇവൻ എന്ന ശബ്ദം രണ്ടുപ്രാവ ശ്യം ആവർത്തിച്ചതിനെപ്പററി ആ വ്യാഖ്യാതാവു് ഒന്നും പറ ഞ്ഞുകാണുന്നില്ല. സൂതവേഷധാരിവാൻ എന്ന പദത്തിനു പ റഞ്ഞിരിക്കുന്ന അർത്ഥം അത്ര ഹൃദ്യമായി തോന്നുന്നുമില്ല. അതു കൊണ്ടാണു് അല്പംകൂടി ഉചിതമെന്നു തോന്നിയ ഒരു പാഠാന്ത രം ഇവിടെ സ്വീകരിച്ചതു്.

ച: 2—പാക്കാവൊന്നു്=കാണാവുന്ന വസ്തു (അകലെ ക ണ്ടിച്ച ദൃശ്യമാകുന്നതെല്ലാം പെട്ടെന്നു് അടുത്തുവരുന്നു.) അനു പമം=എതിരില്ലാത്തതു്. ഇക്കർമ്മത്തിൽ=ഇങ്ങനെയുള്ള സാര ഥ്യകർമ്മത്തിൽ. ഞാനല്ലേ=ഞാൻ മാത്രമല്ല. ഇങ്ങനെ തേർ തെളിക്കുന്നതു പരീക്ഷിച്ചുനോക്കുവാൻപോലും, ഞാനെന്നല്ല, ഇതിനുവേണ്ടി പരിശ്രമിച്ചിട്ടുള്ളവരിലാരും തന്നെ മതിയാവു കയില്ല (ആളല്ലേ) എന്നുസാരം.

ചരണം 3

മൂഢനാകിൽ ഞാനത്രേ പാരിൽ;
പ്രൌഢപരിചയം കൂടെ വസിച്ചിട്ടും,
പാടവം കണ്ടു രസിച്ചിട്ടും, തമ്മി-
ലൂഢസൌഹൃദം രമിച്ചിട്ടും,
തേടീടിനേനില്ലൊട്ടും ശങ്കാലവം, ഇതു കഷ്ടം!
ഈഷലെന്തിവൻ നൈഷധൻ
സൂതവേഷധാരി മാനവൻ .... .... ആരയ്യോ

(ആലോചിച്ചുകൊണ്ടു നില്ക്കുന്നു)

വേകട—അടന്ത

"കണ്ടീലേ രഥവേഗ,മേവമിവനി-
ക്കൌശല്യമോർത്തീല ഞാൻ,
മിണ്ടീലെന്നോടു ജീവലൻ മികവെഴും
വാർഷ്ണേയനും ചെറ്റുമേ;
വേണ്ടീലെന്നുവരും നമുക്കവരതോ-
ർത്തല്ലീ തദി"ത്യാദിയോ-
ർത്തുണ്ടായുത്തരവസ്ത്രപാതമുതുപ-
ണ്ണോദ്ബോധയൽ ബാഹുകം.

---

ച: 3—ഈ ലോകത്തിൽ ഞാനാണു് വലിയ വിഡ്ഢി. (പ്രൗഢപരിചയം) ഉററ പരിചയത്തോടുകൂടി ഒന്നിച്ചു താമസിക്കയും, സാമർത്ഥ്യം കണ്ടു രസിക്കയും, വർദ്ധിച്ച സ്നേഹത്തോടുകൂടി സല്ലപിക്കയും ചെയ്തിട്ടും, ഇതേവരെ ബാഹുകൻ നളനാണെന്നു സംശയിക്കാൻപോലും എനിക്കു കഴിഞ്ഞില്ലല്ലോ. കഷ്ടംതന്നെ.

ശ്ലോകം—ഇവ ......ഞാൻ=ഇവന്നു് ഇത്ര സാമർത്ഥ്യമുണ്ടെന്നു ഞാനോർത്തിരുന്നില്ല. വേണ്ടീലെന്നു വരും നമുക്കവർ=അവർ എനിക്കു വേണ്ടെന്നുവരും. (ബാഹുകൻെറ ഈ സാമർത്ഥ്യത്തെപ്പററി ജീവലനും വാർഷ്ണേയനും ഇതിനുമുമ്പു തന്നോടു പറയാതിരുന്നതു്, അതറിഞ്ഞാൽ താൻ അവരെ വേണ്ടെന്നുവെ

**ഋതുപർണ്ണൻ:—** പല്ലവി

മന്ദം മന്ദമാക്ക ബാഹുക! രഥഹയവേഗം

അനുപല്ലവി

നിന്നു ചൊല്ലേണ്ടതുണ്ടൊരു വാക്കെനി-
ക്കെന്നുമല്ല, എന്നുത്തരീയം വീണു .... മന്ദം

ചരണം 1

കാത്തിട്ടുണ്ടൊന്നു ചൊല്ലുവാനുള്ളിൽ, ചൊല്ലുവൻ
അതു,മൊരോരുഴം കൊടുക്ക ഹയങ്ങൾക്ക പല്ലവാൻ,
തേർത്തട്ടിന്മേൽ നാം നില്ക്കേ വാർഷ്ണേയൻ മെല്ലവേ
പിന്നിൽ തിരിഞ്ഞിറങ്ങി എടുക്കണമെൻ പടതല്ലജം,
അനന്തരം ഈ വിധവേഗമൊടിതങ്ങോടിക്ക,
എന്നതുകൊണ്ടെനിക്കില്ലതി വൈകുവാൻ,
ഏവമാകേണം ബാഹുക കേൾക്ക നീ,
ഭാവമെന്തിതിനേതും തരാഞ്ഞു നീ? .... മന്ദം

---

ക്കും എന്നു വിചാരിച്ചിട്ടായിരിക്കാം എന്നു് ഋതുപർണ്ണൻ കരുതുന്നു.) ഇങ്ങനെ വിചാരിച്ചിരിക്കെ തന്റെ ഉത്തരീയം വീണുപോയതുകൊണ്ടു് ഋതുപർണ്ണൻ നളനോടു പറഞ്ഞു. (ഉണ്ടായ.+ ഉത്തരവസ്ത്രപാതം എന്നാണു് പദച്ഛേദം. അബോധയൽ= ബോധിപ്പിച്ചു; അറിയിച്ചു.)

വൃത്തം.—ശാർദ്ദൂലവിക്രീഡിതം.

ലക്ഷണം—പന്തുണ്ടാൽ മസജം സ്തതം ത ഗുരുവും
ശാർദ്ദൂലവിക്രീഡിതം

പല്ലവി—മന്ദമാക്ക=പതുക്കെയാക്കുക. രഥഹയവേഗം= തേർക്കുതിരകളുടെ വേഗം.

അ: പ:—എന്നുമല്ല=എന്നുമാത്രമല്ല.

ച: 1—എനിക്കു് ഒരു സംഗതി നിന്റെ അടുക്കൽ പറയണമെന്നുണ്ടു്; അതു ഞാൻ പറയാം. നിനക്കു ഒരു തവണ കുതിരകൾക്കു് ആഹാരവും കൊടുക്കാം. നമുക്കു തേരിൽതന്നെ

ബാഹുകൻ:— (തേർതെളിച്ചുകൊണ്ടുതന്നെ)

ചരണം 2

അന്തിയാം,മുമ്പേ കുണ്ഡിനംതന്നിൽ ചേരേണമെങ്കി-
ലെന്തിനുണ്ടാകുന്നു കാലവിളംബനകാരണം?
അന്തികത്തിങ്കലല്ല പടം, ബഹുയോജനവഴി
ചെന്നോ ലഭിപ്പൂ; അതു നല്ല ചിന്തിതനാശനം;
അതെന്നിയേ പാർത്തുപോകിലോ രാത്രിയായി
പ്പോകുമേ, പാഴിലാമിപ്രയാസമിതൊക്കയും
ഓർത്തുപോന്നതീ നേർത്ത വസനമോ
താർത്തേൻവാണിതൻ പാണിഗ്രഹണമോ? ....

പല്ലവി

എന്തു ചിന്ത ഹന്ത ഭൂപതേ! ഹൃദയേ നിനക്കു
എന്തു ചിന്ത ഹന്ത ഭൂപതേ!

---

ഇരിക്കാം. വാർഷ്ണേയൻ പതുക്കെ പോയി പിന്നിൽ വീണുപോയ എൻ്റെ ഉത്തരീയം എടുത്തുകൊണ്ടുവരട്ടെ. പിന്നീട്ട് ഇപ്പോഴത്തെപ്പോലെതന്നെ അതിവേഗത്തിൽ നിനക്കു തേരോടിക്കാം. ഇത്രയുംകൊണ്ടു വഴിയിൽ അത്ര താമസമൊന്നും നേരിടാനിടയില്ല. അല്ലയോ ബാഹുക! നീ ഇങ്ങനെ വേണം ചെയ്യാൻ. ഇത്രയും പറയുന്നതിനുപോലും നീ എനിക്കു സമയം തരാത്തതെന്തുകൊണ്ട്? (പല്ലവാൻ=തളിരുകളെ. പടതല്ലജം=നല്ല വസ്ത്രം.)

ച: 2—കാലവിളംബനകാരണം=സമയം വൈകുന്നതിനുള്ള കാരണം. അന്തികം=സമീപം. പടം=വസ്ത്രം. നല്ല ചിന്തിതനാശനം=ആശിച്ചുപോന്ന നല്ല കാര്യത്തെ നശിപ്പിക്കുന്നതു്; ഉദ്ദിഷ്ട സാദ്ധ്യത്തിനു പ്രതിബന്ധം. പാർത്തുപോകിൽ=താമസിക്കുകയാണെങ്കിൽ. ഓർത്തു...,ണമോ?=അങ്ങു പ്രധാനമായി ഉദ്ദേശിച്ചു പുറപ്പെട്ടതു് ഈ നേരിയതിൻ്റെ കാര്യമോ, അതോ സുന്ദരിയായ ദമയന്തിയുടെ പാണിഗ്രഹണകാര്യമോ?

**ഋതുപൎണ്ണൻ:—**

ചരണം 3

പാൎത്തു കണ്ടു ഞാൻ നിന്നുടെ വിദ്യാവൈഭവ,മസ്തു;
തോൎത്തുന്ന വസ്തുമിപ്പോയതിനാലെന്തു ലാഘവം?
ധൂൎത്തനു തോന്നേണ്ടാ, ചൊല്ലുമാറില്ല ഞാൻ
കൈതവം, പരമാൎത്ഥം നിനക്കറിവാനുള്ള വിദ്യയും
ചൊല്ലുവൻ, വിദൂരത്തിൽ താന്നിയെന്ന
മരത്തിൽ ദലഫലം ഞാൻ നിനച്ചപ്പോൾ
തോന്നിയതിന്നെണ്ണം മൂന്നു ലക്ഷവും മുപ്പതിനായിരം;
ചേൎന്നതില്ലെങ്കിൽ ചെന്നതങ്ങെണ്ണുക. .... മന്ദം

(താൻ പ്രതീക്ഷിച്ചുകൊണ്ടിരുന്ന കാൎയ്യം—അക്ഷഹൃദയം വശമാക്കൽ—സാധിക്കുവാനുള്ള അവസരം വന്നതിൽ സന്തുഷ്ടനായ ബാഹുകൻ ഉടനേ തേർനിർത്തി ഇറങ്ങിപ്പോയി ദലഫലങ്ങളെണ്ണി ശരിയാണെന്നുകണ്ടു്, വിസ്മയത്തോടുകൂടി ഋതുപൎണ്ണസന്നിധിയിൽവന്നു പറയുന്നു.)

**ബാഹുകൻ:—**

ചരണം 4

ഓൎത്തു നീ ചൊന്നതത്രയുമതിവിസ്മയം, നന്നി-
തോൎക്കിലെനിക്കു പഠിക്കേണമിന്നീ വിദ്യയും;

---

ച: 3--അസ്തു=ഇരിക്കട്ടെ. ലാഘവം=കുറച്ചിൽ; ചേതം. കൈതവം=കളവു്. വിദ്യ=അക്ഷഹൃദയം. ദലഫലം=ഇലയും കായ്കളും. നളനു് അശ്വഹൃദയമെന്നതുപോലെ തനിക്കു് അക്ഷഹൃദയവും അറിയാമെന്നാണു് ഋതുപൎണ്ണൻ പറയുന്നതു്. ആ വിദ്യയുടെ ഫലമായി അങ്ങകലെ നില്ക്കുന്ന താന്നിമരത്തിലെ ദലഫലങ്ങൾ ഇത്രയെന്നു് ഋതുപൎണ്ണൻ പറയുന്നു. ചേൎന്നതില്ലെങ്കിൽ=ഞാൻ ഈ പറഞ്ഞതു് നിനക്കു ബോധിച്ചില്ലെങ്കിൽ.

ച: 4--നീ ചൊന്നതത്രയും ഓൎത്തു=അങ്ങു പറഞ്ഞതു മുഴുവൻ ശരിയായിരിക്കുന്നു. പാത്രമതിന്നു ഞാൻ=ഈ അക്ഷഹൃദയവിദ്യ പഠിക്കുന്നതിനു ഞാൻ അൎഹനാണു്. ചൊറാ പാ

പാത്രമതിന്നു ഞാ,നോൎത്താലും നമ്മിലെ വേഴ്ചയും;
ചെററ പാൎത്താലതുകൊണ്ടു വന്നീടുകയില്ല വീഴ്ചയും;
ഋതുപൎണ്ണ! നന്നു, വന്നിതു നല്ലൊരു സംഗതി;
ഇന്നുതന്നെയെനിക്കു പഠിക്കേണം;
തന്നുടെ വിദ്യയനന്യനു വേണ്ടുകിൽ
നന്നു നൽകിലെന്നല്ലോ കേൾപ്പതും ....ഏന്തുചിന്ത

(ഋതുപൎണ്ണൻ ബാഹുകനു് അക്ഷഹൃദയം ഉപദേശിക്കുന്നു. പിന്നെ ബാഹുകൻ 'ഞാൻ ഇതൊന്നു പരീക്ഷിച്ചുനോക്കട്ടെ' എന്നു പറഞ്ഞു് താന്നിച്ചുവട്ടിലേക്കു പോകുന്നു.)

(തിരശ്ശീല)

## രംഗം 12 — താന്നിച്ചുവടു്

### ചൂൎണ്ണിക

ഇത്യേവമൈകമത്യാപഹൃത നിത്യപരിവാര ഹൃദ്യ
പരിച്ഛദാദിരാജചിഹ്നേന സുദേവഭൂദേവപ്രഗത്ഭതാ
കല്പിത വിദൎഭജോദ്വാഹോപായോപദാ സുധാപാന

---

ൎത്താൽ=അല്പം താമസിച്ചുപോയാൽ. ഋതു....സംഗതി=ഋതുപൎണ്ണനു തന്റെ വിദ്യ അൎഹിക്കുന്ന ഒരാൾക്കു് ഉപദേശിച്ചുകൊടുക്കുവാനുള്ള ഭാഗ്യമുണ്ടായി.

ചൂൎണ്ണിക— ഇത്യേവം=എന്നിപ്രകാരം. ഐകമത്യാ........ചിഹ്നേന=ഐകമത്യംകൊണ്ടു് (ഭീമരാജാവുമായുള്ള വേഴ്ചകൊണ്ടു്) അപഹൃതങ്ങളായിരിക്കുന്ന (അപഹരിക്കപ്പെട്ട) നിത്യപരിവാരങ്ങൾ (പതിവായി കൂടെയുണ്ടാകാറുള്ള അകമ്പടിക്കാർ), ഹൃദ്യപരിച്ഛദങ്ങൾ (വെൺകൊററക്കുട, ചാമരം,) മുതലായ രാജചിഹ്നങ്ങളോടുകൂടിയവനും.

സുദേവ.................സുവൎണ്ണേന=സുദേവഭൂദേവനാൽ (സുദേവൻ എന്ന ബ്രാഹ്മണനാൽ) പ്രഗത്ഭതയോടെ (സാമൎത്ഥ്യത്തോടുകൂടി) കല്പിതമായ (നല്കപ്പെട്ട) വിദൎഭജോദ്വാഹ (ദമ

ലാഭലോഭലുപ്തധൈര്യസുവർണ്ണേന ഋതുപർണ്ണേന മദ്ധ്യേ
മാർഗ്ഗം വിദ്യാഗ്രഹണാഭിലാഷുകബാഹുക നിർബ്ബന്ധസു
പ്രസന്നേന വിതീർണ്ണായാം വിക്ഷപിതകലിമലായാമതി
ഹൃദ്യായാമക്ഷഹൃദയവിദ്യായാം,

കല്യാണി—ചെമ്പട

വൈദർഭീലാഭരൂപോദ്ധതദഹനശിഖാ-
ദഗ്ദ്ധശേഷം സശോഷം
ബിഭ്രൻ കാർക്കോടകാഖ്യോരഗവിഷതടിനീ-
ഗാഢമംഗം വിമൂഢഃ
രുദ്ധപ്രാരബ്ധസിദ്ധിർന്നളമനലധിയാ
ത്യക്തവാൻ സിദ്ധവിദ്യാ-
സുപ്രാകാശ്യാസഹിഷ്ണുഃ കലിരഥ ജഗൃഹേ
സാസിനാ നൈഷധേന.

---

യന്തീവിവാഹ)മെന്ന ഉപായമാകുന്ന ഉപദ (തിരുമുല്ക്കാഴ്ച) യാകുന്ന സുധാപാന (അമൃതപാന) ത്തിന്റെ ലാഭംകൊണ്ടുണ്ടായ ലോഭത്താൽ (തൃഷ്ണയാൽ; ദമയന്തീപ്രാപ്ത്യാശയാൽ) ലുപ്തമായ (നശിച്ച) ധൈര്യമാകുന്ന സുവർണ്ണ (സ്വർണ്ണ) ത്തോടുകൂടിയവനും.

വിദ്യാ............പ്രസന്നേന = വിദ്യാഗ്രഹണത്തിൽ (അക്ഷഹൃദയവിദ്യ പഠിക്കുന്നതിൽ) അഭിലാഷുകനായ (ആഗ്രഹത്തോടുകൂടിയ) ബാഹുകന്റെ നിർബ്ബന്ധംകൊണ്ടു സുപ്രസന്നനും (നല്ലപോലെ പ്രസാദിച്ചവനും) ആയ. ഋതുപർണ്ണേന=ഋതുപർണ്ണനാൽ. മദ്ധ്യേമാർഗ്ഗം=മാർഗ്ഗമദ്ധ്യത്തിൽവെച്ച്. വിക്ഷപിതകലിമലായാം=കലിദോഷങ്ങളെ അകററുന്നതും. അതിഹൃദ്യായാം അക്ഷഹൃദയവിദ്യായാം വിതീർണ്ണായാം (സത്യാം) =അത്യന്തം ഹൃദ്യമായ അക്ഷഹൃദയവിദ്യ വിതീർണ്ണമായപ്പോൾ (കൊടുക്കപ്പെട്ടപ്പോൾ)—

ശ്ലോകം—വൈദർഭീ..........ശേഷം=വൈദർഭിയുടെ ശാപരൂപമായ (ശാപമാകുന്ന) ഉദ്ധതദഹനശിഖയാൽ (കഠോരാഗ്നിജ്വാലയാൽ) ദഗ്ദ്ധശേഷം (ദഹിച്ചിട്ടു ശേഷിച്ചതും.). സ

(അനന്തരം പേടിച്ചോടിക്കൊണ്ടു കലിയും, പിമ്പേ വാളോങ്ങിക്കൊണ്ടു് രൗദ്രഭാവത്തോടെ ബാഹുകനും പ്രവേശിക്കുന്നു.)

**ബാഹുകൻ:**—(കലിയെ പിടിച്ചുനിർത്തിക്കൊണ്ടു്)

പല്ലവി

എന്നെച്ചതിച്ച നീ എവിടേക്കു പോയീടുന്നു?
എനിക്കുള്ളൂ കേൾക്കയിൽ മോഹം.

അനുപല്ലവി

സന്നച്ഛവിവദനം ഭിന്നസ്ഥിതിചരിത!
ഇന്നു മന്ദ! മമ നിന്നെക്കണ്ടുകിട്ടി. .... എന്നെ

---

ശോഷം=ശോഷിച്ചതും. കാക്കോട.........ഗാഢം=കാക്കോടകൻ എന്ന സർപ്പത്തിന്റെ വിഷമാകുന്ന നദിയിൽ മുഴകിയതും ആയ. അംഗം ബിഭ്രൽ=ദേഹത്തെ ധരിക്കുന്നവനും. വിമൂഢഃ=ബുദ്ധിക്കു മാന്ദ്യം തട്ടിയവനും രുദ്ധപ്രാരബ്ധസിദ്ധിഃ കലിഃ =ആരംഭിച്ച കാര്യത്തിന്റെ സിദ്ധിക്കു മുടക്കം നേരിട്ടവനും ആയ കലി. സിദ്ധവി..........ഹിഷ്ണുഃ = (നളന്റെ) സിദ്ധിച്ച അക്ഷഹൃദയവിദ്യയുടെ അതിപ്രകാശത്തെ സഹിക്കാൻ കഴിയാത്തവനായിട്ടു്. നളം=നളനെ. അനലധിയാ ത്യക്തവാൻ=തീയാണെന്നുകരുതി വിട്ടൊഴിഞ്ഞു. അഥ സാസിനാ നൈഷധേന ജഗൃഹേ =അനന്തരം അസിയോടു (വാളോടു) കൂടിയ നൈഷധനാൽ പിടിക്കപ്പെട്ടു.

'എരിതീയിൽ പതിതനായ്പ്പൊരിക വഞ്ചകനവൻ' എന്നു ദമയന്തി കലിയെ ശപിച്ചിട്ടുണ്ടല്ലോ. 'എന്നുടെ വിഷമേററു നിന്നെയവൻ വിടുമുടനേ' എന്നുള്ള കാക്കോടകവാക്യവും ഇവിടെ സ്മരണീയമത്രെ.

വൃത്തം—സ്രഗ്ദ്ധര.

അ: പ:—ഭിന്നസ്ഥിതി ചരിത! = മര്യാദയേയും ചാരിത്രത്തേയും ഭേദിച്ചവനേ! (സ്ഥിതി=മര്യാദ. ചരിതം = സുചരിതം; ചാരിത്രം.) മന്ദ! = മൂഢനായുള്ളവനേ! സന്നച്ഛവിവദനം നിന്നെ = മങ്ങിയ മുഖത്തോടുകൂടിയ നിന്നെ. [സ

ചരണം 1

കുത്സിതരൂപമാപാദചൂഡം, സജ്ജനങ്ങളിൽ
മത്സരിഭാവം ബിഭ്രാണം, മൂഢം,
(ഭർത്സനമല്ലിതു) മന്യേ ത്വാം കീടം; സകലജനാനാം-
മുത്സവകാരണം ത്വന്നിധനം;
രൂഢം നന്നെൻറ ഭാഗ്യം.
ദണ്ഡനീയതര! മന്നിൽ നീ സപദി
ഖണ്ഡനീയഗളനിന്നു നീ ചപല!
ഷണ്ഡ നീച ഖല മന്ദ! നീയുഴറി
മണ്ടുവാൻ കൊതിച്ചതെന്തു നീ?
അന്ധനായ് പുറപ്പെട്ടോരു നിന്നെയു-
ണ്ടന്തകൻ വിളിക്കുന്നു വിരുന്നിനു്;
വെന്തു നീറിയെഴുമന്തരംഗമതിൽ
ചിന്തയെന്തിനിയൊഴിഞ്ഞുപോവതിന്നു്? .... എന്നെ

---

ന്നച്ഛവി=സന്നമായ (നശിച്ച) ഛവി (ശോഭ) യോടുകൂടിയതു്.]
മമ=എനിക്കു്.

ച: 1—ആപാദചൂഡം കുത്സിതരൂപം = അടിമുതൽ മുടി വരെ അറപ്പുണ്ടാക്കുന്ന ആകൃതിയോടുകൂടിയവനും. മത്സരിഭാവം ബിഭ്രാണം=മാത്സര്യത്തെ വഹിക്കുന്നവനും. മൂഢം ത്വാം= മൂഢനുമായ നിന്നെ. കീടം മന്യേ=ഒരു പുഴുവായിട്ടേ ഞാൻ കരുതുന്നുള്ള. ഭർത്സനമല്ലിതു്=ഇതു് ഒരു വെറും അധിക്ഷേപവാക്കല്ല. [ഇതു് ഒരു ശബ്ദവാക്യമായി എടുക്കയാണു് നല്ലതു്.) ത്വന്നിധനം സകലജനാനാം ഉത്സവകാരണം=നിന്നെക്കൊല്ലുന്നതു് എല്ലാവർക്കും സന്തോഷത്തിന്നു് ഒരു കാരണമായിരിക്കും. നന്നു്; എൻെറ ഭാഗ്യം രൂഢം=കൊള്ളാം; എൻെറ ഭാഗ്യം വേരൂന്നിയതായി; ഉറച്ചു. ദണ്ഡനീയതര! = ഏററവും ദണ്ഡ്യനായുള്ളവനേ! (തീർച്ചയായും ശിക്ഷിക്കപ്പെടേണ്ടവനാണു് നീ എന്നർത്ഥം). നീ സപദി ഖണ്ഡനീയഗളൻ=നീ വേഗത്തിൽ കഴുത്തറുക്കപ്പെടേണ്ടവനാണു്. . ചപലൻ=അസ്ഥിരസ്വഭാവി. ഷണ്ഡൻ=ആണും പെണ്ണും കെട്ടവൻ. നീചൻ =

കലി:—

(പേടിച്ചുകൊണ്ടാണെങ്കിലും ധൈര്യം നടിച്ചുകൊണ്ടു്)

പല്ലവി

നിന്നെച്ചതിച്ചതു നിയതം ഞാനെങ്കിലും
നിന്നിച്ചിടൊല്ല നീയെന്നെ.

ചരണം 1

ഇന്ദ്രമുഖാമരനിന്ദനമാചരിതം നിന്നാൽ ത്രൈ-
സുന്ദരീം ഭൈമീം പരിണയതാ നിയതം; [ലോക്യ-
എന്നതു സഹിയാഞ്ഞെന്നാലാചരിതം
നിന്നോടിവണ്ണം, ഉന്നതദുന്നയസന്മഹിമാ ഫലിതം;
ചൂതിൽ തോററതും, കാനനങ്ങളിലുഴന്നതും,
മനസി കമിനിമപി മറന്നതും, കായവൈകൃതമി-
യന്നതും, കിമപി കാളിമാ യശസി വന്നതും,
അന്യസേവനകർമ്മം തുടന്നതും,
മന്യസേ മമ വഞ്ചനമെന്നതും;
നിഹ്നുതാത്മകൃതദോഷ! നരാധിപ!
നിന്നോടെന്തു ബത ഞാൻ പറയേണ്ടതു? .... നിന്നെ

---

നിന്ദ്യകർമ്മം ചെയ്യുന്നവൻ. മന്ദൻ=ബുദ്ധിഹീനൻ. ഉഴറിമ ണ്ടുവാൻ=സംഭ്രമത്തോടുകൂടി ഓടിപ്പോകാൻ. എങ്ങു്=എങ്ങോട്ടേക്കു്. അന്തരംഗം=മനസ്സു്. ചിന്ത..........തിനു്=ഇനി ഒഴിഞ്ഞുമാറിപ്പോയ്ക്കളയാമെന്നു് നീ വിചാരിക്കേണ്ട.

ചപലൻ, ഷണ്ഡൻ, നീചൻ, മന്ദൻ, ഖലൻ എന്നൊക്കെയുള്ള തുടന്ന സംബോധനകളും നീ എന്ന പദത്തിന്റെ ആവർത്തനവും നളന്റെ കോപാധിക്യത്തെ സൂചിപ്പിക്കുന്നു

പല്ലവി—നിയതം=തീർച്ചയായും.

ച: 1—ത്രൈലോക്യസുന്ദരിയായ ദമയന്തിയെ വിവാഹംചെയ്തു നിന്നാൽ ഇന്ദ്രൻ മുതലായ ദേവന്മാർ നിന്ദിക്കപ്പെട്ടു. അതു സഹിക്കാതെ ഞാൻ നിന്നോടു് ഇത്തരത്തിലെല്ലാം പ്രവർത്തിച്ചുപോയതാണു്. നിന്റെ (ഉന്നതദുന്നയസന്മഹിമാ) ഉന്ന

**ബാഹുകൻ:—** [അരിശത്തോടുകൂടി]

മദ്ധ്യമാവതി — മുറിയടന്ത

വഞ്ചക! നീ വരിക നേരേ വാഞ്ഛയെന്തിപ്പോൾ?

അനുപല്ലവി

ലുഞ്ഛനംചെയ്യുന്നസിനാ നൂനം ഗളനാളം........വഞ്ച

ചരണം 1

കനക്കെക്കൊതി നിനക്കെന്തു ചൊല്ലു;

മറുത്തതാരൊടു? മറന്നിതോ ഇപ്പോൾ?

മനസ്സു മറഞ്ഞെങ്ങു തിരിച്ചു നീ? അപ-

മാർഗ്ഗമതിലേ സഞ്ചരിച്ചു നീ;

---

തമായ (ഭീരുത്വത്തിന്റെ) അവിവേകത്തിന്റെ ശക്തി ഇങ്ങനെ ഫലിച്ചു എന്നേയുള്ളൂ. കാമിനീം അപി = പ്രണയിനിയെപ്പോലും. കായവൈകൃതം=ദേഹത്തിന്റെ വൈരൂപ്യം. യശസി= കീർത്തിയിൽ. കിമപി കാളിമാ=സ്വല്പം കറുപ്പ്; തെല്ലൊരു കളങ്കം. അന്യസേവനകർമ്മം = മറ്റൊരാളെ ആശ്രയിച്ചു കഴിയുക എന്ന പ്രവൃത്തി. മമ വഞ്ചനം എന്നതും മന്യസേ = എന്റെ ചതികൊണ്ടുണ്ടായതാണെന്നും നീ വിചാരിക്കുന്നു. നിഹ്നുതാത്മകൃതദോഷൻ=താൻ ചെയ്ത കുററം മറച്ചുവെക്കുന്നവൻ. നളനു വന്നുചേർന്ന ആപത്തെല്ലാം വന്ദ്യന്മാരെ നിന്ദിച്ചതുകൊണ്ടുണ്ടായതാണെന്നാണ് കലിയുടെ വാദം. അസജ്ജനങ്ങൾ സ്വന്തം കുററം കാണാതേയോ, അഥവാ കണ്ടാലും അതു മറച്ചുവെച്ചോ, തങ്ങൾക്കു വന്നുചേരുന്ന ആപത്തുകളെല്ലാം മററുള്ളവർ വരുത്തിവെക്കുന്നവയാണെന്നു പറയുക പതിവാണെന്നാണ് കലി സമർത്ഥിക്കുന്നതു്.

പല്ലവി—വഞ്ചകൻ=ചതിയൻ. വാഞ്ഛ=ആഗ്രഹം.

അ: പ:—അസിനാ ഗളനാളം ലുഞ്ഛനം ചെയ്യുൻ നൂനം= വാൾകൊണ്ടു കഴുത്തിന്റെ തണ്ടു ഞാൻ മുറിക്കും തീർച്ച.

ച: 1—മറുത്തതാരോടു്=നീ ആരോടാണ് എതിർത്തതെന്നറിയാമോ? മനസ്സുമറിഞ്ഞു്=വിധംമാറി. അപമാർഗ്ഗം=പി

വിധിച്ച വിധിയും വീഴ്ച വരുമോ?
വിശേഷിച്ചുമിതു കേൾക്ക കലേ!
വിദഗ്ദ്ധനെന്നുള്ള ഭാവം നിനക്കെങ്കിൽ
യുദ്ധംകളിക്ക വരികെടോ .... .... വഞ്ചക

കലി:— (വിനയപൂർവ്വം)

പുന്നാഗ—ചെമ്പട—പല്ലവി.

ക്ഷമിക്കവേണമേ അപരാധം, ശക്തി-
ക്ഷയവാനോടോ വേണ്ടു വിരോധം?

അനുപല്ലവി

ശമിക്ക നിൻ കോപം ഭൂപ! കലി ഞാൻ മലിനൻ
ബലക്ഷയവാനെങ്കിലും ബലി ഞാൻ .... ക്ഷമിക്ക

---

ഴച്ചവഴി. വിധിച്ച വിധിയും വീഴ്ച വരുമോ? = ദൈവം വിധിച്ചതു തെററുകയില്ല. (ഇപ്പോൾ നിന്റെ ആഗ്രഹം എന്താണെന്നു പറയുക. നിന്റെ അവസാനത്തെ ആഗ്രഹം ഞാൻ സാധിച്ചുതരാം. നീ എതിർത്തതു് ആരോടാണെന്നറിയാമോ? ഇപ്പോൾ അതു മറന്നതുപോലെ തോന്നുന്നല്ലോ. പെട്ടെന്നു വിധംമാറി നീ എങ്ങോട്ടേയ്ക്കാണു് പുറപ്പെട്ടിരിക്കുന്നതു്? നീ ഇതുവരെ പിഴച്ചവഴിയിൽക്കൂടിയാണു് സഞ്ചരിച്ചതു്. അതിനുതക്ക ശിക്ഷ നിനക്കു കിട്ടാതെ വരുമോ? തലയിലെഴുത്തു് ഒരിക്കലും ഫലിക്കാതെ പോവുകയില്ല. അല്ലയോ കലേ! എനിക്കു് പ്രത്യേകിച്ചു് ഒന്നുകൂടി പറയാനുണ്ടു്. വലിയ സമർത്ഥനാണെന്നുള്ള ഭാവം നിനക്കുണ്ടെങ്കിൽ നീ ദ്വന്ദ്വയുദ്ധത്തിനു തയാറാവുക.)

പല്ലവി——ശക്തിക്ഷയവാൻ=ശക്തി ക്ഷയിച്ചവൻ.

അ: പ:——അങ്ങയുടെ കോപം അടക്കുക. ഞാൻ നീചനായ കലിയത്രെ. എന്റെ ശക്തിയെല്ലാം ക്ഷയിച്ചുപോയിരിക്കുന്നു. എങ്കിലും ഞാൻ 'ബലി'യാണു്. (ബലി=ബലിസാധനം. ബലക്ഷയവാനാണെങ്കിലും ബലിയാണു് എന്നു പറയുന്നിടത്തു തോന്നുന്ന വിരോധത്തെ, ബലിശബ്ദ

ചരണം 1

ബലമെന്തു് മറെറാന്നല്ലേ, ബത മേയുലകിൽ
നളിനാസനലിപിവൈകൃതമേ;
ഫലമേതു? ദുശ്ശീലശതമേ; ലോകേ
ഭവദശക്യനിധനന്മാർ കതമേ? .... ....ക്ഷമിക്ക

ത്തിനു് 'ബലികഴിക്കാനുള്ള സാധനം' എന്നർത്ഥം പറഞ്ഞു പരിഹരിക്കണം.)

ച: 1—തൻെറ ബലം എന്തായിരുന്നു എന്നു കലി വിവരിക്കുന്നു:—ഈ ലോകത്തിൽ എൻെറ ബലം എന്താണെന്നു് അങ്ങയ്ക്കറിയാമോ? അതു മറെറാന്നുമല്ല. വിധിയുടെ കൈക്കുററപ്പാടുതന്നെയാണതു്. അതിൻെറ ഫലമോ? നൂറുകൂട്ടം ദുശ്ശീലങ്ങളല്ലാതെ മറെറാന്നുമല്ലതാനും. ഇത്തരത്തിലുള്ള വിധിവൈകൃതത്തിൻെറ ഫലമായുണ്ടായ ദുശ്ശീലങ്ങൾ നിമിത്തമാണു് ഞാൻ ഇങ്ങനെയൊക്കെ പ്രവർത്തിച്ചുപോയതു്. പിന്നെ, അങ്ങു് എന്നെ കൊന്നുകളയും എന്നു പറയുന്നു. അതു് അങ്ങയെ സംബന്ധിച്ചിടത്തോളം അത്ര വലിയ ഒരു കാര്യമായി എനിക്കു തോന്നുന്നില്ല. എന്തുകൊണ്ടെന്നാൽ, അങ്ങയ്ക്കു കൊല്ലാൻ സാധിക്കാത്തവരായി ഈ ലോകത്തിൽ ഏതൊരു കൂട്ടരാണുള്ളതു്? ഈ ലോകത്തിൽ ആരേയും കൊല്ലാനും കൊലയ്ക്കു വിധിക്കാനും അധികാരമുള്ള അങ്ങു നിസ്സാരനായ എന്നെ കൊല്ലാൻ പുറപ്പെട്ടതു് അത്ര വലിയ കാര്യമൊന്നുമല്ല. (ഭവദശക്യനിധനന്മാർ=അങ്ങയ്ക്കു കൊല്ലാൻ കഴിയാത്തവർ. കതമേ=ഏതൊരുവർ.)

നളൻ അപ്രതിഹതപ്രഭാവനും താൻ അത്യന്തം നിസ്സാരനുമാകയാൽ തന്നെ വധിക്കുന്നതു് നളനു ചേർന്ന പ്രവൃത്തിയല്ലെന്നു സൂചിപ്പിച്ചു് പ്രാണഭിക്ഷ യാചിക്കയാണു് കലി ഇവിടെ വാസ്തവത്തിൽ ചെയ്യുന്നതു്.

ച: 2—വധിച്ചുകളവാനൊഴിച്ചു്=കൊന്നുകളയാനല്ലാതെ. നീ പിണച്ച ഓരോ ചതിയെപ്പററിയും ആലോചിച്ചുനോക്കിയാൽ നിന്നെ കൊന്നുകളയാനല്ലാതെ തോന്നുകയില്ല. അസൽക്കരിക്ക=അവമാനിക്ക. നീ ആദ്യം എന്നെ അവമാനിച്ചു; ച-

**ബാഹുകൻ:—** ചരണം 2

വധിച്ചുകളവാനൊഴിച്ചു തോന്നും
പിണച്ച ചതിയെല്ലാം നിനച്ചോളം; അസൽ-
കരിച്ചു ചതിച്ചുടൻ ചിരിച്ചു നീ നമ-
സ്കരിച്ചു പിന്നെ എന്നെ സ്തുതിച്ചു; നീ
പഠിച്ചതെവിടെ, പാപ? കപട-
മനൌചിത്യഫലമകാരണം,
അനൎത്ഥമോരോന്നേ വരുത്തിനാ,നതു
പൊറുത്തു നിന്നെയങ്ങയയ്ക്കുമോ? .... .... വഞ്ച

**കലി:—** (തൊഴുതുകൊണ്ടു്)

ചരണം 3

പരപീഡനമെന്നിക്കു വ്രതമെന്നറിക,
പരിചെഴുമധൎമ്മമെന്മതമേ,
പരമിപ്പോൾ ദുശ്ശീലമെല്ലാം ഗതമേ; ഇനിമേൽ
ഭവദാജ്ഞ കേട്ടിരിക്ക നിശ്ചിതമേ .... ക്ഷമിക്ക

---

തിച്ചു, ഇപ്പോഴിതാ,നാണമില്ലാതെ ചിരിക്കയും എന്നെ തൊഴുതു വാഴ്ത്തുകയും ചെയ്യുന്നു. എടാ മഹാപാപി! ഇതൊക്കെ നീ എവിടെയാണ്് പഠിച്ചതു്? അനൌചിത്യഫലം അകാരണം കപടം=നിൻെറ അനൌചിത്യത്തിൻെറ ഫലമായുണ്ടായതും അകാരണവുമായ കപടം. നന്മയും തിന്മയും വിവേചിച്ചറിയാൻ കഴിയാത്തതുകൊണ്ടാണ്് നീ എന്നെ ചതിക്കാൻ പുറപ്പെട്ടതു്. അതു് യാതൊരു കാരണവും കൂടാതെയുമായിരുന്നു. എങ്ങനെയായാലും നിൻെറ ആ വഞ്ചന എനിക്കു പല അനൎത്ഥങ്ങളും വരുത്തിവെച്ചു. അതെല്ലാം ക്ഷമിച്ചു നിന്നെ എങ്ങനെയാണ്് ഞാൻ വിട്ടയയ്ക്കുന്നതു്?

ച: 3—അന്യനെ ഉപദ്രവിക്ക എന്നതു് എൻെറ ഒരു വ്രതമാണ്്. മികച്ച അധൎമ്മപ്രവൃത്തികൾ എനിക്കു് ഇഷ്ടപ്പെട്ടവയുമാണ്്. ഗതം=പൊയ്പ്പോയതു്. നിശ്ചിതമേ=തീർച്ചതന്നെ.

**ബാഹുകൻ:—**

ചരണം 4

കണക്കിൽ ചതിച്ചതു നിനയ്ക്കിലെന്നുടെ
മനസ്സിൽ വരും കോപം തണുക്കുമോ? ഇപ്പോഴം
വണക്കം കണ്ടിട്ടൊന്നുറച്ചു ഞാൻ, ഒരു
വാക്കു കേൾക്ക, വൈരം കുറച്ചു ഞാൻ;
ജനത്തിന്നിനി നിൻബാധയരുതേ,
യഥാകാലമഥവാ യഥാരുചി
വിവൃത്തനാകിലും, സുവൃത്തകാരിക-
ളൊരുത്തരെയുമുപദ്രവിക്കൊലാ .... വഞ്ചക

**കലി:—**

ചരണം 5

ബഹുമാനിയാ ഞാനാരെയും തൃണവൽ; തദപി
ബഹുമതം തവ ചരിതം ഗുണവൽ;
ഭവദാദേശമെനിക്കൊരു സൃണിവൽ; ഇനിമേൽ
തവ കീത്തി തെളിഞ്ഞിരിക്കും മണിവൽ .... ക്ഷമി

(രണ്ടുപേരും പിരിയുന്നു.)

---

ച: 4—വണക്കം=വിനയം. വൈരം=വിരോധം. ജനത്തി........യരുതേ=നീ ഇനി ജനങ്ങളെ പീഡിപ്പിക്കരുതു്. അഥവാ=അല്ലെങ്കിൽ; (ജനങ്ങളെ തീരെ പീഡിപ്പിക്കാതിരിക്കുന്നതു നിനക്കു് അസാദ്ധ്യമാണെങ്കിൽ എന്നത്ഥം.) യഥാകാലം യഥാരുചി വിവൃത്തനാകിലും=കാലത്തിനും ഇഷ്ടത്തിനും ഒത്തവണ്ണം വഴിപിഴച്ചു നടന്നാലും. സുവൃത്ത....ക്കൊലാ=സദാചാരതൽപരന്മാരിൽ ഒരാളെപ്പോലും ഒരിക്കലും ഉപദ്രവിക്കരുതു്.

ച: 5—ഞാൻ ഒരാളേയും പുല്ലോളം ബഹുമാനിക്കുന്നവനല്ല; (തദപി) എന്നിരുന്നാലും (ഗുണവൽ) ഗുണങ്ങളോടുകൂടിയ അങ്ങയുടെ ചരിത്രം ബഹുമാനിക്കപ്പെടുന്നതാണു്. ഭവാൻെറ നിയോഗം എനിക്കു് (സൃണിവൽ) ഒരു അങ്കുശം പോലെ

കലി നളനെയും കൈവിട്ടേവം കഴല്ക്കു
വണങ്ങിനാൻ;
കലിയെ നളനും കൈവിട്ടാജ്ഞാവശീ-
കൃതനാക്കിനാൻ;
അവിദിതമിദം വാർഷ്ണേയോപേതനാ-
മൃതുപർണ്ണനാൽ;
അവർ തെരുതെരെത്തേരോടിച്ചണ-
ഞ്ഞിതു കുണ്ഡിനം.

(മൂന്നാംദിവസത്തെ കഥ തീൎന്നു)

---

ആയിരിക്കും. (ആനക്കാരൻെറ തോട്ടി ഏതു മദഗജത്തെയും അടക്കിനിൎത്തുന്നതുപോലെ, അങ്ങയുടെ ആദേശം എന്നെ ദുർവൃത്തികളിൽനിന്നു വിരമിപ്പിക്കും എന്നു സാരം.) ഇനിമേലിൽ അങ്ങയുടെ കീൎത്തി (മണിവൽ) രത്നംപോലെ ലോകമെങ്ങും പ്രകാശിക്കും.

ശ്ലോകം—ആജ്ഞാവശീകൃതൻ=വരുതി കേറംക്കുന്നവൻ. ഇദം, വാർഷ്ണേയോപേതനാം ഋതുപർണ്ണനാൽ അവിദിതം=ഈ കലിനളസംവാദം, വാർഷ്ണേയനോടുകൂടിയിരിക്കുന്ന ഋതുപർണ്ണനാൽ അറിയപ്പെട്ടില്ല. (വാർഷ്ണേയനോടുകൂടി തേരിൽ ഇരുന്നിരുന്ന ഋതുപർണ്ണൻ അകലെ താന്നിമരച്ചുവട്ടിൽ വെച്ചുണ്ടായ ഈ കലിനളസംവാദം അറിഞ്ഞതേയില്ല.) പിന്നീട് അവർ മൂവരുംകൂടി വേഗത്തിൽ തേരോടിച്ചു കുണ്ഡിനപുരത്തിലെത്തിച്ചേൎന്നു.

വൃത്തം—ഹരിണി

ലക്ഷണം—നസമ ഹരിണിക്കാറും പത്തും മുറിഞ്ഞു
രസം ലഗം

# ചില ചോദ്യങ്ങൾ

1. കഥകളിപ്രസ്ഥാനത്തിൽ 'നളചരിത'ത്തിനുള്ള സ്ഥാനം നിൎണ്ണയിക്കുക. (1946)

2 'ഉണ്ണായിവാരിയരുടെ ആട്ടക്കഥയിൽ സംഗീതസാഹിത്യങ്ങൾ ഒരുപോലെ സമ്മേളിക്കുന്നുണ്ടു്.' ഉപപാദിക്കുക. (1946)

3. 'നളചരിതത്തിലെ ഭാഷ മണിയും പ്രവാളവും കലൎത്തു ചേൎത്തതല്ല; സംസ്കൃതമാകുന്ന ചെമ്പും മലയാളമാകുന്ന വെളുത്തീയവും ചേൎത്തുരുക്കിയ ഒരു വെങ്കലബ്ഭാഷയാണ്. ആശയം വിശദമാക്കി ഉദാഹരണങ്ങൾ കാണിച്ചു് ഉപന്യസിക്കുക. (1944)

4. 'നളചരിതം ആട്ടക്കഥ'യുടെ ഗുണവിശേഷങ്ങളെ വെളിവാക്കി ഒരു പ്രബന്ധം എഴുതുക. (1940)

5. നളചരിതത്തിലെ അംഗിയായ രസം ഏതെന്നും മറ്റേതെല്ലാം രസങ്ങൾ അതിനെ പോഷിപ്പിക്കുന്നു എന്നും നിൎണ്ണയിക്കുക. (1941)

6. ഒരു കവി എന്നനിലയിൽ ഉണ്ണായിവാരിയരുടെ കലാകുശലത നിങ്ങൾ പഠിച്ച പുസ്തകത്തെ ആസ്പദമാക്കി വിവരിക്കുക. (1943)

7. ഉണ്ണായിവാരിയരുടെ കാലം നിൎണ്ണയിക്ക (1945)

8. പാത്രസൃഷ്ടിയിൽ ഉണ്ണായിവാരിയർ എത്രത്തോളം വിജയിച്ചിട്ടുണ്ടെന്നു പരിശോധിക്കുക. (1945)

9 നളചരിതം ആട്ടക്കഥയ്ക്കുള്ള അഭിനയാൎഹതയെപ്പറ്റി ഉപന്യസിക്കുക. (1949)

10. ഉണ്ണായിവാരിയരുടെ ഭാഷ, പദഘടനാരീതി, കാവ്യശൈലി മുതലായവയെപ്പറ്റി നളചരിതം കഥകളിയെ ആസ്പദമാക്കി ഉപന്യസിക്കുക. (1949)

11. വ്യാഖ്യാനിക്കുക:—

പ്രീതിപ്രദേസ്മിൻ ഋതുപൎണ്ണരാജേ
സ്ഫീതപ്രകാശേ നിഷധൗഷധീശേ
നിശാന്തശാന്തേ തത ആവിരാസീ-
ദപാന്താമൃതാ വാങ്മയകൗമുദീയം.

## 4-ാംചോദ്യത്തിനുള്ള ഉത്തരത്തിൻെറ ആസൂത്രണം *

### മുഖവുര

സംഗീതം, സാഹിത്യം, നൃത്തം മുതലായ കലകളിലുള്ള ജ്ഞാനത്തിൻെറ അളവനുസരിച്ച് ഈ ചോദ്യത്തിനുള്ള ഉത്തരം വ്യത്യാസപ്പെട്ടിരിക്കും. മേൽപറഞ്ഞ വിഷയങ്ങളിലെല്ലാം വിദ്യാൎത്ഥികൾക്കുള്ള ജ്ഞാനം അത്ര അഗാധമായിരിക്കയില്ലല്ലൊ. എങ്കിലും, സാമാന്യമായി ചിലതെല്ലാം അവൎക്കും പറയാൻ കഴിയും. ആ നിലയിൽ നളചരിതം ആട്ടക്കഥയ്ക്കുള്ള ഗുണവിശേഷങ്ങളെ ചുരുക്കി പ്രതിപാദിക്കാം.

### ആട്ടക്കഥയുടെ സാമാന്യസ്വരൂപം

മിക്ക ആട്ടക്കഥകളും ഒരേ ഒരു കരുവിൽ വാൎത്തെടുക്കപ്പെട്ടവ. ഏതെങ്കിലും ഒരു പുരാണകഥ, തിരപ്പുറപ്പാട്, ഒരു ശൃംഗാരപദം, ഒരു നായകൻ, ഒരു നായിക, ഒരു പോരിനുവിളി, യുദ്ധം, വധം അല്ലെങ്കിൽ സ്വയംവരം—ഇതാണ് സാമാന്യം മിക്ക ആട്ടക്കഥകളുടേയും സ്വരൂപം. അനുക്രമമായ രസപോഷണം, തന്മയത്വത്തോടുകൂടിയ പാത്രസൃഷ്ടി, നാടകീയമായ മററു പ്രത്യേകതകൾ ഇവയിലൊന്നും ആട്ടക്കഥാകൎത്താക്കന്മാർ ശ്രദ്ധിക്കാറില്ല. നളചരിതം ഇതിൽനിന്നു വ്യത്യസ്തം. അതിനുള്ള കാരണങ്ങൾ:—

### പാത്രസൃഷ്ടി

സാഹിത്യകലയുടെ മൂലതത്വങ്ങൾ മനസ്സിലാക്കിയിട്ടാണ് ഉണ്ണായിവാരിയർ നളചരിതം നിൎമ്മിച്ചതു്. കഥാപാത്രങ്ങൾ പ്രത്യേകം വ്യക്തിമുദ്രകളോടുകൂടിയവ. കത്തി, കരി, താടി മുതലായ വേഷങ്ങൾക്കുവേണ്ടി മാത്രമുള്ളതല്ല, നളചരിതത്തിലെ പാത്രസൃഷ്ടി. ഓരോ കഥാപാത്രവും മററുള്ളവയിൽ നിന്നു സൎവ്വഥാ ഭിന്നം.

---

* വിദ്യാൎത്ഥിലോകത്തെ സാമാന്യമായി ഉദ്ദേശിച്ച് മാൎഗ്ഗദൎശനരൂപത്തിലുള്ള ചില സൂചനകളാണ്, ഉത്തരങ്ങളെ സംബന്ധിച്ച് ഇവിടെ നല്കുന്നതു്. ഭാഷയിലും സാഹിത്യത്തിലും കൂടുതൽ പരിചയമുള്ള വിദ്യാൎത്ഥികൾക്ക് ഇതിൻെറ ആവശ്യമില്ലല്ലൊ.

"ജീവിതത്തിലെ ശുദ്ധങ്ങളും അശുദ്ധങ്ങളുമായ വികാരങ്ങളേയും വിചാരങ്ങളേയും യഥോചിതം ആവിഷ്കരിക്കലാണ് സാഹിത്യത്തിൻെറ സർവ്വപ്രധാനമായ ധർമ്മം". നളചരിതകർത്താവ് ഈ തത്വം നല്ലപോലെ മനസ്സിലാക്കിയിരുന്നു. "ധാർമ്മികമായ ജീവിതത്തിൻെറ മഹത്വത്തേയും അല്പമായ ധർമ്മലോപംകൊണ്ടുപോലും വരാവുന്ന അപായങ്ങളേയും ഉദാഹരിക്കുന്ന ഒരു കഥയാണ് നളചരിതം." ഉണ്ണായിവാരിയർ ആദ്യവസാനം ഈ തത്വം ഓർമ്മവെച്ചു പ്രവർത്തിച്ചിട്ടുണ്ട്. അതിൻെറ ഫലമായിട്ടുംകൂടിയാണ് അദ്ദേഹത്തിൻെറ കഥാപാത്രങ്ങൾ കഴിവും മിഴിവുമുള്ളവയായിത്തീർന്നിട്ടുള്ളതു്. നളൻ, ദമയന്തി, കാട്ടാളൻ മുതലായ കഥാപാത്രങ്ങളിൽ ഓരോന്നും സജീവങ്ങളെന്നപോലെ കാണപ്പെടുന്നതും ഇതുകൊണ്ടുതന്നെ. (ഒന്നു രണ്ടുദാഹരണങ്ങൾ എടുത്തു പറയണം. അതു വിദ്യാർത്ഥികൾ ഔചിത്യം പ്രയോഗിച്ചു ചെയ്യേണ്ടതാണ്.)

## രസപോഷണം

ആട്ടക്കഥകളിൽ ശൃംഗാരമോ വീരമോ ആണ് പ്രധാനരസമായി സാധാരണ കാണപ്പെടുന്നതു്. പക്ഷേ, സാംഗോപാംഗമായ രസപോഷണത്തിൽ കവികൾ ശ്രദ്ധവെക്കാറില്ല. നളചരിതകർത്താവിൻെറ നില അതിൽനിന്നു സർവ്വഥാ വ്യത്യസ്തം. ഒരു ഒന്നാന്തരം നാടകകർത്താവിനെപ്പോലെ അദ്ദേഹം അനുക്രമമായ രസപോഷണത്തിൽ ശ്രദ്ധ പതിപ്പിച്ചിരിക്കുന്നു. ശൃംഗാരംതന്നെയാണ് പ്രധാനരസം. അതു് അനുക്രമം പരിപോഷത്തെ പ്രാപിക്കുന്നു. സ്വയംവരമണ്ഡപത്തിൽ വെച്ചു ഫലിക്കുന്നു. സ്വല്പകാലം സംഭോഗദശയെ പ്രാപിക്കുന്നു. ഇടയ്ക്കൊന്നു മങ്ങി കുറഞ്ഞൊരു കാലം വിപ്രലംഭദശയെ പ്രാപിച്ചു് ഒടുവിൽ പൂർവ്വാധികം പുഷ്ടിയോടുകൂടി സംഭോഗാത്മനാ വീണ്ടും പ്രത്യക്ഷീഭവിക്കുന്നു. വീരം, കരുണം, രൗദ്രം, അത്ഭുതം മുതലായ ഇതരരസങ്ങൾ ഇടയ്ക്കിടയ്ക്കു മുഖം കാട്ടി പ്രധാനരസത്തെ പരിപോഷിപ്പിക്കുന്നു. മററു ആട്ടക്കഥകളിൽ കാണാത്ത ഒരു പ്രത്യേകതയാണിതു്.

## സംഭവവൈചിത്ര്യം

ഒരേ തരത്തിലുള്ള സംഭവങ്ങളെ തുടരെത്തുടരെ രംഗത്തിൽ പ്രയോഗിക്കുന്നതു പ്രേക്ഷകരെ മുഷിപ്പിക്കും. നമ്മുടെ ആട്ടക്കഥകളിൽ മിക്കതിലും ഈ ദോഷം സാധാരണം. നളചരിതകർത്താവു് അതിനിടവരുത്തിയിട്ടില്ല. വികാരങ്ങളേയും സംഭവങ്ങളേയും സംബന്ധിച്ച വൈചിത്ര്യം വരുത്തുന്നതിൽ പ്രത്യേകം ശ്രദ്ധ പതിപ്പിച്ചിരിക്കുന്നു. അതിനുവേണ്ടി മൂലകഥതന്നെ ചില ദിക്കിൽ യഥോചിതം തേച്ചു മിനുക്കുകപോലും ചെയ്തിട്ടുണ്ടു്. കലാവിഷയകമായ വിജയം കൈവരിക്കുന്നതിനു് ഇതു കവിയെ സഹായിക്കുന്നു.

## മൂലകഥയിൽനിന്നുള്ള വ്യതിയാനം

തന്റെ കൃതിയുടെ വിജയത്തിനുവേണ്ടി മൂലകഥയിൽനിന്നു് ഔചിത്യപൂർവ്വം വ്യതിചലിക്കുന്നതിനു് വാരിയർ മടിച്ചിട്ടില്ല. ദൂതന്റെ നിലയിൽ ദമയന്തിയുടെ മുമ്പിൽ പ്രത്യക്ഷപ്പെടുന്ന നളൻ, താൻ നളനാണെന്നും ദേവന്മാരുടെ ദൂതനായി വന്നിരിക്കയാണെന്നും ദമയന്തിയോടു തുറന്നു പറയുന്നതായിട്ടാണ് മൂലകഥയിൽ കാണുന്നതു്. ദമയന്തിയുടെ മനോഗതിയും അനുരാഗദാർഢ്യവും പരീക്ഷിച്ചറിയുന്നതിനു് പററിയതല്ല ഈ പോക്കു്. വാരിയർ ഇതു മനസ്സിലാക്കി ആത്മഗോപനം ചെയ്യിച്ചുകൊണ്ടാണു് നളനെ ദമയന്തിയുടെ മുമ്പിൽ എത്തിക്കുന്നതു്. ഇതുപോലെ വേറേയും ഉദാഹരണങ്ങൾ ഇല്ലാതില്ല.

## അഭിനയവും സംഗീതവും

ഈ രണ്ടു കാര്യങ്ങളിലും കവി വളരെ മനസ്സിരുത്തിയിട്ടുണ്ടു്. സമർത്ഥന്മാരായ നടന്മാർക്കു് ഭംഗിയായി അഭിനയിക്കുന്നതിനുവേണ്ട ഭാഗങ്ങൾ കവി യഥോചിതം കൂട്ടിച്ചേർത്തിരിക്കുന്നു. ഒന്നൊന്നാംതരം നൃത്തകലാവിദഗ്ദ്ധന്റെ നിലയിലാണു് ഇക്കാര്യത്തിൽ വാരിയർ പ്രവർത്തിച്ചിട്ടുള്ളതു്. അതുപോലെയാണു് സംഗീതത്തിന്റേയും കഥ. വെറും കഥകളിപ്പാട്ടുകൾ എന്ന നിലവിട്ടു് ഒന്നാംതരം ഭാഗവതന്മാർക്കു് ഭംഗിയായി പാടാൻ കഴിയത്തക്ക വിധത്തിലുള്ള ഗാനങ്ങളും നളചരിതത്തിൽ കാണാം. "സാമ്യമകന്നോരു

ദ്വാനം" എന്നു തുടങ്ങിയ പാട്ടുകൾ ഇക്കാര്യത്തിൽ പ്രസിദ്ധങ്ങളത്രെ.

**ഉപസംഹാരം**

ഇങ്ങനെ എന്തുകൊണ്ടു നോക്കിയാലും 'നളചരിതം' മററ ആട്ടക്കഥകളിൽനിന്നു വളരെ അകന്നാണു് നില്ക്കുന്നതെന്നു കാണാം. വാരിയരുടെ കലാധർമ്മമർമ്മജ്ഞതയും സൗന്ദര്യാവബോധവുമാണു് അതിനുള്ള കാരണങ്ങൾ.

---

## 10-ാംചോദ്യത്തിൻെറ ഉത്തരത്തിനുള്ള

## ചില കുറിപ്പുകൾ

**മുഖവുര**

ഭാഷയിലെ മിക്ക ആട്ടക്കഥകളും വെറും ഗതാനുഗതികത്വത്തിൻെറ സന്താനങ്ങൾ—പ്രത്യേക വ്യക്തിത്വം ഒന്നിനും ഒരു കാര്യത്തിലും ഇല്ല—കഥകളിയുടെ സാമാന്യസ്വരൂപം—ഇതുതന്നെ ഏതു ആട്ടക്കഥയിലും കാണാം—നളചരിതം ഇതിൽനിന്നു സർവ്വഥാ ഭിന്നം—എല്ലാ കാര്യങ്ങളിലും—കാവ്യശൈലിയിൽ മാത്രമല്ല, ഭാഷ, പദഘടന മുതലായവയിൽപോലും.

**ഭാഷ**

"നളചരിതത്തിലെ ഭാഷ മണിയും പ്രവാളവും കലർത്തു ചേർത്തതല്ല; സംസ്കൃതമാകുന്ന ചെമ്പും മലയാളമാകുന്ന വെളുത്തീയവും ചേർത്തുരുക്കിയ ഒരു വെങ്കലബ്ഭാഷയാണ്" എന്നുള്ള കേരളപാണിനിയുടെ അഭിപ്രായം അക്ഷരംപ്രതി പരമാർത്ഥം—കേരളത്തിലെ സാധാരണ മണിപ്രവാളത്തിൻെറ സ്വരൂപം—ചമ്പൂകാരന്മാർ—എഴുത്തച്ഛനും നമ്പ്യാരും—ഇരയിമ്മൻതമ്പി മുതലായ മററ ആട്ടക്കഥാകർത്താക്കന്മാർ—ഇവരിൽ നിന്നു് ഉണ്ണായിവാരിയക്കു് ഭാഷാവിഷയകമായുള്ള പ്രത്യേകത—ശ്ലോകങ്ങളിൽ മാത്രമല്ല, പദങ്ങളിൽപോലും കട്ടത്ത സംസ്കൃതം—അതേ അവസരത്തിൽ പച്ച മലയാളം ചിലടത്തു്—ചുരുക്കിപ്പറഞ്ഞാൽ, അപ്പപ്പോഴപ്പോൾ തോന്നിയ ഭാഷ അപ്പപ്പോഴപ്പോൾ

എഴുതുക—ഒരു വ്യവസ്ഥയോ ഐകരൂപ്യമോ ഇല്ല—(അവതാരികയിലെ **നാലു പ്രത്യേകതകൾ** ഇവിടെ എഴുതണം.)

**പദഘടനാരീതി**

ഭാഷയെ സംബന്ധിച്ചു പറഞ്ഞ നിരങ്കുശത്വം ഇക്കാര്യത്തിലും കാണാം—മററുള്ളവർ മലയാളപദങ്ങളും സംസ്കൃതപദങ്ങളും കൂട്ടിച്ചേർക്കുന്നതു് പാലും വെള്ളവുംപോലെ—ആട്ടക്കഥാകർത്താക്കന്മാരും ഇതിൽനിന്നു വ്യത്യസ്തരല്ല—ഉണ്ണായിയാകട്ടെ, മോരും മുതിരയുംപോലെയാണ് കൂട്ടിച്ചേർത്തിട്ടുള്ളതു്—കടുത്ത സംസ്കൃതപദത്തോടു പച്ച മലയാളം ചേർക്കുക, 'ഈശ്വരതയെല്ലാം' എന്നതുപോലെ സംസ്കൃതസന്ധി മലയാളത്തിൽ പ്രയോഗിക്ക മുതലായവ—'ചാമിവ' മുതലായ അസാധാരണ പ്രയോഗങ്ങൾ—ശബ്ദാലങ്കാരത്തിനുവേണ്ടി കാണിച്ചിട്ടുള്ള 'സുന്ദരത്തിനുടെ സാദൃശ്യേയം'—'വനത്തിൽ മേവുന്നാണാളേ' മുതലായ ചെപ്പടിവിദ്യകൾ—

**കാവ്യശൈലി**

പാത്രസൃഷ്ടി, രസപോഷണം, സംഭവവൈചിത്ര്യം മുതലായവയിൽ ആട്ടക്കഥകൾ ഒട്ടുമുക്കാലും നാടകങ്ങളിൽനിന്നു വളച്ചെ[illegible]കുന്നനില്ലുന്നു—നളചരിതം അതിൽനിന്നു വ്യത്യസ്തം—ഓരോ കഥാപാത്രവും വ്യക്തിത്വമുള്ളതു്—അനുക്രമമായ രസ[പ]ോഷണം—വിവിധസംഭവങ്ങൾ—(ഈവക വിഷയങ്ങളെ സംബന്ധിച്ച് 4-ാംചോദ്യത്തിന്റെ ഉത്തരത്തിൽ കാണിച്ചിട്ടുള്ള ഭാഗങ്ങൾ ഇവിടെ ചേർക്കണം. അവതാരികയിൽനിന്നു് ഉചിതങ്ങളായ മററു ഭാഗങ്ങളും ഉദ്ധരിക്കാം)

N. B. തങ്ങൾക്കു പറയാനുള്ള ഓരോ അംശത്തിനും ഉചിതങ്ങളായ ഉദാഹരണങ്ങൾ കാണിക്കുന്നതിന് വിദ്യാർത്ഥികൾ പ്രത്യേകം മനസ്സിരുത്തണം.

## 11–ാം ചോദ്യത്തിന്റെ ഉത്തരം

അസ്മിൻ ഋതുപർണ്ണരാജേ പ്രീതിപ്രദേ (സതി) = ഈ ഋതുപർണ്ണരാജാവു് സന്തോഷപ്രദനായിരിക്കുമ്പോൾ. സ്ഫീതപ്രകാശേ നിഷധൗഷധീശേ നിശാന്തശാന്തേ (സതി) = വർദ്ധിച്ച പ്രകാശത്തോടുകൂടിയ നിഷധരാജ്യചന്ദ്രൻ (നളൻ) നിശാന്ത(ഗൃഹ)ത്തിൽ ശാന്തനായിരിക്കുമ്പോൾ. തതഃ = അവനിൽനിന്നു് വാന്താമൃതാ ഇയം വാങ്മയകൗമുദീ = അമൃതു ചൊരിയുന്ന (മധുരമായ) ഈ വാക്കാകുന്ന ചന്ദ്രിക. ആവിർഭവിച്ചു (പുറപ്പെട്ടു.) നിഷധൗഷധീശൻ എന്നതിനു് നിഷധങ്ങൾക്കു് (നിഷധരാജ്യത്തിനു്) ഔഷധീശൻ (ചന്ദ്രൻ) അതായതു ആഹ്ലാദപ്രദൻ എന്നാണർത്ഥം.

ഋതുപർണ്ണരാജാവു ബാഹുകനു ജോലി കൊടുത്തതാണു് പ്രീതി 'പ്രധാനം'; കാർക്കോടകന്റെ ദംശനവും ഋതുപർണ്ണന്റെ സാരഥ്യവുംകൊണ്ടു ക്ലേശം ഒട്ടുമുക്കാലും തീർന്നു് താരതമ്യേന മനസ്സമാധാനം വീണ്ടുകിട്ടിയതിനാൽ ദമയന്തീധ്യാനത്തിനു് അവസരം കിട്ടിയതാണു് നളന്റെ 'പ്രകാശം'. പകൽ മുഴവൽ പാചകശാലയിലും കുതിരലായത്തിലും ചെയ്യേണ്ട ജോലിയെല്ലാം കഴിഞ്ഞു് രാത്രിസമയം വീട്ടിൽ അടങ്ങിയൊതുങ്ങിയുള്ള ഇരിപ്പാണു് നളന്റെ 'ശാന്തി'.

ഋതുപർണ്ണന്റെ പ്രീതികൊണ്ടു സൂതവൃത്തിയിലും സൂദവൃത്തിയിലും ഏർപ്പെട്ട നളൻ സന്തോഷിച്ചു ദിവസം കഴിക്കവേ, ഒരു ദിവസം പകലത്തെ ജോലിയെല്ലാം കഴിഞ്ഞു് രാത്രി ജീവലഗൃഹത്തിൽ അടങ്ങിയൊതുങ്ങിയിരിക്കുമ്പോൾ, അവന്റെ മുഖത്തുനിന്നു താഴെ പറയുന്ന വിധത്തിലുള്ള മധുരമായ വാക്കുകൾ പുറപ്പെട്ടു എന്നു സാരം.

ഋതുപർണ്ണരാജശബ്ദത്തിനു വസന്തമെന്നും, നിശാന്തശബ്ദത്തിനു രാത്രിമദ്ധ്യമെന്നും അർത്ഥം കല്പിച്ചാൽ, 'വാങ്മയകൗമുദി' എന്ന പദത്തിലുള്ള രൂപണത്തിനനുകൂലമായ ഒരർത്ഥം കൂടി ഈ പദത്തിനു പറയാം. വസന്തകാലം ജീവികൾക്ക ആഹ്ലാദത്തെ പ്രദാനം ചെയ്തുകൊണ്ടു് വിലസിച്ചുകൊണ്ടിരിക്കെ, രാത്രിമദ്ധ്യത്തിൽ കാണികളുടെ മനസ്സിനെ ആനന്ദസമുദ്രത്തിൽ ആറാടിച്ചുകൊണ്ടു പ്രകാശിക്കുന്ന ചന്ദ്രനിൽനിന്നു്

അമൃതുചൊരിയുന്ന ചന്ദ്രിക നാലുപാടും പ്രസരിച്ചു എന്നാണു് ആ അർത്ഥം.

അലങ്കാരത്തെപ്പററി പറയുകയാണെങ്കിൽ, വാക്കിനും കൗമുദിക്കും തമ്മിൽ അഭേദം കല്പിച്ച സ്ഥലത്തു് (വാങ്മയകൗമുദി) രൂപകാലങ്കാരമുണ്ടു്. ഋതുപർണ്ണരാജേ, നിശാന്തശാന്തേ, എന്നീ പദങ്ങളിൽ ശ്ലേഷത്തെയാണു് കൂട്ടുപിടിക്കേണ്ടിയിരിക്കുന്നതു്. 'നിഷധൗഷധീശ' ശബ്ദത്തിനു രൂപകാതിശയോക്തിയുടെ സഹായംകൊണ്ടുവേണം ചന്ദ്രൻ എന്ന അർത്ഥം പറയാൻ. 'വാന്താമൃതത്വം'മാത്രം വാക്കിനും കൗമുദിക്കും ശരിക്കു യോജിക്കും: ഒന്നിനു് മാധുര്യംകൊണ്ടും മററതിനു് ചന്ദ്രന്റെ അമൃതകിരണത്വംകൊണ്ടും. ചുരുക്കിപ്പറഞ്ഞാൽ, നളന്റെ വാക്കിനു് വാന്താമൃതത്വം വഴിയായി കൗമുദീസാദൃശ്യം കല്പിക്കണമെന്നല്ലാതെ അതിനെ സാവയവമായി രൂപണം ചെയ്യണമെന്നു കവി ഉദ്ദേശിച്ചിട്ടില്ലെന്നർത്ഥം.

വൃത്തം—ഉപജാതി.

ലക്ഷണം—കേളിന്ദ്രവജ്രയ്ക്കു തതം ജഗം ഗ-
മുപേന്ദ്രവജ്രയ്ക്കു ജതം ജഗം ഗം;
അത്രേന്ദ്രവജ്രാഖ്യയുപേന്ദ്രവജ്ര
കലർന്നുവന്നാലുപജാതിയാകും

---

“സാകേതവാസിനി നിജാകാരഗോപിനി” എന്നുതുടങ്ങുന്ന (പേജ്ജ് 38, 39) ദണ്ഡകത്തിന്റെ വൃത്തം “ഇക്ഷുദണ്ഡിക”യാണു്. ലക്ഷണം:—

തഭലങ്ങൾ മൂന്നൊരു ഗഗാന്തമാദിമം,
ഭയ ഭചന്ന രണ്ടു കുറിയാം ദ്വിതീയകം,
ഭനനങ്ങൾ മൂന്നൊരു ഗഗം തൃതീയവും,
വിഷമത്തിൽ മൂന്നു ദളമിപ്രകാരമാം;
സജലം ല മൂന്നൊരു ഗഗാന്തമാദിമം,
നസഗങ്ങൾ രണ്ടു കുറിയാം ദ്വിതീയകം,
നനനം ല മൂന്നൊരു ഗഗം തൃതീയകം,
സമഖണ്ഡമാസ്സുരികിലിക്ഷുദണ്ഡിക.

# നളചരിതം

കഥകളി

★

മൂന്നാം ദിവസത്തെ കഥ

★

വ്യാഖ്യാതാ

**വിദ്വാൻ ഏ. ഡി. ഹരിശർമ്മ**

എം. ആർ. ഏ. എസ്സ്.

Indic Digital Archive Foundation
gpura.org